




മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്




ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
അധികാരം ജനങ്ങളിലേക്ക്

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് ഭൂപടം




മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതി

പ്രസിഡണ്ട്




എം.എം. തോമസ്
മേൽവെട്ടം, മരങ്ങാട്ടുപിള്ളി

വൈസ് പ്രസിഡണ്ട്



കുര്യൻ സക്കറിയ
കല്ലോലിൽ, മണ്ണയ്ക്കനാട്

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ




വി. ജോർജ്
വണ്ടമ്പ്രായിൽ, കുര്യനാട്

മെമ്പർ




ത്രേസ്യാമ്മ തോമസ്
ഡാർസിറ്റ വില്ല
കുര്യനാട്

മെമ്പർ



ഏ.കെ. രാജേഷ്മണി
എടാട്ടുപാറയിൽ
കുറിച്ചിത്താനം

മെമ്പർ



എം.ജി. ഉണ്ണി
മമ്പള്ളിൽ
കുറിച്ചിത്താനം

മെമ്പർ



കത്രീനാ മത്തായി
കുണിയാരോലിക്കൽ
മരങ്ങാട്ടുപിള്ളി

മെമ്പർ



ടി. കെ. തോമസ്
തേക്കിലക്കാട്ടിൽ
പാലയ്ക്കാട്ടുമല

മെമ്പർ




ചിന്നമ്മ മാത്യു
വല്ലയിൽപുത്തേട്ട്
മരങ്ങാട്ടുപിള്ളി

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് 1996

എഡിറ്റർ : കെ. എൻ. രാമൻ നമ്പൂതിരി

ചരിത്ര സമ്പാദകൻ : കെ. പി. ശശി


കവർ ഡിസൈൻ	:	ടി. കെ. ആനന്ദവല്ലി
ആർട്ട് വർക്ക്	:	എൻ. അജിത് കുമാർ, ആന്റണി സനൽ, ജെന്റി തര്യൻ
കമ്പ്യൂട്ടർ ടൈപ്പ് സെറ്റിംഗ്	:	ലേബർ ഇൻഡ്യ കമ്പ്യൂ ഗ്രാഫിക്സ്
അച്ചടി	:	ലേബർ ഇൻഡ്യ ഓഫ് സെറ്റ് പ്രസ്, മരങ്ങാട്ടുപിള്ളി



കെ.എൻ. രാമൻ നമ്പൂതിരി
കാഞ്ഞിരക്കാട്ടില്ലം, മണ്ണയ്ക്കനാട്

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് ദ്വിതീയ വിവരശേഖരണത്തിൽ പങ്കെടുത്തവർ


വിശ്വനാഥപിള്ള, ശാന്തഭവനം (കൺവീനർ) (ഡി. ആർ. പി.)
ടോംസൺ വി. ജോസ്, വടക്കേമംഗലത്ത് (ഡി. ആർ. പി.)
മാത്യു കുഴിത്തൊട്ടി (ഡി. ആർ. പി.)
പി. കെ. ഭാസ്കരൻ, പാമ്പനാൽ
സി. വി. തോമസ്, ചറമ്പേൽ
ലൈജു കെ. എസ്., കൊന്നയ്ക്കൽ
ഷാജി കുമാർ, കണ്ണോലാകൽ
ഓമന സുധൻ, താഴിക്കാട്ടുശ്ശേരിൽ
എൽസി സ്റ്റീഫൻ, മറ്റത്തിൽ
ലാലി പീറ്റർ, തൊണ്ണാകുഴിൽ
ലത കെ. എസ്., കൊന്നയ്ക്കൽ
ലീന കെ. എസ്., കൊന്നയ്ക്കൽ
ആനീസ്, മുളങ്ങാട്ടിൽ
ബീന മാത്യു, തയ്യിൽ
ശ്രീദേവി ഗോപാലൻ, മുണ്ടിയാനിയിൽ



കെ.പി. ശശി
കൊല്ലപ്പിള്ളിൽ

ദ്വിതീയ വിവരണശേഖരണത്തിൽ പങ്കെടുത്തവർ





VICE-PRESIDENT
INDIA
NEW DELHI - 110011

January 22, 1997

MESSAGE


I am glad to know that Marangattupilly Grama Panchayat in Kottayam District is bringing out a report on development activities planned for the next plan period.

The Marangattupilly Grama Panchayat has through its manifold activities rendered valuable services to the overall development of its area. I am sure that the contributions of the Grama Panchayat will be further enriched in the years to come by the dedicated services of its executive members and the close co operation of its people.


I have great pleasure in sending my good wishes to the Grama Panchayat for the success in its endeavours.

Narayanan K.R.


(K. R. NARAYANAN)




പി.സി. തോമസ്
(എം.പി)




ജോയ് നടുക്കര
(എം.പി)




ഇ.ജെ. ആഗസ്തി
ജില്ലാ പഞ്ചായത്ത് മെമ്പർ



എം.സി. കുര്യാക്കോസ്
ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്



പി.വി. ജോർജ്
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



കെ.എം. മാണി എം.എൽ.എ.
(പാലാ)
കരിങ്ങോഴയ്ക്കൽ
വെള്ളപ്പാട്ട് പി.ഒ. പാല

സന്ദേശം

ജനകീയ ആസൂത്രണം ഒരു പുതിയ ആശയമോ സങ്കല്പമോ അല്ല. ജനപങ്കാളിത്തമില്ലാതെ വികസനം കൈവരുത്തുക സാദ്ധ്യമല്ല. പദ്ധതികളുടെ ആവിഷ്ക്കരണത്തിലും നടത്തിപ്പിലും ജനകീയ സഹകരണമുണ്ടെങ്കിലേ വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ കഴിയൂ.

രാഷ്ട്രപിതാവായ മഹാത്മജിയുടെ സങ്കല്പമായിരുന്നു ഗ്രാമസ്വരാജ്. ഗ്രാമങ്ങളുടെ സമ്പൂർണ്ണ വിമോചനമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. സ്വയംഭരണാവകാശവും സ്വയം പര്യാപ്തതയും കൈവരുന്ന ഗ്രാമസമുച്ചയമായിരുന്നു അദ്ദേഹം വിഭാവനംചെയ്ത രാഷ്ട്രം.

മുൻ പ്രധാനമന്ത്രി രാജീവ്ഗാന്ധി കൊണ്ടുവന്ന 73 - ഉം 74 - ഉം ഭരണഘടനാഭേദഗതി നിയമമായിരുന്നു പഞ്ചായത്തു രാജിന് വഴിതെളിച്ചത്. പ്രസ്തുത ഭരണഘടനാനിർദ്ദേശത്തിന്റെ ചുവടു പിടിച്ച് സംസ്ഥാന നിയമസഭ പാസ്സാക്കിയ പഞ്ചായത്തു രാജ് നിയമമാണ് അധികാര വികേന്ദ്രീകരണവും ഗ്രാമതല ആസൂത്രണവും നടപ്പിലാക്കിയത്. ത്രീതല പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ ജനകീയ പങ്കാളിത്തത്തോടെ ഇപ്പോൾ നടക്കുന്ന ആസൂത്രണ ചർച്ചകൾ പരിമിതികളുണ്ടെങ്കിലും ആശാവഹമാണ്. പഞ്ചായത്തുരാജ് നിയമം 175 -ാം വകുപ്പനുസരിച്ച് ഗ്രാമതലാസൂത്രണത്തിന്റെ മുഴുവൻ ചുമതലയും ഗ്രാമപഞ്ചായത്തുകളിലാണ് നിക്ഷിപ്തമായിട്ടുള്ളത്. അവ തയ്യാറാക്കുന്ന നിർദ്ദേശങ്ങൾക്കകത്തു നിന്നുകൊണ്ട് ബ്ളോക്ക് പഞ്ചായത്തുകളും അവയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തുകളും പദ്ധതികൾക്കു രൂപം കൊടുക്കുന്നു. ഒരു ജില്ലയിലെ ആസൂത്രണത്തിന്റെ മുഴുവൻ ചുമതലയും ജില്ലാസൂത്രണസമിതിയാണ് നിർവഹിക്കുന്നത്. ഇപ്രകാരം ത്രിതലങ്ങളിൽ നടത്തേണ്ട ആസൂത്രണ പ്രക്രിയയ്ക്ക് ആവശ്യമായ ഊർജം പകർന്നുകൊടുക്കുവാൻ ഇപ്പോൾ നടക്കുന്ന വികസന സെമിനാറുകൾക്കു കഴിയും.

9-ാം പഞ്ചവത്സരപദ്ധതിയുടെ സമീപനരേഖ പുറത്തുവരാനിരിക്കുന്നതേയുള്ളൂ. സംസ്ഥാന മുഖ്യമന്ത്രിമാരും പ്ളാനിംഗ് കമ്മീഷൻ മെമ്പറന്മാരും അടങ്ങുന്ന ദേശീയ വികസന സമിതിയാണ് പ്രസ്തുത സമീപന രേഖ യ്ക്കു രൂപം നൽകുന്നത്. അതു പ്രസിദ്ധീകൃതമാകുമ്പോഴേ 9 -ാം പദ്ധതിയുടെ അടങ്കലും മുൻഗണനാക്രമങ്ങളും മനസ്സിലാ ക്കുവാൻ കഴിയൂ. അതിനുശേഷം ഗ്രാമതലങ്ങളിൽ നടക്കുന്ന ചർച്ചകളേ കൂടുതൽ ഫലപ്രദമാകൂ. ഓരോ പഞ്ചായത്തിനും ലഭിക്കുന്ന തുകയെത്രയെന്നും മുൻഗണനാസമീപനങ്ങൾ എന്തെന്നും മനസ്സിലാക്കിയതിനുശേഷം പ്രസ്തുത തുകയ്ക്കകത്തുനിന്നുകൊണ്ട് മുൻഗണനാക്രമങ്ങൾക്കനുസരണമായി നടക്കുന്ന ഒരു ചർച്ചകൊണ്ടേ ഉദ്ദേശിക്കുന്ന പ്രയോജനം കൈവരുത്താനാകൂ. പരിപാ ടികളും പദ്ധതികളുമെല്ലാം തയ്യാറാക്കിയതിനുശേഷം അവ നടപ്പിലാക്കുവാനുള്ള വിഭവശേഷി ഇല്ലാ തെ പോയാൽ ജനങ്ങൾ നിരാശരാകും. അതു സംഭവിക്കാതിരിക്കണമെങ്കിൽ ചർച്ചകൾക്കു പ്രായോ ഗികതയും യാഥാർത്ഥ്യബോധവും ഉണ്ടായിരിക്കണം. കാടുകയറിയ ചർച്ചകൾകൊണ്ട് പ്രയോജനമുണ്ടാകില്ല. ഓരോ പഞ്ചായത്തിന്റെയും പ്രധാന പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കി അതു പരി ഹരിക്കുവാനും ജനകീയാവശ്യങ്ങൾ നിറവേറ്റുവാനും കഴിയുന്ന പദ്ധതികൾ ലഭ്യമായ വിഭവശേഷിക്കകത്തു നിന്നുകൊണ്ടു തിരഞ്ഞെടുക്കുവാനുള്ള കഴിവ് ത്രിതലപഞ്ചായത്തുകൾ ആർജ്ജിക്കേണ്ടതായിട്ടുണ്ട്. പരിമിതികൾ ഏറെയുണ്ടെങ്കിലും മുൻഗണനാക്രമത്തിൽ കർമ്മപദ്ധതികളെ രൂപപ്പെടുത്തുവാൻ ത്രിതല പഞ്ചായത്തുകളെ സജ്ജമാക്കുന്നതിന് ഇപ്പോഴത്തെ സെമിനാറുകളും ചർച്ചകളും ഉപകരിക്കുന്നതാണ് മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ജനകീയ ആസൂത്രണ ശ്രമങ്ങൾക്ക് എല്ലാ വിജയങ്ങളും ഞാൻ ആശംസിക്കുന്നു.

15/11/97

(കെ.എം. മാണി)

നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി

- ശ്രീ. എം.എം. തോമസ്, മേൽവെട്ടം, മരങ്ങാട്ടുപിള്ളി. — പ്രസിഡൻറ്
- ശ്രീ. കുര്യൻ സക്കറിയ, കല്ലോലിൽ, മണ്ണയ്ക്കനാട്. — വൈസ് പ്രസിഡൻറ്.
- ശ്രീ. വി. ജോർജ്, വണ്ടംമ്പ്രായിൽ, കുര്യനാട്- — സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ.
- ശ്രീമതി. ത്രേസ്യാമ്മ തോമസ്, ഡാർസിറ്റ് വില്ല, കുര്യനാട്. — മെമ്പർ
- ശ്രീ. ഏ.കെ. രാജേഷ് മണി, എടാട്ടുപാറയിൽ, കുറിച്ചിത്താനം. — ,,
- ശ്രീ. എം.ജി. ഉണ്ണി, മമ്പിള്ളിൽ കുറിച്ചിത്താനം. — ,,
- ശ്രീമതി. കത്രീനാമത്തായി, കണിയാരോലിക്കൽ, മരങ്ങാട്ടുപിള്ളി. — ,,
- ശ്രീ. റ്റി.കെ. തോമസ്, തേക്കിലക്കാട്ടിൽ, പാലക്കാട്ടുമല. — ,,
- ശ്രീമതി. ചിന്നമ്മമാത്യു, വല്ലയിൽ പുത്തേട്ട്, മരങ്ങാട്ടുപിള്ളി. — ,,

❖

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്

പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	–	മരങ്ങാട്ടുപിള്ളി
റവന്യൂവില്ലേജുകളുടെ പേര്	–	കുറിച്ചിത്താനം, ഇലക്കാട്, മോനിപ്പിള്ളി.
ബ്ലോക്കു പഞ്ചായത്തു ഡിവിഷൻ	–	മരങ്ങാട്ടുപിള്ളി.
ബ്ലോക്കു പഞ്ചായത്ത്	–	ഉഴവൂർ
താലൂക്ക്	–	മീനച്ചിൽ
ജില്ല	–	കോട്ടയം
അസംബ്ലി മണ്ഡലം	–	പാലാ
വിസ്തീർണ്ണം	–	37.58 ച.കി.മീ.
ജനസംഖ്യ	–	17856
പുരുഷൻ	–	8944
സ്ത്രീ	–	8912
വാർഡുകളുടെ എണ്ണം	–	9

മുൻ പ്രസിഡൻറുമാർ

ശ്രീ. പി.ഐ. തോമസ്, പെട്ടയ്ക്കാട്ട്, മണ്ണയ്ക്കനാട്.
,, എം.എം. ജോസഫ് BA BL, മൂലാശ്ശേരിൽ, പാലക്കാട്ടുമല.
,, പി.ആർ. അച്ചുതൻ, ഇടപ്പാട്ടുപടവിൽ, മരങ്ങാട്ടുപിള്ളി.
,, ജോർജ് തോമസ്, കുട്ടന്തറപ്പേൽ, കടപ്ലാമറ്റം.
,, എബ്രാഹം മാത്യു, തറപ്പിൽ, മരങ്ങാട്ടുപിള്ളി.
,, എം.എസ്. രവീന്ദ്രൻനായർ, മണിമല, കുറിച്ചിത്താനം.

മുൻ വൈസ് പ്രസിഡൻറുമാർ

ശ്രീ. പി.ആർ. അച്ചുതൻ, ഇടപ്പാട്ടുപടവിൽ, മരങ്ങാട്ടുപിള്ളി.
,, ജോർജ് തോമസ്, കുട്ടന്തറപ്പേൽ, കടപ്ലാമറ്റം.
,, കെ. നാരായണൻനായർ, മുല്ലൂർഭവനം, വയലാ.
,, എം.എസ്. രവീന്ദ്രൻ നായർ, മണിമല, കുറിച്ചിത്താനം.
,, ജോസഫ് കുര്യൻ, കോരംകുഴയ്ക്കൽ, മരങ്ങാട്ടുപിള്ളി.
,, കെ.എൻ. നീലകണ്ഠൻ നമ്പൂതിരി, മധുരങ്കാട്ടിൽ ഇല്ലം, മണ്ണയ്ക്കനാട്.
,, അപ്പച്ചൻ വർക്കി, കിഴക്കേക്കര, പാലക്കാട്ടുമല.

ഉള്ളടക്കം

13
ആമുഖം
വികസനത്തിലേക്ക് ഒരുമിച്ചുനീങ്ങാം
14
ചരിത്രം
വൈവിധ്യങ്ങളിൽ തുടങ്ങി ഒന്നായി വളർന്നു
24
കൃഷി/ജലസേചനം
പുത്തൻ കാർഷികസംസ്ക്കാരം വേണം
32
മൃഗസംരക്ഷണം
പുൽവിപ്ലവംവഴി ധവളവിപ്ലവം വളരട്ടെ
36
വിദ്യാഭ്യാസം
വിദ്യാഭ്യാസമേഖല
42
ആരോഗ്യം/കുടിവെള്ളം
ശുചിത്വം ആരോഗ്യത്തിന്റെ അടിത്തറ രഹസ്യം
46
പ്രശ്നം ജലക്ഷാമമല്ല; ജലവിനിയോഗം
49
വ്യവസായം
കൃഷിയും വ്യവസായവും കൈകോർത്തുനീങ്ങണം
52
ഗതാഗതം/ഊർജം/മാർക്കറ്റ്
വികസനത്തിന് വഴിതുറക്കാം
57
ഊർജവിപ്ലവം അനിവാര്യം
60
കച്ചവടത്തിനും വേണം ആസൂത്രണം
62
പാർപ്പിടം/സാമൂഹ്യക്ഷേമം
തലചായ്ക്കാൻ ഇടംവേണം എല്ലാവർക്കും
64
പദ്ധതികൾ കുറവില്ല പക്ഷേ, പ്രവർത്തനം മെച്ചമാകണം
68
സംസ്ക്കാരം
സാംസ്ക്കാരികത്തനിമ വിളയുന്ന കാർഷിക ഗ്രാമം
74
വനിതാക്ഷേമം
നിറദീപം കെടാതെ സൂക്ഷിക്കണം
77
സഹകരണമേഖല
ഒരുമിച്ചു മുന്നേറാം; സഹകരണം വേണം
80
പട്ടികജാതി/പട്ടികവർഗം
ഉണർവിന്റെ പാതയിൽ മുന്നോട്ട്
84
വിവേസമാഹരണം
ചോർച്ച തടഞ്ഞാലേ വരുമാനം കൂടൂ

✸ ✸

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്

വികസനരേഖ 1996

കൃഷിയും ജലസേചനവും	:	എം. എം. തോമസ് *(ചെയർമാൻ)*
മൃഗസംരക്ഷണം	:	വി. ജോർജ്ജ് *(ചെയർമാൻ)*
വിദ്യാഭ്യാസം	:	ടി. കെ. തോമസ് *(ചെയർമാൻ)*
പൊതുജനാരോഗ്യം, കുടിവെള്ളം	:	എം.ജി. ഉണ്ണി *(ചെയർമാൻ)*
വ്യവസായം	:	കുര്യൻ സക്കറിയ *(ചെയർമാൻ)*
ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	:	കുര്യൻ സക്കറിയ *(ചെയർമാൻ)*
പാർപ്പിടം, സാമൂഹ്യക്ഷേമം	:	ചിന്നമ്മ മാത്യു *(ചെയർപേഴ്സൺ)*
സംസ്ക്കാരം	:	റ്റി. കെ. തോമസ് *(ചെയർമാൻ)*
വനിത ക്ഷേമം	:	കത്രീനാ മത്തായി *(ചെയർപേഴ്സൺ)*
സഹകരണമേഖല	:	ത്രേസ്യാമ്മ തോമസ് *(ചെയർപേഴ്സൺ)*
പട്ടികജാതി - പട്ടികവർഗ്ഗം	:	ഏ. കെ. രാജേഷ് മണി *(ചെയർമാൻ)*
വിഭവസമാഹരണം	:	വി. ജോർജ്ജ് *(ചെയർമാൻ)*

ആമുഖം

വികസനത്തിലേക്ക് ഒരുമിച്ച് നീങ്ങാം

സമൃദ്ധിയുടെ നിറമാണ് പച്ച. കുളിർമയുടേയും.

കാർഷികവിളകളുടെ സമൃദ്ധമായ പച്ചപ്പുകൊണ്ട് അനുഗൃഹീതമായ മരങ്ങാട്ടുപിള്ളി പഞ്ചായത്ത് കണ്ണിനും കരളിനും കുളിരേകുന്നു.

പച്ചപുതച്ച പാടങ്ങൾ ഈ നാടിന്റെ മുഖലക്ഷണമായിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്നത് ഏതാണ്ട് പൊയ്പ്പോയി. പാടങ്ങൾ അപ്രത്യക്ഷമായതോടെ നമുക്കു കൈമോശംവന്ന പലതുമുണ്ട്. ഉഴുതുമറിച്ച മണ്ണിന്റെ സുഖമുള്ള ഗന്ധം, കന്നുപൂട്ടുന്ന കർഷകന്റെ കാഹളം, ഞാറ്റുപാട്ടുകളും തേക്കുപാട്ടുകളും. വിളഞ്ഞ നെന്മണികൾ കൊത്തിപ്പറക്കുന്ന കിളിക്കൂട്ടങ്ങളുടെ പാട്ട്... അങ്ങനെ പലതും.

നെൽപ്പാടങ്ങൾ പുരയിടങ്ങളായും പറമ്പുകളെല്ലാം റബ്ബർ തോട്ടങ്ങളും തേക്കിൻകാടുകളുമായി മാറിയപ്പോൾ നാടിന്റെ മുഖഛായയ്ക്കു മാറ്റം വന്നെങ്കിലും അത് കാലഗതിക്കിടയിലെ അനിവാര്യതയെന്നു സമാധാനിക്കാം. മാറ്റങ്ങൾക്കിടയിലും കാർഷികമേഖലയെന്ന അടിത്തറ ഇളകാതെ നിൽക്കുകയും ചെയ്തു. കൃഷികളും കൃഷിരീതികളും മാറിയെങ്കിലും മാറ്റത്തെ തടയാനാവില്ല. ആസൂത്രിതമായ പാതയിലൂടെ നയിക്കുകയാണ് വേണ്ടത്. അത്തരം മാറ്റങ്ങളിലൂടെയാണ് വികസനം സാദ്ധ്യമാകുന്നത്. ഈ വികസനമാണ് ജനകീയാസൂത്രണ പദ്ധതിയിലൂടെ സാക്ഷാൽക്കരിക്കേണ്ടതും.

അടിച്ചേൽപ്പിക്കുന്ന എന്തിനും മധുരം കുറയും. സ്വാതന്ത്ര്യമായാൽപ്പോലും അതിനു നിർബന്ധത്തിന്റെ കയ്പുണ്ടാകും. അതു മുന്നിൽക്കണ്ടാണ് കേന്ദ്രീകൃത ആസൂത്രണത്തിനുപകരം താഴെ നിന്ന് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണ പദ്ധതിക്കു സർക്കാർ രൂപം നൽകിയത്. ജനപങ്കാളിത്തമാണ് ജനകീയ ആസൂത്രണത്തിന്റെ ജീവൻ. അതതു പ്രദേശത്തെ സാഹചര്യങ്ങൾക്കനുസരിച്ചുള്ള വികസന പദ്ധതികൾ ആസൂത്രണം ചെയ്യാം. നമുക്കു നമ്മുടെ രീതിയിൽ മുന്നേറാം.

തദ്ദേശ സ്വയംഭരണ സംവിധാനത്തിന്റെ ആരംഭത്തോടെ 1953 ൽ പിറവിയെടുത്ത ഇലയ്ക്കാട് പഞ്ചായത്തിന് 1979 ൽ രൂപഭേദം വന്നു. 83-ൽ മരങ്ങാട്ടുപിള്ളി പഞ്ചായത്തായി മാറി. ആ രൂപമാറ്റത്തിൽ കടപ്ലാമറ്റം, വയലാ കരകൾ മുഴുവനായും ഇലയ്ക്കാടുകരയുടെ ഭൂരിഭാഗവും നമ്മെവിട്ട് കടപ്ലാമറ്റം പഞ്ചായത്തിൽ ലയിച്ചു.

കുറിച്ചിത്താനം വില്ലേജ് പൂർണ്ണമായും ഇലയ്ക്കാട്, മോനിപ്പിള്ളി വില്ലേജുകൾ ഭാഗികമായും ഉൾപ്പെട്ട മരങ്ങാട്ടുപിള്ളി പഞ്ചായത്ത് 37.58 ചതുരശ്ര കിലോമീറ്ററിൽ പരന്നുകിടക്കുന്നു. ഒമ്പതുവാർഡുകൾ. 17856 ആണ് ജനസംഖ്യ. 8944 പുരുഷന്മാരും 8912 സ്ത്രീകളും. 80% വീടുകളിൽ വൈദ്യുതി എത്തിച്ച മരങ്ങാട്ടുപിള്ളി വെളിച്ച വിപ്ലവത്തിന്റെ സന്ദേശം ശരിയായി ഉൾക്കൊണ്ട നാടാണ്. അറിവിന്റെ വെളിച്ചത്തിന്റെ കാര്യത്തിലും ഇവിടം പിന്നിലല്ല. പാരലൽ കോളേജുകൾ അടക്കം 30-ൽ ഏറെ വിദ്യാലയങ്ങളുള്ള പഞ്ചായത്തിൽ വിദ്യാർത്ഥികളുടെ എണ്ണം ഒമ്പതിനായിരത്തിനുമേൽ വരും. നമ്മുടെ വിദ്യാലയങ്ങളിലൂടെ വളർന്നു വലുതായവരുടെ നിര നീണ്ടുപോകുന്നു. ഇത് ഉന്നതന്മാരുടെ നാടാണ്. സംസ്ഥാനത്തിന് മന്ത്രിയേയും രാജ്യത്തിന് ഉപരാഷ്ട്രപതിയേയും സംഭാവനചെയ്ത നാട്. വേറെയും എത്രയോ പേർ. ആ സംഭാവനകൾ ഇനിയും തുടരാൻ കഴിയട്ടെ.

വികസന പാതയിൽ ഇനിയും എത്രയോ ദൂരം നമുക്കുപോകേണ്ടിയിരിക്കുന്നു. ജനാഭിപ്രായം അറിഞ്ഞു ജനപ്രതിനിധികൾ തയ്യാറാക്കിയ വികസന റിപ്പോർട്ടുകൾ നമുക്കു പിന്നിടാനുള്ള പാത എത്ര ദീർഘമെന്നു കാണിക്കുന്നു. പക്ഷേ, ആശങ്കയ്ക്കു വകയില്ല. വൈവിദ്ധ്യങ്ങളിലും ഒരുമിച്ചു നിന്നു വളർന്ന പാരമ്പര്യമാണ് നമുക്കുള്ളത്. വികസനത്തിലേക്കും നമുക്കങ്ങനെതന്നെ നീങ്ങാം. ഒരുമിച്ച്; ഒറ്റക്കെട്ടായി. ○

ചരിത്രം

വൈവിദ്ധ്യങ്ങളിൽ തുടങ്ങി ഒന്നായി വളർന്നു

ക്ഷേത്രമതിൽക്കെട്ടുകളിൽ നാമ്പിട്ട് പള്ളി അങ്കണങ്ങളിലൂടെയും കൃഷിഭൂമികളിലൂടെയും പൊതുപ്രവർത്തനരംഗങ്ങളിലൂടെയും വളർന്ന് പടർന്നുപന്തലിച്ച സാമൂഹ്യ സാംസ്ക്കാരിക ചരിത്രമാണ് ഈ നാടിനേറത്. വൈവിദ്ധ്യങ്ങൾക്കിടയിലും ഇഴപിരിയാതെ ദേശീയ ധാരയോടൊപ്പം നീങ്ങിയ ഇവിടത്തെ ജനസമൂഹത്തിന്റെ തനതു സാംസ്ക്കാരിക പൈതൃകം ആധുനികതയുടെ തള്ളിക്കയറ്റത്തിൽ ഇഴപിരിയാതെ കാക്കേണ്ടത് നമ്മുടെ കടമയാണ്. അതല്ലെങ്കിൽ വരുംതലമുറകൾക്കു പിന്നിൽ ഈ സാംസ്ക്കാരിക ചരിത്രം ഇരുൾമൂടിക്കിടക്കും.

പടയോട്ടങ്ങൾ, ചാവേർപ്പടയുടെ കൂട്ടക്കൊലകൾ, കൂട്ടമരണങ്ങൾ, കോട്ട-കൊട്ടാര-കൊത്തളനിർമ്മിതികൾ, വിപ്ലവങ്ങൾ ഇവയ്ക്കൊന്നും നമ്മുടെ ഈ നാട് സാക്ഷ്യം വഹിച്ചിട്ടില്ലെങ്കിലും ദേശീയ ധാരയ്ക്കൊപ്പം നിശ്ശബ്ദം സാവധാനം പരിവർത്തനവിധേയമായിക്കൊണ്ടിരുന്ന മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിനും അതിനേറതായ ചരിത്രവും സംസ്ക്കാരവും ഉണ്ട്.

ഇടവിട്ടിടവിട്ട് ചെറു കുന്നുകളും നീരൊഴുക്കുകളും സമതലങ്ങളും നെൽപ്പാടങ്ങളും ഇടകലർന്ന്, ചങ്ങമ്പുഴക്കവിതപോലെ മനോഹരങ്ങളായ അഷ്ട ഗ്രാമങ്ങളുടെ സംഗമമാണീ പഞ്ചായത്ത്. എന്തുകൊണ്ടോ പൂർവ്വികർ ലിഖിതരേഖകൾ സൂക്ഷിച്ചിട്ടില്ല. ആദിമുതലുള്ള ചരിത്രരചന അതിനാൽ ക്ലേശകരമാണ്. വന്ദ്യവയോധകരിൽനിന്നു ഗ്രഹിച്ചതും ലഭ്യമായ അറിവുകളും കേട്ടുകേൾവികളും നിഗമനങ്ങളും ചേർത്തു തയ്യാറാക്കുന്നതാണീ ചരിത്രചിത്രം.

നദീതടങ്ങളിലാണല്ലോ എവിടെയും ആദിസംസ്ക്കാരവും നാഗരികതയും രൂപമെടുത്തിട്ടുള്ളത്. ഇവിടെ വലിയ നദികളൊന്നും ഇല്ലാതിരുന്നതിനാൽ താരതമ്യേന വലിയ നീരൊഴുക്കുകളോടു ബന്ധപ്പെട്ട സമതലങ്ങളിലായിരിക്കണം ഇവിടെയും ആദ്യജനവാസം തുടങ്ങിയതും ജീവിതചര്യ രൂപപ്പെട്ടതും.

പൂർവ്വികർ എന്നിവിടെ വാസമുറപ്പിച്ചുവെന്നു കൃത്യമായ സൂചനകളൊന്നും ഇല്ല. കേരളത്തിലെ നരവർഗ്ഗവിഭാഗങ്ങളെക്കുറിച്ചുള്ള പഠനത്തിൽ നാലു വ്യത്യസ്ത നരവർഗ്ഗങ്ങൾ നിലനിൽക്കുന്നുവെന്ന നിഗമനത്തിലാണ് ആ ശാസ്ത്രശാഖയിലെ ഗവേഷകർ ചെന്നെത്തിയിരിക്കുന്നത്. ഏറ്റവും പഴക്കമേറിയ "നെഗ്രിറ്റോ" വിഭാഗമാണ് ആദ്യം കേരളത്തിലെവിടെയും ഉണ്ടായിരുന്നത്. അവർക്കു പിന്നാലെ "പ്രോട്ടോ ഓസ്ട്രോലോയിഡുകൾ" വന്നു. തുടർന്ന് "മെഡിറ്ററേനിയൻ" വിഭാഗക്കാരായ 'ദ്രാവിഡരും ഏറ്റവും അവസാനം ആര്യന്മാരും വന്നെത്തി. ആര്യരും ദ്രാവിഡരും കൂടിച്ചേർന്നുള്ള ഒരു സങ്കരസംസ്ക്കാരവും ജനതയുമാണിന്നിവിടുള്ളത്.

ആദ്യത്തെ രണ്ടുവർഗ്ഗങ്ങളും വൻകാടുകളിലേക്കും മലകളിലേക്കും പിൻവാങ്ങി. വംശനാശം നേരിടുന്ന ഇവരാണ് ആദിവാസിയെന്ന ഓമനപ്പേരിൽ നാമിന്നറിയുന്ന കാടർ മുതൽ കുറിച്യർ വരെയുള്ള ഗിരിവർഗ്ഗക്കാർ.

ദ്രാവിഡർ കേരളത്തിൽ ആധിപത്യം ഉറപ്പിച്ച കാലത്തുതന്നെ അവർ ഇവിടെയും എത്തി താമസമുറപ്പിച്ചുവെന്നു കരുതാൻ ന്യായങ്ങളില്ല. ഏതാണ്ട് A.D. 1000-ാമാണ്ടിനടുത്ത് ഇന്നത്തെ പരിഷ്കൃതജനതയുടെ പൂർവ്വികർ ഇവിടങ്ങളിൽ കുടിപാർപ്പുറപ്പിച്ചിട്ടുണ്ടാകണം. ഇത് പഞ്ചായത്തിലെ പഴക്കമേറിയ ക്ഷേത്രങ്ങളുള്ള കുറിച്ചിത്താനം, പാലക്കാട്ടുമല, ആണ്ടൂർ,

മരങ്ങാട്ടുപിള്ളി, ചേറാടിക്കാവ്, പാർപ്പനാൽ കൊട്ടാരം തുടങ്ങിയവയുടെ സമീപങ്ങളിലായിരിക്കണം. ഇവിടങ്ങളിൽ 700, 800 വർഷങ്ങളുടെ പഴക്കം അവകാശപ്പെടുന്ന കുടുംബങ്ങളുടെ പിൻതുടർച്ചക്കാർ ഇന്നുമുണ്ട്. ക്ഷേത്രങ്ങൾക്കും 600, 800 വർഷങ്ങളുടെ പഴക്കം കണക്കാക്കാം. ഇതിൽനിന്നും ഇവിടെ താമസമുറപ്പിച്ചവർ പിന്നീട് തങ്ങളുടെ ആരാധനാമൂർത്തികളുടെ ആലയങ്ങളും നിർമ്മിച്ചുവെന്ന് കരുതാം.

സ്ഥലനാമ സൂചന

ഇവിടെ ചേർക്കുന്ന സ്ഥലനാമസൂചനകൾ ഗവേഷണപഠനങ്ങളുടെ അവസാനവാക്കല്ല. പൂർണ്ണമായിട്ടും ശരിയാണെന്നവകാശപ്പെടുന്നുമില്ല. ചരിത്രാന്വേഷണത്തിൽ കിട്ടിയ അറിവുകളും പദങ്ങളുടെ അർത്ഥവും ഭൂപ്രദേശസ്വഭാവ പ്രത്യേകതകളും ചേർത്തുള്ള നിഗമനങ്ങൾ മാത്രമാണ് ചേർക്കുന്നത്. തർക്കങ്ങൾക്കല്ല. ഇന്നത്തേയും നാളത്തേയും തലമുറകളുടെ അന്വേഷണപഠനങ്ങൾക്കും ചിന്തയ്ക്കുംവേണ്ടിയുള്ള സൂചനമാത്രം.

പഞ്ചായത്തിന്റെ ആദ്യനാമം "ഇലക്കാട്" എന്നായിരുന്നു. ഇല + കാട് = ഇലക്കാട്. "ഇല" യെന്നാൽ ഭൂമിയെന്നും പശുവെന്നും അർത്ഥമുണ്ട്. കാട്- വനം. കാടുപിടിച്ചുകിടന്ന ഭൂമിയെന്നോ, നിബിഡമായ പച്ചിലക്കാടെന്നോ, പശുക്കൾമേഞ്ഞുനടന്ന പുൽക്കാടെന്നോ ഒക്കെ കരുതാം. ഈ വാർഡിലുൾപ്പെട്ട കല്ലുങ്കൽത്തൊട്ടി ഭാഗം വല്ലാത്ത കാടായിരുന്നുവെന്നും നെല്ലുവിതയ്ക്കാൻ വെട്ടിത്തീയിട്ട് തെളിച്ചതാണെന്നും ഓർക്കുന്ന കാരണവന്മാർ ഇന്നുമുണ്ട്. കാട്ടുപ്രദേശം എന്നയർത്ഥത്തിൽത്തന്നെയാണ് ഈ പേരുണ്ടായിരിക്കുന്നതെന്നു കരുതാം.

മരങ്ങാട്ടുപിള്ളിയെന്ന പേരു നോക്കൂ. "പിള്ളി" പ്രദേശം എന്ന അർത്ഥത്തിലാണ് പ്രയോഗിച്ചിരിക്കുന്നത്. മരവും കാടും നിറഞ്ഞ പ്രദേശത്തെ "മരങ്കാട്ടുപിള്ളി" എന്നു വിളിച്ചത് മരങ്ങാട്ടുപിള്ളിയായി രൂപാന്തരപ്പെട്ടതാണ്.

സമീപകരയായ് ആണ്ടൂർ ഒരുതരം മുളവളർന്നുപടർന്നിരുന്ന സ്ഥലമായിരുന്നുവെന്ന് കരുതുവാൻ ന്യായങ്ങളുണ്ട്. ആണ്ട = ഒരു തരം മുള, തളിർ എന്നു ശബ്ദതാരാവലിയുൾപ്പെടെയുള്ള നിഘണ്ടുക്കളിൽ പറയുന്നു. ഊർ (ർ) = തറ, ഗ്രാമം, പ്രദേശം, വാസസ്ഥലം എന്നൊക്കെയർത്ഥം. ആണ്ട + ഊർ = ആണ്ടൂർ. ആണ്ടക്കാടുപിടിച്ച പ്രദേശം എന്നയർത്ഥത്തിൽ ആദ്യ കുടിയേറ്റക്കാർ ഈ ഗ്രാമത്തെ അങ്ങനെ വിളിച്ചതാകാം. മറ്റൊരഭിപ്രായവും ഉണ്ട്. ആണ്ടവൻ എന്നാൽ തമിഴിൽ ഈശ്വരനാണ്. ഊർ (ർ) എന്നതും തമിഴിൽ നിന്നു വന്നതാണ്. ഇവിടെ പഴക്കമേറിയ ഒരു ശിവക്ഷേത്രവുമുണ്ട്. ആ നിലയിൽ ഈശ്വരന്റെ വാസസ്ഥലമെന്നയർത്ഥത്തിൽ "ആണ്ടവന്റെ ഊർ" എന്നു പറഞ്ഞുവന്നത് ആണ്ടൂരായതാകാം.

വലിയ ഏഴിലം പാലകൾ വളർന്നു കാടായിക്കിടന്നിരുന്ന പാഴ്ഭൂമിയെ അതേ അർത്ഥത്തിൽ വിളിച്ചപേരായിരിക്കണം പാലക്കാട്ടുമല. അതായത് പാഴ് + കാട് + മല = പാലക്കാട്ടുമല. അല്ലെങ്കിൽ പാല + കാട് + മല = പാലക്കാട്ടുമല. എന്നാൽ പാല എന്ന പദത്തിന്റെ അർത്ഥം മാത്രം വച്ചുനോക്കിയാൽ ഏഴിലംപാല,പാഴ് (തരിശ്) ഭൂമി എന്നീ അർത്ഥങ്ങൾക്കു പുറമേ "ചുടുകാട്" എന്നുകൂടി അർത്ഥമുള്ളതുകൊണ്ടും "ചുടലപ്പാറ" എന്നൊരു ഭാഗം ഇവിടുള്ളതുകൊണ്ടും ഏതെങ്കിലും വർഗ്ഗക്കാരുടെയോ പ്രാമാണിക കുടുംബക്കാരുടെയോ ശ്മശാനം ഇവിടുണ്ടായിരുന്നതിനാലാണോ ഈ പേർ കൈവന്നതെന്നും അന്വേഷിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ മറ്റൊരു കരയും മലയുമാണ് നെല്ലിത്താനത്തുമല. നെല്ലിത്താളി വൃക്ഷങ്ങൾ നിറഞ്ഞുനിന്ന മല പിന്നീട് നെല്ലിത്താനത്തുമല ആയതോ, നെല്ലിയെന്ന ഫലവൃക്ഷം കൂടുതലുള്ള താനം (സ്ഥാനം എന്നതിന്റെ തത്ഭവം) മല കൂടി ആയതുകൊണ്ട് നെല്ലിത്താനത്തുമല ആയതുമാകാം.

മണ്ണും കല്ലും ഇടകലർന്ന നാട് മണ്ണയ്ക്കനാട് ആയതായിരിക്കാം. പദങ്ങൾക്കുവേറെ വിശേഷാൽ അർത്ഥങ്ങളില്ലാത്തതിനാലും പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പാറകളുള്ളത് ഈ പ്രദേശങ്ങളിലാണെന്നുള്ള വസ്തുതയും ചേർത്താലോചിക്കുമ്പോൾ അതും ശരിയായിരിക്കാം.

കുര്യം എന്ന വാക്കിന് അസ്ഥിമാടം, ശവംമറവുചെയ്യുന്ന സ്ഥലം എന്നെല്ലാം അർത്ഥം ഉണ്ട്. പൂർവ്വികരെ അടക്കം ചെയ്ത സ്ഥലത്തെ കുര്യാലകൾ എന്നു പറഞ്ഞുവരാറുമുണ്ട്. ഇതുവച്ച് കുര്യം എന്ന സ്ഥലവും കുര്യനാടും ഒരു കാലത്ത് ശവംമറവുചെയ്തിരുന്ന പൊതുശ്മശാനമായിരുന്നുവെന്ന് ചില പണ്ഡിതർ പറയുന്നു. അതേസമയം "കുര്യൻ" എന്ന പേരിൽ കൊക്കുവർഗ്ഗത്തിൽപ്പെട്ട ഒരു ജാതി പക്ഷിയുണ്ട്. കുരുവിപക്ഷി വേറെയുമുണ്ട്. കുരുകിൽ എന്നൊരു തരം കാട്ടു കുറ്റിച്ചെടിയും ഉണ്ട്. കുറിയവരുടെ, പൊക്കം കുറഞ്ഞവരുടെ നാട്, കുറിയവർ നാടും കുറിയനാടും പിന്നീടത് കുര്യനാടും ആയി മാറിയെന്ന് പ്രചാരമുണ്ട്. ഇതിൽ ഏതിൽനിന്നാണ് കുര്യനാട് എന്ന സ്ഥലനാമം ഉണ്ടായതെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

കുറിച്ചിത്താനം എന്ന സ്ഥലനാമത്തേക്കുറിച്ച് പല അഭിപ്രായങ്ങളും കേട്ടുകേൾവികളും ഉണ്ട്. "കുറിച്ചി" എന്ന പദത്തിന് കുന്നിൻപ്രദേശം എന്നും ഒരുതരം കാട്ടുവള്ളിച്ചെടിയെന്നും അർത്ഥമുണ്ട്. പദത്തിന്റെ അർത്ഥപരിഗണനവച്ച് കുന്നിൻപ്രദേശമെന്ന നിലയിലോ, കുറിച്ചിച്ചെടികൾ വളർന്നിരുന്ന സ്ഥലമെന്ന നിലയിലോ ഈ പേർ വന്നതായിക്കൂട്ടാം. ദ്രാവിഡാധിവാസത്തിനു മുൻപ് കേരളത്തിലെങ്ങും അധിവസിച്ചിരുന്ന പ്രോട്ടോ-ഓസ്ട്രോലോയിഡു വർഗ്ഗത്തിൽപ്പെട്ട കുറിച്യർ ഇവിടെ വസിച്ചിരുന്നുവെന്നും കുറിച്യരുടെ വാസസ്ഥലം എന്നർത്ഥത്തിൽ വന്നതാണ് കുറിച്ചിത്താനം എന്ന സ്ഥലനാമം എന്നും വാദഗതിയുണ്ട്. എന്നാൽ, ഗുരുവിന്റെയും (വിഷ്ണു, പൂതൃക്കോവിൽദേവൻ) ശ്രീയുടെയും (കാരിപ്പടവത്തുകാവിൽ

ഭഗവതി) സ്ഥാനമെന്ന നിലയ്ക്ക് ഇവിടം സന്ദർശിച്ച ഐതിഹ്യപ്രശസ്തനായ വിലമംഗലം സ്വാമി "ഗുരു ശ്രീസ്ഥാനം" എന്നു നൽകിയ പേർ പ്രയോഗത്തിൽ കുറിച്ചിത്താനം ആയി രൂപാന്തരപ്പെട്ടതാണെന്നതാണ് വിശ്വാസയോഗ്യമായ മറ്റൊരു നിഗമനം.

വാദഗതികളെന്തൊക്കെയായാലും ആണ്ടൂർ, കുറിച്ചിത്താനം തുടങ്ങിയ സ്ഥലനാമങ്ങൾ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടുണ്ടായതാണെന്നു പരിഗണിച്ചാൽ തീർച്ചയായും ക്ഷേത്രങ്ങളാൽ അറിയപ്പെടുന്നതിനു മുൻപ് ഈ സ്ഥലങ്ങൾക്ക് മറ്റൊരു പേരുണ്ടായിരുന്നുവെന്ന് യുക്തിബോധത്തോടെ കരുതേണ്ടിയിരിക്കുന്നു. അതല്ലെങ്കിൽ നിലവിലുണ്ടായിരുന്ന പേരുകളെ കൂടുതൽ പാണ്ഡിത്യത്തോടെ ക്ഷേത്രങ്ങളോടു ബന്ധപ്പെടുത്തി വ്യാഖ്യാനിച്ചതുമാകാം. പദങ്ങളുടെ അർത്ഥം മാത്രം കണക്കിലെടുത്ത് പാലക്കാട്ടുമലയും കുര്യനാടും ശവമടക്കുസ്ഥലങ്ങളായിരുന്നുവെന്ന് ഉറപ്പിക്കുന്നതിനു മുൻപ് അതിനുപോൽബലകമായ തെളിവുകളും തേടേണ്ടിയിരിക്കുന്നു.

പോയ നൂറ്റാണ്ടുകൾ

നാലഞ്ചു നൂറ്റാണ്ടുകൾക്കപ്പുറംവരെ ഇവിടെ ക്ഷേത്രങ്ങളോടനുബന്ധിച്ച് ഏതാനും കുടുംബാംഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും ഭൂരിഭാഗം കാടുപിടിച്ച് വന്യമൃഗവിഹാരകേന്ദ്രങ്ങളായിക്കിടന്നിരുന്നതായും കരുതാം. 1884-ൽ ജനിച്ച് 1959 വരെ ഇവിടെ ജീവിച്ചിരുന്ന അദ്ധ്യാപകനും ചരിത്രാന്വേഷകനുമായ P.K. ജോൺ പൊടിമറ്റം തന്റെ ചെറുപ്പകാലത്ത് ഇവിടെ കടുവാ, പുലി തുടങ്ങിയവയെ ചുരുക്കമായും കാട്ടുപന്നി, മുള്ളൻപന്നി, കേഴ, കുറുക്കൻ, കുരങ്ങ് തുടങ്ങിയവയെ യഥേഷ്ടമായും കണ്ടിരുന്നതായി തന്റെ 'കേരള സുറിയാനി സഭാ ചരിത്രസംഗ്രഹം' എന്ന പുസ്തകത്തിൽ പറയുന്നു. ആനയിളപ്പാൻ കുഴി, ആനത്താനം, പുലിയള്ള്, കാണാംപുലി (കാളാംപുലി) കടുവാക്കുഴി തുടങ്ങി ഇന്നറിയപ്പെടുന്ന സ്ഥലങ്ങൾക്കൊക്കെ ഈ പേരുവന്നത് അവിടങ്ങളിൽ ആവിധ മൃഗങ്ങളെ കണ്ടിരുന്നതുകൊണ്ടാകാം.

പലയിടങ്ങളിൽനിന്നും പലപ്പോഴായി ജനങ്ങൾ ഇങ്ങോട്ടു കുടിയേറിയപ്പോൾ ചില നടപ്പുദീനങ്ങളാലും മറ്റും പല കുടുംബങ്ങളും അന്യംനിന്നുപോയിട്ടുള്ളതായും മറ്റു ചിലർ നാടുവിട്ടുപോയതായും പഴമക്കാർ ഓർക്കുന്നു. ഈ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ കൃഷിഭൂമിയുടെ ദൗർലഭ്യവും ജീവിതക്ലേശങ്ങളും കാരണം പഞ്ചായത്തിന്റെ എല്ലാ കരകളിൽനിന്നും ജാതിവ്യത്യസ്തതയില്ലാതെ നിരവധി കുടുംബങ്ങൾ കൂടുതലായി മലബാറിലേക്കും കുടിയേറ്റ ഹൈറേഞ്ചിലേക്കും കുടിയേറിയ കാര്യം സമീപചരിത്രമാണല്ലൊ!

കടുത്തുരുത്തിയിലും പിന്നീട് വൈക്കത്തും തൊടുപുഴയ്ക്കടുത്ത് കാരിക്കോട്ടും ആസ്ഥാനങ്ങളുണ്ടായിരുന്ന ബിംബിലേശന്മാരെന്നും മണികണ്ഠന്മാരെന്നും അറിയപ്പെടുന്ന വടക്കുംകൂർ രാജാക്കന്മാരുടെ ഭരണത്തിൻകീഴിലായിരുന്നു നമ്മുടെ നാട്. A.D. 1100 വെമ്പൊലിനാട് വിഭജിച്ചുണ്ടായ രണ്ടു പ്രധാന രാജവംശങ്ങളാണ് തെക്കുംകൂറും വടക്കുംകൂറും. ഈ രാജ്യങ്ങളുടെ അതിര് തിരിച്ചിരുന്നത് നമ്മുടെ സമീപകരകളായിരുന്ന വള്ളിച്ചിറ, പുലിയന്നൂർ, കിടങ്ങൂർ തുടങ്ങിയ സ്ഥലങ്ങളിലൂടെയാണ്.

925-ൽ (ക്രിസ്ത്വബ്ദം 1750) ചരിത്രപ്രശസ്തനായ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ കുലശേഖരപെരുമാൾ എന്ന വേണാട്ടുരാജാവ് വടക്കുംകൂർ കീഴടക്കി തന്റെ രാജ്യമായ തിരുവിതാംകൂറിനോടു ചേർത്തു. അതോടെ നമ്മൾ തിരുവിതാംകൂറുകാരായി. വടക്കുംകൂർ രാജാവ് സാമൂതിരിയുടെ രാജ്യത്തിലഭയം തേടുകയും ചെയ്തു. ആണ്ടൂർ പള്ളിപ്പുറം കുടുംബത്തിൽ നിന്നും വടക്കുംകൂർ രാജാക്കന്മാരെ സേവിച്ചിരുന്ന ചില മന്ത്രിമാർ ഉണ്ടായിരുന്നതായി P.K. ജോൺ പറയുന്നു.

പതിനഞ്ച്, പതിനാറ് നൂറ്റാണ്ടുകളിൽ സമീപപഞ്ചായത്തുകളിൽ നിന്നും മറ്റു പലയിടങ്ങളിൽ നിന്നുമായി കൂടുതൽ കൃഷിഭൂമിയന്വേഷിച്ച് എത്തിയവർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിയേറിപ്പാർത്തു. ഇവരിൽ ഭൂരിഭാഗവും ക്രിസ്തുമതാനുയായികളായിരുന്നു. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ക്രിസ്ത്യാനികളെ പാർപ്പിക്കുവാൻ നാട്ടുരാജാക്കന്മാർ പല പ്രോത്സാഹനങ്ങളും ചെയ്തിരുന്നതായി ചരിത്രം പറയുന്നു.

കുരുമുളകുകൃഷി കൂടുതൽ വ്യാപിപ്പിക്കാനും അതുവഴി വിദേശക്കച്ചവടമേധാവിത്വം പിടിച്ചെടുക്കുവാനും വേണ്ടിയാണിത്. പല ബ്രാഹ്മണകുടുംബങ്ങളും ചില ആചാരങ്ങളുടേയും മറ്റുംപേരിൽ ക്രിസ്ത്യൻ കുടുംബങ്ങളെ ഇവിടെ വരുത്തിത്താമസിപ്പിക്കുകയുണ്ടായി. ഇതും കൃഷിക്കും കൂടുതൽ സഹായങ്ങൾക്കും വേണ്ടിയിട്ടാണെന്നു കരുതുന്നതാണ് കൂടുതൽ ശരി.

ക്രിസ്തുമത വിഭാഗക്കാർ കൂടുതലായി എത്തിയതോടെ കാടുകൾ തെളിഞ്ഞു. കൃഷി വ്യാപിച്ചു. വന്യമൃഗങ്ങൾ നാട്ടിൽനിന്നപ്രത്യക്ഷമായി. പിന്നീട് തോട്ടവിള വർദ്ധിച്ചതോടെ പലയിനങ്ങളിലുംപെട്ട സർവ്വസാധാരണമായിരുന്ന ചെറുപക്ഷികളും ഇഴജന്തുക്കളും വംശനാശംവന്ന് ഇല്ലാതായിട്ടുണ്ട്.

ഏകനേതൃത്വവും കൂട്ടായ്മയുമുള്ള അദ്ധ്വാനശീലരായ ക്രിസ്ത്യാനികളുടെ വരവോടുകൂടി, മന്ദഗതിയിലായിരുന്ന നാടിന്റെ ചരിത്രഗതി മാറി. ഹിന്ദുക്കളും കൃഷിയിൽ ക്രിസ്ത്യാനികളെ അനുകരിച്ചു തുടങ്ങി.

കുറവിലങ്ങാട് ഫെറോനാപ്പള്ളിയുടെ ആദ്യശാഖാപിരിവായ മരങ്ങാട്ടുപിള്ളി പള്ളി 1828 ൽ സ്ഥാപിച്ചു. 1889 ൽ ഇടവക തിരിഞ്ഞു. പഞ്ചായത്തിലെ ആദ്യത്തേതും പ്രധാനപ്പെട്ടതുമായ പള്ളിയിതാണ്. കടപ്ലാമറ്റം വഴി കിടങ്ങൂർ, ചേർപ്പുങ്കൽ ഭാഗത്തേക്കും കുറിച്ചിത്താനം വഴി ഉഴവൂർ, കൂത്താട്ടുകുളം ഭാഗത്തേക്കും പോകുന്ന റോഡാണ് പഞ്ചായത്തിലെ ആദ്യ പൊതുറോഡ്. ഈ റോഡ് വാസ്തവത്തിൽ രാജപാതയാ

യിരുന്നു. അഞ്ചലോട്ടം നടന്നിരുന്നതും ഇതുവഴിയായിരുന്നു. തിരുവിതാംകൂർ രാജാക്കന്മാർ സ്ഥാപിച്ച ചുമടുതാങ്ങികളും അഞ്ചൽപെട്ടികളും നട്ടുപിടിപ്പിച്ച തണൽ വൃക്ഷങ്ങളും ചിലയിടങ്ങളിൽ ഇന്നുമുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനം ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്ത് 1896 ൽ പഞ്ചായത്തിലെ ആദ്യത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനമായ മണ്ണയ്ക്കനാട് ഗവ. യു.പി. സ്കൂൾ സ്ഥാപിച്ചു. ഹൈസ്കൂളുകൾ ഒഴിച്ചുള്ള ഇതര വിദ്യാലയങ്ങളെല്ലാം സ്ഥാപിച്ചതും ഈ രാജാവിന്റെ കാലത്താണ്.

ഇരുപതാം നൂറ്റാണ്ട്

മരങ്ങാട്ടുപിള്ളിയിൽ നിന്നും സമീപകരകളിൽ നിന്നും ശവമടക്കിനും മറ്റു പള്ളി ആവശ്യങ്ങൾക്കും കുറവിലങ്ങാട്ടേക്ക് പൊയ്ക്കൊണ്ടിരുന്ന നാട്ടുനടപ്പു വഴി ചില്ലറ മാറ്റങ്ങളോടെ ആദ്യം കോഴാ മുതൽ ഇല്ലിക്കൽവരെ റോഡായി വെട്ടിത്തുറന്നു. ഈ റോഡിന്റെ ആവിർഭാവത്തോടെ കടപ്ലാമറ്റം– ഉഴവൂർ റോഡിന്റെ പ്രാധാന്യം കുറഞ്ഞുപോയി. പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറതിർത്തിഗ്രാമമായ കുര്യനാടു വഴി കടന്നുപോകുന്ന M.C. റോഡിലൂടെ ആദ്യവും പിന്നീട് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടിയുള്ള കോഴാ-പാലാ റോഡുവഴിയും (1930) ബസ് സർവ്വീസ് ആരംഭിച്ചു. പഞ്ചായത്തിലെ ഏക പബ്ലിക് മാർക്കറ്റായ മരങ്ങാട്ടുപിള്ളി ചന്ത 1930 ൽത്തന്നെ ആരംഭിച്ചു. തിരുവിതാംകൂർ റീജൻറ് റാണി സേതുലക്ഷ്മീഭായ് ആണ് മാർക്കറ്റ് അനുവദിച്ചത്.

ഇന്നത്തെ മരങ്ങാട്ടുപിള്ളി പള്ളി പണികഴിപ്പിക്കുന്നതിനും കോഴാ–പാലാ റോഡ് ഇല്ലിക്കൽവരെ വെട്ടിത്തുറക്കുന്നതിനും മരങ്ങാട്ടുപിള്ളിയിൽ ചന്ത കൊണ്ടുവരുന്നതിനും മറ്റും മുന്നിട്ടുനേതൃത്വം നൽകി പ്രവർത്തിച്ച ഫാദർ പുളിക്കിയിൽ വർക്കിക്കത്തനാരെ ഇവിടെ സ്മരിച്ചുകൊള്ളട്ടെ.

ദേശീയനവോത്ഥാന പ്രസ്ഥാനങ്ങൾ

ദേശീയ സ്വാതന്ത്ര്യസമരം കൊണ്ട് ഭാരതം പ്രകമ്പനംകൊണ്ട കാലമാണ് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതി. ഒപ്പം നവോത്ഥാനമുന്നേറ്റങ്ങളും എവിടെയും മാറ്റത്തിന്റെ പരമ്പരതന്നെ സൃഷ്ടിച്ചു. അക്കാലങ്ങളിലെ സാമൂഹ്യ പരിഷ്ക്കർത്താക്കളിൽ പ്രമുഖരായ ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, അയ്യൻകാളി, വി.ടി. ഭട്ടതിരിപ്പാട്, മന്നത്തുപത്മനാഭൻ തുടങ്ങിയവരിൽ മന്നത്തു പത്മനാഭനൊഴിച്ചാരും ഈ പഞ്ചായത്തിൽ വന്ന് നേരിട്ടനുഗ്രഹിച്ചിട്ടില്ലെങ്കിലും അവരൊക്കെ പ്രചരിപ്പിച്ച സാമൂഹ്യപരിവർത്തന സന്ദേശങ്ങൾ ഇവിടെയും അതതുമതവിഭാഗങ്ങളിൽ സ്വാധീനംചെലുത്തി. സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിച്ചു. പ്രത്യേകിച്ച് പിന്നോക്കവിഭാഗങ്ങളോട് സംഘടിച്ചു ശക്തരാകാനും വിദ്യകൊണ്ട് വിജ്ഞരാകാനുമുള്ള ഗുരുദേവന്റെ ഉപദേശം ഉൾക്കൊണ്ട ഈഴവജന വിഭാഗങ്ങൾക്ക് പുരോഗതിയും ശ്രേയസ്സും കൈവരുത്തി. അതുപോലെ ഒരുപിടി അനാചാരങ്ങളെ ഉപേക്ഷിക്കാൻ നായർ, ബ്രാഹ്മണ സമുദായങ്ങളും തയ്യാറായി.

സ്റ്റേറ്റ് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നാടെങ്ങും സ്വാതന്ത്ര്യസമരജ്വാലകളുയർന്നപ്പോൾ അതിൽ നിന്നു വിട്ടുനിൽക്കാൻ മരങ്ങാട്ടുപിള്ളി പഞ്ചായത്തിനും കഴിഞ്ഞില്ല. പാലായിൽ താമസമാക്കി കോൺഗ്രസ് പ്രവർത്തനം നടത്തിയിരുന്ന ഈ നാട്ടുകാരനായ ഡേവിഡ് മഹാപിള്ളയോടും പ്രൊഫസർ K.M.ചാണ്ടി സാറിനോടും ഉണ്ടായിരുന്ന ബന്ധവും സമ്പർക്കവുംവഴി സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തകരായി മാറിയ M.M. കുര്യൻ മറ്റത്തുമാനാൽ, T. ജോൺ പുളിക്കിയിൽ, P.R. അച്ചുതൻ ഇടപ്പാട്ടുപടവിൽ തുടങ്ങിയവർ ഇവിടെയും സ്വാതന്ത്ര്യസമരസന്ദേശം പ്രചരിപ്പിച്ചു.

ഇവരുടെ നേതൃത്വത്തിൽ K.N. ഗോപാലൻ നായർ കൊള്ളിയാൻ കുന്നേൽ, N.T. ശങ്കരൻ നായർ അന്തനാട്ട്, P.K. മാധവൻ പൈക്കാട്ടിൽ, P.J. ജോസഫ് (കുഞ്ഞ്), കോയിക്കൽ, M.S. മാത്യു മേലേടം, N.V. ജോസഫ് നാരകത്തുങ്കൽ എന്നിവർ സജീവ കോൺഗ്രസ് പ്രവർത്തകരായി; സ്വാതന്ത്ര്യസന്ദേശം വീടുവീടാന്തരം പ്രചരിപ്പിച്ചു. പാലായിൽ നടന്ന ഒരു കോൺഗ്രസ് ജാഥയിൽ പങ്കെടുത്തതിന് അറസ്റ്റ് ചെയ്ത് ഭീകരമായി പോലീസ് മർദ്ദിച്ച ഗോപാലൻ നായർ, ശങ്കരൻ നായർ, മാധവൻ, കുഞ്ഞ് എന്നിവരിൽ ഗോപാലൻനായർ സമരാവേശത്തിന്റെ മരിക്കാത്ത സ്മരണകളുമായി ഇന്നും ജീവിച്ചിരിക്കുന്ന രക്തസാക്ഷിയാണ്. ഇക്കാലത്ത് M.M. കുര്യന്റെ വക കടയിൽ ഒളിവിൽ കഴിഞ്ഞ് ചർച്ചാ ക്ലാസുകളും രഹസ്യയോഗങ്ങളും സംഘടിപ്പിച്ചിരുന്നയാളാണ് A.K.G. യെന്ന പേരിൽ പിന്നീട് അറിയപ്പെട്ട ജനനേതാവെന്ന് T. ജോൺ സ്മരിക്കുന്നു.

ഇവരിൽ ഇടതുപക്ഷ ചിന്താഗതിയാലാകർഷിക്കപ്പെട്ട N.V. ജോസഫ് മരങ്ങാട്ടുപിള്ളി പഞ്ചായത്തിലേയും മീനച്ചിൽ താലൂക്കിലെ തന്നെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടേയും സ്ഥാപകനേതാക്കളിലൊരാളും പിൽക്കാല നേതാക്കളിലൊരാളും ആയി ഉയർന്നു. സ്റ്റേറ്റ് ട്രാൻസ്പോർട്ട് തൊഴിലാളികളുടെ ജോലി സ്ഥിരതയ്ക്കുവേണ്ടി 1954 ൽ A.I.T.U.C സംഘടിപ്പിച്ച സമരത്തിൽ അന്ന് ഈ പഞ്ചായത്തിൽ നിന്നുമാത്രം ഒമ്പതുപേർ പങ്കെടുത്തു മർദ്ദനം ഏറ്റുവാങ്ങി. N.V. ജോസഫ്, C.N. കരുണാകരൻ നായർ ചെറുവള്ളിൽ, T.N. കൃഷ്ണൻ നമ്പൂതിരി തോട്ടം ഇല്ലം, E.N. ബാലകൃഷ്ണമാരാർ പാലക്കാട്ടുമല എന്നിവർക്കും സ്വാതന്ത്ര്യസമര ജാഥയിൽ പങ്കെടുത്തതിന് ഗോപാലൻനായർക്കും ഏൽക്കേണ്ടിവന്ന കൊടിയമർദ്ദനം അന്നത്തെ പോലീസിന്റെ ക്രൂരത വെളിപ്പെടുത്തുന്നവയാണ്.

പഞ്ചായത്ത് ആരംഭം

1950– ലെ തിരുവിതാംകൂർ– കൊച്ചി പഞ്ചായത്ത് ആക്ടിനു വിധേയമായി ഇന്നത്തെ മരങ്ങാട്ടുപിള്ളി പഞ്ചായത്തിന്റെ പൂർവ്വരൂപമായ ഇലക്കാട് പഞ്ചായ

ത്ത് 1953-ൽ രൂപംകൊണ്ടു. ഇന്നത്തെ പഞ്ചായത്തിലുൾപ്പെട്ട കരകൾക്കു പുറമേ ഇലക്കാട്, കടപ്ലാമറ്റം, വയലാ കരകൾ കൂടി ഉൾപ്പെട്ടതായിരുന്നു ആദ്യപഞ്ചായത്ത്. അതായത് അന്നത്തെ ഇലക്കാട്ടു വില്ലേജിലുൾപ്പെട്ട മുഴുവൻ കരകളും അന്നത്തെ പഞ്ചായത്തിലും ഉൾപ്പെട്ടിരുന്നു. 15-8-53 ൽ പ്രൊ. K.M ചാണ്ടി M.L.A ഔപചാരിക ഉദ്ഘാടനം നടത്തി. P.I. തോമസ് പെട്ടയ്ക്കാട്ടായിരുന്നു പ്രഥമ പ്രസിഡൻറ്. ആസ്ഥാനമായ മരങ്ങാട്ടുപിള്ളിയിൽ കമ്പനിപ്പീടികയുടെ മുകൾ നിലയിൽ പ്രതിമാസം 10 രൂപാ വാടകയ്ക്ക് ആരംഭിച്ച പഞ്ചായത്ത് ഓഫീസ് ചെലവുകൾക്കും മറ്റുമായി അന്നത്തെ മെമ്പർമാരും 10 രൂപാവീതം സംഭാവന നൽകിയിരുന്നതായി രേഖകളിൽ കാണുന്നു. മരങ്ങാട്ടുപിള്ളി പള്ളി സംഭാവനയായി നൽകിയ 25 സെൻറ് സ്ഥലത്ത് നിർമ്മിച്ച പുതിയ ഓഫീസ് കെട്ടിടത്തിലേക്ക് മാറി പ്രവർത്തനം തുടങ്ങുന്നത് 1956 നവംബർ 1 നാണ്. മരങ്ങാട്ടുപിള്ളി ടൗൺ വരെ മാത്രമാണെങ്കിലും ആദ്യ പഞ്ചായത്തുകമ്മിറ്റിയുടെ നിരന്തര ശ്രമഫലമായി 1956 ൽത്തന്നെ വൈദ്യുതി എത്തി. ഇതു പഞ്ചായത്തിൻറെ പുരോഗതിയിൽ വലിയ കാൽവയ്പായിരുന്നു.

1957 ലെ കുടിയൊഴിപ്പിക്കൽ നിരോധന ആക്ടും 1960 ലെ ഭൂനിയമബന്ധവും കൃഷിഭൂമി ഉടമസ്ഥത സംബന്ധിച്ച് പഞ്ചായത്തിൽ കാര്യമായ മാറ്റങ്ങളൊന്നും ഉണ്ടാക്കിയില്ലെങ്കിലും നിരവധി ഭൂരഹിതകുടികിടപ്പുകാരെ 10 സെൻറ് കിടപ്പാടത്തിനുടമകളാക്കി. 1964-ൽ കേരള രാഷ്ട്രീയത്തിലുണ്ടായ രണ്ടു പ്രധാന സംഭവങ്ങളാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പിളർപ്പും കോൺഗ്രസ്സിൽ നിന്നൊരുവിഭാഗം വേറിട്ടുമാറി കേരള കോൺഗ്രസിനു രൂപംകൊടുത്തതും. കേരള കോൺഗ്രസ്സിൻറെ ആവിർഭാവം പഞ്ചായത്തിൻറെ രാഷ്ട്രീയഗതിയിൽ വലിയ ചലനമുണ്ടാക്കി. പിൽക്കാലത്ത് കേരള രാഷ്ട്രീയത്തിലെ ശക്തിയായി വളർന്ന K.M മാണിയുടെ ഉദയം ഇതോടെയായിരുന്നു.

1972-ൽ പഞ്ചായത്തിൽ ടെലിഫോൺ എത്തി. 1974-ൽ കുര്യനാട്ടിൽ കർഷകരും കർഷകത്തൊഴിലാളികളും തങ്ങളിലുണ്ടായ കൂലിത്തർക്ക സമരമാണ് പഞ്ചായത്തിലുണ്ടായ പ്രധാന വർഗ്ഗസമരം. ഈ സമരത്തിൽ ഒരാൾ രക്തസാക്ഷിയായി.

കൂടുതൽ പ്രാദേശിക വികസനങ്ങൾക്കുവേണ്ടി പഞ്ചായത്ത് 1979 ഓഗസ്റ്റ് 17 നു വിഭജിച്ച് ഇലക്കാട് പഞ്ചായത്ത് 17-8-79 ൽ നിലവിൽവന്നു. ഇലക്കാട് പഞ്ചായത്തിൽ നിന്നു വേറിട്ടുപോയ കടപ്ലാമറ്റം, വയലാ കരകളും ഇലക്കാട് ഭാഗികമായും കിടങ്ങൂർ പഞ്ചായത്തിൻറെ ഭാഗങ്ങളും കൂട്ടിച്ചേർത്ത് പുതിയ കടപ്ലാമറ്റം പഞ്ചായത്തും നിലവിൽ വന്നു. ഗ്രാമവികസന ബോർഡിൻറെ സഹായത്തോടെ പണികഴിപ്പിച്ച പുതിയ ഓഫീസും ഷോപ്പിംഗ് കോംപ്ലക്സും ചേർന്ന ബിൽഡിംഗ് 1980 ഫെബ്രുവരി 10 ന് ഉദ്ഘാടനം ചെയ്തു. 83 നവംബർ എട്ടിന് മരങ്ങാട്ടുപിള്ളി പഞ്ചായത്തെന്ന പേര് നിലവിൽ വന്നു.

സാംസ്ക്കാരിക പശ്ചാത്തലം

പഞ്ചായത്തിൻറെ ചരിത്രവും സംസ്ക്കാരവും ഊടും പാവുംപോലെ ഇഴകോർത്തു പോകുന്നു. ഒന്നിൽ നിന്നൊന്നു വേർപെടുത്തുക വിഷമം.

ക്ഷേത്രമതിൽക്കകങ്ങളിലും പള്ളിയങ്കണങ്ങളിലും നാമ്പിട്ടുവളർന്ന കലയും സംസ്ക്കാരവുമാണ് നാടിൻറെ ആത്മചൈതന്യം. ഈശ്വരാരാധനയുടെ കേന്ദ്രം എന്നപോലെതന്നെ സാമൂഹ്യ പുരോഗതിയുടേയും സാംസ്ക്കാരിക വികാസത്തിൻറേയും സിരാകേന്ദ്രം ആരാധനാലയങ്ങൾ തന്നെയാണ്. ജനകീയാധികാരസമിതികൾ രാഷ്ട്രീയ സാമൂഹ്യനിയന്ത്രണം ഏറ്റെടുക്കുംവരെ ജനങ്ങളുടെമേൽ എല്ലാനിയന്ത്രണങ്ങളും ആരാധനാലയങ്ങൾക്കായിരുന്നു.

പലപ്പോഴും പുതുക്കിപ്പണിതിട്ടുള്ളതുകൊണ്ട് കാലനിർണ്ണയം സാധ്യമല്ലെങ്കിലും ഹൈന്ദവക്ഷേത്രങ്ങളാണ് ആദ്യം ഉണ്ടായിട്ടുള്ളതെന്നു നിശ്ചയമാണ്. ഇവയിൽ കുറിച്ചിത്താനം ശ്രീകൃഷ്ണക്ഷേത്രവും കാരിപ്പടവത്തുകാവും പ്രശസ്തങ്ങളാണ്. ഗുരുവായൂരിലേതിനു തുല്യമായ ആരാധനാസമ്പ്രദായങ്ങളുള്ള ശ്രീകൃഷ്ണക്ഷേത്രം അടുത്ത പഞ്ചായത്തുകളിൽനിന്നെല്ലാം ഭക്തരെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ പഞ്ചായത്തിലെ കരകളുടെയെല്ലാം കുലദൈവസ്ഥാനം ഉള്ളതായി വിശ്വസിച്ചുവരുന്ന കാരിപ്പടവത്തുകാവ് ഈ പ്രദേശങ്ങളിലെ ആദിക്ഷേത്രമാണെന്നുള്ള വസ്തുതകളിലേക്കു വിരൽചൂണ്ടുന്നു. ഒരൊറ്റ ചുറ്റുമതിലിനുള്ളിൽ ഉഗ്രമൂർത്തി മഹാകാളിയേയും ശാന്തസുന്ദരി ദുർഗ്ഗയേയും നടുക്കായി ശിവശക്തിയേയും തുല്യപ്രാധാന്യത്തോടെ മൂന്നു ശ്രീകോവിലുകളിലായി പ്രതിഷ്ഠിച്ചിട്ടുള്ള മറ്റൊരമ്പലം വേറെങ്ങുമില്ലായെന്നുള്ളതും പ്രത്യേകതയാണ്.

കന്യാകുമാരിയിലേക്കുള്ള തൻറെ ഭാരതപരിക്രമയാത്രയിൽ വിവേകാനന്ദസ്വാമികൾ ഈ ക്ഷേത്രങ്ങൾ കൂടി സന്ദർശിച്ചതിനാൽ ആ പാദസ്പർശം ഏൽക്കാനും ഈ നാടിനു കഴിഞ്ഞിട്ടുണ്ട്.

പാറയിൽ ശ്രീധർമ്മശാസ്താക്ഷേത്രം, പാലക്കാട്ടുമല നരസിംഹക്ഷേത്രം, മൂത്തേടത്തുകാവ്, ആണ്ടൂർ ഭജനമഠം, ശിവക്ഷേത്രം, ഗന്ധർവക്ഷേത്രം, മരങ്ങാട്ടുപിള്ളി ചേറാടിക്കാവ്, പാർപ്പനാൽക്കൊട്ടാരം, നെല്ലിത്താനത്തുമല വെള്ളാക്കാവ്, മണ്ണയ്ക്കനാട് ഗണപതിക്ഷേത്രം, കാവിൽ ഭഗവതിക്ഷേത്രം, പാലക്കോട്ടമ്മ ദേവീക്ഷേത്രം, കുര്യനാട് ചെറുവള്ളിക്കാവ് എന്നിവയാണ് ക്ഷേത്രങ്ങൾ.

പഞ്ചായത്തിലെ പ്രധാന പള്ളി മരങ്ങാട്ടുപിള്ളി സെൻറ് ഫ്രാൻസീസ് അസ്സീസി ചർച്ചാണ്. നിത്യസഹായമാതാവിൻറെ നാമധേയത്തിലുള്ള പാലക്കാട്ടുമല പള്ളിയും മണ്ണയ്ക്കനാട്ടിലെ വിശുദ്ധ സെബസ്ത്യാനോസ് ദേവാലയവും കുറിച്ചിത്താനം സെൻറ് തോമസ് ചർച്ചും കുര്യനാട് സെൻറ് ആൻസ് ആശ്രമദേവാലയവും പഞ്ചായത്തിലെ ഇതര റോമൻസിറിയൻ കാത്തലിക്ക് ആരാധനാലയങ്ങളാണ്. കൂടാതെ ഇല്ലിക്കൽ, മണ്ണയ്ക്കനാട് എന്നീ രണ്ട് ലത്തീൻപള്ളികളും പഞ്ചാ

യത്തിലുണ്ട്. പ്രശസ്തിമോഹിക്കാതെ, അധികാരം ലക്ഷ്യമാക്കാതെ ഈ ദേവാലയങ്ങളോടുബന്ധപ്പെട്ടുള്ള കന്യാസ്ത്രീമഠങ്ങളിലെ സന്യാസിനിമാർ നഴ്സറി സ്കൂൾ, ബധിരവിദ്യാലയം, സ്ത്രീകൾക്കുള്ള തൊഴിൽ പരിശീലനം, ആതുരശുശ്രൂഷ മുതലായ കാര്യങ്ങളിലേർപ്പെട്ട് സമൂഹത്തിനു നിശ്ശബ്ദസേവനം നൽകുന്നു.

പള്ളികളും ക്ഷേത്രങ്ങളും കാലാകാലങ്ങളിൽ നടത്തിവരുന്ന ആചാരാഘോഷങ്ങൾ ജനങ്ങൾ സഹകരിച്ചു കൊണ്ടാടിവരുന്നു. ശംഖനാദങ്ങളും പള്ളിമണികളും കേട്ടുണർന്നിരുന്ന ഗ്രാമങ്ങളിന്ന് സ്റ്റീരിയോഫോണിക് ശബ്ദവീചികളുടെ കാതടപ്പിക്കുന്ന ശബ്ദഘോഷം കേട്ടാണുണരുന്നത്. ഇലക്ട്രോണിക് യുഗമാണെങ്കിലും ദേവാലയങ്ങളുടെ പരിപാവനത മലിനപ്പെടുത്തുന്നു. ആഡംബരത്തിന്റെ തള്ളിക്കയറ്റംകൊണ്ട് പല അനുഷ്ഠാനകലകളും ആയോധനകലകളും നമ്മൾ വിസ്മരിക്കുന്നു. പൂർവ്വികർ കാത്തു സൂക്ഷിച്ച ഐതിഹ്യവിശ്വാസ സങ്കല്പങ്ങളെ നാമിന്ന് കൈവിട്ടിരിക്കുന്നു. സംസ്ക്കാരവും കലയും നമുക്കിന്ന് ധനത്തിന്റെ പ്രതാപപ്രകടനം മാത്രമായിമാറിക്കൊണ്ടിരിക്കുന്നു. ഇവിടെ നാം ചിന്തിക്കേണ്ടിയിരിക്കുന്നു- നമുക്കു നമ്മുടെ നാടിന്റെ തനതു സംസ്ക്കാരം പോരേയെന്ന്. ○

മുൻകാല ഭരണസമിതികൾ

ഒന്നാം പഞ്ചായത്ത് കമ്മിറ്റി (15-8-1953 മുതൽ 31-12-63 വരെ)

ശ്രീ:	P.I. തോമസ്, പെട്ടയ്ക്കാട്ട്, മണ്ണയ്ക്കനാട്	പ്രസിഡൻറ് (15-8-53 മുതൽ 27-7-57 വരെ)
,,	M.M. ജോസഫ് BABL, മൂലാശ്ശേരിൽ, പാലക്കാട്ടുമല.	പ്രസിഡൻറ് (25-11-57 മുതൽ 31-12-63 വരെ)
,,	P.R. അച്ചുതൻ, ഇടപ്പാട്ടുപടവിൽ, ആണ്ടൂർ, മരങ്ങാട്ടുപിള്ളി.	വൈസ് പ്രസിഡൻറ് 15-8-53 മുതൽ 31-12-63 വരെ)
,,	K.T. പൈലി കീറ്റുപ്ലാക്കിയിൽ, വയലാ	മെമ്പർ
,,	P. കുമാരൻ നായർ, ഇരട്ടാനാൽ, ഇലയ്ക്കാട്.	,,
,,	ജോർജ്ജ് തോമസ്, കുട്ടന്തറപ്പേൽ, ആണ്ടൂർ, കടപ്ലാമറ്റം	,,
,,	N.J. മാണി, തൈക്കാട്ടുതറ, വയലാ	,,
ഫാദർ	ജോൺ കത്തനാർ, മരങ്ങാട്ടുമ്യാലിൽ, കുറിച്ചിത്താനം.	,,
ശ്രീ:	M.J.മാത്യു മറ്റത്തിൽ, കുര്യനാട്	,,
,,	K.N. നീലകണ്ഠൻ നമ്പൂതിരി, കാഞ്ഞിരക്കാട്ടില്ലം, മണ്ണയ്ക്കനാട്.	,,
,,	M.M. കുര്യൻ മറ്റത്തുമാനാൽ, മരങ്ങാട്ടുപിള്ളി.	,, (15-8-53 മുതൽ 13-9-56 വരെ)
,,	ഉലഹന്നൻ ഉലഹന്നൻ കുന്നത്തുതറപ്പിൽ, മരങ്ങാട്ടുപിള്ളി.	,, (15-1-57 മുതൽ 31-12-63 വരെ.) (അന്തരിച്ച ശ്രീ. M.M. കുര്യന്റെ ഒഴിവിൽ തെരഞ്ഞെടുക്കപ്പെട്ടു)

രണ്ടാം പഞ്ചായത്ത് കമ്മിറ്റി 1-1-1964 മുതൽ 20-8-79 വരെ)

ശ്രീ:	P.R. അച്ചുതൻ, ഇടപ്പാട്ടുപടവിൽ, ആണ്ടൂർ, മരങ്ങാട്ടുപിള്ളി	പ്രസിഡൻറ്. (1-1-64 മുതൽ 8-8-64 വരെ)
,,	ജോർജ്ജ് തോമസ് കുട്ടന്തറപ്പേൽ, ആണ്ടൂർ, കടപ്ലാമറ്റം	വൈസ് പസിഡൻറ് (1-1-64 മുതൽ 8-8-64 വരെ) പ്രസിഡൻറ് (8-8-64 മുതൽ 20-8-79 വരെ)
,,	K. നാരായണൻ നായർ, മുല്ലൂർഭവനം, വയലാ	വൈസ് പ്രസിഡൻറ് (4-12-64 മുതൽ 13-8-68 വരെ)
,,	M.S. രവീന്ദ്രൻനായർ, മണിമല, കുറിച്ചിത്താനം	വൈസ് പ്രസിഡൻറ് (14-8-68 മുതൽ 20-8-79 വരെ)
,,	M.M. സ്ക്കറിയാ, മറ്റത്തിൽ, കുര്യനാട്	മെമ്പർ
,,	P.J. ജോസഫ് പാലയ്ക്കതറപ്പേൽ, മണ്ണയ്ക്കനാട്	,,
,,	K. വർക്കി, കല്ലോലിൽ, മണ്ണയ്ക്കനാട്	,,

,,	C. ചെറിയാൻ, ഇളമ്പാശ്ശേരിൽ, വയലാ.	,,
,,	A.S. നാരായണൻനായർ, വശലയിൽ, ആണ്ടൂർ	,, (19-5-67 വരെ)
,,	P.O. സ്ക്കറിയാ, വട്ടംകുഴിയിൽ, കുര്യനാട്.	,,
ശ്രീമതി:	മറിയം ചാക്കോ, വള്ളിയേക്കാപ്പിൽ, കുര്യനാട്	,, (വനിത നോമിനേറ്റഡ്)
ശ്രീ:	ജോസഫ് കുര്യൻ കോരങ്കുഴയ്ക്കൽ, മരങ്ങാട്ടുപിള്ളി.	,, (26-10-64 മുതൽ) അന്തരിച്ച ശ്രീ: P.R. അച്ചുതന്റെ ഒഴിവിൽ തെരഞ്ഞെടുക്കപ്പെട്ടു.
,,	O.J. സ്ക്കറിയാ, ഒഴക്കാനാക്കുഴി, കുര്യനാട്	,, (21-7-65 മുതൽ) ശ്രീ: P.O. സ്ക്കറിയ രാജിവച്ച ഒഴിവിൽ തെരഞ്ഞെടുക്കപ്പെട്ടു.
,,	M.T. തോമസ്, മണിയമ്പ്രായിൽ, പാലക്കാട്ടുമല.	,, (19-5-67 മുതൽ) A.S. നാരായണൻ നായർ രാജിവച്ച ഒഴിവിൽ തെരഞ്ഞെടുക്കപ്പെട്ടു.
,,	കൃഷ്ണൻ നായർ പരമേശ്വരൻനായർ, കണ്ടത്തിൽ, വയലാ	,, (14-8-64 മുതൽ) ശ്രീ: K. നാരായണൻ നായർ അന്തരിച്ച ഒഴിവിൽ തെരഞ്ഞെടുക്കപ്പെട്ടു.

ഇലയ്ക്കാട് പഞ്ചായത്ത് (ഇപ്പോഴത്തെ മരങ്ങാട്ടുപിള്ളി പഞ്ചായത്ത്)

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി. 20-8-79 മുതൽ 27-3-80 വരെ.

ശ്രീ:	M.S.രവീന്ദ്രൻ നായർ, മണിമല, കുറിച്ചിത്താനം	പ്രസിഡൻറ്
,,	ജോസഫ് കുര്യൻ, കോരംകുഴയ്ക്കൽ, മരങ്ങാട്ടുപിള്ളി	വൈസ് പ്രസിഡൻറ്
,,	M.M. സ്ക്കറിയ, മറ്റത്തിൽ, കുര്യനാട്.	മെമ്പർ
,,	O.J. എബ്രാഹം, ഒഴക്കാനാകുഴി, മണ്ണയ്ക്കനാട്	മെമ്പർ
,,	P.J. ജോസഫ്, പാലയ്ക്കത്തറപ്പേൽ, മണ്ണയ്ക്കനാട്.	,,
,,	M.T. തോമസ്, മണിയമ്പ്രായിൽ, പാലയ്ക്കാട്ടുമല.	,,
,,	K. വർക്കി. കല്ലോലിൽ, മണ്ണയ്ക്കനാട്.	,,
,,	K.P. ജോർജ്, കോക്കപ്പുറത്ത്, മരങ്ങാട്ടുപിള്ളി.	,,
,,	എബ്രഹാം മാത്യു, തറപ്പിൽ, നെല്ലിത്താനത്തുമല, മരങ്ങാട്ടുപിള്ളി.	,,
,,	E.J. സെബാസ്റ്റ്യൻ, ഇട്ടിയേക്കാട്ട്, ആണ്ടൂർ.	,,
,,	P.V. ദേവസ്യ, പറപ്പിള്ളിൽ, കുറിച്ചിത്താനം.	,,
,,	ഗോപാലൻ ചോഴൻ, ഇലയ്ക്കാട്	,,
ശ്രീമതി:	മറിയം ചാക്കോ, വള്ളിയേക്കാപ്പിൽ, കുര്യനാട്	,,

(27-3-80 മുതൽ 29-9-80 വരെ Special Officer ഭരണം)

മൂന്നാം പഞ്ചായത്ത് കമ്മിറ്റി (തെരഞ്ഞെടുക്കപ്പെട്ടത്)
(29-9-1980 മുതൽ 1985 വരെ)

ശ്രീ:	എബ്രഹാം മാത്യു, തറപ്പിൽ, നെല്ലിത്താനത്തുമല, മരങ്ങാട്ടുപിള്ളി.	പ്രസിഡൻറ്
,,	K.N. നീലകണ്ഠൻ നമ്പൂതിരി, മധുരങ്കാട്ടിൽ ഇല്ലം, മണ്ണയ്ക്കനാട്.	വൈസ് പ്രസിഡൻറ്.
,,	E.J. ആഗസ്തി, ഇടത്തിനാൽ, കുര്യനാട്.	മെമ്പർ
,,	ജോസഫ് ജോസഫ്, മാന്നുള്ളിൽ മറ്റം, കുര്യനാട്.	,,
,,	P.M. ഈപ്പൻ, പുത്തൻപറമ്പിൽ, മണ്ണയ്ക്കനാട്.	,,
,,	P.J. തോമസ്, ആനിത്തോട്ടത്തിൽ, മരങ്ങാട്ടുപിള്ളി.	,,
,,	മാധവൻ ശങ്കരൻ, ഉണ്ണിക്കുളങ്ങര, പാലക്കാട്ടുമല.	,,
ശ്രീമതി:	A. ഇന്ദിരാഭായി തമ്പുരാട്ടി, പാണാട്ട് ഇല്ലം, കുറിച്ചിത്താനം.	,,

ശ്രീ. C.J. മാത്യു കരിപ്പാത്ത്, ആണ്ടൂർ, മരങ്ങാട്ടുപിള്ളി. (മെമ്പർ)

നാലാമത് പഞ്ചായത്ത് കമ്മിറ്റി
(1987 മുതൽ 1995 വരെ)

ശ്രീ:	M.S. രവീന്ദ്രൻനായർ, മണിമല, കുറിച്ചിത്താനം.	പ്രസിഡൻറ്
,,	അപ്പച്ചൻ വർക്കി, കിഴക്കേക്കര, പാലക്കാട്ടുമല.	വൈസ് പ്രസിഡൻറ്
,,	C.K. ജേക്കബ്, ചൊള്ളംമാക്കിയിൽ, കുര്യനാട്.	മെമ്പർ
,,	K.J. കുര്യാക്കോസ്, കൂഴാമ്പാലാ മണ്ണയ്ക്കനാട്.	,,
,,	കുര്യൻ സക്കറിയ, കല്ലോലിൽ, മണ്ണയ്ക്കനാട്.	,,
,,	P.V. ജോർജ്, കണിച്ചുകുളം, നെല്ലിത്താനത്തുമല, മരങ്ങാട്ടുപിള്ളി.	,,
,,	ജോസ് ജോൺ ഇട്ടിയേക്കാട്ട്, ആണ്ടൂർ, മരങ്ങാട്ടുപിള്ളി.	,,
ശ്രീമതി:	മേരിയമ്മ മാത്യു, മറ്റത്തിൽ കല്ലാനിയേൽ, കുര്യനാട്.	,,
,,	P.V. എൽസമ്മ, പുന്നിലത്തിൽ, മരങ്ങാട്ടുപിള്ളി.	,,

പഠനപര്യടനം – 1

ചുടലപ്പാറ

ആരംഭസ്ഥലം : ചുടലപ്പാറ, ആനശ്ശേരി ജംഗ്ഷൻ, തെക്കേക്കൂറ്റ്, വാഴ്ചപ്പാറ, നെടുംപാറ, ഓലിക്കാട്, കല്ലിങ്കത്തൊട്ടി, പാവയ്ക്കൽ, വാക്കാട് (കടുവാക്കുഴി) **(അവസാനത്തെ സ്ഥലം)**




ഭൂപ്രകൃതി	ചരിവ്	കുന്ന്	ചെറിയ കുന്ന്	സമതലം	കുന്ന്	സമതലം	ചെറിയ കുന്ന്	ചരിവ്	ചെറിയ കുന്ന്	സമതലം
മണ്ണ്	ചെമ്മണ്ണ്	ചെമ്മണ്ണ്	ചെമ്മണ്ണ്	ചെമ്മണ്ണ്	പാറ	ചെമ്മണ്ണ്	ചരൽ കലർന്ന ചെമ്മണ്ണ്	ചെമ്മണ്ണ്	ചെമ്മണ്ണ്	
സസ്യാ-വരണം	റബ്ബർ കൊക്കോ കവുങ്ങ്	നെല്ല് കൊക്കോ ജാതി കുരുമുളക് റബ്ബർ	റബ്ബർ ഇഞ്ചി ജാതി കരുമുളക്	റബ്ബർ നെല്ല്	കപ്പ റബ്ബർ	റബ്ബർ തെങ്ങ് വാഴ നെല്ല്	റബ്ബർ തെങ്ങ് കുരുമുളക് വാഴ	തേക്ക് മാഞ്ചിയം തെങ്ങ് ജാതി കവുങ്ങ് എണ്ണപ്പന	റബ്ബർ തെങ്ങ് വാഴ ഇഞ്ചി കാപ്പി	റബ്ബർ കപ്പ
ജല-സ്രോതസ്സ്	വാട്ടർ അതോറിറ്റി ടാങ്ക് പൊതു ടാപ്പ് – 2	കൈത്തോട്	അമ്പല ക്കുളം	കുളം ചെറിയ തോട്	പാറമട (നീരുറവ)	പൊതു കിണർ (GHD)	പൊതു കിണർ – 2 തോട്	തോട്	തോട്	വെള്ളം എത്തി ക്കണം
പരി സ്ഥിതി പ്രശ്നം	ഹരിജൻ കോളനി പാറഖനനം	മണ്ണൊലിപ്പ്	വയൽ നിരത്തി തെങ്ങ് കൃഷി. ഇട വിളയായി വാഴ, കപ്പ എന്നിവ കൃഷി ചെയ്യുന്നു.	വയൽ നിരത്തി വാഴ, കപ്പ എന്നിവ കൃഷി ചെയ്യുന്നു.	മെറ്റൽ ക്രഷർ കുടിവെള്ളം എത്തി ക്കണം.	പാറമട				മണ്ണൊലിപ്പ്

പഠന പര്യടനം – 2

പുന്നത്താനം

ആരംഭസ്ഥലം : പുന്നത്താനം, മൃഗാശുപത്രി, ചേറാടിക്കാവ്, ശാന്തിനഗർ, നെടുംപാറ, ശാസ്താംപാറ, കുറിച്ചിത്താനം, ചെത്തിമറ്റം **(അവസാനത്തെ സ്ഥലം)**

ചെത്തിമറ്റം



ഭൂപ്രകൃതി	ചരിവ്	സമതലം	കുന്ന്	ചെറിയകുന്ന്	കുന്ന്		കുന്ന്	സമതലം
മണ്ണ്	ചെമ്മണ്ണ്	ചെമ്മണ്ണ്	ചെമ്മണ്ണ്	തെങ്കര്‍ കലർന്ന മണ്ണ്	പാറ	ചെമ്മണ്ണ്	പാറ	ചെമ്മണ്ണ്
സസ്യാവരണം	റബർ, ജാതി കൊക്കോ	നെല്ല്, റബർ, തെങ്ങ്, വാഴ, പച്ചക്കറി	റബർ, തെങ്ങ്	റബർ, തെങ്ങ്, കപ്പ	റബർ, കപ്പ, തെങ്ങ്	നെല്ല്, തെങ്ങ്, വാഴ	റബർ, കപ്പ, തെങ്ങ്	നെല്ല്, റബർ, വാഴ, കപ്പ
ജലസ്രോതസ്	കുളം 3 ചെറിയ തോട്	പൊതു കിണർ- 1 ചെറിയ തോട്- 1	പൊതു കിണർ- 1	ചെറിയതോട്	പാറമട വറ്റാത്ത വെള്ളം	പൊതു കിണർ- 1 വറ്റാത്ത കുളം - 1	പൊതുകുളം വറ്റാത്ത പാറമട	കുളം തോട്
പരിസ്ഥിതി പ്രശ്നം			മണ്ണൊലിപ്പ്	പാറമട	പാറമട	വയൽനികത്തി തെങ്ങ് കമുക് ഇടവിള വാഴ	പാറമട	

കൃഷി/ജലസേചനം

പുത്തൻ കാർഷിക സംസ്ക്കാരം വേണം

പ്രകൃതിയുടെ അനുഗ്രഹമാണ് കാർഷികോൽപന്നങ്ങൾ. കർഷകൻ മണ്ണിന്റെ വൽസല പുത്രനും. പ്രകൃതിയെ അറിഞ്ഞും ആദരിച്ചും മണ്ണിൽ കൃഷിയിറക്കുന്ന കാർഷിക സംസ്ക്കാരം നമുക്കുണ്ടായിരുന്നു. അതു പൊയ്പ്പോയി. രാസവളങ്ങളും കീടനാശിനികളും വാരിവിതറിയും നെൽപ്പാടം നികത്തി റബർ വച്ചും ലാഭം കൊയ്യാനുള്ള മൽസരമാണിന്ന് കൃഷി. കർഷകന് സമൂഹത്തിൽ നാലാംകിടക്കാരന്റെ സ്ഥാനവും. പ്രകൃതിയോടുള്ള അവഗണന വിളരോഗങ്ങളായും കാർഷികമേഖലയിലെ തകർച്ചയായും തിരിച്ചടിക്കുന്നു. അതു മനസ്സിലാക്കുന്ന ഒരു കാർഷികസംസ്ക്കാരമാണിന്നാവശ്യം. ഒപ്പം കർഷകന് അംഗീകാരവും സാമ്പത്തിക-സാങ്കേതിക സഹായവും വേണം.

പൂർണമായും കൃഷിയെ ആശ്രയിക്കുന്ന ചെറുകിട കൃഷിക്കാരുടെ നാടാണീ പഞ്ചായത്ത്. കുന്നും സമതലവും പാടശേഖരവുമായി കിടക്കുന്ന ഏകദേശം 8000 ഏക്കർ. ചെമ്മണ്ണും കളിമണ്ണും കൂടുതലായുള്ള പ്രദേശം.

രാസവളവും കീടനാശിനിയും ഉപയോഗിക്കാത്ത ഒരു കാലമുണ്ടായിരുന്നു. ചാണകം, ചാരം, ചവർ ഇവയായിരുന്നു പ്രധാന വളങ്ങൾ. കീടനാശിനി എന്ന നിലയിൽ രാവിലെ മഞ്ഞോടുകൂടി ചാരം തൂവിയിരുന്നു. പ്രകൃതിയുടെ തന്നെ കീടനിരോധന ഉപാധികൾ ചേര, തവള തുടങ്ങിയ ജീവികൾ നടത്തിയിരുന്നു. ചിലന്തികൾ കെട്ടിയിരുന്ന വലകൾ ഒരളവുവരെ കീടങ്ങളെ നിയന്ത്രിക്കുകയും ചെയ്തിരുന്നു. കീടങ്ങളെ കുട്ടയും മുറവും ഉപയോഗിച്ച് വീശി നശിപ്പിച്ചിരുന്നു. കൃഷി നശിപ്പിക്കുന്ന എലിയെ പിടിക്കുന്നതിനു പ്രത്യേക ആളുകൾ തന്നെ ഉണ്ടായിരുന്നു.

ധാന്യവിളകളായിരുന്നു പ്രധാനം. നെല്ല്, കപ്പ, വാഴ, ചേന, ഉഴുന്ന്, ചെറുപയർ, കൂർക്ക, ചീനിക്കിഴങ്ങ്, കാച്ചിൽ, ചെറുകിഴങ്ങ്, കൊച്ചുചേമ്പ്, വെട്ടുചേമ്പ്, എള്ള് ഇവ വ്യാപകമായി കൃഷി ചെയ്തിരുന്നു. തെങ്ങ്, കമുക്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കച്ചോലം, കശുമാവ് തുടങ്ങിയ നാണ്യവിളക്കൃഷിയും നടത്തിയിരുന്നു. നാമമാത്രമായി കരിമ്പുകൃഷിയും നടത്തിവന്നു.

നെല്ല് പാടത്തും പറമ്പിലും കൃഷിചെയ്തിരുന്നു. കാട് വെട്ടിത്തെളിച്ചായിരുന്നു പറമ്പിൽ കൃഷി. മുണ്ടകൻ, വെള്ളാരൻ, വെള്ളമുണ്ട, ഓണമുട്ടൻ, കറുത്താര്യൻ, മല്ലിക്കുറുക തുടങ്ങിയവയായിരുന്നു പ്രധാന വിത്തിനങ്ങൾ.

കൊണ്ടാടൻ, പുല്ലാന്തി, എരിപ്പൻ, വരിക്കത്തണ്ട്, ചോലക്കപ്പ, ഏത്തക്കപ്പ തുടങ്ങിയ കപ്പ ഇനങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു.

മ്യാൽ കണ്ടങ്ങളിൽ 'തേക്കുകുട്ട' ഇണക്കി വെള്ളം എത്തിച്ചിരുന്നു. കലപ്പയും കാളയും ഉപയോഗിച്ച് നിലം ഒരുക്കിയിരുന്നു. കുംഭമാസത്തിലെ കപ്പക്കൃഷിയായിരുന്നു പ്രധാനം. എല്ലാ ഭൂമിയിലും ആഢ്യശ്യത്തിലധികം മരങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് അവയുടെ ചോലയും കന്നുകാലി ശല്യവും കാരണം വിളവ് വളരെ കുറവായിരുന്നു. രണ്ടേക്കർ കപ്പ നട്ടാലും രണ്ടാഴ്ചത്തെ വീട്ടാവശ്യത്തിനു തികയാത്ത അവസ്ഥ. പഞ്ഞ മാസങ്ങളിൽ പനയിടിച്ച് കഞ്ഞി ഉണ്ടാക്കിയാണ് ആഹാരം.

കർഷകസംഘടനകൾ ഉണ്ടായിരുന്നില്ല. എല്ലാവരും അവനവനാവശ്യമുള്ളവ ഉല്പാദിപ്പിക്കും.

പ്രായം ചെന്നവരും അനുഭവജ്ഞാനമുള്ളവരുമായ കർഷകരിൽ നിന്നു ലഭിച്ച അഭിപ്രായങ്ങളിൽ നിന്ന് കൃഷി ഒരു ഉപജീവനമാർഗ്ഗം എന്ന നിലയിൽ ലാഭകരമായിരുന്നില്ല. ഉല്പാദനക്ഷമത കുറവായിരുന്നു. കർഷകസംഘടനകളുടെയും സർക്കാർ ഏജൻസികളുടെയും അഭാവംമൂലം കൂട്ടായ കൃഷിരീതികൾക്കോ കൃഷിയിലെ ന്യൂനതകൾ പരസ്പരം ചർച്ച ചെയ്തു പരിഹരിക്കുന്നതിനോ കഴിഞ്ഞിരുന്നില്ല. സമയത്ത് കൃഷിയിറക്കുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട് നല്ലൊരു വിഭാഗം കർഷകരേയും ബാധിച്ചിരുന്നു.

മിക്ക കൃഷിക്കാരും കടക്കാരായിരുന്നു.

അന്നത്തെ കൃഷിയുടെ പ്രധാന നേട്ടം മണ്ണിന്റെ ജൈവാവസ്ഥയും പ്രകൃതിയുടെ സന്തുലിതാവസ്ഥയും നിലനിർത്തിയിരുന്നു എന്നതാണ്. മലിനമാക്കപ്പെടാത്ത ജലവും ആഹാര സാധനങ്ങളും ലഭിച്ചിരുന്നു. വേണ്ടത്ര മത്സ്യസമ്പത്തും വനസമ്പത്തും അക്കാലത്തുണ്ടായിരുന്നു.

ഇന്നത്തെ വിള

ഹരിത വിപ്ലവം ഈ പഞ്ചായത്തിലെ കാർഷികരംഗത്താകെ മാറ്റം ഉണ്ടാക്കി. ലാഭകരമല്ലാത്ത കൃഷിയും കൃഷിരീതികളും ഉപേക്ഷിച്ച് ലഭ്യമായ ഭൂമിയിൽ എങ്ങനെ ലാഭകരമായി കൃഷി ചെയ്യാം എന്ന് കർഷകൻ ആലോചിച്ചു തുടങ്ങി. റബ്ബർ ബോർഡിന്റെ വ്യാപകമായ പ്രചാരണവും കൃഷിവികസന പദ്ധതികളും മറ്റു കൃഷികളെ അപേക്ഷിച്ച് ഒരു ദീർഘകാല നാണ്യവിള എന്ന നിലയിലും മെച്ചപ്പെട്ട ആദായം ലഭിക്കുന്നു എന്നതിനാലും ഈ പഞ്ചായത്തിൽ റബ്ബർക്കൃഷി വ്യാപകമായി ചെയ്തുവരുന്നു.

(പട്ടിക- 1 കാണുക)

ഉല്പാദനക്ഷമത


രാസവളങ്ങൾ, കീടനാശിനികൾ, യന്ത്രവത്ക്കരണം, ഉല്പാദനശേഷി കൂടിയ വിത്തിനങ്ങൾ, കാർഷിക വിജ്ഞാന വ്യാപനം തുടങ്ങിയവയുടെ സഹായത്താൽ ഓരോ വിളയിലും ഉല്പാദനക്ഷമത ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. മുൻപ് രണ്ടേക്കറിൽ നിന്നു കിട്ടുന്ന ഉല്പാദനം അര ഏക്കറിൽ നിന്നും ലഭിക്കുന്നു എന്ന നിലവന്നു. പുതിയ നെൽവിത്തിനങ്ങൾ കടന്നുവന്നു. മൂപ്പുകൂടിയ വിത്തിനങ്ങൾക്കുപകരം ഹ്രസ്വകാല മൂപ്പുള്ള ത്രിവേണി, ജ്യോതി, കൈരളി, കാഞ്ചന, പവിഴം തുടങ്ങിയ വിത്തിനങ്ങൾ ഇന്നു പ്രചാരത്തിൽ ഇരിക്കുന്നു. ഉല്പാദനശേഷി കൂടിയതും മഴക്കാലത്ത് ഇലപൊഴിച്ചിൽ കുറവുള്ളതുമായ RRI 105 ഇനത്തിൽപ്പെട്ട റബ്ബർ ഇനം വ്യാപകമായി കൃഷി ചെയ്തുവരുന്നു.

കാർഷികബന്ധങ്ങൾ

നമ്മുടെ പഞ്ചായത്തിലെ കുറിച്ചിത്താനം, ഇലയ്ക്കാട്, മോനിപ്പിള്ളി വില്ലേജുകളിലായി 7937.75

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് വിളവിസ്തീർണ്ണവും ഉല്പാദനവും
(റഫ. അടിസ്ഥാന വിവരം)
രജിസ്റ്റർ

വിള	വിസ്തീർണ്ണം (ഹെക്ടറിൽ)	മൊത്തം ഉല്പാദനം	ഉല്പാദന ക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാംവിള)	110 ഹെക്ടർ	214500 കി.ഗ്രാം	1950 കി.ഗ്രം
നെല്ല് (രണ്ടാംവിള)	100 ഹെക്ടർ	195000 കി.ഗ്രാം	1950 കി.ഗ്രാം
നെല്ല് (മൂന്നാംവിള)	-	-	ഇല്ല
പയർ	20 ഹെക്ടർ	30,000 കി.ഗ്രാം	1500 കി.ഗ്രാം
എള്ള്	3 ഹെക്ടർ	1200 കി.ഗ്രാം	400 കി.ഗ്രാം
പച്ചക്കറികൾ	20 ഹെക്ടർ	30,000 കി.ഗ്രാം	1500 കി.ഗ്രാം
തെങ്ങ്	300 ഹെക്ടർ	1200000 കി.ഗ്രാം	4000 നട്ട്സ്
വാഴ	25 ഹെക്ടർ	275000 കി.ഗ്രാം	11000 കി.ഗ്രാം
മരച്ചീനി	50 ഹെക്ടർ	1,50,0000 കി.ഗ്രാം	30000 ടൺ
കുരുമുളക്	80 ഹെക്ടർ	64000 കി.ഗ്രാം	800 കി.ഗ്രാം
പ്ലാവ്	1 ഹെക്ടർ	-	-
കശുമാവ്	1 ഹെക്ടർ	-	-
മാവ്	1 ഹെക്ടർ	-	-
റബ്ബർ	1495 ഹെക്ടർ	328900 കി.ഗ്രാം	2200 കി.ഗ്രാം
കമുക്	5 ഹെക്ടർ	-	-
ഇഞ്ചി	30 ഹെക്ടർ	72,000 കി.ഗ്രാം	2400 കി.ഗ്രാം
മഞ്ഞൾ	20 ഹെക്ടർ	30,000 കി.ഗ്രാം	1500 കി.ഗ്രാം
കൊക്കോ	10 ഹെക്ടർ	-	-
സുഗന്ധവ്യഞ്ജനങ്ങൾ	2 ഹെക്ടർ	-	-
പൈനാപ്പിൾ	4 ഹെക്ടർ	8000 കി.ഗ്രാം	2000 കി.ഗ്രാം



ഏക്കർ സ്ഥലത്തിന്റെ വിതരണക്രമത്തിന്റെ ചാർട്ട് താഴെ ചേർക്കുന്നു.

ചാർട്ടിൽ നിന്ന് തരിശു ഭൂമിയില്ലാത്തതും വൻകിട ഭൂവുടമകൾ ഇല്ലാത്തതുമായ പഞ്ചായത്താണ് ഇത് എന്നു കാണാം. ഭൂവിസ്തൃതി കുറഞ്ഞ കൃഷിക്കാരെ സംബന്ധിച്ച് അവരുടെ ജീവിതനിലവാരം ഉയരണമെങ്കിൽ മറ്റെന്തെങ്കിലും ഉപതൊഴിലും കൂടി ചെയ്താൽ മാത്രമേ സാധിക്കുകയുള്ളൂ.

(പട്ടിക- 2 കാണുക)

കൂലി സേവന വ്യവസ്ഥകൾ

നമ്മുടെ പഞ്ചായത്തിൽ മുതലാളി തൊഴിലാളി അതിർവരമ്പുകളില്ല. ഏതാണ്ട് എല്ലാവരും തന്നെ സ്വന്തം ഭൂമിയിൽ കൃഷി ചെയ്യുന്നവരാണ്. മറ്റുള്ളവരാകട്ടെ റബ്ബർ വെട്ട്, കരിങ്കൽ പണി, തടിവെട്ട് തുടങ്ങിയ വിവിധ മേഖലകളിൽ പണിയെടുക്കുന്നു. റബ്ബർ വെട്ട്, നെൽപ്പാടങ്ങളിലെ പണി ഇവയ്ക്ക് ആളെ കിട്ടാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. പൊതുവെ

അനുബന്ധം – 2

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്
ഭൂമി സംബന്ധിച്ച വിവരങ്ങൾ (REF. A. Reg. BT. Reg.)

വില്ലേജിന്റെ പേര്	ഭൂമിയുടെ വിസ്തീർണം ഏക്കറിൽ					ഉടമസ്ഥരുടെ എണ്ണം						
	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ	1-10 സെന്റ്	10-25 സെന്റ്	25-50 സെന്റ്	50-100 സെന്റ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കർ
1	2	3	4	5	6	7	8	9	10	11	12	13
കുറിച്ചിത്താനം	3433.76	234.55	116.03	-	3784.34	717	405	1204	939	807	622	76
ഇലയ്ക്കാട്	2099.50	192.66	72.46	-	2274.62	357	300	209	742	610	412	82
മോനിപ്പള്ളി	1706.77	99.29	72.73	-	1878.79	256	320	296	331	288	187	24
ആകെ	7240.03	526.50	261.22	-	7937.75	1330	1025	1709	2012	1705	1221	182

ഈ പഞ്ചായത്തിലെ പണിക്കൂലി താഴെ:-

ട്രാക്ടർ	1 മണിക്കൂർ - 160 രൂ	
ട്രില്ലർ	1 മണിക്കൂർ - 110 രൂപ	
കിള	പുരുഷൻ	സ്ത്രീ
	100/-	70/-
ഞാറ് നടീൽ		80/-
കളപറിക്കൽ		50
കൊയ്ത്ത്	$\frac{1}{7}$ അളവുകൂലി	
തെങ്ങുകയറ്റം	2 1/2 രൂപ	
റബ്ബർവെട്ട്	100 റബ്ബറിന് 22/- രൂപ	

രോഗങ്ങൾ

രോഗങ്ങൾ എല്ലാ കൃഷിയെയും ബാധിക്കുന്നുണ്ട്. തെങ്ങിനും നെല്ലിനും കുരുമുളകിനും സാരമായി രോഗബാധയുണ്ട്. വിവിധ വിളകളെ ബാധിക്കുന്ന രോഗങ്ങൾ:-

നെല്ല്	തണ്ടുതുരപ്പൻ, ഗൗളീച്ച, മുഞ്ഞ, ബ്ലാസ്റ്റ്, ബ്ലൈറ്റ്, ഷീത്ത് ബ്ലൈറ്റ്, ഷീത്ത് റോട്ട്
തെങ്ങ്	കൊമ്പൻചെല്ലി, ചെമ്പൻ ചെല്ലി, പിലിമുട്ട, കൂമ്പുചീയൽ, ഓല മഞ്ഞളിപ്പ്, ചെന്നീരൊലിപ്പ്
ഇഞ്ചി	മൂടുചീയൽ, തണ്ടുതുരപ്പൻ.
റബ്ബർ	ഇലപൊഴിച്ചിൽ, പട്ടമരപ്പ്, പിങ്കുരോഗം, പൊടിക്കുമിൾ. റബ്ബറിനു കീടരോഗങ്ങൾ കുറവാണ്.
കുരുമുളക്	ദ്രുതവാട്ടം, പൊള്ള്, നിമാവിരകൾ. ദ്രുതവാട്ടത്തിന് ഇതുവരെയും ഫലപ്രദമായ പ്രതിരോധ നടപടികൾ കണ്ടെത്തിയിട്ടില്ല. രോഗം കണ്ടുതുടങ്ങിയാൽ മുഴുവൻ നശിച്ചുപോവുകയാണ് ചെയ്യുന്നത്.
വാഴ	വണ്ട്, കുറുനാമ്പ്, നിമാവിരകൾ.
പച്ചക്കറികൾ	ഫിലോഡി, ആന്ത്രാനോഡ്, കരിവള്ളി.

വളം ഉപയോഗം

കീടനാശിനിയുടെയും രാസവളത്തിന്റെയും അമിതമായ ഉപയോഗം മണ്ണിന്റെ ജൈവാവസ്ഥയും സന്തുലിതാവസ്ഥയും തകർക്കുന്നു. കാർഷികരംഗത്തുണ്ടായ വിപ്ലവകരമായ മാറ്റത്തിന്റെ ഫലമായി വളരെയേറെ മുന്നേറ്റം കാർഷികരംഗത്തുണ്ടായെങ്കിലും മനുഷ്യനും മണ്ണിനും ജലത്തിനും മറ്റു ജീവികൾക്കും അതു ദോഷം ചെയ്തു. രാസവളത്തിന്റെയും കീടനാശിനിയുടെയും ഉപയോഗം താഴെ നൽകുന്ന ചാർട്ടിൽ നിന്നും മനസ്സിലാക്കാം.
(പട്ടിക- 3 കാണുക.)

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്

കീടനാശിനി വിപണനം

	1993 - 94			1994 - 95			1995 - 96		
	കീടനാശിനി			കീടനാശിനി			കീടനാശിനി		
സ്ഥാപനത്തിന്റെ പേര്	രാസവളം കി.ഗ്രാം	ദ്രവം ലിറ്റർ	ഖരം കി.ഗ്രാം	രാസവളം കി.ഗ്രാം	ദ്രവം ലിറ്റർ	ഖരം കി.ഗ്രാം	രാസവളം കി.ഗ്രാം	ദ്രവം ലിറ്റർ	ഖരം കി.ഗ്രാം
1	2	3	4	5	6	7	8	9	10
സഹകരണമേഖലയിലും സ്വകാര്യമേഖലയിലും മൊത്ത വിപണനം	807996	5984	4401	826605	7229	3575	727854	7150	3514

വായ്പാസൗകര്യങ്ങൾ

മീനച്ചിൽ കാർഷികവികസന ബാങ്ക്, മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ മരങ്ങാട്ടുപിള്ളി ബ്രാഞ്ച്, ലോർഡ് കൃഷ്ണാബാങ്കിന്റെകുറിച്ചിത്താനം ബ്രാഞ്ച് തുടങ്ങിയവയിൽക്കൂടി കർഷകർക്കാവശ്യമായ കാർഷിക വായ്പകൾ നൽകിവരുന്നു.

മരങ്ങാട്ടുപിള്ളി പഞ്ചായത്തിൽ ശാസ്ത്രീയ കൃഷിരീതി പ്രചരിപ്പിക്കുന്നതിനും യന്ത്രവൽക്കരണ നടപടികൾ തുടങ്ങിവയ്ക്കുന്നതിനും വായ്പാസൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിനും എപ്പോഴും മുൻപന്തിയിൽ നില്ക്കുന്നത് മരങ്ങാട്ടുപിള്ളി സർവീസ് സഹകരണബാങ്കാണ്.

റബ്ബർബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ പ്രകാരമുള്ള വായ്പകളും സബ്സിഡികളും പഞ്ചായത്തിൽ ലഭ്യമാണ്. നമ്മുടെ പഞ്ചായത്തിൽ മരങ്ങാട്ടുപിള്ളിയിൽ റബ്ബർ ബോർഡിന്റെ ഒരു ഫീൽഡ് ആഫീസും പ്രവർത്തിക്കുന്നു.

(പട്ടിക- 4 കാണുക.)

1994 മുതൽ '96 വരെ പ്രധാനപ്പെട്ട ഉല്പന്നങ്ങളുടെ വിലനിലവാരം ചുവടെ ചേർക്കുന്നു

വില രൂപയിൽ ഉല്പന്നം കി.ഗ്രാം.	വർഷം		
	11994	1995	1996
നെല്ല്	4.50 - 4.75	4.00 - 5.50	4.00 - 5.00
പച്ചക്കപ്പ	2.50 - 3.00	3.00 - 3.50	3.75 - 400
ഏത്തക്ക	10.00 - 12.00	7.00 - 12.00	12.00 - 14.00
റബ്ബർ	27.00 - 40.00	38.00 - 68.00	40.00 - 57.00
കുരുമുളക്	45.00 - 86.00	65.00 - 81.00	60.00 - 83.00
കൊക്കോ	10.00 - 20.00	12.00 - 18.00	16.00 - 19.00
ചുക്ക്	38.00 - 53.00	42.00 - 90.00	40.00 - 45.00
നാളികേരം ഇടത്തരം (തൊണ്ടോടുകൂടിയത്) 1 എണ്ണത്തിന്	4.00 - 4.25	3.75 - 4.00	4.25 - 7.50

ഉല്പന്നവില, വിപണനം

കാർഷികോല്പന്നങ്ങൾ പ്രധാനമായും കുറുപ്പന്തറ, തലയോലപ്പറമ്പ്, ഉഴവൂർ ചന്തകളിലാണു വിറ്റഴിക്കുക. മരങ്ങാട്ടുപിള്ളിയിലുള്ള പഞ്ചായത്തുവക ചന്ത പ്രവർത്തനരഹിതമാണ്. മികച്ച പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന ഈ ചന്ത, പഞ്ചായത്തു കമ്മിറ്റി, പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള ഹോർട്ടികൾച്ചറൽ ഡവലപ്മെന്റ് പ്രോഗ്രാം (K.H.D.P) ഒരു പഴം പച്ചക്കറി വിപണനകേന്ദ്രം മണ്ണയ്ക്കനാട്ട് തുറന്നു പ്രവർത്തനം നടത്തുന്നു. കർഷകരുടെ സംരംഭമായ K.H.D.P. കാർഷികോല്പന്നങ്ങളുടെ സംഭരണവും വിതരണവും നടത്തുന്നു. കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നു. ഉപഭോക്താവിന് ന്യായവിലയ്ക്കും പഴകാത്തതുമായ സാധനങ്ങൾ ലഭിക്കുന്നു.

കാർഷികോല്പന്നങ്ങളിൽ റബ്ബറിനു മാത്രമാണ് കഴിഞ്ഞ രണ്ടുവർഷമായി ന്യായവില ലഭിക്കുന്നത്. നെല്ലിനും തേങ്ങയ്ക്കും ഇഞ്ചിക്കും ഉല്പാദനച്ചെലവിന് ആനുപാതികമായ വില ലഭിക്കുന്നില്ല. കൃഷിക്കാരന് അവന്റെ ഉല്പന്നത്തിന് വിലനിർണ്ണയിക്കുന്നതിൽ യാതൊരുവിധ പങ്കുമില്ലായെന്നതാണ് ദുഃഖസത്യം.

കാർഷിക വികസന പദ്ധതികൾ

കാർഷിക വികസന പ്രവർത്തനങ്ങൾക്കായി സംസ്ഥാന കൃഷിവകുപ്പിനു കീഴിൽ വളകുഴിയിൽ പ്രവർത്തിക്കുന്ന കൃഷിഭവൻ നേതൃത്വം നൽകുന്നു. നെൽ കൃഷി വികസനത്തിനായി പഞ്ചായത്തിലാകെ അഞ്ചു പാടശേഖരസമിതികൾ നിലവിലുണ്ട്.

1. കുര്യനാട് നെല്ലുല്പാദക സമിതി - കുര്യനാട്
2. കുറിച്ചിത്താനം നെല്ലുല്പാദക സമിതി - കുറിച്ചിത്താനം
3. കുറിച്ചിത്താനം കുന്നങ്കി പാടശേഖരസമിതി. മണ്ണയ്ക്കനാട്.
4. മരങ്ങാട്ടുപിള്ളി പാടശേഖര നെല്ലുല്പാദകസമിതി. മരങ്ങാട്ടുപിള്ളി.
5. ആണ്ടൂർ- നെല്ലിത്താനത്തുമല നെല്ലുല്പാദക സമിതി. ആണ്ടൂർ.

ഇവയ്ക്കു പുറമേ പഞ്ചായത്തുതലത്തിൽ ഒരു കുരുമുളക് സംരക്ഷണസമിതിയും കേരവികസന സമിതിയും പ്രവർത്തിക്കുന്നുണ്ട്. കൃഷിഭവന്റെ നേതൃത്വത്തിൽ എല്ലാവർഷവും മികച്ച കർഷകരെ ആദരിക്കുന്നുണ്ട്.

നടപ്പു പദ്ധതികളുടെ അവലോകനം

പഞ്ചായത്തിൽ ആകെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ കാർഷികവികസന പദ്ധതികൾ കൃഷിഭവനിൽ നിന്നുമുള്ള താഴെ കാണുന്ന ചാർട്ടിൽ നിന്നും മനസ്സിലാക്കാം.

1996-97 വർഷത്തിൽ മരങ്ങാട്ടുപിള്ളി കൃഷിഭവൻവഴി നടപ്പിലാക്കുന്ന പദ്ധതികൾ

I. സമഗ്ര നാളികേര വികസനപദ്ധതി

1. കിണർ 25 Nos.	33 1/3 Subsidy Ltd to Rs. 2500/-
2. പമ്പു സെറ്റ് 30 Nos.	,, ,, ,,
3. റോക്കർ സ്പ്രേയർ 4 Nos.	50% Subsidy Ltd to Rs. 1000/-
4. രാസവളവിതരണം	Subsidy തെങ്ങൊന്നിന് 8 രൂപ.

5 palm kit	200 Nos.
10 തെങ്ങ് കിറ്റ്	300 Nos.
20 തെങ്ങ് കിറ്റ്	75 Nos.

II. സമഗ്ര സുഗന്ധവിള കൃഷിവികസന പദ്ധതി

കുരുമുളക് പുനരുദ്ധാരണ പദ്ധതി	5 ഹെ.
കുരുമുളക് ഏരിയ എക്സ്പാൻഷൻ	3 ,,
ഇഞ്ചിക്കൃഷി മാതൃക്തോട്ടം	2 ,,
മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ	1 ,,
ഇഞ്ചിക്കൃഷി വികസന പദ്ധതി	1 ,,

III. ഹരിജനങ്ങൾക്കുള്ള പ്രത്യേക ഘടകപദ്ധതി.

രാസവളം - വളം വിതരണം	115 tons
കൃഷിസ്ഥലവും വീടും വാങ്ങുന്നതിനു സബ്സിഡി	1 unit

IV. പയറുവർഗ്ഗ കൃഷിവികസന പദ്ധതി.

1. മിനികിറ്റ്	10 Nos.

മരങ്ങാട്ടുപിള്ളി കൃഷിഭവൻ നിർദ്ദേശിക്കുന്ന പദ്ധതികൾ

I. നെല്ല്

1. അത്യുല്പാദന ശേഷിയുള്ള നെല്ലുവിത്തിന്റെ കൃഷി വ്യാപകമാക്കുക. മേൽത്തരം നെല്ലുവിത്തുകൾ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ ഉല്പാദിപ്പിച്ച് കൃഷിക്കാർക്ക് സമയത്തുതന്നെ വിതരണം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക. നെല്ലുവിത്ത് ഉല്പാദന സംഭരണ വിതരണ പദ്ധതിക്കായി സഹായധനം അനുവദിക്കുക.
2. ഗ്രൂപ്പ് ഫാമിങ്ങിന്റെ അടിസ്ഥാനതത്വം ഉൾക്കൊണ്ട് ഒരേ വിത്ത് ഒരേസമയത്ത് ഒരു പാടശേഖരത്തിൽ കൃഷിചെയ്യുകയും കൃഷിമുറകൾ ഒരേരീതിയിൽ അനുവർത്തിക്കുകയും ചെയ്യുക. കൃഷിമുറകളിൽ യന്ത്രവത്ക്കരണം നടപ്പാക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം, കൊയ്ത്തുയന്ത്രം എന്നിവ വാങ്ങി വാടകയ്ക്ക് പാടശേഖരങ്ങളിലെ കൃഷിക്കാർക്ക് ലഭ്യമാക്കുക. കൂടാതെ പാടശേഖരങ്ങൾക്കും കൃഷിക്കാർക്കും മേൽവിവരിച്ച യന്ത്രങ്ങൾ വാങ്ങുന്നതിനാവശ്യമായ ധനസഹായം അനുവദിക്കുക.
3. നെൽപ്പാടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ജലസേചന സൗകര്യം ഏർപ്പെടുത്തുക, നിലവിലുള്ള ചാലുകൾ ആവശ്യമുള്ളിടത്ത് ആഴംകൂട്ടുക, പാടശേഖരങ്ങളുടെ പുറംഭിത്തി ശക്തിപ്പെടുത്തുക, ആവശ്യമുള്ള സ്ഥലങ്ങളിൽ ക്രോസ് ബാറുകൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുക, പാടശേഖരങ്ങളിൽ നിലവിലുള്ള തലക്കുളങ്ങൾ പുനരുദ്ധരിച്ച് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
4. സംയോജിത കീടനിയന്ത്രണം നടത്തുക. ഓരോ പാടശേഖരങ്ങളിലും കുറഞ്ഞത് അഞ്ചുപേരെയെങ്കിലും ഉൾപ്പെടുത്തി PP സ്കാഡ് രൂപീകരിച്ച്, അവർക്ക് പരിശീലനം നൽകി, രോഗകീടനിയന്ത്രണ മാർഗ്ഗങ്ങൾ സമയത്തു നടത്തുക.
5. മുണ്ടകൻകൊയ്ത്തുകഴിഞ്ഞ പാടശേഖരങ്ങളിൽ പയർ, എള്ള് മുതലായവ കൃഷി ചെയ്യുക.
6. നെൽപ്പാടങ്ങൾ യാതൊരു കാരണവശാലും നികത്തരുത്.

II. തെങ്ങ്

1. രോഗംബാധിച്ച തെങ്ങ് വെട്ടിമാറ്റി പുതിയ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ധനസഹായം അനുവദിക്കുക.
2. തെങ്ങിൻപുരയിടത്തിൽ ജലസേചനസൗകര്യം വർദ്ധിപ്പിക്കുന്നതിന് കിണർ, കുളം, പമ്പുസെറ്റ് എന്നിവ സ്ഥാപിക്കുന്നതിന് സബ്സിഡി അനുവദിക്കുക. ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി അനുസരിച്ച് ജലസേചനം നടത്തുക.
3. കൂടുതൽ ആദായം ലഭിക്കുന്നതിനും ഭൂമി ഫലവത്തായി ഉപയോഗപ്പെടുത്തുന്നതിനും തെങ്ങിൽ അധിഷ്ഠിതമായ ബഹുവിള കൃഷി സമ്പ്രദായം നടപ്പാക്കുക. അനുയോജ്യമായ ഇടവിളകളായ ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ജാതി, ഗ്രാമ്പു, വാഴ, കൈതച്ചക്ക എന്നിവ കൃഷിചെയ്യുക.
4. എലി നശീകരണ കാംപെയ്ൻ സംഘടിപ്പിക്കുക.
5. സബ്സിഡി നിരക്കിൽ തെങ്ങുകൃഷിക്ക് വളം അനുവദിക്കുക. സസ്യസംരക്ഷണ ഉപകരണങ്ങൾ, തെങ്ങുകയറ്റ യന്ത്രം എന്നിവ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുക.
6. തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിനും മരുന്നു തളിക്കുന്നതിനും ഓരോ വാർഡിലും അഞ്ചു കർഷകത്തൊഴിലാളികളെ ഉൾപ്പെടുത്തി കേരസമിതിയുടെ ആഭിമുഖ്യത്തിൽ സ്കാഡ് രൂപീകരിക്കുക.
7. തെങ്ങിൻതടങ്ങളിൽ ചകിരി അടുക്കി ജലസംഭരണശേഷി വർദ്ധിപ്പിക്കുക. പച്ചിലവളപ്രയോഗം പ്രോത്സാഹിപ്പിക്കുക.

III. കുരുമുളക്

ദ്രുതവാട്ടരോഗനിയന്ത്രണ നടപടികൾ സ്വീകരിക്കുന്നതിന് ധനസഹായം അനുവദിക്കുക. കുരുമുളക് പുനരുദ്ധാരണ നടപടികൾ സ്വീകരിക്കുന്നതിന് ധനസഹായം അനുവദിക്കുക. കുരുമുളക് സംസ്കരണത്തിന് ശാസ്ത്രീയമുറകൾ പ്രചരിപ്പിക്കുക.

IV. പച്ചക്കറി

പച്ചക്കറി ഉല്പാദനത്തിൽ പഞ്ചായത്തിനെ സ്വയം പര്യാപ്തമാക്കുന്നതിന് എല്ലാ വീട്ടുവളപ്പുകളിലും പച്ചക്കറിക്കൃഷി ചെയ്യുക. ഇതിലേക്ക് വിത്തും വളവും പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

V. വാഴക്കൃഷി

മേൽത്തരം ഏത്തവാഴക്കന്നുകളും മറ്റു വാഴക്കന്നുകളും കൃഷിക്കാർക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്ത് വാഴക്കൃഷിക്ക് പ്രോത്സാഹനം കൊടുക്കുക. വാണപ്പുഴു, വണ്ട്, കുറുനാമ്പുരോഗം മുതലായവയ്ക്കെതിരെ രോഗകീട നിയന്ത്രണങ്ങൾക്ക് സബ്സിഡി അനുവദിക്കുക.

VI. ജൈവവളങ്ങൾ

അമിതവും അനവസരത്തിലും ഉള്ള രാസവളപ്രയോഗം, കീടനാശിനി പ്രയോഗം എന്നിവ കൊണ്ട് മണ്ണിന്റെ സ്വതവേയുള്ള ജൈവഘടനയിൽ വന്നിരിക്കുന്ന വ്യതിയാനത്തിൽ നിന്നു കൃഷിഭൂമിയെ രക്ഷിച്ചെടുക്കുവാനും മണ്ണിന്റെ ഫലപുഷ്ടി നിലനിർത്താനും സഹായിക്കുന്ന സൂക്ഷ്മാണുജീവികൾ ഉൾപ്പെടുന്ന ജീവാണുവളങ്ങൾ, മണ്ണിരവളം എന്നിവയുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുവാൻ സഹായധനം ലഭ്യമാക്കുക. പച്ചിലവളക്കൃഷി പ്രോത്സാഹിപ്പിക്കുക.

VII. മരച്ചീനി, മഞ്ഞൾ, ഇഞ്ചി എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക. മാതൃകാകൃഷിത്തോട്ടങ്ങൾക്ക് സഹായധനം അനുവദിക്കുക.

VIII. ഔഷധകൃഷി വികസനം

കുറഞ്ഞത് അഞ്ചുസെന്റ് സ്ഥലത്തെങ്കിലും ഔഷധസസ്യങ്ങൾ കൃഷിചെയ്യുന്നതിന് സഹായധനം അനുവദിച്ച് ഔഷധകൃഷി വ്യാപിപ്പിക്കുക.

IX. പുഷ്പഫലകൃഷി

തൊഴിൽരഹിതരായ വീട്ടമ്മമാർക്ക് വരുമാനമാർഗ്ഗം ഉണ്ടാക്കുന്നതിനായി അഞ്ചുസെന്റ് സ്ഥലത്ത് പുഷ്പഫലക്കൃഷി ചെയ്യുന്നതിന് സഹായധനം അനുവദിക്കുക. പഴങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എല്ലാ വീട്ടുവളപ്പുകളിലും മാവ്, പ്ലാവ്, പപ്പായ മുതലായ ഫലവൃക്ഷത്തൈകളുടെ കൃഷി വ്യാപിപ്പിക്കുക.

X. യുവജനങ്ങൾക്ക് കൃഷിയിൽ താത്പര്യം വർദ്ധിപ്പിക്കുന്നതിന് കൃഷിഭവനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യുവകർഷകർക്ക് അവരവർ തെരഞ്ഞെടുത്ത മേഖലകൾക്ക് സബ്സിഡി അനുവദിപ്പിക്കുക.

XI. സെമിനാറുകളും ചർച്ചാക്ലാസുകളും സംഘടിപ്പിച്ച് ശാസ്ത്രീയ കൃഷിമുറകൾ പാലിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കൃഷിക്കാരെ ബോധവാന്മാരാക്കുക.

XII. പഞ്ചായത്ത് അടിസ്ഥാനത്തിൽ നഴ്സറി സ്ഥാപിച്ച് നടീൽവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുക.

കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. സ്വന്തമായ കെട്ടിടവും സ്റ്റാഫ് ക്വാർട്ടേഴ്സും നിർമ്മിക്കുക. വിജ്ഞാനവ്യാപനവിഭാഗം ഊർജ്ജസ്വലമാക്കുന്നതിന് ഈ വിഭാഗത്തിലേക്ക് കൃഷി ഓഫീസറേയും രണ്ട് അസിസ്റ്റന്റ്മാരേയും നിയമിക്കുക. ഓരോ കൃഷിഭവനിലും ഓരോ ക്ലർക്കിന്റെയും പ്യൂണിന്റെയും പാർട്ട് ടൈം സ്വീപ്പറുടെയും തസ്തിക സൃഷ്ടിക്കുക. ടെലിഫോൺ സംവിധാനം ഏർപ്പെടുത്തുക. കൃഷിഭവനുകൾ കമ്പ്യൂട്ടർവത്ക്കരിക്കുക.

പരിഹാരങ്ങൾ

കൃഷിക്കാരന്റെ സാമൂഹികബന്ധങ്ങൾ മെച്ചപ്പെടുത്തുക. വിപണനത്തിനും സംസ്ക്കരണത്തിനും സൗകര്യങ്ങൾ ഏർപ്പെടുത്തുക. മണ്ണുപരിശോധന വ്യാപകമാക്കുക. അമിതമായ രാസവളങ്ങളുടെയും കീടനാശിനിയുടെയും ഉപയോഗം നിർത്തുക. ജലസേചനസൗകര്യം വർദ്ധിപ്പിക്കുക. നിലവിലുള്ള തലക്കുളങ്ങളും തോടുകളും സംരക്ഷണഭിത്തികെട്ടി സംരക്ഷിക്കുക. കൃഷിഭവന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കുക. പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന നഷ്ടം പൂർണ്ണമായും സർക്കാർ നൽകുക. കർഷകന് പെൻഷൻ ഏർപ്പെടുത്തുക. യാഥാർത്ഥ്യബോധത്തോടെയുള്ള പുത്തൻ കാർഷിക സംസ്ക്കാരം വളർത്തിയെടുക്കുക.

പുതിയജോലികൾ – ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടവ

ജലസേചനം

- മരങ്ങാട്ടുപിള്ളി തോടിനു സംരക്ഷണഭിത്തി നിർമ്മാണവും കാട്ടുനിലം പാടശേഖരത്തിന് ഫാംറോഡു നിർമ്മാണവും.
- ഇട്ടിയേക്കാട്ടുപടി – നെല്ലായനിക്കുഴി പാടശേഖരത്തിന് ലീഡിംഗ് ചാനൽ നിർമ്മിക്കുക.

മരങ്ങാട്ടുപിള്ളി തോടിന്റെ സൈഡ് സംരക്ഷണവും അമ്പലപ്പാടം, കാഞ്ഞിരത്തിനാടി, മീനപ്പാറ പാടശേഖരങ്ങളിലെ പുറംഭിത്തി സംരക്ഷണവും നിർമ്മാണവും. കുളത്തിന്റെ പുനരുദ്ധാരണവേലയും ലീഡിംഗ് ചാനൽ നിർമ്മാണവും കുളങ്ങരപ്പാടശേഖരത്തിന്.

- ആണ്ടൂർ – കോഴിക്കൊമ്പ് പൂനിലം പാടശേഖരത്തിന്റെ പുനരുദ്ധാരണവേലകളും ലീഡിംഗ് ചാനൽ നിർമ്മാണവും. മുതിരക്കാലായിൽ പാടശേഖരത്തിന്റെ സൈഡ് സംരക്ഷണം.
- മരങ്ങാട്ടുപിള്ളി – ചേർപ്പുങ്കൽ തോടിന്റെ നടമുറിക്കൽ ഭാഗം മുതൽ ഗന്ധർവ്വൻ ക്ഷേത്രം വരെയുള്ള തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം.
- ആണ്ടൂർ – കോഴിക്കൊമ്പ് തോടിന്റെ സൈഡിന്റെ സംരക്ഷണം. (കോഴിക്കൊമ്പിന് സമീപം)

നെല്ലിത്താനത്തുമല പാടത്തിലെ കുളത്തിലെ പുനരുദ്ധാരണ വേലയും ഗ്രൗണ്ട് ലവൽ വാട്ടർ ടാങ്ക് നിർമ്മാണവും. പുൽപ്പുറപ്പാടത്തിന്റെ പുറംബണ്ട് സംരക്ഷണം.

- നെല്ലായിക്കുഴി, പൂതക്കുഴി എന്നിവിടങ്ങളിലെ ക്രോസ് ബാറുകൾ അടിയന്തിരമായി നന്നാക്കൽ. ഈ ഭാഗത്ത് പാടശേഖരങ്ങൾക്ക് ലീഡിംഗ് ചാനൽ ഉണ്ടാക്കുക.
- പാലമറ്റം ക്രോസ്ബാർ നന്നാക്കുക. പാലമറ്റം പാടശേഖരത്തിന് ലീഡിംഗ് ചാനൽ ഏർപ്പെടുത്തുക.
- പട്ടുവംപാടശേഖരത്തിന് ക്രോസ്ബാർ നിർമ്മിക്കുകയും ലീഡിംഗ് ചാനൽ സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

ചിറ്റായിക്കുളം പുനരുദ്ധരിച്ച് സമീപത്തുള്ള കീപാല പാടശേഖരത്തിന് ലീഡിംഗ് ചാനൽ സൗകര്യം ഏർപ്പെടുത്തുക.

● മരങ്ങാട്ടുപിള്ളി തോടിന്റെ പുറംബണ്ട് സംരക്ഷണവേലകൾ നടത്തുക.

കുര്യനാട് വാർഡിലെ കറിങ്ങാലി ചിറക്കുളം നവീകരിച്ച് സമീപപാടശേഖരത്തിന് ജലസേചനത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.

● ചെറുവള്ളിക്കുളം ആഴംകൂട്ടി നവീകരിച്ച് ചെമ്പനാൽ ഭാഗത്ത് ഓവർ ഹെഡ് ടാങ്ക് ഉണ്ടാക്കി സമീപപ്രദേശത്ത് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

● ആണ്ടൂർ അമ്പലത്തിനടുത്ത് ഒരു കുളം നിർമ്മിക്കുക.

പാലക്കാട്ടുമല - ചിറക്കുളം ആഴംകൂട്ടി നവീകരിച്ച് ടാങ്കുകെട്ടി സമീപത്തുള്ളവയലുകൾക്കുംകൊക്കോ, ഏത്തവാഴ മുതലായവയ്ക്കും. ജലസേചനം നടത്തിയാൽ ഉപകാരപ്രദമായിരിക്കും.

● പാറക്കുടി ഭാഗത്ത് അരുവിക്കുഴിത്തോട്ടിൽ ചെക്കുഡാം നിർമ്മിച്ച് വെള്ളം ഒരു ചാലുവഴി പാവയ്ക്കൽ തോട്ടിൽ കൊണ്ടുവന്ന് അവിടെയുള്ള പാടങ്ങളിൽ ജല്സേചനസൗകര്യം ഏർപ്പെടുത്തുക.

● പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പാറഖനനം നടത്തുന്ന പാറമടകൾ ആവശ്യമെങ്കിൽ സ്ഥലം അക്വയർ ചെയ്ത് ജലസംഭരണം നടത്തി ജലസേചനം നടത്തുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

മുതുകാടു തോടിന്റെ ഇരുവശത്തും സംരക്ഷണഭിത്തികൾ കെട്ടുക.

● കുറിച്ചിത്താനം പ്രദേശത്തെ കാക്കാറുപിള്ളി പാടശേഖരത്തിൽക്കൂടി കടന്നുപോകുന്ന നാട്ടുതോടിന്റെ സംരക്ഷണഭിത്തി കെട്ടണം.

● കുറിച്ചിത്താനം പെരുന്താനം തോടിന്റെ പുതുമന പാടശേഖരത്തിന്റെ സംരക്ഷണഭിത്തി കെട്ടണം.

● കാക്കാറുപിള്ളി പാടശേഖരത്തിൽ കുളവും ആനശേരിമലയിൽ ടാങ്കും നിർമ്മിച്ച് 100 ഏക്കർകൃഷിക്ക് പ്രയോജനം നൽകുന്ന രീതിയിൽ ജലസേചനപദ്ധതി ആവിഷ്ക്കരിക്കണം.

● മേരൂർക്കുളം താഴ്ത്തി ചുറ്റുമതിൽകെട്ടി കണ്ണംചിറഭാഗത്തായി കുടിയിരിപ്പിൽ പുരയിടത്തിൽ ടാങ്കുകെട്ടി ചുറ്റുപാടുമുള്ള സ്ഥലത്ത് ജലസേചനപദ്ധതി നടപ്പിലാക്കണം.

● കുന്നങ്കി പ്രദേശത്ത് കുളംകുത്തി ചേലൂക്കുന്നിൽ ടാങ്കുകെട്ടി ജലസേചനപദ്ധതി നടപ്പാക്കുക.

● 5-ാം വാർഡിലെ ശാസ്താംപാറപ്രദേശത്തെ പാറമട സൈഡുകെട്ടി സംരക്ഷിച്ച് 1 ലക്ഷം ക്യൂബിക് അടി വെള്ളം സംഭരിച്ച് 6 മാസക്കാലം 250 ഏക്കർ സ്ഥലത്തെ കൃഷിക്ക് ആവശ്യമായ ജലസേചനപദ്ധതി നടപ്പാക്കുക. ○

മൃഗസംരക്ഷണം

പുൽവിപ്ലവംവഴി ധവളവിപ്ലവം വളരട്ടെ

**കാർഷികമേഖലയിലെ മാറ്റങ്ങൾ കാലിവളർത്തലിനേയും ബാധിച്ചു.
മേച്ചിൽപ്പുറങ്ങൾ ഇല്ലാതായതും പച്ചപ്പുല്ലുകിട്ടാനില്ലാത്തതും
സങ്കരവർഗ്ഗപ്പശുക്കളുടെ വരവും ഈ മേഖലയിലെ പുതിയ പ്രശ്നങ്ങളാണ്.
പുതിയ സാഹചര്യവുമായി ഇണങ്ങുന്ന പുതിയ ധവളവിപ്ലവം ആണ് ആവശ്യം.**

കാർഷിക സംസ്ഥാനമായ കേരളത്തിൽ മൃഗസംരക്ഷണത്തിന് വളരെ അധികം പ്രാധാന്യമുണ്ട്. കാർഷികമേഖലയായ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിലെ ആളുകൾ കൃഷിയോടൊപ്പം കാലിവളർത്തൽ മുഖ്യതൊഴിലായും ഉപതൊഴിലായും പാല് ഉല്പാദനം വരുമാനമാർഗ്ഗമായും കണ്ടിരുന്നു. ഒരുപശുവെങ്കിലും ഇല്ലാത്ത വീടുകൾ ചുരുക്കമായിരുന്നു.

കാളകളെ കൃഷിക്കുവേണ്ടിയും വണ്ടിവലിപ്പിക്കുന്നതിനും ഇറച്ചിക്കുവേണ്ടിയും വളർത്തിയിരുന്നു. മിക്ക വീടുകളിലും ഒന്നു രണ്ട് ആടുകളും എരുമ, പോത്ത്, പന്നി, പട്ടി തുടങ്ങിയമൃഗങ്ങളും കോഴി, താറാവ് തുടങ്ങിയവയും ഉണ്ടായിരുന്നു.

1987- ലെ ലൈവ് സ്റ്റോക് സെൻസസ് അനുസരിച്ച് മരങ്ങാട്ടുപിള്ളി പഞ്ചായത്തിലുണ്ടായിരുന്ന വളർത്തുമൃഗങ്ങളുടെ കണക്ക്:
(പട്ടിക-1 കാണുക.)

No.	ഇനം	നാടൻ	സങ്കരയിനം	ആകെ	1991 ലെ കണക്ക്		
					നാടൻ	സങ്കരയിനം	ആകെ
1.	കാള	274	345	619	12	46	58
2.	പശു	1606	3818	5424	372	4870	5192
3.	എരുമ	190	213	403	161	–	161
4.	പോത്ത്	–	20	20	18	–	18
5.	കോലാട്	–	–	1627	–	2080	2080
6.	ചെമ്മരിയാട്	–	–	5	–	–	–
7.	പട്ടി	–	–	1140	–	–	1850
8.	ആന	–	–	–	–	–	3

ഇന്ന് ഇവയുടെ എണ്ണത്തിൽ ഗണ്യമായകുറവ് സംഭവിച്ചിട്ടുണ്ട്. പല കാരണങ്ങളാൽ ഇപ്പോഴും എണ്ണം കുറഞ്ഞുകൊണ്ടാണിരിക്കുന്നതും. ഈ നില തുടർന്നാൽ മറ്റ് ഭക്ഷ്യവസ്തുക്കൾ പോലെ പാലിനും നമ്മൾ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരും.

കാലിവളർത്തൽ കുറയുവാനുണ്ടായ കാരണങ്ങൾ

(1) സംരക്ഷണ ചെലവിലുണ്ടായ വർദ്ധന.
(2) മേച്ചിൽ സ്ഥലത്തിന്റെയും പച്ചപ്പുല്ലിന്റെയും വൈക്കോലിന്റെയും കുറവ്.
(3) കാലിത്തീറ്റയുടെ വിലവർദ്ധന.
(4) ഉൽപാദനച്ചെലവിന്റെ വർദ്ധനയനുസരിച്ച് പാൽ വില വർദ്ധന ഉണ്ടാകാത്തത്.
(5) കാലിരോഗങ്ങളും അകാലവന്ധ്യതയും കാരണം ഉണ്ടാകുന്ന നഷ്ടം.
(6) സങ്കരയിനം പശുക്കിടാക്കളെ ശരിയായരീതിയിൽ സംരക്ഷിക്കാത്തതിനാൽ ഉയർന്ന ഉൽപാദനശേഷി പുതിയ തലമുറയ്ക്കു കിട്ടുന്നില്ല.

നമ്മുടെ പ്രദേശം ഹ്രസ്വകാല വിളകളിൽ നിന്നു മാറി ദീർഘകാല വിളകൾ പ്രത്യേകിച്ച് റബർ കൃഷിചെയ്യുവാൻ തുടങ്ങിയതോടുകൂടി കാലികൾക്കുള്ള മേച്ചിൽ സ്ഥലങ്ങളും പച്ചപ്പുല്ലും വളരെ കുറവായി. നെൽക്കൃഷികുറഞ്ഞതോടുകൂടി വൈക്കോലിന്റെ ലഭ്യതയും കുറഞ്ഞു. വാഴ, കപ്പ തുടങ്ങിയ ഹ്രസ്വകാല വിളകൾ കുറഞ്ഞതിനാൽ അവയിൽനിന്ന് കാലികൾക്കും മറ്റ് വളർത്തുമൃഗങ്ങൾക്കും കിട്ടിയിരുന്ന തീറ്റയും കുറഞ്ഞു.

നമ്മുടെ നാട്ടിൽ പണ്ട് നാടൻ പശുക്കളായിരുന്നു കൂടുതൽ. ഇപ്പോൾ ഏതാണ്ട് 60-70 % സങ്കരയിനം പശുക്കളാണ്. ഇവയ്ക്ക് കൂടുതൽ തീറ്റയും നല്ല സംരക്ഷണവും ആവശ്യമാണ്. ഇവ ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടാത്തതിനാൽ പൂർണ്ണമായ ഉൽപാദനം നേടുവാൻ നമുക്ക് സാധിച്ചിട്ടില്ല.

പക്ഷികൾ 95 ലെ കണക്ക്

(പട്ടിക- 2 കാണുക.)

പക്ഷികൾ 1995 ലെ കണക്ക്

ഇനം	പൂവൻ	മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആകെ
(കോഴി)	2400	22215	4815	29430
താറാവ്	36	126	238	400

കൃത്രിമ ബീജാദാന പദ്ധതി

പശുക്കൾ - 2707
കിടാരി - 174

ഒരു വീടിന് ഒരു പശു

നമ്മുടെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും കൃഷിരീതികൾക്കും അനുയോജ്യമായി ഒന്നിൽക്കൂടുതൽ ഇനം പശുക്കൾ ഇന്ന് ആവശ്യമാണ്. സ്വന്തമായി മേച്ചിൽസ്ഥലവും പച്ചപ്പുല്ല് ധാരാളമായി ഉള്ള കർഷകർക്ക് ഉൽപാദനശേഷി കൂടിയയിനം പശുക്കളും ഇടത്തരം ഭൂവുടമകൾക്കും കർഷകർക്കും 6- 8 ലിറ്റർ പാൽ ലഭിക്കുന്ന ഇനത്തിൽപ്പെട്ടവയും പരിമിതകർഷകർക്ക് 4- 5 ലിറ്റർ ഉൽപാദനം കിട്ടുന്ന ചെറിയ ഇനം പശുക്കളും ആടുകളും ആയാൽ 'എല്ലാവീട്ടിലും ഒരു പശുവെങ്കിലും' എന്ന മുദ്രാവാക്യം നടപ്പിലാക്കുവാൻ സാധിക്കും. ഇതിന് ആധുനിക സാങ്കേതികവിദ്യയായ എംബ്രിയോട്രാൻസ്ഫർ സാർവ്വത്രികമാക്കണം.

കാലിത്തീറ്റ

കാലിത്തീറ്റയിൽ ഏറ്റവും പ്രധാനപ്പെട്ടതും ചെലവ് കുറഞ്ഞതും പച്ചപ്പുല്ലാണ്. നമ്മുടെ ചുറ്റുപാടും പാഴായി, കൃഷികളൊന്നും ഇല്ലാതെ കിടക്കുന്ന ധാരാളം സ്ഥലമുണ്ട്. (കയ്യാലകൾ, വീടിനുചുറ്റും തരിശായിക്കിടക്കുന്ന സ്ഥലങ്ങൾ) ഇവിടെ പുല്ല് വച്ചുപിടിപ്പിക്കുക. ഹ്രസ്വകാലവിളകൾ കൃഷിചെയ്ത സ്ഥലങ്ങൾ, വിളവെടുപ്പിനുശേഷം ഇടവേളയിൽ വൻപയർ, ചോളം ഇവ കൃഷിചെയ്യുക. റോഡിന്റെ സൈഡിൽ കിടക്കുന്ന പുറമ്പോക്ക് ഭൂമികളിൽ കാലിത്തീറ്റയ്ക്ക് അനുയോജ്യമായ ചെടികൾ- പ്ലാവ്, സിബാബൂൾ, ശീമക്കൊന്ന മുതലായവ വച്ചുപിടിപ്പിക്കുക. ഏതാണ്ട് 8- 9 മാസത്തേക്കുള്ള തീറ്റ ഇപ്രകാരം ഉൽപാദിപ്പിക്കുവാൻ സാധിക്കും. മറ്റ് കാലയളവിൽ വൈക്കോലും ഉപയോഗിക്കാം.

ഗുരുത്വാഹാരം

നല്ല ഗുണനിലവാരമുള്ള കാലിത്തീറ്റ കുറഞ്ഞവിലയ്ക്ക് ആവശ്യാനുസരണം ലഭ്യമാക്കണം. കറവപ്പശുക്കൾക്കും കിടാരികൾക്കും പ്രത്യേകം തീറ്റ വേണം. അതോടൊപ്പം ആവശ്യമായ വിറ്റാമിൻസ്, മിനറൽസ്, കാത്സ്യം തുടങ്ങിയവയും ലഭ്യമാക്കണം.

പാൽവില

ഉൽപാദനച്ചെലവിനെ അടിസ്ഥാനമാക്കി പാൽ വില കർഷകർക്കു ലഭ്യമാക്കണം. ഇപ്പോഴത്തെ വില വളരെ അപര്യാപ്തമാണ്. വില വർദ്ധിപ്പിക്കുവാൻ പല കാരണങ്ങളാലും ബുദ്ധിമുട്ട് ഉണ്ടാകാം. പകരം കാലിത്തീറ്റ സബ്സിഡി നിരക്കിൽ കർഷകർക്ക് നല്കി കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്തണം.

രോഗങ്ങളും പ്രതിരോധവും

ക്ഷീരകർഷകരെ അലട്ടുന്ന മറ്റൊരു പ്രധാന പ്രശ്നമാണ് കാലിരോഗങ്ങൾ. കുളമ്പുരോഗങ്ങൾ, അകിടുവീക്കം തുടങ്ങിയ രോഗങ്ങൾക്കുള്ള പ്രതിരോധ നടപടികളും ചികിത്സയും യഥാസമയം ലഭ്യമാക്കണം.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് മൃഗാശുപത്രികളുടെയും സേവനം പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തണം. ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ ഇവ ആശുപത്രിയിൽ പലപ്പോഴും ഉണ്ടാകാറില്ല.

ഇതുമാറണം. അവശ്യം മരുന്നുകളും മരുന്ന് സൂക്ഷിക്കാനുള്ള ഫ്രിഡ്ജ് തുടങ്ങിയ ഉപകരണങ്ങളും ലഭ്യമാക്കണം. പശുക്കുട്ടികൾക്ക് നൽകാനുള്ള വിരമരുന്നുകൾ ആവശ്യാനുസരണം ലഭ്യമാക്കണം.

ഡോക്ടർമാർ ആഴ്ചയിൽ ഒന്നോ അതിൽ കൂടുതലോ ദിവസങ്ങളിൽ സംഘങ്ങൾ സന്ദർശിക്കുകയും ചികിത്സ നടത്തുകയും ചെയ്യണം. മാതൃകാ ഡയറി യൂണിറ്റുകളും നല്ല ക്ഷീരകർഷകരേയും സന്ദർശിക്കുകയും വിദഗ്ദ്ധ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നത് കർഷകർക്ക് പ്രോത്സാഹജനകമാകും.

കൃത്രിമബീജാധാനം സർവ്വത്രികമാക്കണം. ആധുനിക ശാസ്ത്രപുരോഗതിയുടെ നേട്ടം കർഷകന്റെ വീട്ടുമുറ്റത്ത് എത്തിയാൽ വിപ്ലവകരമായ മാറ്റം ഈ രംഗത്ത് സൃഷ്ടിക്കാൻ സാധിക്കും.

ഇൻഷ്വറൻസ്

കാലികൾക്ക് അകാലത്തുണ്ടാകുന്ന വന്ധ്യതയും രോഗവും മൂലം കർഷകനുണ്ടാകുന്ന കനത്ത നഷ്ടം ഒഴിവാക്കാൻ പഞ്ചായത്തിലുള്ള മുഴുവൻ കാലികളെയും ഇൻഷ്വർ ചെയ്യണം. പ്രോത്സാഹനമെന്ന രീതിയിൽ പ്രീമിയം ഒരു വിഹിതം പഞ്ചായത്തിൽ നിന്നും സഹായമായി നൽകാവുന്നതാണ്. ക്ഷീരസംഘങ്ങൾ ഉള്ള സ്ഥലങ്ങളിൽ സംഘങ്ങൾവഴി നടപ്പാക്കുക. ഒരു വിഹിതം സംഘങ്ങളും വഹിക്കാവുന്നതാണ്. ക്ഷീരസംഘങ്ങൾവഴി ഇൻഷ്വർ ചെയ്താൽ പ്രീമിയം കുറവ് മതി. 3.1% മതിയാകും.

പശുക്കുട്ടി പരിപാലനം

മൃഗസംരക്ഷണ വകുപ്പുവഴി സങ്കരയിനം പശുക്കുട്ടികൾക്ക് 3 2 മാസം പ്രായമാകുന്നതുവരെ സബ്സിഡി നിരക്കിൽ ഗുണമേന്മയുള്ള കാലിത്തീറ്റ നൽകുന്നതുവഴി കിടാക്കളുടെ സംരക്ഷണച്ചെലവ് ഒരു പരിധിവരെ കുറയ്ക്കുവാൻ സാധിക്കുന്നു. ഇപ്പോൾ ഇത് സംഘങ്ങൾ വഴി വളരെക്കുറച്ച് കർഷകർക്കു മാത്രമേ ലഭിക്കുന്നുള്ളൂ. ഇത് സാർവ്വത്രികമാക്കണം.

സബ്സിഡികളും മറ്റാനുകൂല്യങ്ങളും

(1) നല്ല ആരോഗ്യവും ഉൽപാദനശേഷിയും ഉള്ള പശുക്കളെ വളർത്തണമെങ്കിൽ നല്ല വൃത്തിയുള്ള തൊഴുത്ത് ഉണ്ടാകണം. ഇതിന് ബുദ്ധിമുട്ടുള്ള താഴ്ന്ന വരുമാനക്കാരായ കൃഷിക്കാർക്ക് സബ്സിഡി നൽകണം. ഇതിൽ ഒരു വിഹിതം പഞ്ചായത്തുഫണ്ട് ഉപയോഗിക്കാം. ക്ഷീരവികസന വകുപ്പിൽ നിന്നും നൽകുന്ന സഹായവും പ്രയോജനപ്പെടുത്തണം.

(2) ക്ഷീരവികസനവകുപ്പിൽ നിന്നും പച്ചപ്പുല്ല്, വൻപയർ, ചോളം ഇവ കൃഷി ചെയ്യുന്നതിന് വിത്തുകളും വളവും സബ്സിഡി നിരക്കിൽ നൽകുന്നു. ഇത് വ്യാപകമാക്കണം.

(3) മാതൃകാ ഡയറി യൂണിറ്റുകൾക്ക് ഗവൺമെൻറ് സബ്സിഡി നൽകുന്നുണ്ട്. കൂടുതൽ യൂണിറ്റുകൾ തുടങ്ങുന്നതിന് ശ്രമിക്കണം.

(4) ഒരു പശുവുള്ള വീട്ടിൽ ഒരു ഗോബർ ഗ്യാസ് പ്ലാൻറും ഇതു നടപ്പിലാക്കാൻ സബ്സിഡിയും ലോണുകളും ലഭ്യമാണ്. ഇന്ധനക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം.

പാൽവിപണനസൗകര്യം

കേരള സഹകരണക്ഷീരവിപണന ഫെഡറേഷൻ കേരളത്തിൽ ആനന്ദ് മാതൃകാസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചതുവഴി ക്ഷീരകർഷകന്റെ ഏറ്റവും വലിയ രണ്ട് ആവശ്യങ്ങൾ സാധിച്ചു. സ്ഥിരമായ വിപണിയും കൃത്യമായ വിലയും. എന്നാൽ ഈ രീതിയിലുള്ള മൂന്ന് സംഘങ്ങൾ മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. രണ്ട് വാർഡിൽ ഒരുസംഘം എന്ന രീതിയിൽ ഇല്ലാത്ത സ്ഥലങ്ങളിൽ സംഘം രൂപീകരിച്ച് കർഷകർക്ക് വിപണനസൗകര്യം വർദ്ധിപ്പിക്കണം. മിൽമയുടെ ഒരു പാൽ ശീതീകരണകേന്ദ്രം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

ആടുവളർത്തൽ

പശുക്കളെ വളർത്താൻ സൗകര്യമില്ലാത്ത പരിമിത കർഷകർക്ക് മുന്തിയയിനം ആടുകളെ വളർത്താവുന്നതാണ്. ഇതിൽ നിന്നും പാൽ വിൽപ്പന നടത്തിയില്ലെങ്കിലും സ്വന്തം വീട്ടിലെ ഉപയോഗം നടക്കും. അങ്ങനെ പാലിന്റെ ശരാശരി ഉപഭോഗം വർദ്ധിക്കും. ആട്ടിൻചാണകം നല്ല ജൈവവളമാണ്.

പന്നിവളർത്തൽ

പന്നിവളർത്തുന്നതിന് ചെറുകിട യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കാം. വ്യാവസായികാടിസ്ഥാനത്തിൽ വൻകിട യൂണിറ്റുകളും നടത്തുന്നത് ലാഭകരമാണ്. ഇവയ്ക്ക് ആവശ്യമായ പന്നിക്കുഞ്ഞുങ്ങളും നല്ല തീറ്റയും ആവശ്യാനുസരണം ലഭ്യമാക്കണം.

മുയൽവളർത്തൽ

നമ്മുടെ പഞ്ചായത്തിൽ വ്യാവസായികാടിസ്ഥാനത്തിൽ മുയൽവളർത്തൽ നടക്കുന്നില്ല. ചെറിയതോതിൽ നടത്തുന്നതും ലാഭകരമാണ്.

കോഴിവളർത്തൽ

വീടുകളിൽ മുട്ടയ്ക്കും ഇറച്ചിക്കുംവേണ്ടി സ്വന്തം ആവശ്യത്തിന് കോഴിവളർത്താറുണ്ട്. ഇതിന് പ്രത്യേക ചെലവില്ലാത്തതിനാൽ ലാഭകരമാണ്. നമ്മുടെ പഞ്ചായത്തിൽ അഞ്ച് ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങളുണ്ട്. മുട്ടക്കോഴിവളർത്തൽ കേന്ദ്രങ്ങൾ ഇപ്പോൾ ഇല്ല. ഇത്തരം കേന്ദ്രങ്ങളും തുടങ്ങേണ്ടതാണ്. ശരിയായ രീതിയിൽ നടത്തിയാൽ ലാഭകരമായ ഒരു തൊഴിലാണിത്.

ഒരു വിദ്യാർത്ഥിക്ക് ഒരു കോഴി എന്ന മുദ്രാവാക്യം സ്വീകരിച്ച് പഞ്ചായത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും മുട്ടക്കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി നൽകാവുന്നതാണ്.

ആവശ്യാനുസരണം കോഴിക്കുഞ്ഞുങ്ങളെ കിട്ടുവാൻ പ്രയാസമാണ്. ഇതിൽ പഞ്ചായത്തുതലത്തിൽ സഹകരണാടിസ്ഥാനത്തിൽ കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന ഒരു സെൻറർ തുടങ്ങണം.

മത്സ്യക്കൃഷി

മത്സ്യക്കൃഷി നമ്മുടെ പഞ്ചായത്തിൽ കാര്യമായി നടക്കുന്നില്ല. ശുദ്ധജലമത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്. ചെറിയ കുളങ്ങളും പാറമടകളും ഇതിന് ഉപയോഗിക്കാം.

പദ്ധതികൾ

(1) ഒരു വീട്ടിൽ ഒരു കറ്വമാട്- പഞ്ചായത്തിൽ നടപ്പിലാക്കണം.

(2) വൃത്തിയുള്ള കാലിത്തൊഴുത്ത്- തൊഴുത്തിനോട് ചേർന്ന് ഒരു ഗ്യാസ് പ്ലാൻറ്.

(3) പച്ചപ്പുല്ല്കൃഷി വ്യാപകമാക്കുക.

(4) നല്ല കാലിത്തീറ്റയും വൈക്കോലും മൊത്തമായി സംഭരിച്ച് വിതരണം ചെയ്യുക. യൂറിയ ചേർത്ത് സമ്പുഷ്ടമാക്കുക.

(5) കന്നുകുട്ടി പരിപാലനപരിപാടി വിപുലീകരിക്കുക.

(6) എല്ലാ കാലികളേയും ഇൻഷ്വർ ചെയ്യുക.

(7) മൃഗാശുപത്രികളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുക.

(8) വിവിധ ഡിപ്പാർട്ടുമെൻറുകളിൽ നിന്നും ലഭിക്കുന്ന വിവിധതരത്തിലുള്ള ആനുകൂല്യങ്ങൾ എല്ലാ കർഷകർക്കും ലഭ്യമാക്കുക.

(9) വിപണനസൗകര്യം വർദ്ധിപ്പിക്കുക. കൂടുതൽ സംഘങ്ങൾ രൂപീകരിക്കുക.

(10) ക്ഷീര ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.

(11) പഞ്ചായത്ത് ലവലിൽ സെമിനാറുകളും ബോധവത്ക്കരണ പരിപാടികളും നടത്തുക.

ഈ രംഗത്തു വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുവാൻ ഈ രീതിയിൽ നമുക്ക് ശ്രമിക്കാം.

പ്രോജക്ട്

(12) ഓരോ വാർഡിലും മിനി ഡയറിയൂണിറ്റുകൾ സ്ഥാപിക്കുക.

(13) ഓരോ വാർഡിലും ഒരു പുൽക്കൃഷിത്തോട്ടം സ്ഥാപിക്കുക.

(14) ഓരോ വാർഡിലും ക്ഷീരഉൽപ്പന്ന നിർമ്മാണയൂണിറ്റ് (വനിതകൾ) സ്ഥാപിക്കുകയും എല്ലാംകൂടി പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിച്ച് പ്രവർത്തനം നടത്തുകയും വേണം.

(15) ഇറച്ചിക്കാളകളെ വളർത്തുന്ന യൂണിറ്റ് സ്ഥാപിക്കുക.

(16) മൃഗാശുപത്രികളുടെ വികസനം:- മരങ്ങാട്ടുപിള്ളി മൃഗാശുപത്രിക്ക് ചുറ്റുമതിൽ കെട്ടി, ഇടിഞ്ഞുവീഴാറായ ഭാഗങ്ങൾ റിപ്പയർചെയ്ത് പെയിൻറടിച്ച് ഭംഗിയാക്കുക. ഇടുക്കു തൊഴുത്തിന് മേൽക്കൂര പണിയിക്കുക. കുറിച്ചിത്താനം, മരങ്ങാട്ടുപിള്ളി എന്നീ മൃഗാശുപത്രികളിൽ ചെറിയ ലാബും ഓപ്പറേഷൻ ടേബിളും മൈക്രോസ്ക്കോപ്പ്, സ്റ്റെറിലൈസർ എന്നീ അത്യാവശ്യങ്ങളും ഏർപ്പെടുത്തുക.

(17) പേവിഷ നിർമ്മാർജ്ജനം:- പ്രതിരോധകുത്തിവയ്പിനുള്ള മരുന്ന് സബ്സിഡി നിരക്കിൽ പഞ്ചായത്തിലെ എല്ലാ വളർത്തു നായ്ക്കൾക്കും ലഭ്യമാക്കുക.

വിദ്യാഭ്യാസം

വിദ്യാഭ്യാസമേഖല

രാജ്യത്തിന് ഉപരാഷ്ട്രപതിയേയും സംസ്ഥാനമന്ത്രിയേയും മതാചാര്യന്മാരെയും ഇന്ത്യൻ കായികതാരത്തെയും റാങ്കുജേതാക്കളെയും വളർത്തിയ വിദ്യാലയങ്ങളാണ് പഞ്ചായത്തിലുള്ളത്. 9000-ൽ അധികം വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന നമ്മുടെ വിദ്യാലയങ്ങളിൽ പലതും ഇന്നും പ്രശ്നങ്ങൾക്കുനടുവിലാണ്. സാങ്കേതികവിദ്യാലയങ്ങളുടെയും കോളേജുകളുടെയും അഭാവവും വിദ്യാഭ്യാസരംഗത്തിനു ക്ഷീണമാണ്.

പ്രഗൽഭരെ സംഭാവനചെയ്ത വിദ്യാലയങ്ങളുടെ നാടാണ് മരങ്ങാട്ടുപിള്ളി. ഉപരാഷ്ട്രപതി കെ.ആർ. നാരായണൻ കുറിച്ചിത്താനം ഗവൺമെൻറ് എൽ.പി. സ്കൂളിൻെറ സംഭാവനയാണ്. തലശ്ശേരി ബിഷപ്പായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി, സ്വാമി സിദ്ധിനാഥാനന്ദ എന്നിവരും അതേ സ്കൂളിലൂടെയാണ് ഉയർന്നുവന്നത്.

1965- മുതൽ പാലാ M.L.A യും 8 പ്രാവശ്യം കേരള നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ച മന്ത്രിയുമായ കെ.എം. മാണിസാർ മരങ്ങാട്ടുപിള്ളി സെൻറ് തോമസ് സ്കൂളിലൂടെയാണ് പഠിച്ചുവളർന്നത്. ഇന്ത്യൻ ബാസ്ക്കറ്റ് ബോൾ താരം ഡാൻറി അഗസ്റ്റിനും ഈ സ്കൂളിൻെറ സംഭാവനയാണ്.

പഞ്ചായത്തിൽ നിന്നും രണ്ട് അദ്ധ്യാപകർക്ക് സംസ്ഥാന അവാർഡ് ലഭിച്ചിട്ടുണ്ട്. കുറിച്ചിത്താനം ഗവൺമെൻറ് എൽ.പി. സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന എം.ജി. ചന്ദ്രശേഖരൻ നായർ, മലയിൽ, കുടക്കച്ചിറ. മരങ്ങാട്ടുപിള്ളി സെൻറ് തോമസ് ഹൈസ്കൂളിൽ ദീർഘകാലം കായികാദ്ധ്യാപകനായിരുന്ന ടി.കെ. തോമസ് തേക്കിലക്കാട്ടിൽ, പാലയ്ക്കാട്ടുമല. പ്രശസ്ത ശാസ്ത്രജ്ഞരായ M.S.T. നമ്പൂതിരി മൂത്തേടത്തില്ലം, പാലക്കാട്ടുമല. T.K. ജോസ് I.A.S. എള്ളങ്കിയിൽ ആണ്ടൂർ എന്നിവരും ഈ പഞ്ചായത്തിൽ ജനിച്ചു വളർന്നവരാണ്.

1996-ൽ T.H.S.S.L.C പരീക്ഷയിൽ സംസ്ഥാനത്ത് ഒന്നാം റാങ്ക് ലഭിച്ച കുറിച്ചിത്താനം ലക്ഷ്മി വിലാസത്ത് അജിത്കുമാറിനെ അഭിമാനത്തോടെ അനുസ്മരിക്കുന്നു. ഇലക്ട്രോണിക് എൻജിനീയറിംഗ് ഡിപ്ലോമ പരീക്ഷയിൽ 95-96 ൽ ഒന്നാം റാങ്ക് നേടിയ ജിമ്മി ജോസഫ് പാലയ്ക്കത്തറപ്പേൽ (മണ്ണയ്ക്കനാട്) മുൻ പഞ്ചായത്ത് മെംബർ പി.ജെ. ജോസഫിൻെറ പുത്രനാണ്. S.S.L.C ക്ക് കുറിച്ചിത്താനം ഹൈസ്കൂളിൽ നിന്ന് സംസ്ഥാനത്തു രണ്ടാംറാങ്കു നേടിയ അനന്തനാരായണൻ ആണ് മറ്റൊരു അഭിമാനസ്തംഭം.

കോട്ടയം ജില്ലയിലെ സാക്ഷരതാ പ്രവർത്തനത്തിനുള്ള പ്രഥമപുരസ്ക്കാരം ലഭിച്ചതും ഈ പഞ്ചായത്തിനാണ്. കോട്ടയം ജില്ലയിൽ തുടർവിദ്യാകേന്ദ്രമായി പ്രവർത്തിക്കുവാൻ അനുവാദം ലഭിച്ചതും ഈ കേന്ദ്രത്തിനാണ്.

മുപ്പതിലേറെ വിദ്യാലയങ്ങളുള്ള പഞ്ചായത്തിൽ വിദ്യാർത്ഥികളുടെ എണ്ണം 9000 ൽ അധികമാണ്. എട്ട് ബാലവാടികൾ, ഒൻപത് എൽ.പി. സ്കൂൾ, ഒരു യു.പി., മൂന്ന് ഹൈസ്കൂൾ, ഒരു വോക്കേഷണൽ ഹയർ സെക്കൻററി കൂടാതെ ആറ് ആശാൻ കളരികളും രണ്ട് പാരലൽ കോളേജുകളും ഒരു ടൈപ്പിംഗ് ഇൻസ്റ്റിറ്റ്യൂട്ടും. ഇതാണ് പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ സംഖ്യ.

ചരിത്രം

പഞ്ചായത്തിൻെറ വിദ്യാഭ്യാസചരിത്ര നിരീക്ഷണം ഒന്നും രണ്ടും വാർഡുകൾ ചേരുന്ന കുര്യനാട്ടിൽ നിന്നുതന്നെ തുടങ്ങാം.



❑ **മണ്ണയ്ക്കനാട് ഗവൺമെൻറ് യു.പി.സ്കൂൾ** *(പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള വിദ്യാലയം).*

കൊല്ലവർഷം 1087-ാമാണ്ടിൽ (എ.ഡി. 1912) കുര്യനാട് പാവയ്ക്കൽ തറവാട്ടുകാരനായ പുത്തൻ പുരയ്ക്കൽ മത്തായി മത്തായി (ചൊള്ളംമാക്കീൽ) മാനേജരായി സ്വന്തം ഉടമസ്ഥതയിൽ ആരംഭിച്ച വിദ്യാലയമാണ് ഇന്നത്തെ ഗവൺമെൻറ് എൽ.പി. സ്കൂൾ, പാവയ്ക്കൽ. കെട്ടിമേഞ്ഞ ഷെഡിൽ ആയിരുന്നു തുടക്കം. തലയോലപ്പറമ്പിനടുത്തുള്ള പൊതിക്കരയിൽ പുല്ലുവട്ടത്തേൽ വീട്ടിൽ കുര്യനായിരുന്നു ആദ്യ ഹെഡ്മാസ്റ്റർ.

സ്കൂളിൻെറ പേര് നിലനിർത്താൻ ഒരു ചക്രംമാത്രം പ്രതിഫലം വാങ്ങി സർക്കാരിലേക്ക് വിട്ടുകൊടുക്കേണ്ടിവന്നത് സാമ്പത്തിക ചെലവുകൾ മാനേജർക്ക് താങ്ങാൻ കഴിയാതെ വന്നതുകൊണ്ടാണ്.

കുര്യനാട്ടിലെ വിദ്യാലയസമുച്ചയത്തിൽ രണ്ടാമതു തലയുയർത്തിയത് സെൻറ് ആൻസ് ഹൈസ്കൂളാണ്. ഒരുപക്ഷേ കേരളത്തിലെ ഒറ്റപ്പെട്ട സംഭവമായിരുന്നു സെൻറ് ആൻസിൻെറ ജനനം. ഒരു യു.പി. സ്കൂളും ഒരു ഹൈസ്കൂളും ഒരേ മാനേജ്മെൻറിൽ ഒരുമിച്ച് തുടങ്ങുക. 1982 ജൂണിലാണ് ഔദ്യോഗിക തുടക്കം. ആരംഭകാലത്തെ മാനേജർ സി.എം.ഐ. സഭാംഗമായ മംഗലത്ത് ജോസഫച്ചനാണ്. ആദ്യ ഹെഡ്മാസ്റ്റർ വാലിയിൽ പുത്തൻപുരയ്ക്കൽ സൈമൺ പി. തോമസാണ്. ഈ ഇരട്ടപ്പിറവിക്കുപിന്നിൽ പാലായുടെ പ്രിയങ്കരനായ നേതാവ് കെ.എം. മാണിസാറിൻെറ സഹായം വിസ്മരിക്കാവതല്ല.

പഞ്ചായത്തിലെ മറ്റൊരു പ്രാചീനവിദ്യാലയം 1912-ൽ തുടങ്ങിയ ആണ്ടൂർ ഗവ. എൽ.പി. സ്കൂളാണ്. പല്ലാട്ട് കുടുംബക്കാർ പത്തുസെൻറ് സ്ഥലം ദാനമായി കൊടുക്കുകയും ഇരുപത്തിനാലു സെൻറ് സ്ഥലം ഗവൺമെൻറ് പൊന്നുംവിലയ്ക്ക് വാങ്ങുകയും ചെയ്തു. ഈ സ്ഥലത്താണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. ഗവൺമെൻറ് വക ഒരു വായനശാലയും സ്കൂളിനോട് അനുബന്ധിച്ച് ഉണ്ടായിരുന്നു. അവിടെയുണ്ടായിരുന്ന പുസ്തകങ്ങൾ പിന്നീട് ആണ്ടൂർ വായനശാലയ്ക്ക് കൈമാറി.

നാലു ക്ലാസ്സുകൾ നടത്തിപ്പോന്ന വിദ്യാലയം യു.പി. സ്കൂളാക്കി ഉയർത്താൻ ശ്രമിച്ചെങ്കിലും സ്ഥലസൗകര്യക്കുറവുമൂലം നടന്നില്ല. സമീപപ്രദേശങ്ങളുടെ ഹൃദയഭാഗമെന്ന നിലയിൽ ഇത് പിന്നീട് മരങ്ങാട്ടുപിള്ളിയിൽ ആരംഭിക്കുവാൻ തീരുമാനിച്ചു. 1095-ൽ മരങ്ങാട്ടുപിള്ളി പള്ളി വികാരിയായിരുന്ന പരേതനായ പുളിക്കിയിൽ വർക്കിയച്ചൻെറ പരിശ്രമമാണ് ഇതിൻെറ പിന്നിലുള്ളത്.

ഈ സ്കൂളിൻെറ പ്രഥമ ഹെഡ്മാസ്റ്റർ കാർത്തികപ്പള്ളി സ്വദേശിയായ നാരായണൻ നായർ സാർ ആയിരുന്നു. 1096-ൽ സെൻറ് തോമസ് എൽ.പി. സ്കൂളും പ്രവർത്തനം ആരംഭിച്ചു. പുളിക്കിയിൽ വർക്കിയച്ചൻ മരണംവരെ ഈ സ്കൂളുകളുടെ മാനേജരായിരുന്നു.

മരങ്ങാട്ടുപിള്ളി പള്ളി വികാരിയായിരുന്ന താഴത്തേൽ മത്തായിയച്ചൻെറ മാനേജുമെൻറിൽ 1952-ലാണ് മരങ്ങാട്ടുപിള്ളി സെൻറ് തോമസ് ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചത്. ദീർഘകാലം പാലാരൂപ

തയിലെ സ്കൂളുകളുടെ സെക്രട്ടറിയായിരുന്ന തൊണ്ടിക്കൽ എബ്രഹാം അച്ചനായിരുന്നു പ്രഥമ ഹെഡ് മാസ്റ്റർ. ഈ അവസരത്തിൽ എൽ.പി, യു.പി. സ്കൂളുകളുടെ ഹെഡ്മാസ്റ്ററായി സേവനം നടത്തുകയും ജീവിതം മുഴുവൻ സ്കൂളിനുവേണ്ടി ചെലവഴിക്കുകയും ചെയ്ത ചങ്ങനാശ്ശേരിക്കാരനായ കെ. വർക്കിസാറിനെ ഏറെ ആദരവോടെ വേണം അനുസ്മരിക്കാൻ.

1900-ാമാണ്ടോടുകൂടി ആരംഭിച്ച നിലത്തെഴുത്തുകളരിയുടെ വികാസം പാലയ്ക്കാട്ടുമല എൽ.പി. സ്കൂളിൽ എത്തിനില്ക്കുകയാണിപ്പോഴും. 1920 മുതൽ 63 വരെ പാലയ്ക്കാട്ടുമല താഴത്തേൽ മത്തായി വർക്കിയുടെ മാനേജുമെൻറിലാണ് എൽ.പി. സ്കൂൾ പ്രവർത്തനം നടത്തിവന്നത്. അന്നു നാട്ടുകാരുടെ സഹകരണം സ്കൂളിനു തുണയായിരുന്നു. ആദ്യകാല ഹെഡ്മാസ്റ്റർ നാരായണൻ മാരാർ മുണ്ടയ്ക്കാപ്പിള്ളിൽ ആയിരുന്നു. ഇപ്പോൾ സ്കൂളിൻെറ മാനേജുമെൻറ് 'അഗതികളുടെ സഹോദരിമാർ' എന്നസന്യാസിനിസമൂഹത്തിനാണ്.1992-ൽ കുറവിലങ്ങാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറിൽ നിന്നും ഏറ്റവും മികച്ച എൽ.പി. സ്കൂളിനുള്ള അവാർഡ് കരസ്ഥമാക്കിക്കൊണ്ട് ഈ സ്കൂൾ ജൈത്രയാത്ര തുടരുന്നു.

1916- ൽ സാന്താക്രൂസ് എൽ.പി.എസ്. നാടികുന്ന് സ്ഥാപിതമായി. വിജയപുരം രൂപതയുടെ കീഴിലുള്ള ഹോളിക്രോസ് ചർച്ചിൻെറ മേൽനോട്ടത്തിൽ പ്രവർത്തനം നടക്കുന്നു. സ്ഥലവും കെട്ടിടവും രൂപതയുടെ സ്വന്തം തന്നെ.

1913-ൽ കുറിച്ചിത്താനം ഗവ. എൽ.പി. സ്കൂൾ പ്രവർത്തനമാരംഭിച്ചു. വൈദ്യൻ മഠം എസ്. ശ്രീധരൻ നമ്പൂതിരി സംഭാവന ചെയ്ത സ്ഥലത്താണ് സ്കൂൾ ആരംഭിച്ചത്. പ്രഗൽഭരും പ്രതിഭാശാലികളുമായ വളരെയേറെപേരെ വാർത്തെടുക്കുവാൻ ഈ സരസ്വതീക്ഷേത്രത്തിനു കഴിഞ്ഞിട്ടുണ്ട്. നമ്മുടെ ഉപരാഷ്ട്രപതി കെ.ആർ. നാരായണൻ, തലശ്ശേരി ബിഷപ്പായിരുന്ന ഡോ. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി, സ്വാമി സിദ്ധിനാഥാനന്ദ മുതലായവർ ഇതിൽപ്പെടുന്നു. ഈ സ്കൂളിലെ എം.ജി. ചന്ദ്രശേഖരൻ നായർക്ക് സംസ്ഥാന അദ്ധ്യാപക അവാർഡ് ലഭിച്ചു. 95-96 ൽ കുറവിലങ്ങാട് സബ്ജില്ലയിലെ മികച്ച എൽ.പി. സ്കൂളിനുള്ള ട്രോഫി ലഭിച്ചു.

ഈ പഞ്ചായത്തിലെ ആദ്യ ഹൈസ്കൂളാണ് കുറിച്ചിത്താനം എച്ച്.എസ്. പഴയിടം ദാമോദരൻ നമ്പൂതിരി, പുതുമന നാരായണൻ നമ്പൂതിരി, നരമംഗലം നാരായണൻ നമ്പൂതിരി, കാഞ്ഞിരക്കാട് നീലകണ്ഠൻ നമ്പൂതിരി മുതലായവർ നേതൃത്വം നൽകി 1946-ൽ ഈ സ്കൂൾ സ്ഥാപിച്ചു. എഡ്യൂക്കേഷണൽ സൊസൈറ്റിയാണ് സ്കൂളിൻെറ ഭരണം നടത്തുന്നത്. 1995-ൽ വോക്കേഷണൽ ഹയർ സെക്കൻററിയായി ഉയർത്തി.

സ്കൂളിനുവേണ്ടി സ്ഥലം കുറിച്ചിത്താനം ദേവസ്വം സംഭാവന ചെയ്തു. ആദ്യ മാനേജർ ടി.എസ്. ജയന്തൻ നമ്പൂതിരിയും ആദ്യ ഹെഡ്മാസ്റ്റർ മൂവാറ്റുപുഴക്കാരനായ എൻ. നീലകണ്ഠപിള്ളയുമാണ്. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് രണ്ടാം റാങ്കുനേടിയ എസ്. അനന്ത നാരായണൻ, ദീർഘകാലം സ്കൂളിൻെറ ഹെഡ്മാസ്റ്ററായിരുന്ന ശിവരാമകൃഷ്ണയ്യരുടെ പുത്രനാണ്.

ഗവ. മോഡൽ യു.പി. സ്കൂൾ മണ്ണയ്ക്കനാട്പഞ്ചായത്തിലെ ഏറ്റവും പഴക്കംചെന്ന സ്കൂളാണിത്. 1885-ലാണ് ഈ സ്കൂൾ ആരംഭിക്കുന്നത്. കൂഴാമ്പാലാ കുടുംബവും പെട്ടക്കാട്ടുകുടുംബവും ഈഴക്കുന്നേൽ കുടുംബവും സംഭാവനചെയ്ത സ്ഥലത്താണ് സ്കൂൾ പ്രവർത്തനമാരംഭിച്ചത്.

മരങ്ങാട്ടുപിള്ളി ലേബർ ഇൻഡ്യാ ഹിൽസിൽ പ്രവർത്തിക്കുന്ന ലേബർ ഇൻഡ്യ ഗുരുകുലം പബ്ലിക് സ്കൂൾ പുതുമകൾകൊണ്ട് ശ്രദ്ധേയമാണ്. ഇൻറർനെറ്റ് സൗകര്യങ്ങളുൾപ്പെടുന്ന കമ്പ്യൂട്ടർസജ്ജീകരണങ്ങളോടൊപ്പം ആർഷസംസ്ക്കാരത്തിനും ഭാരതീയ ആദ്ധ്യാത്മികതയ്ക്കും ഋഷിസങ്കല്പത്തിലുള്ള ഗുരുകുലരീതിക്കും പ്രാമുഖ്യം നൽകിക്കൊണ്ട് പാഠ്യേതര വിഷയങ്ങളുൾപ്പെടുത്തി സി.ബി.എസ്.ഇ. സിലബസ് പ്രകാരമുള്ള പാഠ്യപദ്ധതിയാണ് സ്കൂളിൽ നടപ്പാക്കിയിരിക്കുന്നത്.

വിദ്യാഭ്യാസ രഥചക്രങ്ങൾ

		വിദ്യാർത്ഥികൾ			
		ആൺ	പെൺ	ആകെ	അദ്ധ്യാപകർ
ആശാൻ കളരികൾ - 6 എണ്ണം		46	30	76	1 x 6=6
ബാലവാടി					
1.	കുറിച്ചിത്താനം	11	19	30	1
2.	മണ്ണയ്ക്കനാട്	20	20	40	1
3.	പാലയ്ക്കാട്ടുമല	4	11	15	1
4.	സെ:ജോസഫ് നേഴ്സറി സ്കൂൾ, പാലയ്ക്കാട്ടുമല	16	12	28	2
5.	ബി.കെ.എം. നേഴ്സറി സ്കൂൾ, മരങ്ങാട്ടുപിള്ളി	13	18	31	1
6.	സെ:തോമസ് നേഴ്സറി സ്കൂൾ, കുറിച്ചിത്താനം	6	9	15	2
7.	ബാലകൈരളി വിദ്യാലയം മരങ്ങാട്ടുപിള്ളി	12	14	26	1
8.	എസ്.എൻ. വനിതാസമാജംവക നേഴ്സറിസ്കൂൾ, കുര്യനാട്	10	8	18	2

	വിദ്യാലയത്തിന്റെ പേര്	ആൺ	പെൺ	ആകെ	അദ്ധ്യാപകർ ആകെ
1.	ഗവ: എൽ.പി.സ്കൂൾ പാവയ്ക്കൽ, കുര്യനാട്	86	62	148	7
2.	ഗവ: എൽ.പി.സ്കൂൾ, കുറിച്ചിത്താനം	92	79	171	7
3.	ഗവ: എൽ.പി. സ്കൂൾ, ആണ്ടൂർ	15	16	31	3
4.	സാന്താക്രൂസ് എൽ.പി. സ്കൂൾ, മണ്ണയ്ക്കനാട്	49	56	105	4
5.	എൽ.പി. സ്കൂൾ, പാലയ്ക്കാട്ടുമല	54	53	107	3
6.	സെ:തോമസ് എൽ.പി. സ്കൂൾ, മരങ്ങാട്ടുപിള്ളി	145	126	271	7
7.	ആൽഫാമരിയ ഇംഗ്ലീഷ് മീഡിയം സ്കൂൾ മരങ്ങാട്ടുപിള്ളി	110	95	205	9
8.	സെന്റ് ആൻസ് എൽ.പി. ഇംഗ്ലീഷ് മീഡിയം സ്കൂൾ കുര്യനാട്	21	22	43	4
9.	ഒ.എൽ.സി.എൽ.പി. സ്കൂൾ, മണ്ണയ്ക്കനാട് ബധിരമൂക വിദ്യാലയം	6	17	23	2
10.	ഗവ: യു.പി. സ്കൂൾ, മണ്ണയ്ക്കനാട്	172	144	316	15

നഴ്സറി കുഞ്ഞുങ്ങളുടെ 'കുഞ്ഞുങ്ങളുടെ ഗ്രാമം' മുതൽ 12-ാം സ്റ്റാന്റേർഡ് വരെയുള്ള കുട്ടികളുൾപ്പെടെയുള്ളവർക്ക് താമസസൗകര്യമുള്ള ഗുരുകുലം പോലുള്ള സ്ഥാപനങ്ങൾ ഇരുപതേക്കറോളമുള്ള ലേബർ ഇൻഡ്യാ ഹിൽസ്, മരങ്ങാട്ടുപിള്ളി വാർഡിൽ സ്ഥിതിചെയ്യുന്നു. ഈ സ്ഥാപനത്തിന്റെ ഡയറക്ടർ വി.ജെ. ജോർജ് കുളങ്ങരയാണ്.

സാങ്കേതികവിദ്യാലയം ഒന്നുപോലും പഞ്ചായത്തിൽ നിലവിലില്ല. ബിരുദ-ബിരുദാനന്തര പഠനത്തിനുപോലും ഒരു സ്ഥാപനമില്ല.

നിലവിലുള്ള സരസ്വതീക്ഷേത്രങ്ങളിലെ ഭൗതിക സാഹചര്യങ്ങളും പരിമിതമാണ്. ഇരിപ്പിടങ്ങളില്ലാത്ത കളരികൾ, ബഞ്ചും ബോർഡും വേണ്ടത്രയില്ലാത്ത ഗവ. എൽ.പി. സ്കൂളുകൾ, കളിസ്ഥലവും പ്രാഥമികാവശ്യത്തിനുവേണ്ട സൗകര്യങ്ങളും തികയാത്ത യു.പി. സ്കൂളുകളും ഹൈസ്കൂളുകളും നമ്മുടെ വിദ്യാർത്ഥികളുടെ മാനസികവും ബൗദ്ധികവും ശാരീരികവുമായ വളർച്ചയ്ക്ക് വിലങ്ങുകൾ തന്നെ. കുടിവെള്ളക്ഷാമം മിക്കവാറും എല്ലാ സ്കൂളുകളുടെയും പ്രശ്നമാണ്.

അദ്ധ്യാപകരുടെ എണ്ണം താരതമ്യേന തൃപ്തികരമാണ്. എന്നാൽ ആണ്ടൂർ ഗവ. എൽ.പി. സ്കൂളിൽ അവശ്യംവേണ്ട അദ്ധ്യാപകരില്ല.

ഏതാണ്ട് 190 അദ്ധ്യാപകർ നമ്മുടെ പഞ്ചായത്തിൽ സർക്കാരിൽനിന്നും നേരിട്ട് ശമ്പളം വാങ്ങുന്നു. ഇതിൽ 75 ശതമാനത്തിൽ അധികം സ്ത്രീകളാണ്. പഞ്ചായത്തിൽ എല്ലാ സ്കൂളുകളിലും അദ്ധ്യാപക രക്ഷാകർത്തൃസമിതികൾ സജീവമായി പ്രവർത്തിക്കുന്നു. എൽ.പി. സ്കൂളിൽ പുതിയ സംരംഭമായ മാതൃസംഗമങ്ങളും നടന്നുവരുന്നു.

സാമ്പത്തിക സഹായം

വിവിധ സ്കൂളുകളിലായി ലംപ്സംഗ്രാന്റ് ഇനത്തിൽ 39000 രൂപയും മെരിറ്റ് സ്കോളർഷിപ്പ് ഇനത്തിൽ 6500 രൂപയും വികലാംഗർക്കുള്ള സഹായ ഇനത്തിൽ 2800 രൂപയും പട്ടികജാതി പിന്നോക്കവർഗ്ഗ പ്രോത്സാഹന ഇനത്തിൽ 13580 രൂപയും സർക്കാരിൽ നിന്നും പ്രതിവർഷം ചെലവു ചെയ്തുവരുന്നു.

എൽ.പി, യു.പി. ഹൈസ്കൂളുകളിലായി 250 ഓളം SC,ST വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുണ്ട്. എല്ലാ സ്കൂളുകളിലും ഉച്ചക്കഞ്ഞിവിതരണം നടത്തിവരുന്നു. തുച്ഛമായ സർക്കാർ സഹായത്തിനുപുറ-

മേ ആവശ്യമായ മുഴുവൻ തുകയും അതതുപ്രദേശങ്ങളിലെ അദ്ധ്യാപക രക്ഷാകർത്തൃസംഘടനയാണ് വഹിച്ചുവരുന്നത്.

മൂന്ന് ഹൈസ്കൂളുകളിലെ വാർഷികപരീക്ഷയുടെ നിലവാരം താഴെ

	91-92	92-93	93-94	94-95	95-96
സെൻറ് ആൻസ് കുര്യനാട്	100	100	99	100	100
സെൻറ് തോമസ് മരങ്ങാട്ടുപിള്ളി	79	71	83	82	67
ഹൈസ്കൂൾ കുറിച്ചിത്താനം	65	63	64	51	82

കലാകായികരംഗം

പഞ്ചായത്തിലെ കുട്ടികൾ കലാകായികരംഗങ്ങളിൽ മികച്ച നിലവാരം പുലർത്തുന്നു. മരങ്ങാട്ടുപിള്ളി സെൻറ് തോമസിലെ വിദ്യാർത്ഥികൾ ജില്ലാതലത്തിലും റവന്യൂ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പലതവണ ബാസ്ക്കറ്റ് ബോൾ വിജയം വരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ടീമിൽ സെലക്ഷൻ ലഭിച്ച് ദേശീയ മത്സരത്തിൽ പങ്കെടുത്തവരും പലരുണ്ട്. ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥിനിയായിരുന്ന ഡാൻറി അഗസ്റ്റിൻആനശ്ശേരിൽ ഇന്ത്യൻ ബാസ്ക്കറ്റ് ബോൾ ടീം അംഗമായിരുന്നു. 10000 രൂപ വീതം റവന്യൂ ജില്ലയിലെ മികച്ചബാസ്ക്കറ്റ്ബോൾ ടീമിനുള്ള പാരിതോഷികം അഞ്ചുതവണ മരങ്ങാട്ടുപിള്ളി സെൻറ് തോമസാണ് കരസ്ഥമാക്കിയത്. മറ്റ് സ്പോർട്സ് ഇനങ്ങളിലും ജില്ലാ സംസ്ഥാന താരങ്ങളെ സംഭാവന ചെയ്യുവാൻ സെൻറ് തോമസിന് കഴിഞ്ഞിട്ടുണ്ട്. യുവജനോത്സവ വേദികളിലും സെൻറ് തോമസ് ആധിപത്യം പുലർത്തിപോന്നിട്ടുണ്ട്.

കലാരംഗത്ത് ചുരുങ്ങിയ നാളുകൾക്കകം തുടർച്ചയായി ജില്ലാതലത്തിൽ ഒന്നാംസ്ഥാനം നിലനിർത്താൻ കുര്യനാട് സെൻറ് ആൻസിന് കഴിഞ്ഞിട്ടുണ്ട്.

പ്രവൃത്തി പരിചയമേളകളിലും ശാസ്ത്രഗണിത ശാസ്ത്രമേളകളിലും ഈ പഞ്ചായത്തിലെ എൽ.പി., യു.പി., ഹൈസ്കൂൾ വിദ്യാർത്ഥികൾ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും തുടർച്ചയായി സമ്മാനങ്ങൾ നേടുന്നു.

അപര്യാപ്തതകളും പരിഹാരമാർഗ്ഗങ്ങളും

ആറിലധികം ആശാൻ കളരികൾ ഉണ്ടെങ്കിലും അവിടെയെത്തി അക്ഷരത്തനിമ അറിയുന്ന കുട്ടികളുടെ എണ്ണം വളരെ കുറവാണ്. ആശാൻ കളരികളെ നവീനവത്ക്കരിക്കുന്നത് ഭാഷാപഠനത്തിന് ഉപകാരപ്പെടും. നേഴ്സറി സ്കൂളുകളിലും ബാലവാടികളിലും കളിസമ്പ്രദായമാണ് വിഭാവനംചെയ്തിരിക്കുന്നതെങ്കിലും അവരുടെമേൽ പഠനത്തിനു ചെലുത്തുന്ന നിർബന്ധം അശാസ്ത്രീയവും അസഹനീയവുമാണ്.

പ്രൈമറി സ്കൂളുകളിലെ പാഠ്യപദ്ധതി വിജയകരമായി തീരുവാൻ ഷിഫ്റ്റ് സമ്പ്രദായം മാറ്റണം. ഓരോ പ്രൈമറി സ്കൂളിലും ഓരോ ഫുൾടൈം മീനിയൽ സ്റ്റാഫ് ഉണ്ടായിരിക്കേണ്ടതാണ്.

നമ്മുടെ യു.പി. സ്കൂളുകളും ഹൈസ്കൂളുകളും ഉൾക്കൊള്ളുന്നത് അധികവും സാമ്പത്തിക പിന്നോക്കവിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളെയാണ്. ഇതും പഠനനിലവാരത്തെ ബാധിക്കുന്നു.

പഞ്ചായത്തിൽ ഒരു കോളേജും രണ്ട് മൂന്ന് സാങ്കേതിക വിദ്യാകേന്ദ്രങ്ങളും താമസംവിനാ തുടങ്ങണം. മരങ്ങാട്ടുപിള്ളി സെൻറ് തോമസ് ഹൈസ്കൂളിലും കുര്യനാട് സെൻറ് ആൻസ് ഹൈസ്കൂളിലും പ്ലസ് റ്റു ആരംഭിക്കാം.

നിലവിലുള്ള പരീക്ഷാസമ്പ്രദായം പരിഷ്ക്കരിക്കണം. എൽ.പി., യു.പി. തലങ്ങളിൽ പൊതുപരീക്ഷ ആവശ്യമാണ്. മിനിമം യോഗ്യതയുള്ളവരെമാത്രം വിജയിപ്പിക്കുന്നതിൽ നിർബന്ധം പാലിക്കണം.

		വിദ്യാർത്ഥികൾ			അദ്ധ്യാപകർ
		ആൺ	പെൺ	ആകെ	ആകെ
1.	സെൻറ് തോമസ് ഹൈസ്ക്കൂൾ, മരങ്ങാട്ടുപിള്ളി	437	359	796	35
2.	സെൻറ് ആൻസ് ഹൈസ്ക്കൂൾ, കുര്യനാട്	487	307	794	29
3.	ശ്രീകൃഷ്ണ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കുറിച്ചിത്താനം	179	182	361	32
4.	ലേബർ ഇൻഡ്യ ഗുരുകുലം പബ്ലിക് സ്കൂൾ, മരങ്ങാട്ടുപിള്ളി	197	150	347	40

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്

		B	G	Total	Teacher
1	റോയൽ കോളജ് മരങ്ങാട്ടുപിള്ളി	21	32	53	9
2	വിദ്യാനികേതൻ കോളജ് മരങ്ങാട്ടുപിള്ളി	13	22	35	9
3	സെ: മേരീസ് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മണ്ണയ്ക്കനാട്	–	27	27	2

സാങ്കേതിക വിദ്യാഭ്യാസ സാധ്യത


കലാലയ വിദ്യാഭ്യാസ സൗകര്യം

പാഠപുസ്തകങ്ങളോടൊപ്പം ആവശ്യമായ ആധികാരിക അദ്ധ്യാപന സഹായികളും സർക്കാർ പ്രസിദ്ധീകരിച്ച് ആവശ്യാനുസരണം വിതരണം ചെയ്യണം.

പുതിയ പാഠ്യവിഷയങ്ങൾ കൈകാര്യം ചെയ്യാൻ അദ്ധ്യാപകരെ ഹ്രസ്വകാല പരിശീലനം കൊടുത്ത് പ്രാപ്തരാക്കണം.

ധമാക്കണം. പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് പൊതുവേയും കൂടുതൽ മികവുതെളിയിക്കുന്നവർക്ക് കൂടുതലായും ഗ്രേഡ് മാർക്ക് നൽകണം.

വിദ്യാർത്ഥികൾക്കു കലാ-കായിക പരിശീലനങ്ങൾക്കുള്ള സൗകര്യവും അപര്യാപ്തമാണ്. മികച്ച കായികാദ്ധ്യാപകരുടെയും കോച്ചുകളുടെയും സേവനം



❑ സെന്റ് ആൻസ് ഹൈസ്കൂൾ (കുര്യനാട്).

'വിദ്യാഭ്യാസം രാജ്യപുരോഗതിക്ക്' എന്ന സ്വപ്ന സാക്ഷാത്ക്കാരം നടപ്പിലാക്കാൻ കാർഷികരാജ്യത്ത് ഗ്രാമപ്രദേശങ്ങളിലെങ്കിലും കാർഷികവിദ്യാഭ്യാസവും കാർഷികപരിശീലനവും സ്കൂളുകളിൽ നിർബന്ധമായി സ്കൂളുകളിൽ ലഭ്യമാക്കണം. കലാപഠനത്തിനും സ്കൂൾ തലത്തിലോ പൊതുവായോ സംവിധാനം ഉണ്ടാക്കണം. ○

ആരോഗ്യം/കുടിവെള്ളം

ശുചിത്വം ആരോഗ്യത്തിന്റെ അടിത്തറ രഹസ്യം

വ്യക്തികളുടെ ആരോഗ്യമാണ് സമൂഹത്തിന്റെ ആരോഗ്യം. ആരോഗ്യമുള്ള സമൂഹമാണു നാടിന്റെ ശക്തി. വ്യക്തികളിൽ ശുചിത്വബോധം വളർത്തിയാലേ ആരോഗ്യമുള്ള സമൂഹമുണ്ടാവൂ. അതിനുള്ള ബോധവൽക്കരണമാണ് ആരോഗ്യപദ്ധതിയുടെ ആദ്യപടി. രോഗചികിത്സ രണ്ടാം ഘട്ടവും.

"മനുഷ്യന് ആദ്യം ഉണ്ടാകുന്ന രോഗം വിശപ്പാണ്." ആ രോഗത്തിന്റെ മരുന്നാണ് ഭക്ഷണം!

മരുന്നുകഴിക്കുന്നതിലെ ക്രമമില്ലായ്മയാണ് നമ്മെ രോഗിയാക്കുന്നത്.

ആരോഗ്യ സംരക്ഷണമാണു പ്രധാനം. രോഗചികിത്സ പിന്നാലെ. രോഗത്തെ അകറ്റിനിർത്തലാണല്ലൊ രോഗം വന്നിട്ടുചികിത്സിക്കുന്നതിനെക്കാൾ മെച്ചം. ആരോഗ്യത്തിന്റെ അടിത്തറ രഹസ്യംതന്നെ ശുചിത്വമാണ്. ശുചിയായ പാർപ്പിടം, ശുചിയായ വെള്ളം, ശുചിയായ അന്തരീക്ഷം. നമ്മുടെ പഞ്ചായത്തിൽ ഇവ കിട്ടാനുണ്ടോ?

അൽപം ചില യാഥാർത്ഥ്യങ്ങളിലേക്ക് നോക്കാം. പഞ്ചായത്തിൽ ആകെ വീടുകൾ 3600. വേനൽക്കാലത്ത് ജലം ലഭിക്കുന്ന കിണറുകൾ 700, സ്വന്തമായി കക്കൂസ് ഇല്ലാത്ത വീടുകൾ 1524. കുടിലുകൾ 514, അനധികൃത പാറമടകൾ 12, മെറ്റൽ ക്രഷർ 1, അനധികൃത അറവുശാലകൾ 14.

തെരുവു മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്ന ഗ്രാമീണ ബസ്സ്റ്റോപ്പുകൾ, ദിനംപ്രതി ലക്ഷക്കണക്കിന് കൊതുകുകളെ ഉത്പാദിപ്പിക്കുന്ന റബ്ബർ ചിരട്ടകൾ. (മഴക്കാലത്ത് റബ്ബർ ചിരട്ടകൾ കമഴ്ത്തി വയ്ക്കാത്തതുകൊണ്ട്.) മലിനജലം കെട്ടിക്കിടക്കുന്ന റോഡുകൾ, ടൺ കണക്കിന് വിറക് കത്തിയെരിയുന്ന പുകയിൽ മുങ്ങുന്ന 3400 അടുക്കളകൾ. (പുകയില്ലാത്ത അടുപ്പുകളോ ബയോഗ്യാസ് കണക്ഷനൊ ഉള്ള വീടുകൾ അപൂർവം) ഒറ്റയ്ക്കും കൂട്ടായും നടത്തുന്ന വ്യാജമദ്യ വില്പന കേന്ദ്രങ്ങളും ലാഭംമാത്രം ലക്ഷ്യമിടുന്ന കച്ചവടക്കാരും ഇതൊന്നും കണ്ടില്ലെന്നു നടിക്കുന്ന ഉദ്യോഗസ്ഥരും ജനപ്രതിനിധികളും സാമൂഹ്യപ്രവർത്തകരും നിയമപാലകരും. നനഞ്ഞൊലിക്കുകയും വൃത്തിഹീനതയുടെ പര്യായമായി മാറുകയും ചെയ്യുന്ന ആരോഗ്യകേന്ദ്രങ്ങൾ. വീടുകളോടു ചേർന്നുള്ള ചാണകക്കുഴികൾ. വാഹനങ്ങൾ തള്ളിവിടുന്ന പുകപടലങ്ങളും കുടിവെള്ളത്തിനായി കിലോമീറ്ററുകൾ സഞ്ചരിക്കുന്ന വീട്ടമ്മമാരും പോഷകാഹാരക്കുറവുനേരിടുന്ന പാവപ്പെട്ട കുട്ടികളും ഒരു നേരത്തെ ആഹാരത്തിനു ബുദ്ധിമുട്ടുന്ന ദരിദ്രനാരായണൻമാരും.

ഷാപ്പുകളുടെ എണ്ണത്തിൽ മറ്റു പഞ്ചായത്തുകളേക്കാൾ മുന്നിൽ സ്ഥാനമുള്ള മരങ്ങാട്ടുപിള്ളി പഞ്ചായത്തിന്റെ പൊതുജനാരോഗ്യസ്ഥിതിയെപ്പറ്റിയുള്ള അന്വേഷണം ഭീതിജനകമായ അവസ്ഥ നമുക്കു സമ്മാനിച്ചിരിക്കുന്നു. ശരിയായ ലൈംഗിക വിദ്യാഭ്യാസം നേടാത്ത യുവതലമുറയും നമ്മുടെ പ്രശ്നമാണ്!

കാൻസർ, ഉദരരോഗങ്ങൾ, വയറിളക്കം, വയറുകടി, മഞ്ഞപ്പിത്തം, മലമ്പനി, കുഷ്ഠം, എലിപ്പനി, സർവ്വസാധാരണമായിരിക്കുന്ന ഹൃദയരോഗങ്ങൾ, മെനിഞ്ചൈറ്റിസ്, ആസ്ത്മ, ടൈഫോയ്ഡ്, ക്ഷയം. സമൂഹത്തെ ഇവയെല്ലാംകൂടി കാർന്നു തിന്നാൻ ഒരുങ്ങുന്നു.

രോഗംവന്നവരെ ചികിത്സിക്കുന്നത്രതന്നെ പ്രധാനമാണു മറ്റുള്ളവർക്കു രോഗം വരാതെ നോക്കുന്നതും. അതിന് ശുചീകരണ പദ്ധതികളും ആരോഗ്യ-ക്ഷേമ പ്രവർത്തനങ്ങളും നടപ്പാക്കണം. പ്രവർത്തനങ്ങൾ എന്തായാലും ജനങ്ങളിൽ ശുചിത്വബോധം വളർത്തി, അവരിലൂടെയേ സമൂഹത്തെ ആരോഗ്യ



❑ ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറി *(മണ്ണയ്ക്കനാട്).*

ത്തിലേക്കു നയിക്കാനാകൂ. ഇതിന് കുടുംബങ്ങൾ കേന്ദ്രീകരിച്ച് പ്രാദേശികതലത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ വേണം.

പഞ്ചായത്തിലെ ആരോഗ്യകേന്ദ്രങ്ങൾവഴി ഇവ നടപ്പാക്കുന്നതോടൊപ്പം രോഗചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വേണം.

മരങ്ങാട്ടുപിള്ളിയിൽ പ്രാഥമികാരോഗ്യകേന്ദ്രവും ആണ്ടൂരിലെ ഗവ. ആയൂർവേദ ഡിസ്പെൻസറിയും മണ്ണയ്ക്കനാട്ടിലെ ഗവ. ഹോമിയോ ഡിസ്പെൻസറിയുമാണ് നമുക്ക് ആശ്രയിക്കാവുന്ന ആരോഗ്യകേന്ദ്രങ്ങൾ.

പ്രാഥമികാരോഗ്യകേന്ദ്രം

ഒരു ഡോക്ടറും 23 സ്റ്റാഫും ഒരുനില കെട്ടിടവും 26 കിടക്കകളും അടങ്ങിയ PHC യുടെ പ്രവർത്തനം കഷ്ടതകളുടെ കഥയാണ്. നനഞ്ഞൊലിക്കുന്ന കെട്ടിടത്തിൻെറ അറ്റകുറ്റപ്പണി എത്രയുംവേഗം നടത്തണം. വൃത്തിയും വെടിപ്പുമുള്ള ആശുപത്രിയാക്കി ഇതിനെ മാറ്റുന്നതിന് രോഗികളും പൊതുജനങ്ങളും സ്റ്റാഫ് അംഗങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിച്ചേ പറ്റൂ. ആശുപത്രി വികസനസമിതി ഉണ്ടെങ്കിലും പ്രവർത്തനം കാര്യമായിട്ടില്ല. ആകയാൽ HDC യുടെ പ്രവർത്തനവും നിയന്ത്രണവും ഉണ്ടാവുക, അടിയന്തിരമായി പ്രസവവാർഡ് നിർമ്മിച്ച് ഒരു ലേഡി ഡോക്ടറുടെ സേവനം ലഭ്യമാക്കുക, ഒരു ബ്ലോക്കുകൂടി നിർമ്മിക്കുക, കൂടുതൽ ബഡ്ഡുകൾ അനുവദിക്കുക, കൂടുതൽ സ്റ്റാഫിനെ നിയമിക്കുക, രോഗികൾക്കും ആശുപത്രി ആവശ്യങ്ങൾക്കും ശുദ്ധജലം എത്തിക്കുക, ആശുപത്രിയിലേക്കുള്ള വഴിയുടെ റീടാറിംഗ് ഉടനെ നടത്തുക, കൂടുതൽ മരുന്ന് എത്തിക്കുക എന്നീ കാര്യങ്ങൾ നടപ്പിൽ വരുത്തിയാലേ യഥാർത്ഥ പൊതുജനാരോഗ്യകേന്ദ്രമാക്കി ഈ PHC യെ മാറ്റാൻ സാധിക്കുകയുള്ളൂ. സ്റ്റാഫ് ക്വാർട്ടേഴ്സ് അടിയന്തിരമായി നിർമ്മിക്കേണ്ടതുണ്ട്.

PHC യിലെ ചികിത്സാ രജിസ്റ്റർ

	കിടത്തി ചികിത്സ				മരുന്നുവാങ്ങിയവർ			
വർഷം	സ്ത്രീകൾ	പുരുഷന്മാർ	കുട്ടികൾ	ആകെ	സ്ത്രീകൾ	പുരുഷന്മാർ	കുട്ടികൾ	ആകെ
1992-93	361	334	153	848	9050	7673	5990	22713
93-94	364	308	101	773	13127	10120	6620	29867
94-95	574	350	113	1037	8365	6761	4451	19077
95-96	426	374	82	882	5948	4634	2942	13524

മണ്ണയ്ക്കനാട് ഗവ. ഹോമിയോ ഡിസ്പെൻസറി

സ്വന്തമായ കെട്ടിടത്തിലാണ് ഈ ഡിസ്പെൻസറി പ്രവർത്തിക്കുന്നത്. ഒരു ഡോക്ടറും മറ്റുമൂന്നു ജീവനക്കാരും അടങ്ങിയ ഡിസ്പെൻസറിയുടെ പ്രവർത്തനം നല്ല നിലയിൽ നീങ്ങുന്നു. പൊതുജനങ്ങളെയും രോഗികളെയും മറ്റു സംവിധാനങ്ങളെയും കൂട്ടിയോജിപ്പിക്കുന്നതിൽ ഇവിടുത്തെ ഉദ്യോഗസ്ഥർ വിജയിച്ചിട്ടുണ്ടെന്നാണ് സൂചന. ജോയി നടുക്കര M.P. യുടെ ഫണ്ടിൽ നിന്ന് ഒരു ലക്ഷം രൂപാ ഇതിന്റെ വികസനത്തിന് അനുവദിച്ചിട്ടുണ്ട്. കൂടുതൽ മരുന്ന് എത്തിക്കുകയും രണ്ടു സ്റ്റാഫിനെക്കൂടി നിയമിക്കുകയും കെട്ടിടം വലുതാക്കി പണിയുകയും ചെയ്താൽ കിടത്തി ചികിത്സിക്കാവുന്ന ആശുപത്രിയാക്കി ഇതിനെ ഉയർത്താം.

ഹോമിയോ ഡിസ്പെൻസറിയിൽ നിന്നു ചികിത്സ നേടിയവരുടെ എണ്ണം

1990-91	91-92	92-93	93-94	94-95	95-96
19378	23847	21591	17760	17716	15183

ഗവ. ആയുർവ്വേദ ഡിസ്പെൻസറി ആണ്ടൂർ

1962 മാർച്ച് അഞ്ചാം തീയതി പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം 34 വർഷമായി വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ജീവനക്കാർ വേണ്ടത്രയുണ്ട്. വാതം, ത്വക്ക്രോഗം, ശ്വാസകോശസംബന്ധമായ രോഗങ്ങൾ, പാണ്ട് തുടങ്ങിയ രോഗങ്ങൾ ഉള്ളവരാണ് രോഗികളിൽ അധികവും. ഒരു ദിവസം അറുപതിനും എഴുപതിനും ഇടയ്ക്ക് രോഗികൾ വന്നുകൊണ്ടിരിക്കുന്നു. ആവശ്യമായ ഔഷധങ്ങളും യഥാസമയം എത്തുന്നുണ്ട്. ഔഷധങ്ങൾ സൂക്ഷിക്കുന്നതിനാവശ്യമായ ഫർണിച്ചറും മറ്റുമില്ല. ഡിസ്പെൻസറിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സ്വന്തമായ സ്ഥലവും കെട്ടിടവും ആവശ്യമാണ്. ഡോക്ടറുടെ സ്ഥിരമായ സേവനം ലഭിക്കുന്നതിന് ഒരു സ്റ്റാഫ് കാർട്ടേഴ്സ് ആവശ്യമാണ്.

സ്വകാര്യചികിത്സാ കേന്ദ്രങ്ങളും പ്രമുഖ വ്യക്തികളും

വൈദ്യൻ ശ്രീധരൻ നമ്പൂതിരി- കുറിച്ചിത്താനം

സ്വകാര്യ ചികിത്സാരംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കുകയും ആയുർവ്വേദ ചികിത്സാക്രമത്തെ ജനങ്ങളിൽ എത്തിക്കുകയും ചെയ്ത കേരളത്തിലെ അറിയപ്പെടുന്ന ഭിഷഗ്വരനായിരുന്നു കുറിച്ചിത്താനത്തെ വൈദ്യൻ എസ്. ശ്രീധരൻനമ്പൂതിരി. അദ്ദേഹം സ്ഥാപിച്ച ശ്രീധരി വൈദ്യശാലയും അനുബന്ധ സ്ഥാപനങ്ങളും നമ്മുടെ കുറിച്ചിത്താനത്ത് സ്ഥിതിചെയ്യുന്നു. പ്രശസ്ത കവിയും ആയുർവ്വേദ ഭിഷഗ്വരനുമായിരുന്ന വൈദ്യൻ 1893-ൽ കുറിച്ചിത്താനത്തെ മഠത്തിൽ ഇല്ലത്ത് ജനിച്ചു. നിരവധി ആളുകളെ ആയുർവ്വേദവും സംസ്കൃതവും പഠിപ്പിക്കുകയും വിവിധ പ്രദേശങ്ങളിൽ കാൽനടയായി സഞ്ചരിച്ചും ലാഭേച്ഛകൂടാതെയും ശുശ്രൂഷിക്കുകയും ചെയ്തിരുന്നു.

ശ്രീധരി വൈദ്യശാല, ശ്രീധരി ഫാർമസ്യൂട്ടിക്കൽസ് (വ്യവസായം), ശ്രീധരി മെഡിക്കൽ സെൻറർ, ഔഷധി ഏജൻസി മരങ്ങാട്ടുപിള്ളി, മാതാ ആയുർവേദ ഫാർമസി, നാഗാർജ്ജുന ഔഷധശാല, ഹോമിയോ ക്ലിനിക് മരങ്ങാട്ടുപിള്ളി, ഹോമിയോ ക്ലിനിക് കുറിച്ചിത്താനം, ദന്താശുപത്രി, A.R.D.T ആയുർവേദ ഡിസ്പെൻസറി, ആണ്ടൂരിലെ പ്രസിദ്ധമായ പ്ലാത്തോട്ടം വൈദ്യന്മാരുടെ തിരുമ്മുചികിത്സാകേന്ദ്രം, മണിയമ്പ്രാ വൈദ്യന്മാരുടെ മർമ്മചികിത്സ തുടങ്ങിയവയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. മാഞ്ചേരിക്കുന്നേൽ വൈദ്യന്മാരുടെ വിഷചികിത്സയും പ്രസിദ്ധമാണ്.

പൊതുജനാരോഗ്യ പ്രശ്നങ്ങൾ

(1) പൊതുസ്ഥലങ്ങളിലെ മലമൂത്ര വിസർജ്ജനം

(2) ലഹരിയുടെ അമിതമായ ഉപയോഗം.

(3) പുകവലി, മുറുക്ക് എന്നിവയുടെ അമിതമായ ഉപയോഗം.

(4) ചപ്പുചവറുകൾ കൂട്ടിയിട്ട് ഉണ്ടാകുന്ന മാലിന്യങ്ങൾ.

(5) പൊതുടാപ്പുകളിൽ നിന്നു വല്ലപ്പോഴും ലഭിക്കുന്ന ശുദ്ധമല്ലാത്ത ജലം.

(6) വേനൽക്കാലങ്ങളിൽ വൃത്തിയില്ലാത്ത കിണറുകളിലെ ജലം ഉപയോഗിക്കാൻ ജനങ്ങൾ നിർബന്ധിതരാകുന്നത്.

(7) മാലിന്യങ്ങളുള്ള ഭക്ഷണപദാർത്ഥങ്ങൾ കണ്ടെത്താനും വിപണനം നിയന്ത്രിക്കാനും ക്രിയാത്മക സംവിധാനങ്ങൾ ഇല്ലാത്തത്.

(8) പരിസര ശുചിത്വത്തെക്കുറിച്ചും അവയുടെ അഭാവത്തിലുണ്ടാകുന്ന രോഗങ്ങളെക്കുറിച്ചും ജനങ്ങളിൽ വേണ്ടത്ര അറിവില്ലായ്മ.

(9) കിണറുകളിൽ ക്ലോറിനേഷൻ നടത്താതിരിക്കുന്നത്.

(10) മലിനജലം കെട്ടിക്കിടന്ന് കൊതുക് പെരുകുന്നതും അവയെ നിയന്ത്രിക്കാൻ സംവിധാനങ്ങൾ ഇല്ലാത്തതും.

(11) പ്രാഥമികാരോഗ്യ കേന്ദ്രംപോലും വൃത്തിഹീനതയുടെ പര്യായമായി മാറുന്നത്.

നിർദ്ദേശങ്ങൾ

(1) മരങ്ങാട്ടുപിള്ളി P.H.C യുടെ കീഴിലുള്ള സബ് സെൻററുകൾ അറ്റകുറ്റപണി നടത്തി വൃത്തിയാക്കുകയും വേണ്ടത്ര പ്രവർത്തനസജ്ജമാക്കുകയും ചെയ്യുക.

(2) കുറിച്ചിത്താനം പ്രദേശത്ത് ഗവ. ആശുപത്രി അനുവദിക്കുക.

(3) കുര്യനാട് മേഖലകളിൽ സഹകരണ ആശുപത്രി ആരംഭിക്കുക.

(4) പ്രകൃതി ചികിത്സാകേന്ദ്രങ്ങൾ കുറിച്ചിത്താനത്ത് ആരംഭിക്കുക.

No.	രോഗങ്ങൾ	91-92	92-93	93-94	94-95	95-96	IP	OP
1.	ടൈഫോയ്ഡ്	–	–	–	–	4	–	5
2.	വയറുകടി	4	6	5	18	123	–	38
3.	മറ്റു വയറുരോഗങ്ങൾ	6	8	5	18	17	–	50
4.	ക്ഷയരോഗം	–	–	–	–	–	–	–
5.	മഞ്ഞപ്പിത്തം	–	–	–	–	10	–	–
6.	മലേറിയ	–	–	–	–	–	–	–
7.	എലിപ്പനി	–	–	–	–	1	–	–
8.	കൊക്കപ്പുഴു	–	–	–	12	8	–	–
9.	തൊണ്ടവീക്കം	–	–	–	2	16	–	5
10.	പ്രമേഹം	7	5	6	14	13	–	35
11.	രക്തക്കുറവ്	10	8	9	31	38	–	48
12.	ചുഴലി	–	–	–	–	25	–	15
13.	തിമിരം	2	3	4	3	11	–	16
14.	നേത്രരോഗം	5	7	8	18	19	–	37
15.	കാഴ്ചക്കുറവ്	–	–	–	4	14	–	–
16.	ചെവിപഴുപ്പ്	6	5	11	12	36	–	29
17.	രക്തസമ്മർദ്ദം	10	8	11	22	69	–	69
18.	ഹൃദ്രോഗം	–	–	–	–	2	–	2
19.	പക്ഷപാതം	12	10	14	17	48	–	80
20.	തലച്ചോറിൽ രക്തസ്രാവം	–	–	–	–	–	–	–
21.	ഞരമ്പുപിടപ്പ്	–	–	–	3	7	–	–
22.	ജലദോഷം, പനി, ചുമ	15	18	20	64	928	–	639
23.	അർശസ്സ്	8	10	11	29	56	–	65
24.	ടോൺസിലൈറ്റിസ്	4	5	8	14	226	–	35
25.	കടുത്തചുമ	12	14	18	29	94	–	11
26.	ന്യൂമോണിയ	–	–	–	–	6	–	6
27.	ആസ്ത്മ	7	6	11	32	47	–	48
28.	വായ്ക്കകത്തുള്ള പഴുപ്പ്	2	3	4	9	32	–	23
29.	ദന്തരോഗങ്ങൾ	–	–	–	4	27	–	10
30.	പെപ്റ്റിക് അൾസർ	6	10	14	9	41	–	55
31.	അപ്പെന്റിസൈറ്റിസ്	–	–	–	–	–	–	–
32.	ഹെർണിയ	–	–	–	–	22	–	17
33.	കുടൽ തടസ്സം	–	–	–	–	–	–	–
34.	കരൾവീക്കം	–	–	–	–	–	–	–
35.	പിത്താശയ കല്ല്	–	–	–	–	–	–	–
36.	കിഡ്നിരോഗം	–	–	–	–	–	–	–
37.	മൂത്രാശയ കല്ല്	4	5	6	6	41	–	27
38.	വൃഷണനീർ	–	–	–	–	–	–	–
39.	പുരുഷ വന്ധ്യത	–	–	–	–	3	–	–
40.	ഗർഭപാത്രം തള്ളിവരൽ	–	–	–	–	5	–	5
41.	മാസമുറ തെറ്റൽ	8	10	6	18	63	–	32
42.	സ്ത്രീവന്ധ്യത	4	3	3	5	4	–	19
43.	ഗർഭഛിദ്രം	–	–	–	–	5	–	–
44.	ഗർഭകാല രോഗങ്ങൾ	6	3	4	3	130	–	21
45.	വാതം	22	28	31	73	222	–	159
46.	ഉളുക്കും പരിക്കുകളും	2	2	3	23	191	3	48
47.	തീപ്പൊള്ളൽ	–	–	–	8	19	–	2
48.	റോഡപകടങ്ങൾ	–	–	–	–	–	–	–
49.	അടിപിടിമൂലം പരിക്ക്	–	–	–	–	–	–	–
50.	ക്ഷയം	–	–	–	–	1	–	–
51.	ചിക്കൻപോക്സ്	–	–	–	–	90	–	–
52.	മസ്തിഷ്കജ്വരം	–	–	–	–	–	–	–
53.	ത്വക്കുരോഗം	–	–	–	–	150	–	–

(5) കോളനികളിലെ ആരോഗ്യസ്ഥിതി വിലയിരുത്തി പരിഹാരങ്ങൾ കണ്ടെത്തുന്നതിന് പഞ്ചായത്തും ഹെൽത്ത് ഡിപ്പാർട്ടുമെൻറും ചേർന്ന് സംയുക്തസമിതി രൂപീകരിക്കുക.

(6) സ്കൂളുകളിൽ ഹെൽത്ത് ക്ലബ്ബുകൾ ആരംഭിക്കുക.

(7) ജനങ്ങളുടെ ആരോഗ്യബോധവൽക്കരണത്തിനും പ്രവർത്തനങ്ങൾക്കുമായി കുറിച്ചിത്താനം കേന്ദ്രമാക്കി ഒരു സൊസൈറ്റി പ്രവർത്തനം ആരംഭിക്കുക.

(8) എല്ലാ വാർഡുകളിലും പൊതുശ്മശാനങ്ങൾ സ്ഥാപിക്കുക.

(9) എല്ലാ വാർഡുകളിലും അംഗൻവാടികൾ തുറക്കുക.

(10) സ്ത്രീകൾക്കും അമ്മമാർക്കും ബോധവത്ക്കരണ ക്ലാസുകൾ നടത്തുക.

(11) എല്ലാ സ്കൂളുകളിലും ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കുക.

പ്രശ്നം ജലക്ഷാമമല്ല; ജലവിനിയോഗം

വർഷകാലത്തു മഴ സുലഭം. വേനലിൽ വരൾച്ച പതിവും. കുന്നുകളും കുഴികളുമായികിടക്കുന്ന നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയും ഉയർന്ന പ്രദേശങ്ങളിൽ ജലദൗർലഭ്യത്തിനുകാരണമാകുന്നു. പ്രകൃതിയുടെ ഈ പ്രത്യേകത തന്നെ അനുഗ്രഹമാക്കിമാറ്റാൻ നമുക്കു കഴിയണം. താഴ്ന്ന ഭാഗങ്ങളിൽ കുളങ്ങൾകുഴിച്ച് മലമുകളിൽ ടാങ്കുകെട്ടിയാൽ എല്ലായിടത്തും ജലം എത്തിക്കാനാവും. K.W.A ഉണരുകയും വേണം.

''വെള്ളം വെള്ളം സർവ്വത്ര, ഇല്ല കുടിപ്പാൻ വേണ്ടത്ര'' ഇതത്രേ നമ്മുടെ സ്ഥിതി. ജനതയുടെ ആരോഗ്യത്തിൽ സുപ്രധാനമായ പങ്ക് മൂന്നു ഘടകങ്ങൾക്കാണ്. (1) ശുദ്ധജലം. (2) ശുചിത്വം. (3) ശുദ്ധവായു. നമ്മുടെ മേഖലയിൽ ഏറ്റവും സുപ്രധാനപ്രശ്നം കുടിവെള്ളം തന്നെ.

ഇൻഡ്യയിൽത്തന്നെ ഏറ്റവുംകൂടുതൽ മഴപെയ്യുന്ന പ്രദേശങ്ങളിൽ ഒന്നായ കേരളത്തിലെ, റബ്ബർ ഉത്പാദനത്തിൽ മുൻപന്തിയിൽ നില്ക്കുന്ന മീനച്ചിൽ താലൂക്കിലെ പഞ്ചായത്താണ് മരങ്ങാട്ടുപിള്ളി. സുഭിക്ഷമായി മഴലഭിക്കുന്നുണ്ടെങ്കിലും വേനൽക്കാലമായാൽ കുടിവെള്ളത്തിനു നെട്ടോട്ടമായി. നമ്മുടെ പഞ്ചായത്തിന്റെ 50 വർഷത്തെ ചരിത്രം പഠിക്കുമ്പോൾ മനസ്സിലാകും, കുടിവെള്ളക്ഷാമം വർഷംതോറും കൂടുകയാണെന്ന്. ഇതിന്റെ കാരണമായി വിദഗ്ധരും കാരണവന്മാരും പറയുന്നത് ശ്രദ്ധിക്കാം.

1. അമിതമായ രാസവള പ്രയോഗംമൂലം മണ്ണിനുജലം സംഭരിക്കാനുള്ള ശേഷി നഷ്ടമാകുന്നു.
2. റബ്ബർ മരങ്ങൾ അമിതമായിജലം വലിച്ചെടുക്കുന്നു.

പഴയകാലകൃഷിരീതികൾ ജലം മണ്ണിൽ വാർന്നിറങ്ങുന്നതിനുള്ള അവസരം കൊടുത്തിരുന്നു. ഇന്ന് അത് നടക്കുന്നില്ല. ഒരു മഴയ്ക്ക് വെള്ളപ്പൊക്കവും ഒരു വെയിലിന് ജലക്ഷാമവും സാധാരണം.

പഞ്ചായത്തിലെ 3600 വീടുകളിൽ കിണറുള്ളവ 2304 മാത്രം. 1296 വീടുകളിൽ കിണറില്ല എന്നത് നമ്മുടെ കുടിവെള്ള പ്രശ്നത്തിന്റെ വ്യാപ്തി തെളിയിക്കുന്നു. 22 ചെറിയ, ചെറിയ കുന്നുകൾ നിറഞ്ഞ് ഒൻപത് വാർഡുകളിലായി കയറിയും ഇറങ്ങിയും കിടക്കുന്ന, നമ്മുടെ പഞ്ചായത്തിൽ 700 കിണറുകൾ മാത്രമാണ് വേനൽക്കാലത്തും ജനങ്ങൾക്ക് ആശ്രയിക്കാവുന്നവ. ഈ ഭൂപ്രകൃതി തന്നെ ജലക്ഷാമത്തിനു കാരണമാകുന്നു. ശതമാനത്തിൽ പറഞ്ഞാൽ 65.6% കിണറുകളിൽ വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ല. പഞ്ചായത്തിലെ ഏറ്റവും വലിയ വിഷയം കുടിവെള്ളക്ഷാമം ആണെന്നർത്ഥം.

ഇതിനു പരിഹാരമായാണ് 1986-ൽ കുറിച്ചിത്താനം-ഇലയ്ക്കാട് ശുദ്ധജല വിതരണപദ്ധതി 68.7 ലക്ഷം രൂപ ചെലവാക്കി നിർമ്മിച്ചത്. കുമ്മണ്ണൂർ ആറ്റിൽനിന്നു വെള്ളം എത്തിക്കുന്ന ഈ പദ്ധതി കടപ്ലാമറ്റം പഞ്ചായത്തിലൂടെ കടന്ന് മരങ്ങാട്ടുപിള്ളിയിലെത്തുന്നു. ഇതിന്റെ ഭാഗമായി 118 പൊതുടാപ്പുകൾ നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചെങ്കിലും വേണ്ടത്ര ജലം ലഭിക്കുന്നില്ല. മരങ്ങാട്ടുപിള്ളി-ആണ്ടൂർ എന്നിവിടങ്ങളിൽ വല്ലപ്പോഴും ജലം ലഭിക്കാറുണ്ടെങ്കിലും കുറിച്ചിത്താനം-മണ്ണയ്ക്കനാട് നെല്ലിത്താനത്തുമല എന്നിവിടങ്ങളിൽ ജലം ഒട്ടുംതന്നെ ലഭിക്കാറില്ല. കുര്യനാട്ടിലെ രണ്ടു വാർഡുകളെ ഈ പദ്ധതി സ്പർശിക്കുന്നുമില്ല. പദ്ധതി കടപ്ലാമറ്റം പഞ്ചായത്തുവഴി പോരുന്നതിനാൽ ജലത്തിന്റെ 70 ശതമാനവും അവിടെ ഉപയോഗിക്കുന്നു.

പഞ്ചായത്തിൽ പതിമൂന്നു പൊതു കുളങ്ങളും പതിനഞ്ചു പൊതുകിണറുകളും അഞ്ചു കുഴൽകിണറുക

ളും ഉണ്ടെങ്കിലും വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. വേനൽക്കാലത്ത് ലോറികളിൽ കുടിവെള്ളം എത്തിക്കുന്നുണ്ടെങ്കിലും അതു നാമമാത്രമാണ്. ഈ പ്രതിസന്ധിയിൽ ദുർബല വിഭാഗങ്ങളിൽപ്പെട്ടവരും പ്രത്യേകിച്ച് വനിതകളുമാണ് കഷ്ടപ്പാടനുഭവിക്കുന്നത്. വാട്ടർ അതോറിറ്റിയുടെയും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെൻറിൻെറയും ശുഷ്ക്കാന്തിയില്ലായ്മ പ്രശ്നം കൂടുതൽ രൂക്ഷമാക്കുന്നു. ആണ്ടൂർ, കുന്നങ്കിയിൽ, കാക്കാറുപിള്ളി, പൂവത്തിങ്കൽ പാടശേഖരങ്ങളിൽ ഉള്ള ജലസമ്പത്ത് വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. കുറിച്ചിത്താനം, മണ്ണയ്ക്കനാട് എന്നിവിടങ്ങളിൽ പഞ്ചായത്തിൻെറ ഓരോ മിനി വാട്ടർ സപ്ലൈ സ്കീം ആരംഭിക്കുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

ചുരുക്കത്തിൽ നമുക്കു പ്രശ്നം ജലദൗർലഭ്യമല്ല. ഉള്ള ജലസമ്പത്ത് പ്രയോജനപ്പെടുത്താൻ കഴിയാത്തതാണ്.

പരിഹാര നിർദ്ദേശങ്ങൾ

വാട്ടർ അതോറിറ്റിയുടെ പൈപ്പുകളിൽനിന്നും ജലം ആവശ്യാനുസരണം ലഭിക്കുവാൻ താഴെ നിർദ്ദേശിക്കുന്ന കാര്യങ്ങൾ K.W.A വഴി നടപ്പാക്കണം.

ചേലൂർ മലയുടെ അടിവാരമായ തലച്ചിറക്കുളത്തിനു സമീപം കുഴൽക്കിണറും ചേലൂർ മലയുടെ മുകളിൽ ടാങ്കും നിർമ്മിച്ച് വെള്ളം സംഭരിച്ച് കുറിച്ചിത്താനം-മണ്ണയ്ക്കനാട് റോഡിൽക്കൂടി പോകുന്ന K.W.A യുടെ പൈപ്പുലൈനിലേക്ക് ജലം ഒഴുക്കുക. ഇതുമൂലം iii, iv, v, vi വാർഡുകൾക്ക് പ്രയോജനം ലഭിക്കും. പൈപ്പുലൈനുകൾ നീട്ടി ടാപ്പുകൾ സ്ഥാപിക്കേണ്ട റോഡുകൾ.

A. ചേലൂർ- വില്ലേജ് ഓഫീസ് റോഡ്- 1 k.m

B. കൊല്ലപ്പിള്ളി ജങ്ഷൻ-പൂവത്തിങ്കൽ റോഡ്- 500 M.

C. ശ്രീധരി- ഉറുമ്പത്ത്-ശാസ്താംപാറ റോഡ്- 1.1/2 k.m

D. ശ്രീധരി L.P.S- കുടക്കച്ചിറ റോഡിൽ പാണാട്ട് ജങ്ഷൻ- 1 k.m

E. ശ്രീധരി-നെല്ലിക്കൽ റോഡ്- 700 m.

F. കുറിച്ചിത്താനം പള്ളി-ആനശ്ശേരി റോഡ്- 1 k.m

G. പൈക്കാട്- നെടുമ്പാറ റോഡ്- 1 k.m

H. പൈക്കാട്-ആലയ്ക്കാപ്പിള്ളി റോഡിൽ കല്ലോലിൽ ഭാഗംമുതൽ ആലയ്ക്കാപ്പിള്ളിവരെ- 800 m.

I. വലിയപാറ-പോക്കാട്-മഞ്ചേരിക്കുന്ന് ഭാഗം- 1.1/2 k.m

J. നെടുമ്പാറ നിന്നു വട്ടപ്പാറവരെയും പാലുകുടിയേൽ പാറവരെയും ചാക്കോത്തടം-വാഴച്ചപ്പാററോഡ് വരെയും.

K. കുറിച്ചിത്താനം-കാക്കാറുപിള്ളി പാടശേഖരത്തിൽ കുളവും ഒരു കിലോമീറ്റർ ദൂരമുള്ള ആനശ്ശേരി മലയിൽ ടാങ്കും നിർമ്മിച്ച്, പാണാട്ട് ജംഗ്ഷൻ, പറവെട്ടിക്കുന്നേൽ പ്രദേശം മമ്പള്ളിൽ പ്രദേശം, ഇടയാടിയിൽ പ്രദേശം എന്നിവിടങ്ങളിലെ 100-ളം കുടുംബങ്ങൾക്ക് മൂന്നു വീടിന് ഒരു ടാപ് എന്ന നിലയിൽ ജനകീയ പങ്കാളിത്തത്തോടുകൂടി ഒരു മിനി വാട്ടർ സപ്ലൈ സ്കീം നടപ്പാക്കുക.

L. പൂവത്തിങ്കൽ പാടശേഖരത്തിൽ കുളവും ഉയർന്ന പ്രദേശമായ കുരുടാങ്കിയിൽ പുരയിടത്തിൽ ടാങ്കും നിർമ്മിച്ച് പൂവത്തിങ്കൽ, കൊല്ലപ്പിള്ളിൽ, വട്ടംകണ്ടത്തിൽ പ്രദേശങ്ങളിലെ 100- ളം കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകുന്ന ശുദ്ധജല വിതരണ പദ്ധതി ജനകീയ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുക.

M. കുന്നങ്കിൽ പാടശേഖരത്തിലെ തെക്കേടത്ത് കുളം വൃത്തിയാക്കി (ആഴം വർദ്ധിപ്പിച്ച്) 700 M. ഉയരത്തിലുള്ള ശാസ്താംപാറ മലമുകളിൽ ടാങ്ക് നിർമ്മിച്ച് 5, 6 വാർഡുകളിലേക്ക് വെള്ളം എത്തിക്കുന്ന പദ്ധതി നടപ്പിലാക്കുക.

N. ദേവസ്വം പാടശേഖരത്തിൽ കുളവും ഉറുമ്പിൽ പുരയിടത്തിൽ ടാങ്കും നിർമ്മിച്ച് കുറിച്ചിത്താനം ഹൈസ്കൂൾ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കണം.

O. കുറിച്ചിത്താനം പ്രദേശത്തെ രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിന് ഒരു മൈക്രോവാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കണം.

P. ചെത്തിമറ്റം പ്രദേശത്ത് നല്ല നിലയിൽ പ്രവർത്തിക്കുന്ന വാട്ടർ സപ്ലൈ യൂണിറ്റിന് വൈദ്യുതി സൗജന്യമായി നൽകണം.

Q. കുറിച്ചിത്താനം പ്രദേശത്തെ ജലപദ്ധതികൾക്ക് ആവശ്യമായ വൈദ്യുതി ലഭിക്കുന്നതിന് കൊല്ലപ്പിള്ളി ജംഗ്ഷനിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

i. കോഴിക്കൊമ്പ്-നീലോലിപ്പാറ റോഡിൽ നിലവിലുള്ള പൈപ്പുലൈൻ കൂട്ടിയോജിപ്പിച്ച് കൊന്നയ്ക്കൽ താഴെ ഒരു ടാപ്പ് ഇടുക.- 300 M

ii. കുര്യനാട് രണ്ട് വാർഡുകൾക്കും പ്രയോജനം ലഭിക്കുംവിധം പുതിയ ജലവിതരണപദ്ധതി ആരംഭിക്കുക.

iii. എല്ലാ പദ്ധതികളിലും 25% വിഭവങ്ങൾ ജനങ്ങളിൽ നിന്നും ഉറപ്പുവരുത്തുക.

iv. പഞ്ചായത്തിൽ G.W.D മുഖേന സമഗ്ര സർവ്വേ നടത്തി ആവശ്യമായ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മിച്ച് ഹാൻറ് പമ്പുകൾ സ്ഥാപിക്കുക.

v. മഴക്കാലത്ത് കുത്തിയൊലിച്ചു പാഴായിപ്പോകുന്ന ജലം പറമ്പുകളിൽ തടഞ്ഞുനിർത്തി മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്നതിനുവേണ്ട കാര്യങ്ങൾ ചെയ്യുവാൻ ജനങ്ങളെ ബോധവാന്മാരാക്കുക.

vi. ജലവിതരണ പദ്ധതികൾക്കാവശ്യമായ വൈദ്യുതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുക. ആവശ്യമായ സഹായങ്ങൾ ഇല: ബോർഡിൽ നിന്ന് ഉണ്ടാവണം.

vii. മാളിയേക്കൽ ഭാഗത്ത് (ii-ാം വാർഡ്) വറ്റാത്ത കുളത്തിന് സ്ഥലം കണ്ടെത്തി കോലത്താക്കുന്ന് പ്രദേശത്ത് വെള്ളം എത്തിച്ച് വിതരണം ചെയ്യണം.

viii. കാളാമ്പുലിമലയുടെ അടിവാരത്തുള്ള കരിങ്ങാ

ലിച്ചിറ താഴ്ത്തി അതിൽ നിന്നും കാളാമ്പുലി കോലത്താങ്കുന്ന് പ്രദേശങ്ങളിലേക്ക് ജലം വിതരണം ചെയ്യുക.

ix. നിധീരി മറുകര അന്നമ്മ പഞ്ചായത്തിലേക്ക് സറണ്ടർ ചെയ്തുതന്ന സ്ഥലത്ത് കുളം നിർമ്മിച്ച് കടമ്പഞ്ചിറ തോമസിന്റെ സ്ഥലത്ത് ടാങ്ക് കെട്ടി ആ പ്രദേശത്തുള്ള അറുപതിൽപ്പരം വീടുകളിൽ കുടിവെള്ളം എത്തിക്കാനുള്ള നടപടി സ്വീകരിക്കണം.

x. ചിറ്റായിക്കുളത്തിന്റെ ഒരു ഭാഗം താഴ്ത്തി കെട്ടിയെടുത്ത് അതിൽ നിന്ന് 50 മീറ്റർ മാത്രം ദൂരെയുള്ള ടാങ്കിലേക്ക് വെള്ളമടിച്ച് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കണം.

xi. ഇല്ലിയ്ക്കൽ താഴെ കിണർ കുഴിച്ച് കറ്റുവട്ടിയേൽ ഭാഗത്ത് ടാങ്കുകെട്ടി എൺപതോളം വീട്ടുകാർക്ക് വെള്ളം എത്തിച്ചുകൊടുക്കുക.

xii. ആണ്ടൂർ ഭാഗത്ത് കുളം താഴ്ത്തി സ്പിന്നിംഗ്മിൽ പാലക്കാട്ടുമല റോഡിന്റെ മുകൾഭാഗത്ത് ടാങ്കുകെട്ടി ജലക്ഷാമം പരിഹരിക്കുക.

xiii. ആനശ്ശേരി ഭാഗത്ത് കുളംതീർത്ത് ചുടലപ്പാറ ഭാഗത്ത് ടാങ്ക്തീർത്ത് കോളനിയിലെ ജാലക്ഷാമം പരിഹരിക്കുക. xiv. കോഴിക്കൊമ്പ്-പാളയം റോഡിൽ നിന്നും ചെമ്പനാൽ റോഡുവഴി വന്നിരിക്കുന്ന ലൈനും കമ്പകം മൃഗാശുപത്രി റോഡിൽ നിന്നും ചെമ്പനാൽ റോഡിലുള്ള ലൈനുകളും തമ്മിൽ യോജിപ്പിക്കുക.

xv. കമ്പകം മൃഗാശുപത്രി റോഡിൽ നിന്നും എള്ളങ്കീ ഭാഗത്തുനിന്ന് കാരിക്കൂട്ടം ഭാഗത്തേക്ക് ലൈൻ നീട്ടുക.

xvi. ചെമ്പനാൽ റോഡിൽ നിന്നും പ്ലാത്തോട്ടം-ചുരം റോഡിലേക്കു ലൈൻ നീട്ടി കടപ്ലാമറ്റം പഞ്ചായത്തിൽ നിന്നും ചുരം- പ്ലാത്തോട്ടം വഴിയുള്ള ലൈനുമായി ബന്ധിപ്പിക്കുക.

xvii. വലിയമരുത്-മരങ്ങാട്ടുപിള്ളി റോഡിൽ വളവനാനി ജംഗ്ഷനിൽ നിന്നും കല്ലുംകൂട്ടം ഭാഗത്തേക്ക് ലൈൻ നീട്ടുക.

xviii. മേരുർകുളം താഴ്ത്തി ചുറ്റുമതിൽക്കെട്ടി കണ്ണംചിറ ഭാഗത്ത് കുടിയിരിപ്പിൽ പുരയിടത്തിൽ ടാങ്ക് ഉണ്ടാക്കി പിന്നോക്ക സമുദായക്കാർ ഉൾപ്പെടെ മുപ്പതോളം വീട്ടുകാർക്ക് കുടിവെള്ളത്തിന് പ്രയോജനപ്പെടത്തക്കവണ്ണം ഉള്ള സംവിധാനം ഉണ്ടാക്കുക. (ദൂരം-300 M.)

xix. വളകുഴിഭാഗത്ത് കുളംതീർത്ത് ഉയർന്ന പ്രദേശത്ത് ടാങ്കുകെട്ടി ജലവിതരണം നടത്തുക.

xx. പഞ്ചായത്ത് ടാക്സി സ്റ്റാൻറിന് വാങ്ങിയ സ്ഥലത്ത് കുളം നിർമ്മിച്ച് 300 മീറ്റർ ദൂരമുള്ള കണ്ണഞ്ചിറ, നാരകംതറപ്പ് ഭാഗത്ത് ടാങ്ക് നിർമ്മിച്ച് 100- ളം കുടുംബങ്ങൾക്ക് വെള്ളമെത്തിക്കുക.

വാർഡുകൾ	I	II	III	IV	V	VI	VII	VIII	IX
കോളനികൾ	3	ലക്ഷംവീട് കോളനി 1	കോളനി	1	–	–	1	–	–
പൊതുകുളങ്ങൾ	1	3	1	2	3	–	2	1	–
കിണറുകൾ	2	1	3	4	2	1	1	–	1
കുഴൽകിണറുകൾ	1	–	–	–	1	–	3	–	–

വ്യവസായം

കൃഷിയും വ്യവസായവും കൈകോർത്തുനീങ്ങണം

കാർഷികമേഖലയായ മരങ്ങാട്ടുപിള്ളിയിൽ, ആ മേഖലയെ തകർക്കാതെ വേണം വ്യവസായവൽക്കരണത്തെപ്പറ്റി ചിന്തിക്കാൻ. കൃഷിയും കാർഷികോൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങളാവും അനുയോജ്യം. പരമ്പരാഗത തൊഴിൽ മേഖലകൾ വ്യവസായമാക്കി മാറ്റാനും കഴിയണം.

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന മരങ്ങാട്ടുപിള്ളിയിലെ ജനങ്ങളിൽ സിംഹഭാഗവും കാർഷികമേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു. പരമ്പരാഗതമായി ചെയ്തുവരുന്ന കാർഷികവൃത്തിയിൽ നിന്നും വ്യതിചലിക്കുവാൻ കർഷകനു ബുദ്ധിമുട്ടുണ്ട്.

വ്യവസായരംഗത്തേക്ക് കടന്നുവരുമ്പോഴുള്ള ആശങ്ക, സർക്കാർ ഓഫീസുകളിലെ ചുവപ്പുനാടയിൽ കുടുങ്ങി കാര്യങ്ങൾ നീങ്ങാനുള്ള താമസം, അനുഭവജ്ഞാനമില്ലായ്മ, വിദ്യാഭ്യാസക്കുറവ്, വിദ്യാസമ്പന്നർ തന്നെ ഉദ്യോഗത്തിനോട് ആഭിമുഖ്യം പുലർത്തുന്നത്, മൂലധനസമാഹരണത്തിനുള്ള കഴിവില്ലായ്മ, ബാങ്ക് വായ്പയെക്കുറിച്ചും സർക്കാർ ആനുകൂല്യങ്ങളെക്കുറിച്ചുമുള്ള അറിവില്ലായ്മ, അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം, നല്ല വിപണിയില്ലായ്മ, വോൾട്ടേജ് ക്ഷാമം. പ്രശ്നങ്ങൾ പലതാണ്.

പരമ്പരാഗതമായി നമ്മുടെ പഞ്ചായത്തിൽ സ്വർണ്ണപ്പണി, മരപ്പണി, ഇരുമ്പുപണി, പായ്, കുട്ടനെയ്ത്ത് തുടങ്ങിയവ ഉണ്ടായിരുന്നു. ഇന്നും ഇവ നടക്കുന്നുണ്ടെങ്കിലും വ്യവസായമായി വളർന്നിട്ടില്ല. പഞ്ചായത്തിലാകെ രജിസ്റ്റർ ചെയ്ത മുപ്പതോളം ചെറുകിട വ്യവസായങ്ങളാണുള്ളത്. (പട്ടിക ശ്രദ്ധിക്കുക) അവയിലൊന്നും തന്നെ സാമൂഹ്യമാറ്റത്തിനുതകുന്ന തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോ നല്ല നിലയിൽ ഉയർന്നുവരുന്നതിനോ കഴിഞ്ഞവയല്ല. ഉൽപന്നങ്ങൾക്ക് കമ്പോളത്തിൽ നല്ല വില ലഭിക്കുന്നില്ല എന്ന പ്രശ്നമുണ്ട്. വൻകിട വ്യവസായം എന്ന നിലയിൽ ആണ്ടൂരിൽ പ്രവർത്തനം ആരംഭിക്കുന്ന സ്പിന്നിംഗ് മിൽ മാത്രമാണ് ഏക ആശ്വാസം. 600 പേർക്ക് പ്രത്യക്ഷമായും 400 പേർക്ക് പരോക്ഷമായും ഈ മിൽ പ്രവർത്തനമാരംഭിക്കുന്നതോടെ ജോലി ലഭിക്കും.

മരങ്ങാട്ടുപിള്ളി കേന്ദ്രമായുള്ള ലേബർ ഇൻഡ്യ പബ്ലിക്കേഷൻസിന്റെ പ്രസിദ്ധീകരണ വിഭാഗത്തിൽ 67 പേർക്ക് തൊഴിൽ ലഭിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

ബേക്കറി, കശാപ്പുശാല, ഹോട്ടൽ തുടങ്ങി പട്ടികയിലില്ലാത്ത ഒട്ടനവധി സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്.

ഇവിടുത്തെ അന്തരീക്ഷം വ്യവസായത്തിനുതകിയതല്ല എന്നതാണ് വലിയ ന്യൂനത. കാർഷികമേഖലയോട് യോജിച്ച വ്യവസായങ്ങൾ തുടങ്ങിയാൽ കൃഷിയും വ്യവസായവും ഒന്നിച്ചുകൊണ്ടുപോകാൻ കഴിയും. ഉദാഹരണമായി ചിരട്ടകൊണ്ട് ഐസ്ക്രീം കപ്പ്, ചിരട്ടക്കരി, ചിരട്ടയും തെങ്ങിന്റെ മറ്റു ഭാഗങ്ങളും ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ, ചിരട്ടകൊണ്ടുള്ള സ്വിച്ച് ബോർഡുകൾ, തെങ്ങുകൊണ്ടുള്ള മരഉരുപ്പടികൾ ഇവയ്ക്ക് കേരളത്തിനു വെളിയിലും വിദേശത്തും നല്ല വിലകിട്ടും.

അഭ്യസ്തവിദ്യരായ യുവതീയുവാക്കളിൽ വ്യവസായങ്ങളെക്കുറിച്ചുള്ള ശരിയായ ധാരണ ഉണ്ടാക്കിയെടുക്കുവാൻ നല്ല നിലയിൽ ബോധവത്ക്കരണം നടത്തണം. വ്യാവസായിക രംഗത്തെ വിദഗ്ധന്മാരുമായി ആലോചിച്ച് പഠനക്ലാസുകൾ, പ്രദർശനം തുടങ്ങിയവ സംഘടിപ്പിക്കണം.

പഞ്ചായത്തു തലത്തിൽ വിദഗ്ധ സമിതി ഉണ്ടാക്കി

അതിൽക്കൂടി വിദ്യാസമ്പന്നരായ ആളുകൾക്കും വീട്ടമ്മമാർക്കും വരുമാനമുണ്ടാകുന്ന കുടിൽവ്യവസായങ്ങൾ, മഹിളാ വ്യവസായങ്ങൾ തുടങ്ങിയവയ്ക്കുള്ള നിർദ്ദേശങ്ങൾ നൽകണം. ഈ സമിതി കാലാകാലങ്ങളിലുണ്ടാകുന്ന കമ്പോള മാറ്റങ്ങൾ, പുത്തനറിവുകൾ, സർക്കാരിന്റെയും ബാങ്കുകളുടെയും വ്യവസായ വികസന പ്രവർത്തനങ്ങൾ ആദിയായവ ജനങ്ങളിലെത്തിക്കണം. വ്യവസായങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ ശ്രമിക്കണം. ഇത്തരമൊരു സമിതി നമ്മുടെ പഞ്ചായത്തിലെ പ്രശ്നങ്ങൾക്ക് കടിഞ്ഞാണിടുമെന്ന കാര്യത്തിൽ സംശയമില്ല.

❑ കുടിൽ വ്യവസായങ്ങളും ചെറുകിട യൂണിറ്റുകളും തുടങ്ങിയാൽ ലോക കമ്പോളത്തിലുണ്ടാകുന്ന മാറ്റങ്ങളെ അതിജീവിക്കാൻ കഴിയും.

❑ വൻകിട വ്യവസായങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണമേഖലയിൽ തുടങ്ങിയാൽ നല്ല നിലയിൽ പ്രവർത്തിക്കും. റബറധിഷ്ഠിത വ്യവസായങ്ങൾക്ക് മുൻതൂക്കം കൊടുക്കണം.

നിലവിലുള്ള വ്യവസായ യൂണിറ്റുകൾ

Sl-No	സ്ഥാപനത്തിന്റെ പേര്	ഉല്പന്നം
1.	സതേൺ പ്ലാസ്റ്റിക്സ് കുറിച്ചിത്താനംP.O	ഫൈലം ഷീറ്റ്
2.	രാസാ പ്ലാസ്റ്റിക്സ് കുറിച്ചിത്താനം	പി.വി.സി. ഫിറ്റിംഗ്സ്
3.	ടാജ് പ്ലാസ്റ്റിക്സ് മരങ്ങാട്ടുപിള്ളി	പ്ലാസ്റ്റിക് ഉല്പന്നങ്ങൾ
4.	ശ്രീ പ്ലാസ്റ്റ് മണ്ണയ്ക്കനാട്	പ്ലാസ്റ്റിക് ബോട്ടിൽ
5.	ബിപ്ലാസ്റ്റ് പാലക്കാട്ടുമല	പ്ലാസ്റ്റിക് ബോട്ടിൽ
6.	C.J പ്രിന്റേഴ്സ് ആണ്ടൂർ	പ്രസ് നോട്ടുബുക്ക്
7.	S.G. പ്രിന്റേഴ്സ് മരങ്ങാട്ടുപിള്ളി	പ്രിൻറിംഗ് പ്രസ്
8.	A.G. പേപ്പർ ബാഗ്സ് മരങ്ങാട്ടുപിള്ളി	പേപ്പർ കവർ
9.	ഹൈടെക് ഹോളോബ്രിക്സ് കുറിച്ചിത്താനം	ഹോളോബ്രിക്സ്
10.	N.P ഹോളോ ബ്രിക്സ് ആണ്ടൂർ	ഹോളോ ബ്രിക്സ്
11.	മറ്റത്തിൽ ബ്രിക്സ് മരങ്ങാട്ടുപിള്ളി	സിമൻറ് ഇഷ്ടിക.
12.	M.R.S. പ്രൊഡക്റ്റ്സ് കുറിച്ചിത്താനം	റക്സിൻ വർക്ക്
13.	പവിത്രാ പ്ലാസ്റ്റിക്സ് മരങ്ങാട്ടുപിള്ളി	റക്സിൻ ഉല്പന്നങ്ങൾ
14.	രാജാ പെർഫ്യൂമറി വർക്സ് കുറിച്ചിത്താനം	സുഗന്ധ പുകയില.
15.	ബിന്ദു റബ്ബേഴ്സ് കുര്യനാട്	ചെരുപ്പിന്റെ ഷീറ്റ്
16.	ശോഭ കറിപൗഡർ കുറിച്ചിത്താനം	കറിപൗഡർ
17.	അഞ്ജു ഇൻഡസ്ട്രീസ് മണ്ണയ്ക്കനാട്	ചെരുപ്പിന്റെ സ്ട്രാപ്പ്, മോൾഡ് etc.
18.	അമ്പിളി ഇൻഡസ്ട്രീസ് കുര്യനാട്	
19.	പാരാമൗണ്ട് റബ്ബേഴ്സ് മരങ്ങാട്ടുപിള്ളി	
20.	തുഷാർ ഇൻഡസ്ട്രീസ് മരങ്ങാട്ടുപിള്ളി	
21.	ഗുമക്സ്. പാലക്കാട്ടുമല	റബർ പശ
22.	മാനസി റെഡിമെയ്ഡ്സ് മരങ്ങാട്ടുപിള്ളി	റെഡിമെയ്ഡ് വസ്ത്രങ്ങൾ
23.	മെറ്റൽ ക്രഷർ കുറിച്ചിത്താനം കവല	ക്രഷർ മെറ്റൽ
24.	ലേബർ ഇൻഡ്യ പബ്ലിക്കേഷൻസ്	സ്കൂൾ, കോളേജ് ഗൈഡുകൾ
25.	ശ്രീധരി ഫാർമസ്യൂട്ടിക്കൽസ് കുറിച്ചിത്താനം	ആയുർവ്വേദ മരുന്നുകൾ

ഇവയ്ക്കു പുറമേ 3 പന്നിവളർത്തൽ കേന്ദ്രങ്ങളും 8 കോഴിവളർത്തൽ കേന്ദ്രങ്ങളും ഉണ്ട്.

❑ പരമ്പരാഗത തൊഴിലുകൾ കുലത്തൊഴിൽ എന്ന നില മാറ്റി വ്യവസായമാക്കി വളർത്തണം. കുടിൽ വ്യവസായങ്ങളിലെ ഉല്പന്നങ്ങൾക്ക് ഏകീകൃത മാർക്കറ്റിംഗ്സമ്പ്രദായം ഉണ്ടാക്കണം.

❑ ജനങ്ങളിൽ സ്വദേശി ഉല്പന്നങ്ങളുടെ ഗുണത്തെക്കുറിച്ചും അതുമൂലം രാജ്യത്തിനും ജനങ്ങൾക്കുമുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചും ഉള്ള അവബോധം വളർത്തിയെടുക്കണം.

❑ ആധുനിക ഡിസൈനിംഗ്, കട്ടിംഗ് ഇവ കേന്ദ്രീകൃതമായി ചെയ്തുകൊണ്ട് തയ്യൽജോലി വീടുകളിൽ ചെയ്ത് ഒരു Brand Name ൽ റെഡിമെയ്ഡ് വസ്ത്രങ്ങൾ വില്പനയ്ക്കെത്തിക്കാം.

❑ പാലും പാലുല്പന്നങ്ങളും പ്ലാസ്റ്റിക് കവറുകളിലാക്കി വിപണിയിലിറക്കാം.

❑ ഓഫീസ് കവറുകൾ, പശ തുടങ്ങിയവ ചെറിയ മുതൽമുടക്കിൽ നിർമ്മിക്കാം.

❑ റബറിന്റെ വിവിധ ഉല്പന്നങ്ങൾ നിർമ്മാണം തുടങ്ങിയാൽ നല്ലതാണ്.

❑ മോട്ടോർ വാഹന വർക്കുഷോപ്പ്, റെഡിമെയ്ഡ് വസ്ത്രങ്ങൾ പുറംസംസ്ഥാനങ്ങളിൽ നിന്നും വരുത്തിവില്ക്കുന്ന സ്ഥാപനം തുടങ്ങിയവ ആരംഭിക്കാവുന്നതാണ്.

ഗതാഗതം/ഊർജം/മാർക്കറ്റ്

വികസനത്തിന് വഴി തുറക്കാം

വികസനത്തിന്റെ അടിത്തറയാണു ഗതാഗതസൗകര്യം. റോഡുകളുടെ എണ്ണത്തിൽ നമ്മുടെ പഞ്ചായത്ത് മുൻപന്തിയിലാണ്. പക്ഷേ, ഏറിയപങ്കും ഇനിയും വികസിക്കേണ്ടിയിരിക്കുന്നു. പുതിയവ തുറക്കുകയും വേണം. അതു സാധിച്ചാൽ പഞ്ചായത്തിന്റെ മൊത്തം വികസനത്തിനു വഴിതുറക്കലാകും.

അരനൂറ്റാണ്ടു മുൻപ് പഞ്ചായത്തിൽ ആകെയുണ്ടായിരുന്ന യാത്രാസൗകര്യം ഒന്നും രണ്ടും വാർഡുകളിലൂടെ കടന്നുപോകുന്ന M.C. റോഡിലൂടെയും 3, 4, 6, 7, 8, 9 വാർഡുകളിലൂടെ കടന്നുപോകുന്ന പാലാ-കോഴാ റോഡിലൂടെയും മാത്രമായിരുന്നു. പാലാ-കോഴാ റോഡിലൂടെ പാലാ-വൈക്കം ആയി 1930-ൽ 'മത്തായി ബ്രദേഴ്സ്' എന്ന പേരിൽ ആരംഭിച്ച ഒരു സർവീസ് മാത്രമാണുണ്ടായിരുന്നത്.


കാൽനടയായി കുറുക്കുവഴികളിലൂടെയായിരുന്നു യാത്ര ഏറെയും. ഈ കുറുക്കുവഴികൾ പ്രധാനമായും മഴക്കാലത്ത് വെള്ളമൊഴുകി പോകുവാൻ തിരിച്ചിട്ടിരുന്ന തൊണ്ടുകളും പാടത്തിന്റെ വരമ്പുകളും ആയിരുന്നു. ഇവ കാലാന്തരത്തിൽ നടപ്പാതകളായും പഞ്ചായത്തു റോഡുകളായും രൂപാന്തരപ്പെട്ടു.

മുൻകാലത്ത് കാളവണ്ടികളായിരുന്നു ചരക്കുഗതാഗതത്തിനുപയോഗിച്ചിരുന്നത്. കുറവിലങ്ങാട്, കുറുപ്പന്തറ, ഉഴവൂർ എന്നിവിടങ്ങളിൽ നിന്നു ചരക്കുകൾ കാളവണ്ടികളിൽ ഈ പ്രദേശത്ത് കൊണ്ടുവന്നിരുന്നു. കോട്ടയം, മൂവാറ്റുപുഴ, വൈക്കം മുതലായ ദൂരസ്ഥലങ്ങളിൽ നിന്നു പോലും കാളവണ്ടികളിൽ ചരക്കുകൾ കൊണ്ടുവന്നിരുന്നു. റോഡുകളുടെ സ്ഥിതി വളരെ ശോചനീയമായിരുന്നു.

മോട്ടോർ വാഹനങ്ങൾ വന്നതോടുകൂടി ഉപയോക്താക്കൾ സംഘടിച്ച് റോഡുകളുടെ അറ്റകുറ്റപ്പണികൾ ശ്രമദാനമായി ചെയ്തുകൊണ്ടുമിരുന്നു. പുതിയ റോഡുകളുടെ ആവശ്യം മനസിലാക്കിയതോടെ തലങ്ങും വിലങ്ങും പുതിയ റോഡുകൾ തീർക്കുകയും കാലക്രമേണ അവയുടെ അറ്റകുറ്റപ്പണികൾ പഞ്ചായത്തിന് ഗവൺമെൻറിൽ നിന്നും ലഭിക്കുന്ന വി.ആർ.എം. ഗ്രാൻറ് വിനിയോഗിച്ച് നോമിനിവഴി പഞ്ചായത്ത് നേരിട്ട് നടത്തുവാനും തുടങ്ങി.

എന്നാൽ ഈ ഗ്രാൻറു തുക ഒരു കിലോമീറ്റർ റോഡിനു 1000 രൂപയിലും താഴെയായിരുന്നതുകൊണ്ട് നാമമാത്രമായ പണികൾ മാത്രമേ നടന്നിരുന്നുള്ളൂ. അന്നത്തെ ചില പഞ്ചായത്തു റോഡുകൾ പി.ഡബ്ല്യു. ഡി. ഏറ്റെടുത്തതുകൊണ്ട് അവയുടെ വികസനം മാത്രമേ ഏതാണ്ട്, '80 കളുടെ അവസാനം വരെ നടന്നിരുന്നുള്ളൂ. 1989-ൽ പ്രത്യേക തൊഴിൽദാന പദ്ധതിയായ ജെ.ആർ.വൈ, ഉപാധിരഹിതഫണ്ട് എന്നിവ പഞ്ചായത്തിന് നേരിട്ട് നൽകിയതുമുതൽ ഈ രണ്ടു പദ്ധതികളിലും ലഭിച്ച തുകയുടെ ഭൂരിഭാഗവും റോഡുകളുടെ വികസനത്തിനാണ് പഞ്ചായത്ത് വിനിയോഗിച്ചിട്ടുള്ളത്.

1989-90 ൽ J.R.Y. യുടെ ആദ്യഫണ്ട് പഞ്ചായത്തിനു ലഭിക്കുകയും ആ തുക വിനിയോഗിച്ച് (349679/60) പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ളതും എട്ടു മീറ്റർ വീതിയിലുണ്ടായിരുന്നതുമായ മണ്ണയ്ക്കനാട്-പൂവത്തുങ്കൽ റോഡിന്റെ പണിപൂർത്തീകരിക്കുകയും ചെയ്തു. 62 റോഡുകളുടെ ശൃംഖല തന്നെയുള്ള പഞ്ചായത്തിന് ഈ റോഡുകളുടെയെല്ലാം വാർഷിക മെയിൻറനൻസ് പോലും നടത്തുവാനുള്ള സാമ്പത്തിക ഭദ്രതയില്ലായിരുന്നു. എന്നാൽ വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽ നിന്നു വില്ലേജ് റോഡുകളുടെ പുനരുദ്ധാരണത്തിന് ഗവൺമെൻറ് പണമനുവദിച്ചതോടുകൂടി കുണ്ടും കുഴിയുമായി കാൽനടപോലും അസാദ്ധ്യമായ രീതിയിൽ കിടന്നിരുന്ന പല



❑ മരങ്ങാട്ടുപിള്ളി ടൗൺ - ഒരു ദൃശ്യം.

റോഡുകളും ആവശ്യത്തിനു വീതി (ചില റോഡുകൾ എട്ടുമീറ്റർ) കൂട്ടി മൺറോഡുകളാക്കുവാനും മറ്റു ചില റോഡുകളുടെ ടാറിംഗ് ഉൾപ്പെടെയുള്ള വേലകൾ തീർത്ത് ഗതാഗതയോഗ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. പൂർത്തിയാക്കിയ റോഡുകളുടെ വാർഷിക മെയിൻറനൻസ് നടത്തുകയും ഭാഗികമായി പണിനടത്തിയിട്ടുള്ള റോഡുകളുടെ പണികൾ പൂർത്തീകരിക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

ടാർ ചെയ്ത പല റോഡുകളും വർഷങ്ങളായി മെയിൻറനൻസ് നടത്താതെ കാൽനടപോലും അസാദ്ധ്യമായ രീതിയിലാണിപ്പോൾ.

അത്തരം റോഡുകളുടെ വിവരം

ക്രമനമ്പർ	റോഡിന്റെ പേര്	വാർഡ്
1.	മണ്ണയ്ക്കനാട്-പൂവത്തുങ്കൽ	3,2,5
2.	മണ്ണയ്ക്കനാട്-കോഴാ	3
3.	വളകുഴി-നെടുമല	3
4.	വളകുഴി-ഹരിജൻകോളനി	3
5.	പൈക്കാട്-നെടുമ്പാറ	4
6.	ഇല്ലിക്കൽ-പാലക്കാടുമല-ആനശേരി Jn.	7
7.	ആണ്ടൂർ-കുടക്കച്ചിറ	7
8.	വേങ്ങക്കുറ്റി-കമ്പകം	8,9
9.	വേങ്ങക്കുറ്റി-ഇലയ്ക്കാട് ഹരിജൻ കോളനി	9

ഭാഗികമായി പണികൾ തീർത്തിട്ടുള്ളതും പൂർണ്ണമായ വികസനംകൊണ്ട് ഏറെ നേട്ടമുള്ളതുമായ റോഡുകൾ.

ക്രമനമ്പർ	റോഡിന്റെ പേര്	വാർഡ്	വീതി മീ	നീളം മീ.
1.	വലിയപാറ-പൈക്കാട്	4	8	1120
2..	പൈക്കാട്-ആലയ്ക്കാപ്പിള്ളി	4,9	8	1535
3.	ആലയ്ക്കാപ്പിള്ളി-മൈലന്തറ	9	8	800
4.	കുറിച്ചിത്താനം വില്ലേജ് ഓഫീസ് മണ്ണയ്ക്കനാട്	4,6	8	1800
5.	കുര്യനാട്-വാക്കാട്	1	8	2085

പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തുകൂടി തെക്കുവടക്കായി കിടക്കുന്ന പട്ടികയിലെ ആദ്യമൂന്നു റോഡുകളുടെ പൂർണ്ണ വികസനം സാദ്ധ്യമായാൽ 5, 4, 9 വാർഡുകളിലെ യാതൊരുവിധ യാത്രാസൗകര്യവും ലഭ്യമല്ലാത്ത കുറിച്ചിത്താനം H.S. ജംഗ്ഷൻ, വലിയപാറ, പടിക്കുഴ, ആലയ്ക്കാപ്പിള്ളി ഭാഗങ്ങളിലെ ജനങ്ങൾക്ക് ഏറെ അനുഗ്രഹമാകുകയും പ്രാദേശിക വികസനം ത്വരിതഗതിയിലാകുകയും ചെയ്യും.

കുറിച്ചിത്താനം, വില്ലേജ് ഓഫീസ്-മണ്ണയ്ക്കനാട് റോഡിന്റെ ബാക്കിയുള്ള പണികൾ പൂർത്തിയാക്കി പാലാ-കോഴാ റോഡിനു സമാന്തരമായി പഞ്ചായത്തിന്റെ 7, 6, 4, 3 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കാം. ഇതുവഴി നിലവിൽ യാത്രാസൗകര്യമില്ലാത്ത ജനസാ

ന്ദ്രതയേറിയ മേഖലകളിലൂടെ, ഇല്ലിക്കൽ, പാലക്കാട്ടുമല, ആനശേരി Jn., വെള്ളാക്കാവ്, വില്ലേജ് ഓഫീസ്, കുന്നങ്കിയിൽ, വലിയപാറ, മണ്ണയ്ക്കനാട്, കോഴാവഴി ബസ് സർവീസ് ആരംഭിക്കുവാൻ സാധിക്കും. കുര്യനാട്-വാക്കാട്ട് റോഡിൽ 860 മീറ്റർ മാത്രമേ ടാർ ചെയ്തിട്ടുള്ളൂ. എട്ടു മീറ്റർ വീതിയിലുള്ള റോഡിന്റെ

ബാക്കി പണി അടിയന്തിരമായി പൂർത്തീകരിക്കണം.

ഒരു കിലോമീറ്ററിൽ കൂടുതൽ നീളമുള്ളതും വികസനം അനിവാര്യമായതുമായ റോഡുകൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഉണ്ട്. ഇത്തരം റോഡുകളുടെ പട്ടിക.

		വാർഡ്	നീളം മീ.
1.	കുംഭക്കോട്-മുണ്ടിയാനിപ്പുറം	I	1400
2.	കുര്യനാട്-മണ്ണയ്ക്കനാട് (വട്ടംകുഴി-മണമേൽ)	II	1520
3.	നാടികുന്ന്-ഓലിക്കാട് (100 മീറ്റർ ടാർ ചെയ്തിട്ടുണ്ട്)	III	1005
	വളകുഴി-ഓലിക്കൽ	III	1200
4.	വില്ലേജ് ആഫീസ്-ചോക്കാട്ട് റോഡ്	IV	1900
5.	വാഴച്ചപ്പാറ-ചാക്കോത്തടം	IV	2732
6.	കുറിച്ചിത്താനംപള്ളി-നെല്ലിത്താനത്തുമല (390 മീ. ടാർ ചെയ്തിട്ടുണ്ട്)	VI	1763
7.	കോലടിപ്പുറം-മണിമല	IV ,V,VI	1500
8.	ആണ്ടൂർ-പാലക്കാട്ടുമല	VII	1300
9.	അമ്പലം-കുന്നക്കാട്ട്	VIII	1125
10.	ചുരം-പ്ലാത്തോട്ടം	VIII	1300
11.	തുറവയ്ക്കൽ-ആലയ്ക്കാപ്പിള്ളി (600 മീറ്റർ ടാർ ചെയ്തിട്ടുണ്ട്)	IX	1080

ഒരു കിലോമീറ്ററിൽത്താഴെനീളമുള്ളവയും പ്രധാനറോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്കുറോഡുകളും പഞ്ചായത്തിൽ ധാരാളമുണ്ട്. അവയുടെയെല്ലാം പുനരുദ്ധാരണവേലകൾ സമയബന്ധിതമായി ചെയ്ത് ടാറിംഗുൾപ്പെടെയുള്ള വികസനം പൂർത്തിയാക്കണം.

	അത്തരം റോഡുകൾ	വാർഡ്	നീളം മീ.
1.	പെരുമറ്റംപുഴ-കൈതമറ്റം	I	585
2.	ചീങ്കല്ലേൽ-അയ്യംകോലി	I	720
3.	ചീങ്കല്ലേൽ-മേൽവെട്ടം- വാക്കാട്ട്	I	534
4.	പാറക്കുടി-സെൻട്രൽചീങ്കല്ലേൽ	II	500
5.	വിഴാമല-പൂവത്തുങ്കൽ	II	825
6	കമുകുംപുഴ-കാളാമ്പൂലി	II	860
7.	ലക്ഷംവിടുകോളനി-ചെറുവള്ളിക്കാവ്	II	900
8.	പാവയ്ക്കൽ-മുണ്ടിയാനിപുറം	II	575
9.	സെൻട്രൽ-മണമേൽ	II	890
10.	ഇല്ലിക്കൽ-മണമേൽ	II	400
11.	വട്ടത്തോട്ടം-കുര്യനാട് ചെറുവള്ളിക്കാവ്	II	727
12.	നെടുമ്പാറ-കുറിച്ചിത്താനം വില്ലേജ് ആഫീസ് റോഡ്	IV	380
13.	തുറവയ്ക്കൽ-ചെമ്പനാനി	IV	612
14.	പൈക്കാട്-വരിയ്ക്കമാന്തടം	IV	792
15.	കുറിച്ചിത്താനം-പാണാട്ട് Jn.-കുടക്കച്ചിറ	V	224
16.	ചെത്തിമറ്റം-പെരുന്താനം	V	180
17.	കുറിച്ചിത്താനംL.P.S.-കുടക്കച്ചിറ (പൂർണ്ണമായും ടാർ ചെയ്തത്)	V	605
18.	ഇലവുങ്കൽ-വള്ളോംകുന്ന് അറഞ്ഞപുഴ (292 മീ. ടാർ ചെയ്തത്)	V	532
19.	കുറിച്ചിത്താനം-നെല്ലിക്കൽ	V	660
20.	കുറിച്ചിത്താനം-ശാസ്താംപാറ (790 മീ. ടാർ ചെയ്തത്)	V	790
21.	ഉറുമ്പത്ത്-ശാസ്താംപാറ (101 മീ. ടാർ ചെയ്തത്)	V	587
22.	പൂവത്തുങ്കൽ-പെരുന്താനം (K.R.നാരായണൻറോഡ്)	V	180
23.	കുറിച്ചിത്താനം ലൈബ്രറി Jn.- പെരുന്താനം (248 മീ. ടാർ ചെയ്തത്)	V	248
24.	കുറിച്ചിത്താനം കവല-വെള്ളാക്കാവ് (540 മീ. ടാർ ചെയ്തത്)	V	851
25.	വെള്ളാക്കാവ്Jn-ആനശേരി	VI	674
26.	മഠം നഴ്സറി Jn.-കണ്ണംചിറ	VI	444
27.	ചിറ്റായിക്കുളം-ചുടലപ്പാറ	VII	245
28.	ചിറ്റായിക്കുളം-നെടുമ്പാറ	VII	810
29.	ഇരുമുഖത്ത്-മൂത്തേടത്തുകാവ്	VII	570
30.	ഇല്ലിക്കൽ-വലവൂർ	VII	460
31.	ചെമ്പനാൽ-കൂവള്ളൂർ	VIII	230
32.	പൊടിമറ്റം-കലയത്തോലി	IX	900
33.	പുന്നിലം-പാണ്ടിയാനാൽതറപ്പ്	IX	690

പാറക്കുടി-മുണ്ടിയാനിപ്പുറം (1385 മീ), കുര്യനാട്-കുറിച്ചിത്താനം (3300), കുറിച്ചിത്താനം വില്ലേജ് ഓഫീസ്-നെല്ലിത്താനത്തുമല (1800) എന്നീ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതാണ്. ഈ റോഡുകളിലൂടെ, ജില്ലാ ആസ്ഥാനമായ കോട്ടയവും താലൂക്ക് ആസ്ഥാനമായ പാലായും കേന്ദ്രമാക്കി ബസ് സർവീസുകൾ ആരംഭിക്കാവുന്നതാണ്.

സംസ്ഥാന ഹൈവേയായ M.C. റോഡിലൂടെയും ജില്ലാ റോഡായ പാലാ-കോഴാ റോഡിലൂടെയും ഇന്ന് പാലാ, വൈക്കം, എറണാകുളം, ഉഴവൂർ, കൂത്താട്ടുകുളം, കോട്ടയം എന്നിവിടങ്ങളിലേക്ക് K.S.R.T.C, പ്രൈവറ്റ് ബസുകൾ സർവീസ് നടത്തുന്നുണ്ട്. എങ്കിലും ജില്ലാ ആസ്ഥാനമായ കോട്ടയത്തേക്കും മെഡിക്കൽ കോളേജ് ഭാഗത്തേക്കും ഇന്നുള്ള സർവീസുകൾ അപര്യാപ്തമാണ്. നേരത്തെയുണ്ടായിരുന്ന ചില സർവീസുകൾ നിർത്തി. വടക്കൻ മേഖലകളിൽ പ്രത്യേകിച്ചും മലബാർ പ്രദേശത്ത് ഇവിടെ നിന്നും അനേകം കുടുംബങ്ങൾ കുടിയേറി പാർത്തിട്ടുണ്ട്. പാലായിൽ നിന്നും പൊൻകുന്നത്തുനിന്നും അവിടേ

ക്കുണ്ടായിരുന്ന പല ദീർഘദൂര സർവീസുകളും നിർത്തൽ ചെയ്തിട്ടുള്ളത് പുനരാരംഭിക്കേണ്ടത് അത്യാവശ്യമാണ്.

പുനരാരംഭിക്കേണ്ട സർവീസുകൾ

ക്രമനമ്പർ	From -- To	Via
1.	മരങ്ങാട്ടുപിള്ളി--കോട്ടയം	വളകുഴി, ആലയ്ക്കാപ്പിള്ളി, വയല
2.	പാലാ--കുറുപ്പന്തറ	ഉഴവൂർ, കുറിച്ചിത്താനം H.S. Jn. വലിയപാറ, മണ്ണയ്ക്കനാട്
3.	കോട്ടയം--പാലാ	വയല, നെല്ലിക്കുന്ന് വേങ്ങക്കുറ്റി, കമ്പകം, പാളയം
4.	പാലാ--മൂവാറ്റുപുഴ	ഇല്ലിക്കൽ, പാലക്കാട്ടുമല, ഉഴവൂർ
5.	പാലാ--കല്ലറ	ഉഴവൂർ, കുറിച്ചിത്താനം, വെള്ളാനാൽ പീടിക മണ്ണയ്ക്കനാട്, ചെറുകൊമ്പ്, കോഴ.
6.	കൂത്താട്ടുകുളം--കുറവിലങ്ങാട്	ഉഴവൂർ, കുറിച്ചിത്താനം, പൂവത്തുങ്കൽ
7.	പാലാ--മരങ്ങാട്ടുപിള്ളി	പാളയം, കോഴിക്കൊമ്പ്
8.	K.S.R.T.C. യുടെ ദീർഘദൂരസർവീസുകൾ	

പഞ്ചായത്തിലെ 80% വീടുകൾക്കും റോഡ് സാമീപ്യം ഉണ്ട്. ബാക്കിയുള്ള 20% വീടുകൾക്ക് 200 മീറ്ററിൽ താഴെ ഈ സൗകര്യം ലഭ്യമാണ് എന്ന അസൂയാവഹമായ സ്ഥിതിയുണ്ടെങ്കിലും നിലവിലുള്ള ബസ് സർവീസുകൾകൊണ്ട് 30% ജനങ്ങൾക്കുമാത്രമേ നേരിട്ടു പ്രയോജനം ലഭിക്കുന്നുള്ളൂ. അതുകൊണ്ട് പുതിയ സർവീസുകൾ ആരംഭിച്ച് യാത്രാക്ലേശം പരിഹരിക്കണം.

നിർദ്ദേശിക്കുന്ന പുതിയ സർവ്വീസുകൾ

സർവീസ്	വഴി
1. കോട്ടയം-ഉഴവൂർ	പുല്ലുവട്ടം, കുറിച്ചിത്താനം ലൈബ്രറി Jn.പെരുന്താനം
2. പാലാ-പിറവം	ഇല്ലിക്കൽ, പാലക്കാട്ടുമല, കുടക്കച്ചിറ, കുറിച്ചിത്താനം, പൂവത്തുങ്കൽ, പാറക്കുടി, മുണ്ടിയാനിപ്പുറം
3. പാലാ-കുറുപ്പന്തറ	ഇല്ലിക്കൽ,പാലക്കാട്ടുമല ആനശ്ശേരി Jn. വെള്ളാക്കാവ് വില്ലേജ് ഓഫീസ് കുന്നങ്കിയിൽ വലിയപാറ, മണ്ണയ്ക്കനാട് ചെറുകൊമ്പ്, കോഴാ
4. ഉഴവൂർ-കോട്ടയം (വലിയപാറ-മൈലന്തറ	ശ്രീധരി കവല,H.S.Jn. വലിയപാറ, പടിക്കുഴ
3.5K.M. 8 മീ. വീതിയുള്ള മൺറോഡാണ്.)	പൈക്കാട്, ആലയ്ക്കാപ്പിള്ളി, മൈലന്തറ, നെല്ലിക്കുന്ന്
5. കോട്ടയം-മൂവാറ്റുപുഴ	കടപ്ലാമറ്റം, നെല്ലിക്കുന്ന് മൈലന്തറ, ആലയ്ക്കാപ്പിള്ളി പൈക്കാട്, പടിക്കുഴ വലിയപാറ, കുറിച്ചിത്താനം H.S. Jn.,പൂവത്തുങ്കൽ
6. കോട്ടയം-ഉഴവൂർ	പുല്ലുവട്ടം-വെള്ളാനാൽ പീടിക-കുറിച്ചിത്താനം ഉഴവൂർ

ഏറെ വികസനസാദ്ധ്യതയുള്ള റോഡുകൾ

1. കുര്യനാട്-വാക്കാട്	I
2. വളകുഴി-ഓലിക്കൽ	III
3. വില്ലേജ് ആഫീസ്-പോക്കാട്ട്	IV
4. ആണ്ടൂർ-പാലക്കാട്ടുമല	VII
5. ആണ്ടൂർ- ചെമ്പനാൽ	VIII
6. മരങ്ങാട്ടുപിള്ളി-ഹരിജൻ കോളനി	IX
7. വാഴ്ചപ്പാറ-ചാക്കോത്തടം	IV
8. ശ്രീധരി-നെല്ലിക്കൽ	V
9. കുര്യനാട്-മണ്ണയ്ക്കനാട്	II

പൊതുസ്ഥാപനങ്ങളിലേക്കും പൊതുസ്ഥലങ്ങളിലേക്കും ഉള്ള റോഡുകളുടെ സൗകര്യം വർദ്ധിപ്പിക്കുവാൻ അവയുടെ ടാറിംഗ് ഉൾപ്പെടെയുള്ള ജോലികൾ തീർക്കേണ്ടതുണ്ട്.

ക്രമനമ്പർ	റോഡിന്റെപേര്	നീളം	വാർഡ്
1.	കുര്യനാട്-ലക്ഷംവീടു കോളനി	97	II
2.	കുര്യനാട്-കോലത്താംകുന്ന് കോളനി	390	II
3.	അരീക്കുഴിഹെൽത്ത് സെന്റർ	180	I
4.	നെടുമ്പാറ-വില്ലേജ് ആഫീസ് റോഡ്	380	IV
5.	മണ്ണയ്ക്കനാട് സ്കൂൾ റോഡ്	150	III
6.	പ്രിയദർശിനി നഴ്സറി സ്കൂൾ	100	IV
7.	പി.എച്ച്.- സെന്റർ റോഡ്(മരങ്ങാട്ടുപിള്ളി)	100	VI

ജനസാന്ദ്രതയുള്ള ചില മേഖലകളിലേക്ക് കുറഞ്ഞ ചെലവിൽ ജനപങ്കാളിത്തത്തോടുകൂടി പുതിയ റോഡുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചില ഗ്രാമസഭകളിൽ നിന്നും ഉണ്ടായിട്ടുണ്ട്.

1. കുര്യനാട് പെരുകിലത്തേൽ ഭാഗത്ത് M.C. റോഡിൽ നിന്നു ആരംഭിച്ച് കുര്യനാട്-വാക്കാട്ട് റോഡിൽ ചേരുന്ന റോഡ്. (വാർഡ്-2)
2. ആണ്ടൂർ-ചെമ്പനാൽ റോഡിൽ വട്ടമറ്റം പുരയിടത്തിൽ നിന്നു തുടങ്ങി സ്പിന്നിംഗ്മിൽ, ഇളശേരി, പാമ്പനാൽ പുരയിടം വഴി പുല്ലാന്താനിറോഡിൽക്കൂടി മരങ്ങാട്ടുപിള്ളി-കടപ്ലാമറ്റം റോഡിൽ ചേരുന്ന റോ

ഡ്. (വാർഡ്-8)

3. പുളുക്കി കവലയിൽ നിന്നു മുതിരക്കാലാപുരയിടം വഴി വലിയമരുത്-തേക്കുമല റോഡിൽ ചേരുന്ന റോഡ്. (വാർഡ്- 8)

4. കോഴിക്കൊമ്പ്- ചേർപ്പുങ്കൽ റോഡിൽ നിന്ന് ഒഴുകത്തോടിന് കുറുകെയുള്ള നടപ്പാലത്തിലേക്ക് ചേരുന്ന റോഡ്. (28 അടി വീതിയിൽ പുറമ്പോക്കുള്ളതാണ്)

5. മരങ്ങാട്ടുപിള്ളി പാടശേഖരത്തിന്റെ പുറംബണ്ടു ബലപ്പെടുത്തി താൽക്കാലികമായി നിർമ്മിച്ചിട്ടുള്ള ഫാം റോഡ് വേണ്ടത്ര വീതിയിൽ തീർത്ത് കൊട്ടാരത്തിൽ ഭാഗത്ത് തുറവയ്ക്കൽ- ആലയ്ക്കാപ്പിള്ളി റോഡുമായി ബന്ധിപ്പിക്കുകയും മരങ്ങാട്ടുപിള്ളി സെമിത്തേരി മുതൽ പാടശേഖരം വഴി കടപ്ലാമറ്റം P.W.D. റോഡുമായി ബന്ധിപ്പിക്കുകയും ചെയ്യുക.

6. 2-ാം വാർഡിൽ വാക്കാടുറോഡിൽ നെല്ലിക്കുന്നു ഭാഗത്തുനിന്നും ഒരു റോഡ് പതിക്കുന്ന് പെരികിലം ഭാഗത്തുകൂടി പാൽവണ്ണം തടത്തിൽ എത്തിച്ച് കുറവിലങ്ങാട് പഞ്ചായത്തിലെ കോഴാവാർഡിൽ കൂടിയുള്ള റോഡിനോടു ബന്ധിപ്പിക്കണം.

പഞ്ചായത്തിൽ ഓട്ടോ, ടാക്സി സൗകര്യമുള്ള സ്ഥലങ്ങൾ

1. മരങ്ങാട്ടുപിള്ളി പഞ്ചായത്ത് കവല.
2. ആണ്ടൂർ.
3. കോഴിക്കൊമ്പ്.
4. കുറിച്ചിത്താനം ശ്രീധരിക്കവല.
5. വളകുഴി (മണ്ണയ്ക്കനാട്)
6. ആനിക്കോട്ടുകവല.
7. പൂവത്തുങ്കൽ
8. പുല്ലുവട്ടം കവല.

പഞ്ചായത്ത് ആസ്ഥാനമായ മരങ്ങാട്ടുപിള്ളിയിലെ ടാക്സി, ഓട്ടോ പാർക്കിംഗ് പ്രശ്നമായി അവശേഷിച്ചിരിക്കുകയായിരുന്നു നാളിതുവരേയും. അതിനു പരിഹാരമായി ഒരു ടാക്സി സ്റ്റാൻഡ് നിർമ്മിക്കുവാനുള്ള 42.5 സെൻറ് സ്ഥലം കവലയ്ക്കു സമീപം തന്നെ പഞ്ചായത്ത് ഈയിടെ സെൻറൊന്നിന് 25000 രൂപ വച്ച് വിലയ്ക്കു വാങ്ങി. അതേപോലെ കവലയിൽ ഇതേവരെ യാത്രക്കാർ വെയിറ്റിംഗ് ഷെഡ് ഇല്ലാതെ അനുഭവിച്ചിരുന്ന ക്ലേശം പരിഹരിക്കുവാൻ ഇതേവിലയ്ക്കുതന്നെ രണ്ടു സെൻറ് സ്ഥലവും വാങ്ങി. ഇവയുടെ നിർമ്മാണം സമയബന്ധിതമായിത്തന്നെ തീർത്താൽ മേൽപ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകും. എല്ലാ പ്രധാന ബസ് സ്റ്റോപ്പുകളിലും വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കണം.

ഗതാഗതം സുഗമമാക്കുവാനും കുറ്റമറ്റതാക്കുവാനുമുള്ള ചില നിർദ്ദേശങ്ങൾ:

(1) റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്യുക.

(2) റോഡുകൾക്ക് ആവശ്യമായ വീതി ഉറപ്പുവരുത്തുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ഓടകൾ തീർക്കുകയും ചെയ്യുക.

(3) ഓടകൾ മൂടി വീടുകളിലേക്ക് വഴിയുണ്ടാക്കുന്നത് നിയമംമൂലം നിരോധിക്കുകയും നിരോധനം ലംഘിക്കുന്നവരെ മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്യുക.

(4) പ്രധാന P.W.D. പഞ്ചായത്തു റോഡുകളുടെ ഉപയോക്താക്കളെ ഉൾപ്പെടുത്തി റോഡുസംരക്ഷണ സമിതികൾ രൂപീകരിക്കുക.

(5) അഞ്ചു മീറ്റർ വീതിയിൽ കുറഞ്ഞ റോഡുകൾ മൺറോഡായി തന്നെ സംരക്ഷിക്കുക.

(6) അൺടൈഡ്, J.R.Y. എന്നീ ഫണ്ടുകൾ വിനിയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾക്കും വ്യാവസായികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന റോഡുകൾക്കും ടോൾ ഏർപ്പെടുത്തുകയും ടോൾ തുക അതേ റോഡിന്റെ അറ്റകുറ്റപണികൾക്കായി ഉപയോഗിക്കുകയും ചെയ്യുക.

(7) പാലായിൽ നിന്നും ഉഴവൂർ, കൂത്താട്ടുകുളം ആയി സർവീസ് നടത്തുന്ന ബസുകൾ കുറിച്ചിത്താനം L.P.S. കുടക്കച്ചിറ റോഡുവഴി തിരിഞ്ഞ് കുറിച്ചിത്താനം ശ്രീധരിജംഗ്ഷൻ വഴി പോകണം.

ഊർജവിപ്ലവം അനിവാര്യം

വൈദ്യുതി കണക്ഷന്റെ കാര്യത്തിൽ ഏതാണ്ട് സ്വയംപര്യാപ്തതയായി. പക്ഷേ, വെളിച്ചത്തിന്റെ കാര്യത്തിൽ പിന്നിൽതന്നെ. ഇന്ധനത്തിന് ഇന്നും വിറകുതന്നെ ആശ്രയം. ബയോഗ്യാസിന്റെ പ്രാധാന്യം ഏറുന്ന ഇന്ന് അതേക്കുറിച്ചുള്ള ബോധവൽക്കരണം അനിവാര്യം.

വൈദ്യുതീകരിച്ച വീടുകൾ 80%. പുരോഗതിയുടെ പാതയിൽ അതൊരു കുതിച്ചുകയറ്റം തന്നെ. പക്ഷേ, ലോഡ് ഷെഡിംഗും വോൾട്ടേജ് കമ്മിയും ഈ തിളക്കത്തിനു മങ്ങലേൽപ്പിക്കുന്നു.

ഏറിയ പങ്കും കർഷകരും സാധാരണക്കാരും അധിവസിക്കുന്ന പഞ്ചായത്തിൽ ഗാർഹികാവശ്യങ്ങൾക്ക് ഇന്നും ആശ്രയം വിറകുതന്നെ. വിറകും ഇന്ന് അപൂർവ്വവസ്തു ആകുകയാണല്ലോ. പാചക വാതക ഉപയോഗം അത്ര സാധാരണമായിട്ടുമില്ല.

ഊർജ്ജരംഗത്ത് നമുക്കു മറികടക്കാൻ കടമ്പകൾ ഏറെയാണ്.

പഞ്ചായത്തിലെ ഊർജോപയോഗം പ്രധാനമായും പാചകം, വെളിച്ചം, കാർഷികം, ഗാർഹികം എന്നീ രംഗങ്ങളിലാണ്. ചെറുകിട, കുടിൽ വ്യവസായങ്ങളും ഉപയോഗരംഗത്തുണ്ട്. ജനസംഖ്യയിൽ 90% കർഷകരും കർഷകതൊഴിലാളികളുമായതുകൊണ്ട് പാചകത്തിന് വിറകിനെയാണ് ആശ്രയിക്കുന്നത്. എൺപതുകളിൽ പാചക വാതക ഉപയോഗം ആരംഭിച്ചുവെങ്കിലും അഞ്ചു ശതമാനത്തിൽ കൂടുതൽ നിലവിൽ ഉപഭോക്താക്കളായിട്ടില്ല. അവർ തന്നെ ഒരു പരിധിവരെ വിറകിനെത്തന്നെ മുഖ്യ ഇന്ധനമായി കാണുന്നു.

അഞ്ചുശതമാനം വീടുകളിൽ മലനാടു ഡവലപ്പുമെന്റു സൊസൈറ്റിയുടെ സാങ്കേതിക സഹായത്തോടെയും ഗവ: ൽ നിന്നുമുള്ള സാമ്പത്തിക സഹായത്തോടെയും നിർമ്മിച്ചിട്ടുള്ള ഗോബർ ഗ്യാസ് പ്ലാൻറുകൾ ഉണ്ട് എന്നാണ് കണക്ക്. 5% വീടുകളിൽ വൈദ്യുതോപകരണങ്ങൾ ഉപയോഗത്തിലുണ്ട്. ഏതായാലും പഞ്ചായത്ത് മൊത്തത്തിലെടുക്കുമ്പോൾ വിറക് തന്നെയാണ് പ്രധാന ഇന്ധനം.

റബ്ബർ കൃഷി വ്യാപകമായതോടെ വിറകിന് ക്ഷാമം നേരിടുന്നു. സമീപഭാവിയിൽ തന്നെ പട്ടണങ്ങളിലെപ്പോലെ ഗ്രാമങ്ങളിലും വിറകു വിലയ്ക്കു വാങ്ങേണ്ടിവന്നേക്കാം. ഈ പ്രതിസന്ധിയെ ഒരു പരിധിവരെയെങ്കിലും, ദക്ഷത അടുപ്പുകളുടെയും പാത്രങ്ങളുടേയും ഉപയോഗം കൊണ്ടും ബയോഗ്യാസ് പ്ലാൻറുകളുടെ പ്രചാരണവും നിർമ്മാണവും കൊണ്ടും നേരിടാം.

ഈ രംഗത്തെ പ്രതിസന്ധിയുടെ ആഴവും വ്യാപ്തിയും ഇന്നും സാധാരണക്കാർക്ക് അജ്ഞാതമായതുകൊണ്ട് അവരിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കുവാൻ ഈ രംഗത്തു പ്രവർത്തിക്കുന്ന ഏജൻസികളെക്കൂടി ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണം. വൈദ്യുതിരംഗത്തെ സ്ഫോടനാത്മകമായ സ്ഥിതി മനസ്സിലാക്കി പാചകത്തിന് വൈദ്യുതി ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തണം. ആവശ്യമെങ്കിൽ നിയമംമൂലം നിരോധിക്കണം. പാചകവാതക കണക്ഷനുകളുള്ള ഏകദേശം 5% വീടുകൾ പഞ്ചായത്തിൽ ഉള്ള സ്ഥിതിക്ക് ഇവിടെയൊരു ഏജൻസി ഏർപ്പെടുത്തുകയും ആവാം. ഇപ്പോൾ പാലായിൽനിന്നും ഏറ്റുമാനൂരിൽ നിന്നും ഏറെ ബുദ്ധിമുട്ടിയും കാലതാമസം നേരിട്ടും ഗ്യാസ് ലഭിക്കുന്ന അവസ്ഥയ്ക്ക് ഇതു പരിഹാരമാകും. പഞ്ചായത്തിലെ മഹിളാസമാജങ്ങൾക്ക് ഈ ഏജൻസി നൽകുകയും ചെയ്യാം.

ഏതാണ്ട് 90% വീടുകളിൽ വൈദ്യുതിയെത്തിയിട്ടുണ്ട്. ഈ നേട്ടത്തിനു നാം ഏറെ കടപ്പെട്ടിരിക്കുന്നത് ബഹുമാന്യനായ K.M.മാണിസാറിനോടാണ്. അദ്ദേഹം ഇലക്ട്രിസിറ്റി വകുപ്പു കൈകാര്യം ചെയ്തിരുന്നപ്പോൾ നടത്തിയ 'വെളിച്ച വിപ്ലവം' ആണ് ഇതു സാദ്ധ്യമാക്കിയത്. തുടരെത്തുടരെയുണ്ടാകുന്ന കറൻറുകട്ടും വോൾട്ടേജ് ക്ഷാമവും ഒരു തീരാശാപമായി തീർന്നിട്ടുണ്ട്. പല മേഖലകളിലും രാത്രി ഒമ്പത് മണിക്കുശേഷമേ ആവശ്യമായ വോൾട്ടേജ് ലഭിക്കുന്നുള്ളൂ. വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാനുള്ള സത്വരനടപടിയെന്ന നിലയിൽ നിലവിലുള്ളതിൽ പഴയതും പ്രയോഗക്ഷമത കുറഞ്ഞതുമായ ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയവ സ്ഥാപിക്കുകയും ഇപ്പോൾ ഓവർ ലോഡു ചെയ്യുന്ന ട്രാൻസ്ഫോർമറുകളുടെ ലോഡു കുറയ്ക്കുവാൻ ആവശ്യമായത്ര ട്രാൻസ്ഫോർമറുകൾ പുതിയ സ്ഥാനങ്ങളിൽ സ്ഥാപിക്കുകയും ചെയ്യണം. പ്രസാരണ നഷ്ടം ഒഴിവാക്കുവാനുള്ള നടപടികൾ - ലൈനിൽ മുട്ടിക്കിടക്കുന്ന വൃക്ഷക്കമ്പുകൾ വെട്ടിമാറ്റുന്നതുൾപ്പെടെ - ഇലക്ട്രിസിറ്റി ബോർഡുമായി സഹകരിച്ച് അടിയന്തിരമായി ചെയ്യേണ്ടതാണ്.

വഴിവിളക്കുകളുടെ കാര്യത്തിൽ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് മരങ്ങാട്ടുപിള്ളി ഏറെ പിന്നിലാണ്. പ്രധാന റോഡുകളിൽ മാത്രം ഒന്നിടവിട്ട പോസ്റ്റുകളിലേ വഴിവിളക്കു സ്ഥാപിച്ചിട്ടുള്ളൂ. പ്രധാന കവലകളിൽ ഇപ്പോൾ ട്യൂബുലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയൊന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പാലാ, മരങ്ങാട്ടുപിള്ളി, കുറവിലങ്ങാട് എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളുടെ കീഴിലാണ് പഞ്ചായത്തിലെ വൈദ്യുതിവിതരണം. വൈദ്യുതി വിതരണത്തിലെ അപാകതകൾക്ക് പ്രധാന കാരണം ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ തന്നെ. വഴിവിളക്കുകളുടെ കാര്യത്തിൽ തികച്ചും നിരുത്തരവാദപരമായ സമീപനം ആണ് സ്വീകരിച്ചിരിക്കുന്നത്. മാസം തോറും പഞ്ചായത്തിൽനിന്നും ഭീമമായ തുക - (Rs. 2947/-) ഇതിൻെറ ചാർജായി ബോർഡിൽ അടയ്ക്കുന്നുണ്ടുതാനും. ഇവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ പഞ്ചായത്തിൽനിന്ന് അടിയന്തിരമായി ചെയ്യേണ്ടതുണ്ട്. ഇപ്പോൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സോഡിയം വേപ്പർ ലാമ്പുകൾ (ഇല്ലിക്കൽ, ആണ്ടൂർ, മരങ്ങാട്ടുപിള്ളി , വടക്കേക്കവല, പൈക്കാട്, വളകുഴി, ആനിക്കോട്, പുല്ലുവട്ടം, കുറിച്ചിത്താനം ശ്രീധരിക്കവല - ഇവയ്ക്കു പുറമേ എല്ലാ ജംഗ്ഷനുകളിലും സ്ഥാപിക്കണം.

നിലവിലുള്ള റോഡുകളിലൂടെയുള്ള സിംഗിൾ ഫേസ് എല്ലാം ത്രീഫേസ് ആക്കേണ്ടതും അത്യാവശ്യമാണ്. പ്രധാന റോഡുകളിൽ പഞ്ചായത്തു റോഡുകൾ ഉൾപ്പെടെ, ഒന്നിടവിട്ട പോസ്റ്റുകളിലെങ്കിലും വഴിവിളക്കുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ ഉണ്ടാകണം. വൈദ്യുതി കണക്ഷന് അപേക്ഷിച്ചിട്ടുള്ള വീടുകൾക്ക് അത് ഉടൻ നൽകാൻ നടപടി വേണം. കുടിൽ ജ്യോതി പദ്ധതി പ്രകാരം പഞ്ചായത്തിൽ ദുർബലവിഭാഗത്തിൽപ്പെട്ട കുറച്ചു കുടുംബങ്ങൾക്ക് കണക്ഷൻ കൊടുത്തിട്ടുണ്ട്. എങ്കിലും നിലവിലുള്ള അപേക്ഷകരെ ഇതേവരെ പരിഗണിച്ചിട്ടില്ല. അതേപോലെ പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളിൽപ്പെട്ട എല്ലാ കുടുംബങ്ങൾക്കും കണക്ഷൻ നൽകുവാനുള്ള നടപടിയും വേണം. 'കൺസൻറ്' പോലുള്ള ചില സാങ്കേതിക തടസ്സങ്ങളുടെ പേരിൽ കണക്ഷൻ നിഷേധിക്കപ്പെട്ടിട്ടുള്ളവർക്ക് അതു നൽകുവാനുള്ള മാർഗ്ഗം ആരായുകയും നൽകുകയും വേണം.

കാർഷിക രംഗത്ത് മുൻപ് ജലസേചനത്തിനു തേക്കുപാള, ഡീസൽപമ്പ് എന്നിവ ഉപയോഗിച്ചിരുന്നുവെങ്കിലും വൈദ്യുതിയുപകരണങ്ങളുടെ ആവിർഭാവത്തോടുകൂടി അവയുടെ ഉപയോഗം ഇപ്പോൾ ഇല്ല. കൃഷിക്ക് ജലസേചനത്തിൻെറ പ്രാധാന്യം മനസ്സിലാക്കി കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുകൾ അപേക്ഷ സമർപ്പിച്ച് 15 ദിവസത്തിനകം നൽകുവാനുള്ള തീരുമാനം ഉണ്ടാവണം.

കുടിൽ വ്യവസായരംഗത്ത് പ്രധാനമായും ഇറച്ചിക്കോഴിവളർത്തൽ, കറിപൗഡർ, പലഹാരനിർമ്മാണം, ടെയ്ലറിംഗ് എന്നിവയാണ് ചെറുകിട വ്യവസായങ്ങൾ. കുര്യനാട്, വാക്കാട് പ്രദേശത്തു മോനിപ്പള്ളി റബർ മാർക്കറ്റിംഗ് സൊസൈറ്റി വക ക്രീം റബർ ഫാക്ടറിയും പാലക്കാട്ടുമലയിലുള്ള 'GUMEX INDUSTRIES' ഉം പ്രവർത്തിക്കുന്നു. ചെറുകിട വ്യവസായങ്ങളേയും കുടിൽ വ്യവസായങ്ങളേയും പ്രഖ്യാപിത, അപ്രഖ്യാപിത പവർകട്ടുകൾ ഏറെ വിഷമത്തിലാക്കുന്നുണ്ട്. Iron & steel works, പ്രസ്, ഹോട്ടൽ, വർക്ഷോപ്പുകൾ, ഹോളോബ്രിക്സ് എന്നിവയെല്ലാം ഇന്ന് ഊർജക്ഷാമത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

നിർദ്ദേശങ്ങൾ

1. കാലിവളർത്തലുള്ള എല്ലാ വീടുകളിലും 'ഗോബർ ഗ്യാസ്' പ്ലാൻറുകൾ സ്ഥാപിക്കുക. അതിന് സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകുന്ന ഏജൻസികളെ ഈ രംഗത്തു കൊണ്ടുവരുക.

2. ദക്ഷത കൂടിയ വിറകടുപ്പുകളുടേയും വൈദ്യുതോപകരണങ്ങളുടേയും പ്രചരണവും അതിൻെറ ഭാഗമായുള്ള ബോധവത്ക്കരണവും നടത്തുക.

3. പഞ്ചായത്തിലെ മുഴുവൻ വൈദ്യുതിവിതരണ ശൃംഖലയുടേയും മാപ്പ് തയ്യാറാക്കി അതിൻെറ അടിസ്ഥാനത്തിൽ നിലവിലുള്ള വിതരണശൃംഖലയെ പുനഃസംഘടിപ്പിക്കുക.

4. കുര്യനാട് സ്പെഷൽ ഗ്രാമസഭായോഗത്തിൽ ശ്രീ എടത്തിനാൽ അബ്രഹാം - അരീക്കുഴി തോട്ടിൽ ഡാം നിർമ്മിച്ച് അതിലെ ജലം കൊണ്ട് നാത്താവുന്ന ജലവൈദ്യുത പദ്ധതിക്കു റിപ്പോർട്ട് അവതരിപ്പിച്ചിട്ടുണ്ട്.

5. പ്രഷർകുക്കറുകൾ, മണ്ണെണ്ണ സ്റ്റൗ തുടങ്ങിയ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം

പ്രോത്സാഹിപ്പിക്കുക.

6. സോളാർ പാനലുകൾ സ്ഥാപിച്ച് സോളാർ എനർജിയുടെ ഉപയോഗം സാദ്ധ്യമാക്കുക.

7. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളായ പാലക്കാട്ടു മലയിലും ആലയ്ക്കാപ്പിള്ളിയിലും വിൻഡ് മില്ലുകളുടെ സാദ്ധ്യത ആരായുക.

8. സ്റ്റെപ് അപ് ചെയ്ത് വോൾട്ടേജ് പ്രശ്നം സൃഷ്ടിക്കുന്നവരെ വേണ്ടിവന്നാൽ മിന്നൽ പരിശോധനയിലൂടെ കണ്ടെത്തി ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

9. നിലവിലുള്ള കാണക്കാരി, കൂത്താട്ടുകുളം സബ്സ്റ്റേഷനുകൾക്കിടയിൽ കുറവിലങ്ങാട്ടോ കുര്യനാട്ടോ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുക. ഇതിനുള്ള നിർദ്ദേശം ഇലക്ട്രിസിറ്റി അഡ്വൈസറി കമ്മിറ്റി സമർപ്പിച്ചിട്ടുള്ളതാണ്.

10. പാരമ്പര്യേതര ഊർജ്ജമന്ത്രാലയത്തിന്റെ ഒരു ഓഫീസ് കുറിച്ചിത്താനം കേന്ദ്രമാക്കി ആരംഭിക്കണം.

കച്ചവടത്തിനുംവേണം ആസൂത്രണം

പഞ്ചായത്തിലെ വ്യാപാരമേഖലയ്ക്ക് അരനൂറ്റാണ്ടിലേറെ പഴക്കമുള്ള ചരിത്രമുണ്ട്. മരങ്ങാട്ടുപിള്ളി കേന്ദ്രമായിട്ടായിരുന്നു തുടക്കം. ഇന്നു പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ വ്യാപാരകേന്ദ്രങ്ങൾ ഉടലെടുത്തിട്ടുണ്ടെങ്കിലും ആസൂത്രിതമായ വികസനപദ്ധതി ആവശ്യമാണ്.

മരങ്ങാട്ടുപിള്ളിയിൽ പാലാ-കോഴാ റോഡിനു വലതുവശത്തായി പഞ്ചായത്ത് ആസ്ഥാനത്തിനടുത്ത് കൊല്ലവർഷം 1106 ചിങ്ങം ആറാം തീയതി അന്നത്തെ മീനച്ചിൽ തഹസീൽദാർ എൻ.എസ്. രാമൻപിള്ള പഞ്ചായത്തിലെ ആദ്യ മാർക്കറ്റ് ഉദ്ഘാടനം ചെയ്തു. യശഃശരീരനായ പുളിക്കിയിൽ വല്യച്ചൻ (1945-ൽ ഇഹലോകവാസം വെടിഞ്ഞ പുളിക്കിയിൽ വർക്കി കത്തനാർ) ഗവൺമെൻറിലേക്ക് ദാനമായി നൽകിയ അമ്പതുസെൻറ് സ്ഥലത്താണ് മാർക്കറ്റ്.

ഇവിടെ മത്സ്യം, മാംസം, പച്ചക്കറികൾ ഇവയുടെ വ്യാപാരം നടന്നിരുന്നു. എല്ലാ തിങ്കളാഴ്ചയും വ്യാഴാഴ്ചയുമായിരുന്നു ചന്ത.

വ്യാപാരരംഗത്ത് ഒരുകാലത്ത് മരങ്ങാട്ടുപിള്ളി പ്രതാപത്തിലായിരുന്നു. ഇഞ്ചി, ചുക്ക്, മഞ്ഞൾ, കുരുമുളക്, പാക്ക് ഇവയുടെ കച്ചവടം തകൃതിയായി നടന്നിരുന്നു. മലഞ്ചരക്കു വ്യാപാരരംഗത്തെ ഈ കുതിപ്പ് പക്ഷേ, അധികകാലം നിന്നില്ല. 80 കളുടെ അവസാനമായപ്പോഴേക്കും ഈ രംഗത്ത് തീർത്തും തളർച്ച അനുഭവപ്പെടുകയും വ്യാപാരമാന്ദ്യം മൂലം മേഖലസാമ്പത്തിക പ്രതിസന്ധിയിലാവുകയും ചെയ്തു. ഉഴവൂർ, കുറവിലങ്ങാട് എന്നീ വ്യാപാരകേന്ദ്രങ്ങളുടെ പ്രസക്തി വർദ്ധിച്ചതും അങ്ങോട്ടുള്ള വാഹനസൗകര്യങ്ങൾ കൂടിയതും നമ്മുടെ വ്യാപാരകേന്ദ്രം ബന്ധപ്പെട്ടവർ ശ്രദ്ധിക്കാതെ പോയതും ഇവിടുത്തെ വ്യാപാരരംഗത്തെയാകെ തകരാറിലാക്കി. എല്ലാ ഉൽപന്നങ്ങളുടെയും വിപണനം വഴിമാറിപ്പോകുവാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്തു.

ആരെങ്കിലും മൊത്തമായി ലേലംകൊണ്ട് ടോൾ പിരിച്ചെടുക്കുന്ന സമ്പ്രദായമായിരുന്നു. എന്നാൽ 90 കളുടെ തുടക്കത്തിൽത്തന്നെ ചന്തയുടെ പ്രവർത്തനം നിലച്ചു. മാർക്കറ്റ് സ്റ്റാളുകളുടെ ജീർണാവസ്ഥയും വ്യാപാരമാന്ദ്യവും ആയിരുന്നു പ്രധാനകാരണം. എന്നാൽ 90 കളുടെ മദ്ധ്യം ആയപ്പോഴേക്കും രംഗത്ത് ഉണർവുകണ്ടു. പി.സി. തോമസ് എം.പി. യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് അനുവദിച്ച രണ്ടു ലക്ഷം രൂപ വിനിയോഗിച്ച് 'നിർമ്മിതി'യെക്കൊണ്ട് ആധുനിക രീതിയിൽ മാർക്കറ്റ് സ്റ്റാളുകൾ രൂപകല്പന ചെയ്ത് പണി പൂർത്തിയാക്കി. K.S.R.D.B.യുടെ സാമ്പത്തിക സാങ്കേതിക സഹകരണത്തോടെ ആധുനിക ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തിയാക്കി. 1996 നവംബറിൽ കെ.എം. മാണി എം.എൽ.എ. ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

വ്യാപാരമേഖലയ്ക്ക് ഉണർവുനല്കുവാൻ പുതിയ ടാക്സി സ്റ്റാൻഡിന്റെ നിർമ്മാണം സഹായകമാകും. മരങ്ങാട്ടുപിള്ളിക്കു പുറമേ മരങ്ങാട്ടുപിള്ളി വടക്കേകവല, ആണ്ടൂർ, കോഴിക്കൊമ്പ്, കുറിച്ചിത്താനം, ആനിക്കോട്, പുല്ലുവട്ടം, വലിയപാറ, മണ്ണയ്ക്കനാട് സ്കൂൾ ജംഗ്ഷൻ, വളകുഴി, നാടുകുന്ന്, ചെത്തിമറ്റം, വാഴ്ചപ്പാറ, പാലക്കാട്ടുമല എന്നിവയാണ് പ്രധാന വ്യാപാരകേന്ദ്രങ്ങൾ. റബ്ബർ പ്രധാന ഉല്പന്നമായ നമ്മുടെ പഞ്ചായത്തിൽ ഇരുപതോളം സ്വകാര്യ വ്യക്തികളും പാലാ മാർക്കറ്റിംഗ് സൊസൈറ്റിയും റബ്ബർ വ്യാപാരരംഗത്തുണ്ട്.

കുറവിലങ്ങാട് കേന്ദ്രമായുള്ള 'GAICO' വിവിധ കേന്ദ്രങ്ങളിൽ റബർപാൽ സംഭരണം നടത്തുന്നു. പഞ്ചായത്തിലെ വ്യാപാരരംഗത്ത് 'GAICO' യുടെ സംഭാവന വലുതാണ്. കേരള ഹോർട്ടിക്കൾച്ചർ ഡവലപ്മെൻറ് പ്രോഗ്രാം (K.H.D.P.) E.E.C. യുടെ സാമ്പത്തിക സഹകരണത്തോടെ മണ്ണയ്ക്കനാട് സ്കൂൾ ജംഗ്ഷനിൽ തുടങ്ങിയിട്ടുള്ള പഴം, പച്ചക്കറി, വിപണനകേന്ദ്രം ഉൽപാദകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ ആശ്വാസകരമാണ്.

വ്യാപാരരംഗത്തുണ്ടായിട്ടുള്ള ഉണർവ് കൂടുതൽ ശക്തിയായി നിലനിർത്തുവാൻ താഴെ പറയുന്നകാര്യങ്ങൾ സഹായകരമായിരിക്കും.



❑ പുതിയ ഷോപ്പിംഗ് കോംപ്ലക്സ്.

(1) പഞ്ചായത്തടിസ്ഥാനത്തിൽ കേന്ദ്രീകൃത പലചരക്കു വ്യാപാരം തുടങ്ങുക.

(2) വനിതകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന മഹിളാസമാജങ്ങൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഒരു ഏകീകൃത വിപണനതന്ത്രം ഫലപ്രദമായി രൂപീകരിക്കുക.

(3) K.H.D.P. യുടെ വിപണനകേന്ദ്രം വിപുലമാക്കുകയും എല്ലാ ജനങ്ങൾക്കും അതിന്റെ പ്രയോജനം ലഭ്യമാക്കുകയും ചെയ്യുക.

(4) പഴം, പച്ചക്കറി തുടങ്ങിയവയുടെ വിത്തുമുതൽ വിപണിവരെയുള്ള കാര്യങ്ങൾ ജനങ്ങളിലെത്തിക്കാനുള്ള K.H.D.P. യുടെ പരിപാടികൾക്ക് സഹായം നല്കുക.

(5) ചന്തയ്ക്കു സമീപം നിർബന്ധമായും ബസ്റ്റോപ്പ് അനുവദിപ്പിക്കുക.

(6) കുരുമുളക്, ചുക്ക്, മഞ്ഞൾ, തേങ്ങ, റബർ മുതലായവയുടെ വ്യാപാരം നടക്കുന്നുണ്ട്. ജാതിക്ക, ഗ്രാമ്പു, കൊക്കോ, അടയ്ക്ക തുടങ്ങിയവയുടെ വിപണനത്തിനുകൂടി സാദ്ധ്യതകണ്ടെത്തുക.

(7) ആനിക്കോട്, കുറിച്ചിത്താനം, വലിയപാറ, ചുടലപ്പാറ, ആലയ്ക്കാപ്പിള്ളി, കുര്യനാട് എന്നിവിടങ്ങളിൽ സ്ഥലം പാട്ടത്തിനെടുത്തായാലും പഞ്ചായത്ത് മിനിമാർക്കറ്റുകൾ സ്ഥാപിക്കുക. ○

പാർപ്പിടം/സാമൂഹ്യക്ഷേമം

തലചായ്ക്കാൻ ഇടം വേണം എല്ലാവർക്കും

പാർപ്പിടം ആഗോളപ്രശ്നമാണ്. അടിസ്ഥാന ആവശ്യവും. രണ്ടായിരാമാണ്ടോടെ പഞ്ചായത്തിൽ എല്ലാവർക്കും വീട് എന്നതാവട്ടെ നമ്മുടെ ലക്ഷ്യം. അതു നേടാൻ ചിട്ടയായ പ്രവർത്തനം വേണം. വ്യക്തമായ രൂപരേഖയും.

പാർപ്പിട പ്രശ്നം ഈ പഞ്ചായത്തിൽ ഒതുങ്ങുന്നതല്ല. അതു ദേശീയമോ അന്തർദേശീയമോ ആയ പ്രശ്നമാണ്. ഭൂമി വളരുന്നില്ല. പക്ഷേ, ജനസംഖ്യ പെരുകുന്നു. ഓരോ കുടുംബത്തിനും പാർക്കാൻ സ്ഥലം വേണം. വീടുവേണം. പ്രാഥമികസൗകര്യങ്ങൾ വേണം.

1995-ലെ അടിസ്ഥാന സർവ്വേ പ്രകാരം മരങ്ങാട്ടുപിള്ളി പഞ്ചായത്തിൽ ജനവാസമുള്ള 3400 വീടുണ്ട്. അതിൽ 770 വാർക്ക വീടുകളും 381 ഓലക്കുടിലുകളും 2249 ഓടിട്ടവീടുകളും ആണ്. 500-ൽ അധികം വീടുകൾകൂടി നിർമ്മിച്ചാൽ പാർപ്പിട പ്രശ്നത്തിന് താത്ക്കാലിക പരിഹാരം കാണാൻ സാധിക്കുമെന്ന് '95 ലെ ബ്ലോക്കുസർവ്വേ വ്യക്തമാക്കുന്നു.

ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്ന വീടുകളുണ്ട്. 41 കുടുംബങ്ങൾ റോഡ്, തോട് പുറമ്പോക്കിൽ താമസിക്കുന്നു.

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിലെ വീടുകളുടെ വിശദവിവരം

			വീട്			കക്കൂസ്		വൈദ്യുതി		കിണർ	
വാർഡ്	ആകെ വീട്	SC/ST	ഓട്	ഓല	വാർക്ക	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്
കുര്യനാട് I	335	16	240	28	67	118	217	73	262	96	239
കുര്യനാട് II	451	33	320	47	84	171	280	110	341	136	315
ഇലയ്ക്കാട് III	415	27	245	84	86	257	168	195	220	173	242
മണ്ണയ്ക്കനാട് IV	362	27	227	60	75	166	196	143	219	166	196
കുറിച്ചിത്താനം V	363	18	269	27	67	97	266	71	292	82	281
നെല്ലിത്താനത്തുമല VI	351	30	217	31	103	154	197	117	234	147	204
പാലയ്ക്കാട്ടുമല VII	435	34	271	23	141	130	305	85	350	135	300
ആണ്ടൂർ VIII	344	5	246	32	66	125	219	87	257	72	272
മരങ്ങാട്ടുപിള്ളി IX	344	9	214	49	81	112	232	86	258	89	255
ആകെ	3400	199	2249	381	770	1330	2070	967	2433	1096	2304

സ്വന്തമായി വാസയോഗ്യമായ വീടുണ്ടാക്കാൻ കഴിയാത്തവർ 60% വരും.

പാർപ്പിടം നിർമ്മിക്കുന്നതിന് സഹായിക്കുന്ന ഏജൻസികൾ.

1. ഹൗസിങ്ങ് ബോർഡ്.
2. റൂറൽ ഹൗസിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
3. കാർഷിക വികസന ബാങ്ക്.
4. പ്രാഥമിക സഹകരണ ബാങ്ക്.
5. നാഷണലൈസ്ഡ് ബാങ്കുകൾ.
6. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ.
7. റബർ ബോർഡ് (റബർ ടാപ്പേഴ്സിന്)

ഗവൺമെൻറ് ഏജൻസികളുടെ പ്രവർത്തനം നിരാശാജനകവും അഴിമതി നിറഞ്ഞതുമാണെന്നു പരാതിയുണ്ട്. വായ്പ ലഭിക്കുന്നതിനുള്ള കാലതാമസവും ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലുള്ള അപാകതകളും പലപ്പോഴും പ്രശ്നമാകുന്നു.

ഹൗസിങ്ങ് കോളനികൾ നമ്മുടെ പഞ്ചായത്തിലില്ല. ലക്ഷംവീട് കോളനികളുടെ അറ്റകുറ്റപ്പണിയിൽ വരുത്തിയ വീഴ്ചകൾ വീടുകളെ നാശത്തിലേക്ക് നയിക്കുന്നു. മാത്രമല്ല കക്കൂസ് സൗകര്യം, ഡ്രെയിനേജ് പദ്ധതി, കുടിവെള്ളം എന്നിവയും പ്രശ്നമാണ്.

തമിഴ്നാട്ടിൽ നിന്നുള്ള കെട്ടിടനിർമ്മാണത്തൊഴിലാളികളുടെ സേവനം ലഭ്യമാണ്. കോൺക്രീറ്റ് കെട്ടിടങ്ങളോടുള്ള ഭ്രമം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കെട്ടിടനിർമ്മാണരംഗത്ത് അനാവശ്യചെലവുകൾക്കുള്ള പ്രവണത ഉണ്ട്. ചെലവുകുറഞ്ഞ വീട് നിർമ്മിച്ചു നല്കുന്ന സർക്കാർ ഏജൻസിയായി അറിയപ്പെടുന്ന "നിർമ്മിതികേന്ദ്രം" നിർമ്മിക്കുന്ന വീടിന് പക്ഷേ, മറ്റു വീടുകളെ അപേക്ഷിച്ച് ചെലവ് കൂടുതലും ഈട് കുറവുമാണെന്നാണു പരാതി.

നിർമ്മാണ സാമഗ്രികൾ പഞ്ചായത്തിൽ ലഭ്യമല്ലാത്തതുകൊണ്ട് നിർമ്മാണച്ചെലവ് കൂടുന്നു. സ്ഥലത്തിൻെറയും സാധനസാമഗ്രികളുടെയും വിലക്കയറ്റവും തൊഴിലാളികളുടെ കൂലിവർദ്ധനവും ഇടത്തരക്കാരൻെറ നട്ടെല്ലൊടിക്കുകയാണ്. ഹോളോബ്ലോക്കുകൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ഉണ്ട്. ജൈവവേലികൾ പ്രചാരത്തിൽ ഇല്ല.

നിർദ്ദേശങ്ങൾ

❑ കെട്ടിട നിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കണം. തൊഴിലില്ലായ്മാവേതനം പറ്റുന്ന ആളുകളെ കെട്ടിടനിർമ്മാണരംഗത്ത് പരിശീലനംനൽകി അവരുടെ സേവനം പ്രയോജനപ്പെടുത്തണം. അതിനുവേണ്ട ട്രെയിനിങ് സ്ഥാപനങ്ങൾ ആരംഭിക്കുകയും വേണം.

❑ വായ്പാ സമ്പ്രദായം കാലോചിതമായി പരിഷ്ക്കരിക്കുകയും തടസ്സങ്ങൾ ഒഴിവാക്കുകയും ചെയ്യണം.

❑ പഞ്ചായത്തു മെമ്പർമാർ നല്കുന്ന സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വായ്പാ ഗഡുക്കൾ വിതരണം ചെയ്യുക. പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പഞ്ചായത്തിൽനിന്നു സ്ഥലമെടുത്ത് വീടുവച്ച് നൽകുക.

❑ കെട്ടിടതൊഴിലാളി ക്ഷേമനിധി പിരിവ് അവസാനിപ്പിക്കുക.

❑ ലക്ഷംവീട് കോളനിയിൽ രൂപപ്പെടുന്ന പുതിയ കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാനുള്ള നടപടികൾ അടിയന്തിരമായി ചെയ്യുക.

❑ രണ്ടായിരാമാണ്ടോടെ മുഴുവൻ പേർക്കും വീടു നൽകുവാനുള്ള പദ്ധതികൾ രൂപപ്പെടുത്തുക. ○

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിലെ നിർമ്മാണ സാമഗ്രികളുടെ താരതമ്യവില

ഇനം	1985	1990	1995
കരിങ്കല്ല് - ലോഡ് 1	90.00	130.00	650.00
മെറ്റൽ - ലോഡ് 1	360.00	400.00	2400.00
മണൽ - ലോഡ് 1	160.00	200.00	1400.00
ചുടുകട്ട 1000 ന്	400.00	600.00	2000.00
സിമിന്റ് ചാക്കിന്	70.00	110.00	185.00
കമ്പി 1 കിലോ	6.25	8.75	16.00
ഓട് 1000 ന്	1000.00	2500.00	4500.00
മൈക്കാട് പുരുഷൻ	15.00	40.00	90.00
മൈക്കാട് സ്ത്രീ	10.00	30.00	75.00
ആശാരി	35.00	70.00	140.00
മേസൺ	30.00	60.00	140.00

പദ്ധതികൾക്കു കുറവില്ല; പക്ഷേ പ്രവർത്തനം മെച്ചമാകണം

ക്ഷേമപദ്ധതികൾ പലതുണ്ട്. പക്ഷേ, പ്രയോജനം അർഹരായവരിൽ ചെന്നെത്തുന്നില്ല. പദ്ധതികളെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കലാണു പ്രധാനം. അവശരെ കണ്ടെത്തി, കാലതാമസം ഒഴിവാക്കി സഹായം എത്തിക്കണം.

സാമൂഹ്യക്ഷേമരംഗത്ത് പട്ടികജാതി പട്ടിക വർഗ്ഗ കോർപ്പറേഷനും വനിതാ വികസന കോർപ്പറേഷനും വികലാംഗക്ഷേമ കോർപ്പറേഷനും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. എന്നാൽ ഇവയുടെ കീഴിലുള്ള ക്ഷേമപദ്ധതികളുടെ പ്രയോജനം വളരെക്കുറച്ചു കുടുംബങ്ങൾക്കു മാത്രമേ ലഭിക്കുന്നുള്ളൂ. ഈ പദ്ധതികളെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുകയും അർഹരായവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്തെങ്കിൽ മാത്രമേ സാമൂഹ്യക്ഷേമരംഗത്ത് മാറ്റങ്ങൾ വരൂ.

S.B.T. മരങ്ങാട്ടുപിള്ളി, S.B.T. കോഴാ, LORD KRISHNA BANK കുറിച്ചിത്താനം, സഹകരണബാങ്ക് മരങ്ങാട്ടുപിള്ളി എന്നീ ബാങ്കുകൾ വഴി സഹായം നല്കിവരുന്നു.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ I.R.D.P. സർവ്വേപ്രകാരമുള്ള വിവരങ്ങൾ: (പട്ടിക- 1)

വാർഡ്	സർവ്വേപ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ	SC/ST	സാമ്പത്തിക സഹായം ലഭിച്ചവർ	SC/ST
I	82	16	10	1
II	134	33	7	3
III	95	27	9	4
IV	155	27	20	4
V	127	18	11	2
VI	130	30	16	1
VII	89	34	1	1
VIII	82	5	2	2
IX	87	9	1	1
ആകെ	951	199	77	19

പഞ്ചായത്തുതലത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ദാരിദ്ര്യനിർമ്മാർജന പദ്ധതികൾ താഴെ:

D.W.C.R.A.

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന ഈ ഗ്രാമീണപദ്ധതി പ്രകാരം രണ്ടു വ്യവസായ യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പന്നിവളർത്തലും മധുരപലഹാര നിർമ്മാണവുമാണ് ഇവ. കൂട്ടായി സംരംഭങ്ങൾ ആരംഭിക്കുവാൻ സ്ത്രീകൾ മുന്നോട്ടു വരുന്നുണ്ടെങ്കിലും പ്രവർത്തന മൂലധനമായി സ്വന്തം വിഹിതം നല്കുവാനുള്ള സാമ്പത്തിക ബുദ്ധിമുട്ടും വായ്പ നല്കുന്നതിൽ ബാങ്കുകൾ കാണിക്കുന്ന അലംഭാവവും ഈ പദ്ധതിയുടെ വിജയത്തിന് തടസ്സമായി നില്ക്കുന്നു.

ട്രൈസം (ട്രെയിനിംഗ് ഓഫ് റൂറൽ യൂത്ത് ഫോർ സെൽഫ് എംപ്ലോയ്മെൻറ്)

I.R.D.P. യുടെ ഉപപദ്ധതിയാണ് ട്രൈസം. I.R.D.P. ഗുണഭോക്താക്കളുടെ സർവ്വേലിസ്റ്റിൽ നിന്ന് 18 നും 35 നും ഇടയ്ക്ക് പ്രായമുള്ളവരെയാണ് തൊഴിൽ പരിശീലന പരിപാടിയായ ഇതിന് പഞ്ചായത്തു മുഖേന തെരഞ്ഞെടുക്കുന്നത്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഗ്രാമീണയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകിയതിനുശേഷം സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിന് വായ്പയും സഹായധനവും നൽകുന്നു. ഇതുവഴി സഹായം ലഭിച്ചവരുടെ

ലിസ്റ്റ്: (പട്ടിക- 2 കാണുക.)

വാർഡ്	പരിശീലനം നേടിയ തൊഴിൽ	പരിശീലനം ലഭിച്ചവരുടെ എണ്ണം	തൊഴിൽ കിട്ടിയവർ	ഉത്തരതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ
I	ഖാദി	2	2	-
II	-	-	-	-
III	-	-	-	-
IV	ഖാദി	1	1	-
V	ഖാദി ഓട്ടോമൊബൈൽ	-	-	-
VI	ബ്യൂട്ടീഷൻ	1	1	1
VII	ഇലക്ട്രിക്കൽ ഖാദി	2	2	2
VIII	ഇരുമ്പുപണി ഇലക്ട്രിക്കൽ റേഡിയോ	2	2	2
IX	മെക്കാനിസം, ബ്യൂട്ടീഷൻ	2	2	2

ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ നൽകുന്ന ഈ പദ്ധതിയെക്കുറിച്ച് ഗ്രാമീണർ ഇന്നും അജ്ഞരാണ്.

I.R.D.P. സർവ്വേപ്രകാരമുള്ള വിവരങ്ങൾ:

വാർഡ്	കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ശേഷിക്കുന്നവർ
I	8	-	8
II	15	-	15
III	13	-	13
IV	8	3	5
V	10	-	10
VI	25	-	25
VII	32	2	30
VIII	15	-	15
IX	10	-	10
ആകെ	136	5	131

C.R.S.P.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതി.

I.R.D.P. സർവ്വേ പ്രകാരം 1129 വീടുകൾക്ക് കക്കൂസ് ആവശ്യമുണ്ട്. മുഴുവൻ പേർക്കും ഈ പദ്ധതി വഴി കക്കൂസ് നിർമ്മിക്കുന്നതിനുവേണ്ട സഹായം നല്കണം. ഇപ്പോൾ അനുവദിക്കുന്ന തുകയുടെ അപര്യാപ്തതമൂലം പലരും ഈ പദ്ധതിവഴി കക്കൂസ് നിർമ്മിക്കുവാൻ മുന്നോട്ടുവരുന്നില്ല. കാലോചിതമായി സഹായത്തുക വർദ്ധിപ്പിക്കണം.

ഈ പദ്ധതി പ്രകാരം സഹായം ലഭിച്ചവർ: (പട്ടിക- 4)

വർഷം	സഹായം ലഭിച്ചവർ
1993-94	24
1994-95	11
1995-96	14
ആകെ	49

ബ്ലോക്ക് സർവ്വേപ്രകാരം ഇനി സഹായം ലഭിക്കേണ്ടവർ: (പട്ടിക- 5 കാണുക.)

പൊതുവിതരണം

പഞ്ചായത്തിൽ ഒൻപതു പൊതുവിതരണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. അവശ്യസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് ഒരു പരിധിവരെ ഈ കേന്ദ്രങ്ങൾക്ക് സാധിക്കുന്നു. പച്ചരി, ഗോതമ്പ്, മൈദ, റവ, മണ്ണെണ്ണ തുടങ്ങിയവ വളരെ ചുരുക്കമായേ ലഭിക്കുന്നുള്ളൂ. പഞ്ചായത്തിൽ മൊത്തം 3653 കാർഡ് ഉടമകൾ ഉണ്ട്. ഇതിൽ 18743 ഗുണഭോക്താക്കൾ ഉണ്ട്.

പെൻഷൻ

വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കാൻസർ രോഗി പെൻഷൻ, ക്ഷയരോഗികൾക്കുള്ള ധനസഹായം എന്നിവ അർഹരായ എല്ലാവർക്കും ലഭിക്കുന്നില്ല. പെൻഷൻ ലഭിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളും മറ്റും ലഭിക്കുന്നതിനുള്ള വൈഷമ്യങ്ങൾ ഒഴിവാക്കി അർഹരായവർക്ക് കിട്ടുന്നതിനു നടപടിവേണം.

അംഗൻവാടികൾ ഒന്നുംതന്നെ ഇവിടെയില്ല. സ്ഥലമോ കെട്ടിടമോ ഇല്ലാത്തതാണ് കാരണം. മൂന്നു ബാലവാടികൾ പ്രവർത്തിക്കുന്നു. കളിപ്പാട്ടങ്ങളുടെ അഭാവവും സ്വന്തമായ സ്ഥലമില്ലായ്മയും ഇവയുടെ പ്രവർത്തനത്തെ ബാധിക്കുന്നു. ബാലവാടികളിൽ അമ്മമാരിലും കുട്ടികളിലും സ്വാശ്രയശീലം വളർത്തുന്നതിന്നുതകുന്ന വിവിധ പദ്ധതികൾ മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്നു. അവ വീണ്ടും സംഘടിപ്പിക്കണം.

കന്യാസ്ത്രീ മഠങ്ങളുടെ നേതൃത്വത്തിൽ ആതുരസേവനം, അനാഥാലയം, മന്ദബുദ്ധി സംരക്ഷണ കേന്ദ്രം, തൊഴിൽ പരിശീലനകേന്ദ്രം എന്നിവ നടത്തുന്നുണ്ട്. ഇവർക്കു പ്രോത്സാഹനം നൽകണം.

വികലാംഗരെ പുനരുദ്ധരിക്കാൻ വേണ്ട നടപടികൾ സർക്കാർതലത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

പട്ടിക- 5

വാർഡ്	മൊത്തം 'സർവ്വേ ചെയ്യപ്പെട്ട വീടുകളുടെ എണ്ണം	സ്വന്തമായി വാസയോഗ്യമായ വീടും സ്ഥലവും ഉള്ളവരും എന്നാൽ കക്കൂസ് ഇല്ലാത്തവരും			സ്വന്തമായി സ്ഥലമുള്ളവരും എന്നാൽ വാസയോഗ്യമായ വീടോ കക്കൂസോ ഇല്ലാത്തവരും			പുറമ്പോക്കിൽ താമസിക്കുന്ന സ്ഥലം, വീട്, കക്കൂസ് ഇല്ലാത്തവർ.		
		പ. ജാതി പ. വർഗം	മറ്റുവിഭാഗങ്ങൾ	ആകെ	പ. ജാതി പ. വർഗം	മറ്റുവിഭാഗങ്ങൾ	ആകെ	പ. ജാതി പ. വർഗം	മറ്റുവിഭാഗങ്ങൾ	ആകെ
1	76	2	52	54	1	18	19	-	3	3
2	110	5	56	61	3	41	44	-	5	5
3	150	12	79	91	9	46	55	-	4	4
4	146	2	76	78	6	53	59	2	7	9
5	71	1	48	49	5	17	22	-	-	-
6	158	5	79	84	8	63	71	-	3	3
7	130	7	82	89	3	82	35	2	4	6
8	132	3	95	98	4	20	24	1	9	10
9	156	2	105	107	2	46	48	1	-	1
ആകെ	1129	39	672	711	41	336	377	6	35	41

വില്ലേജ്	വർഷം	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യകാല പെൻഷൻ	ക്ഷയരോഗി പെൻഷൻ	ക്യാൻസർരോഗി പെൻഷൻ
കുറിച്ചിത്താനം	1990 - 91	-	4	1	2	-
	1991 - 92	-	1	-	-	-
	1992 - 93	2	1	1	-	-
	1993 - 94	2	1	-	-	-
	1994 - 95	3	1	-	2	-
	1995 - 96	4	2	1	3	-
	ആകെ	11	10	3	7	
ഇലയ്ക്കാട്	1990 - 91	34	-	-	-	1
	1991 - 92	-	-	-	-	1
	1992 - 93	-	-	-	-	-
	1993 - 94	-	-	-	-	-
	1994 - 95	-	-	-	-	-
	1995 - 96	5	-	-	2	
	ആകെ	39	-	-	2	2
മോനിപ്പള്ളി	1990 - 91	-	3	-	5	-
	1991 - 92	-	-	-	1	-
	1992 - 93	4	5	-	-	-
	1993 - 94	-	3	-	-	-
	1994 - 95	-		1	-	-
	1995 - 96	3	2	2	-	1
	ആകെ	7	13	3	6	1
	ആകെ	57	23	6	15	3

വികലാംഗ സർവ്വേ

വാർഡ്	5 വയസ്സുള്ളവർ		5-10 വയസ്സുള്ളവർ		10-18 വയസ്സുള്ളവർ		18-25 വയസ്സുള്ളവർ		25-45 വയസ്സുള്ളവർ		45-60 വയസ്സുള്ളവർ		60ന് മുകളിൽ	
	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.
1	-	-	-	-	-	-	-	-	2	-	1	-	1	-
2	-	-	-	-	-	-	1	2	3	-	-	-	1	-
3	-	-	-	-	-	-	-	1	2	-	1	-	-	-
4	-	-	-	1	-	-	2	2	-	4	1	1	-	-
5	-	-	-	-	-	-	-	1	1	1	-	-	-	-
6	-	-	-	-	-	-	1	3	2	-	-	-	-	-
7	-	-	-	-	-	-	3	-	1	-	-	-	1	-
8	-	-	-	-	-	-	1	-	-	-	2	-	1	-
9	-	-	-	1	-	-	2	-	-	2	-	2	-	-
ആകെ	-	-	-	2	-	-	10	9	11	7	5	3	4	-

നിർദ്ദേശങ്ങൾ

1. അംഗൻവാടികൾ എല്ലാവാർഡിലും സ്ഥാപിക്കുക.
2. ആണ്ടൂർ, വലിയപാറ, നാടികുന്ന്, ആലയ്ക്കാപ്പള്ളി എന്നിവിടങ്ങളിൽ സബ്പോസ്റ്റോഫീസുകൾ സ്ഥാപിക്കുക.
3. കക്കൂസ് നിർമ്മിക്കാനുള്ള ധനസഹായം ചെയ്യുക.
4. കുറിച്ചിത്താനത്ത് പൊതുശ്മശാനം സ്ഥാപിക്കുക.
5. പെൻഷൻ കാലതാമസം ഒഴിവാക്കുക.
6. എല്ലാ പ്രധാനകേന്ദ്രങ്ങളിലും വെയ്റ്റിങ് ഷെഡുകളും സോഡിയം വേപ്പർലാംബുകളും സ്ഥാപിക്കുക.
7. ചുടലപ്പാറ ഹരിജൻകോളനിയിലെ ശ്മശാനത്തിന് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.
8. എല്ലാ റോഡുകളിലും സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക.
9. അഴുക്കുചാലുകൾ വൃത്തിയാക്കുകയും ചപ്പുചവറുകൾ നീക്കം ചെയ്ത് മലിനീകരണം തടയുകയും ചെയ്യുക.
10. മരങ്ങാട്ടുപിള്ളി ടൗണിലെ മത്സ്യക്കച്ചവടം മാർക്കറ്റിലേക്കു മാറ്റുക.
11. വൃദ്ധമന്ദിരം സ്ഥാപിക്കുക.
12. അഭ്യസ്തവിദ്യരായ എല്ലാവർക്കും തൊഴിലുകൾ നൽകുന്നതിനു നടപടി സ്വീകരിക്കുക.
13. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.
14. മദ്യനിരോധനം പൂർണ്ണമായും നടപ്പിലാക്കുക.
    മദ്യവർജന സമിതികൾ രൂപവൽക്കരിക്കുകയും ബോധവൽക്കരണപരിപാടികൾ നടത്തുകയും ചെയ്യുക.
15. തൊഴിലില്ലായ്മ വേതനവിതരണം പഞ്ചായത്തുവഴിയാക്കുകയും ഉപഭോക്താക്കളെ ഉപയോഗിച്ച് വികസന പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുക.
17. കർഷകസമൂഹത്തിന് മാന്യമായ തോതിൽ പെൻഷൻ അനുവദിക്കുക.
18. കുടുംബകൂട്ടായ്മ നടത്തി യഥാർത്ഥ അവശത അനുഭവിക്കുന്നവരെ കണ്ടെത്തി ക്ഷേമപ്രവർത്തനങ്ങൾ നടത്തുക.

സംസ്ക്കാരം

സാംസ്ക്കാരികത്തനിമ വിളയുന്ന കാർഷികഗ്രാമം

മതാചാരങ്ങളും വിശ്വാസങ്ങളും വ്യത്യസ്തം. പാരമ്പര്യവും വ്യത്യസ്തം. പക്ഷേ, മരങ്ങാട്ടുപിള്ളി പഞ്ചായത്തിൽ എല്ലാവരും ഒന്നാണ്. കൃഷി എന്ന ചരടിൽ ഒന്നായി കോർത്തിണക്കപ്പെട്ട ഈ ജനസമൂഹത്തിന്റെ സാമ്പത്തിക അടിത്തറയും കാർഷികമേഖലതന്നെ. സാംസ്ക്കാരിക രംഗത്തു പ്രമുഖരെ സംഭാവന ചെയ്ത പഞ്ചായത്ത് ഇനിയും ആ രംഗത്ത് സമ്പന്നമാണ്.

തകർന്ന ഫ്യൂഡൽവ്യവസ്ഥിതിയിൽ നിന്നുരിത്തിരിഞ്ഞ ഇടത്തരം കർഷകരുടെ അദ്ധ്വാനത്തിലധിഷ്ഠിതമാണ് പഞ്ചായത്തിന്റെ സാംസ്ക്കാരിക പശ്ചാത്തലം. ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽപ്പോലും ഈ ഗ്രാമപഞ്ചായത്തിൽ ഫ്യൂഡൽ വ്യവസ്ഥിതിയുടെ പ്രത്യേകതയായ അടിമയുടമ കൂടിയാൻ ബന്ധം അത്ര ശക്തമായിരുന്നില്ല. എങ്കിലും ഒരു കാലഘട്ടത്തിന്റെ വ്യവസ്ഥിതി എന്ന നിലയിൽ ഫ്യൂഡൽ വ്യവസ്ഥിതിയുടെ കുറേയേറെ സ്വാധീനം ഉണ്ടായിരുന്നെന്നു പറയാം.

കുറിച്ചിത്താനം, പാലക്കാട്ടുമല, ആണ്ടൂർ തുടങ്ങി പഴക്കമേറിയ ക്ഷേത്രങ്ങളുള്ളിടങ്ങളിലാണ് സാമൂഹ്യ ജീവിതത്തിന്റെ തുടക്കം. സ്ഥലപ്പേരുകൾ നൽകുന്ന സൂചനപോലെ മറ്റുപ്രദേശങ്ങൾ കുറ്റിക്കാടും കൊടുങ്കാടും ആയിരുന്നിരിക്കാം.

ജീവിതചര്യ രൂപപ്പെട്ടതും ആദിസംസ്ക്കാരം ഉടലെടുത്തതും എവിടെയുമെന്നതുപോലെ ഇവിടെയും ക്ഷേത്രസങ്കേതങ്ങളിലാണ്. പിന്നീട് പ്രവാചകമതമായ ക്രിസ്തുമതവും അതിന്റെ ആരാധനാലയങ്ങളും സ്ഥാപിതമായതോടെ മതമൈത്രിയിലൂന്നി പുതിയ സാമൂഹ്യജീവിതരീതി വഴി സാംസ്ക്കാരിക പരിണാമം ത്വരിതപ്പെട്ടു. ക്രമേണ കൂടുതൽ കൂടുതൽ സ്ഥലങ്ങളിൽ ജനവാസമായി. കൃഷി വ്യാപിച്ചു. ജാതിമത വ്യത്യസ്തതയില്ലാതെ കർഷകജനത രൂപപ്പെട്ടു. ഈ കാർഷികസംസ്ക്കാരമാണ് ഇന്നത്തെ പഞ്ചായത്തിന്റെ സാംസ്ക്കാരിക പൈതൃകം.

ഹൈന്ദവ-ക്രൈസ്തവ മതവിഭാഗങ്ങളേ ഈ പഞ്ചായത്തിലുള്ളൂ. ജനസംഖ്യയിൽ ഭൂരിപക്ഷം റോമൻ സിറിയൻ കാത്തോലിക്കാ സഭാംഗങ്ങൾക്കാണ്.

ഇരു മതവിഭാഗങ്ങളും താന്താങ്ങളുടെ വിശ്വാസപ്രമാണങ്ങളിലും ആചാരങ്ങളിലും ഉറച്ചുനിന്നുകൊണ്ടുതന്നെ ഒരൊറ്റച്ചരടിൽ കോർത്ത പുഷ്പങ്ങൾ പോലെ പരസ്പരസഹകരണത്തോടും കൂട്ടായ്മയോടും കൂടി അദ്ധ്വനിക്കുന്ന ചിത്രമാണിവിടെ കാണാൻ കഴിയുന്നത്. കുലത്തൊഴിലുകാരും ഫാക്ടറി വ്യവസായത്തൊഴിലാളികളും ഉണ്ടെങ്കിലും എല്ലാവർക്കും കൃഷിയുമായി ബന്ധമുണ്ട്. ആ നിലയിൽ പ്രധാനമായും കൃഷിക്കാരും അവരെ സഹായിക്കുന്ന കൃഷിത്തൊഴിലാളികളുമെന്ന് രണ്ടുവിഭാഗമേയുള്ളൂ പഞ്ചായത്തിൽ എന്നു പൊതുവായി പറയാം. കൃഷിയെന്ന പൊതുവായ ഏകകം എല്ലാവരിലും ഒരുപോലെ ഉൾക്കൊണ്ടതുകൊണ്ടാകാം ജാതിസ്പർദ്ധയും വർഗ്ഗീയതയുടെ കരിനിഴലും ഏശാത്തൊരു സാംസ്ക്കാരിക പാരമ്പര്യം പഞ്ചായത്തിനുണ്ടായത്.

പഞ്ചായത്തിലുൾപ്പെടുന്ന മുഴുവൻക്ഷേത്രങ്ങളിലും പള്ളികളിലും അവരുടെ മതാചാരവിശ്വാസങ്ങൾക്കനുസരിച്ചുള്ള ആചാരാനുഷ്ഠാനങ്ങളോടെ ഉത്സവങ്ങളും പെരുന്നാളുകളും വർഷംതോറും നടത്തിവരുന്നു. വൃശ്ചികമാസത്തിലെ ഏകാദശിയോടെ കുറിച്ചിത്താനം പൂത്തൃക്കോവിൽ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ തുടങ്ങുന്ന ഉത്സവമാണ് ഉത്സവപെരുന്നാ



❑ കാരിപ്പടവത്തു കാവ് *(കുറിച്ചിത്താനം).*

ളുകളിൽ ആദ്യത്തേതും ഏറ്റവും പ്രധാനപ്പെട്ടതും. ഇത് സമീപപഞ്ചായത്തുകളിലും കൂടി പൊതുപ്രാധാന്യമർഹിക്കുന്നു. മേടമാസത്തിലെ പത്താമുദയത്തോടെ ആഘോഷങ്ങളുടെ ഒരു വർഷത്തെ സമാപ്തിയുമാകുന്നു.

ദേശീയോത്സവമായ ഓണത്തിന് അതിന്റെതായ മോടിയും പ്രൗഢിയും പ്രചാരവും പ്രാധാന്യവും ഉണ്ട്. ഒരേ ഗ്രാമത്തിൽത്തന്നെ സ്ഥിരമായുള്ളതും താൽക്കാലികമായി രൂപീകരിക്കപ്പെട്ടതുമായ ക്ലബ്ബുകളും വായനശാലകളും മറ്റും മത്സരിച്ച് ഓണാഘോഷങ്ങൾ സംഘടിപ്പിക്കുന്നു. മലയാള ജനതയുടെ പൊതുവായ വിളവിറക്കൽ ഉത്സവമായ വിഷുവും ലോകമെമ്പാടും ആഘോഷിക്കുന്ന ക്രിസ്തുമസും ഈസ്റ്ററും മോടിയോടെ ആഘോഷിച്ചുവരുന്നു.

ഗജവീരന്മാരുടെ അകമ്പടിയോടെ പറയെടുപ്പും താലപ്പൊലിയും അമ്മൻകുടം തുള്ളലും കുംഭകുടവും മറ്റുമുള്ള എഴുന്നള്ളിപ്പുകളോടുകൂടിയ ക്ഷേത്ര ഉത്സവങ്ങളും ബാൻഡ് മേളവും ചെണ്ടയും കരിമരുന്നു കലാപ്രകടനങ്ങളും അകമ്പടിനിൽക്കുന്ന പ്രദക്ഷിണഘോഷയാത്രകളുമായി നടത്തുന്ന പള്ളിപ്പെരുന്നാളുകളും പഞ്ചായത്തിന്റെ മൊത്തം ആഘോഷമാണ്.

ശ്രീനാരായണഗുരു ജയന്തിയോടനുബന്ധിച്ച് S.N.D.P ആണ്ടൂർ ശാഖായോഗം വർഷന്തോറും പ്രചാരണവേഷമത്സരങ്ങളും നാടൻ കലാപ്രകടനങ്ങളും ഉൾക്കൊള്ളിച്ചുനടത്തുന്ന ചതയദിനാഘോഷയാത്രയും പണ്ഡിതരുടെ പ്രഭാഷണങ്ങളോടുകൂടി നടത്തുന്ന സമ്മേളനവും ശ്രദ്ധേയമാണ്. ഏതാനും വർഷങ്ങളായി ആണ്ടൂർ ഗ്രാമസമിതിയുടെ ആഭിമുഖ്യത്തിൽ സാംസ്ക്കാരികഘോഷയാത്രയും സമ്മേളനവും നടത്തിവരുന്നു.

പഞ്ചായത്തിൽ പലകാലത്തും കലാസമിതികൾ രൂപപ്പെട്ടിട്ടുണ്ട്, ഇന്നും രൂപംകൊള്ളുന്നു. പക്ഷേ, സാമ്പത്തികമടക്കമുള്ള പല പ്രതിബന്ധങ്ങളാൽ ദീർഘകാലം നിലനിൽക്കാതെ തകർന്നുപോവുകയാണു പതിവ്. ഇതിൽത്തന്നെ 1960 കളിൽ ഇന്നത്തെ മരങ്ങാട്ടുപിള്ളി പഞ്ചായത്ത് ഇലയ്ക്കാട് പഞ്ചായത്തായിരുന്ന കാലത്ത് പഞ്ചായത്തു കമ്മറ്റി മുന്നിട്ട് രൂപം കൊടുത്ത് പ്രവർത്തിച്ചിരുന്ന ഇലയ്ക്കാട് പഞ്ചായത്ത് കേന്ദ്രകലാസമിതി പിന്നീട് നിന്നുപോയെങ്കിലും ആ കലാസമിതിക്ക് രൂപം നൽകിയവരുടെ പ്രബുദ്ധമായ ദീർഘവീക്ഷണത്തെ മാനിക്കണം. ഇവിടെ രൂപം കൊണ്ട നാടക കലാസമിതികളെല്ലാം പിടിച്ചുനിൽക്കാൻ കഴിയാതെ ശൈശവദശയിൽത്തന്നെ ചരമമടഞ്ഞു.

കോലടികളി, പരിചമുട്ടുകളി, വില്ലടിച്ചാൻ പാട്ട്, വട്ടക്കളി, മാർഗ്ഗംകളി, തിരുവാതിരകളി തുടങ്ങിയ നാടൻ കലകളും ഗരുഡൻ തൂക്കം, പുള്ളുവൻ പാട്ട്, സർപ്പം തുള്ളൽ, ഓണം തുള്ളൽ, കുറത്തിയാട്ടം തുടങ്ങിയ അനുഷ്ഠാനകലകളും പഞ്ചായത്തിൽ നല്ല പ്രചാരത്തിലുണ്ടായിരുന്നു. ഇവയിൽ പലതും പിന്നീ


ട് നിന്നുപോയെങ്കിലും അറിയാവുന്നവർ ഇന്നുമുണ്ട്. ചില കളിസംഘങ്ങളുമുണ്ട്. തിരുവാതിരകളി മാത്രം- മത്സരവേദികൾ വന്നതോടെ- ഹൈന്ദവകുടുംബങ്ങളിലെ അകത്തളങ്ങളിൽ നിന്ന് പൊതുവേദികളിലേക്ക് വളരുകയാണുണ്ടായത്.

ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് പ്രത്യേകിച്ച് കുറിച്ചിത്താനം കാരിപ്പടവത്ത് ഭഗവതിക്ഷേത്രത്തിൽ മുടിയാട്ടം കളി എന്ന കലാപ്രകടനം ആചാരമായി നടത്തിവരുന്നു. കാർഷിക സമൃദ്ധിക്കും കുടുംബത്തിന്റെ ഐശ്വര്യത്തിനുംവേണ്ടി നാഗത്താന്മാരെ തൃപ്തിപ്പെടുത്താൻ ഓരോ ഹിന്ദുവീടുകളിലും പുള്ളുവന്മാർ വീണ, കുടം തുടങ്ങിയവയുടെ അകമ്പടിയോടെ സർപ്പദൈവങ്ങളെ ഭജിച്ചുപാടുന്നതാണ് പുള്ളോൻ പാട്ട്. കുടുംബനാഥൻ വിളവിന്റെ ഓഹരി ദക്ഷിണയായി പാട്ടുകാർക്ക് നൽകും. അപൂർവ്വമായി ചില വീടുകളിൽ ഇപ്പോഴും ഇതു നടന്നുവരുന്നുണ്ട്.

വയലേലകളിൽ നിന്ന് ഉയർന്നുകേട്ടിരുന്ന ഞാറ്റുപാട്ടും അദ്ധ്വാനത്തിന്റെ ആയാസം കുറച്ച് ആവേശവും മത്സരവാശിയും കൈവരുത്തുന്നതിന് പാടിയിരുന്ന കിളപ്പാട്ടും ഇന്നു കേൾക്കാനില്ല. പ്രോത്സാഹനവും നിലനിൽക്കാനാവശ്യമായ സഹായവും ലഭിക്കാതെ വന്നതിനാൽ ഇവയൊക്കെ നിന്നുപോയി.

നാടിന്റെ തനിമയും ആർജ്ജവവും ഉൾക്കൊണ്ട ഈ കലകളുടെ നഷ്ടം നമ്മുടെ പാരമ്പര്യത്തിന്റെ കൂടി നഷ്ടമാണ്.

സാഹിത്യരംഗത്തും പഞ്ചായത്തിന് അഭിമാനിക്കാവുന്ന നേട്ടങ്ങളുണ്ട്. ചരിത്രപണ്ഡിതൻകൂടിയായ സാഹിത്യതിലകൻ ഫാദർ സി.കെ. മറ്റം,സ്ഥലനാമചരിത്ര രചയിതാവും കവിയുമായ മഠം എസ്. പരമേശ്വരൻ നമ്പൂതിരി, ആയുർവേദ ചികിത്സകനും സംസ്കൃതപണ്ഡിതനും കവിയും ആയിരുന്ന മഠം എസ്. ശ്രീധരൻ നമ്പൂതിരി, നിരവധി ഗ്രന്ഥങ്ങളുടെ കർത്താവായ കുറിച്ചിത്താനം പി. ശിവരാമപിള്ള, രചനയിൽ സാഹിത്യ അക്കാദമി അവാർഡും ശക്തിഅവാർഡും സംഗീതനാടക അക്കാദമി അവാർഡും വിക്രമൻനായർ ട്രോഫിയും മറ്റുപല അംഗീകാരങ്ങളും നേടിയ നാടകകൃത്തും സംവിധായകനുമായ കെ.എസ്. നമ്പൂതിരി, സുപ്രസിദ്ധ സിനിമാതാരം ബാബു നമ്പൂതിരി, നടി സോണിയ,- ക്ഷേത്രകലയായ ഓട്ടൻതുള്ളലിൽ തനതുശൈലിയിലൂടെ അംഗീകാരവും പ്രശസ്തിയും പിടച്ചുപറ്റിയ കലാമണ്ഡലം ജനാർദ്ദനൻ തുടങ്ങിയവർ ഈ കൊച്ചുഗ്രാമപഞ്ചായത്തിന്റെ സാംസ്ക്കാരിക ചൈതന്യം നിറഞ്ഞ പ്രതിഭാസംഘത്തിൽ വിരിഞ്ഞ വസന്ത പുഷ്പങ്ങളാണ്.



❑ സെൻറ് ഫ്രാൻസിസ് അസ്സീസി ചർച്ച് *(മരങ്ങാട്ടുപിള്ളി).*

ഇന്ന് കേരളത്തിലൊട്ടാകെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്കു സുപരിചിതമായ ലേബർ ഇൻഡ്യ വിദ്യാഭ്യാസമാസികയും മരങ്ങാട്ടുപിള്ളിയിൽ നിന്നു പ്രസിദ്ധീകരിച്ചുവരുന്നു.

മലയാള മനോരമ, ദീപിക, മാതൃഭൂമി, കേരളകൗമുദി, മംഗളം, ദേശാഭിമാനി, ജന്മഭൂമി എന്നീ ഭാഷാദിനപ്പത്രങ്ങൾക്കായി മൊത്തം 1865 പ്രതികളും ഇംഗ്ലീഷ് ദിനപ്പത്രങ്ങളിൽ ഇൻഡ്യൻ എക്സ്പ്രസിനും ഹിന്ദുവിനുമായി 95 കോപ്പികളും പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. വീടുകളിലും കടകളിലും സ്ഥാപനങ്ങളിലുമായി വിറ്റഴിക്കപ്പെടുന്ന ഇവയുടെ കോപ്പികളുടെ എണ്ണത്തിൽ മലയാള മനോരമ ഒന്നാം സ്ഥാനത്തും ദീപിക, മാതൃഭൂമി ഇവ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലും വരും. 80% കോപ്പികൾ വീടുകളിൽ വരുത്തുന്നവയാണ്. കൂടാതെ മലയാള മനോരമ, മാതൃഭൂമി തുടങ്ങി ലഭ്യമാകുന്ന ഒട്ടുമിക്ക മലയാള വാരികകളും ഗൃഹലക്ഷ്മി, വനിത തുടങ്ങിയ സ്ത്രീകൾക്കായുള്ള മാസികകളും പഞ്ചായത്തിൽ വളരെ വ്യാപകമായി ചെലവഴിക്കപ്പെട്ടുവരുന്നു. ജനസംഖ്യയിൽ 90% പേർ പതിവായി ദിനപ്പത്രപാരായണം ചെയ്യുന്നുണ്ട്. ഇതിൽ പുരുഷന്മാരാണ് മുൻപന്തിയിലെങ്കിൽ ആഴ്ചപ്പതിപ്പുകളും കഥാമാസികകളും വായിക്കുന്നതിൽ സ്ത്രീകളും കുട്ടികളുമാണ് കൂടുതൽ. കാലികപ്രസിദ്ധീകരണങ്ങൾ അയൽപക്കങ്ങളിൽ നിന്ന് അയൽപക്കങ്ങളിലേക്ക് പരസ്പരം കൈമാറിക്കൈമാറി ഒരേ കോപ്പി നിരവധിപേർ വായിക്കുകയും ചർച്ചചെയ്യുകയും ചെയ്യുന്നതുവഴി സ്ത്രീകളും കുട്ടികളും ഒരുതരം പ്രത്യേകം സഹവർത്തിത്വം തന്നെ വായനയിൽ നിലനിർത്തുന്നു. ജനങ്ങളുടെ ഇടയിൽ വായനശീലം പ്രസിദ്ധീകരണങ്ങളുടെ ലഭ്യതയനുസരിച്ച് വളരുകയാണുണ്ടായിട്ടുള്ളത്. എന്നാൽ ചർച്ചയും പഠനവും, ചിന്തയുമർഹിക്കുന്ന മൂല്യാധിഷ്ഠിത വായനശീലം വ്യാപിക്കുന്നില്ല. പത്രപാരായണത്തിൽ രാഷ്ട്രീയസംഭ്രമജനക റിപ്പോർട്ടുകളാണ് കൂടുതൽ ആകർഷിക്കുന്നതെങ്കിൽ കഥാമാസികകളിൽ മൂന്നാംതരം റൊമാൻറിക് കഥകൾക്കാണ് കൂടുതൽ പ്രചാരം.

ഗ്രന്ഥശാലകൾ

എവിടെയെല്ലാം ഏതിൽനിന്നെല്ലാം അറിവ് സ്ഫുരിക്കുന്നുവോ അവിടെയെല്ലാം ആത്മാവുണ്ട്. അറിവാണ് ആത്മാവ്. ഈ അർത്ഥത്തിൽ ഈ ഗ്രാമപഞ്ചായത്തിൻെറ ആത്മാവ് കുടികൊള്ളുന്നത് ദേശീയപ്രസ്ഥാനത്തിൽ നിന്നും നവോത്ഥാനമുന്നേറ്റത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട് 50 കളിൽ സ്ഥാപിച്ച് ഇന്നും ഗ്രാമങ്ങളുടെ സാംസ്ക്കാരിക സിരാകേന്ദ്രങ്ങളായി നിലകൊള്ളുന്ന ആറു ഗ്രന്ഥശാലകളിലാണ്. സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തകനായി സ്വാതന്ത്ര്യത്തിൻെറ സമരകാഹളം ഈ ഉൾനാടൻ ഗ്രാമത്തിൽ മുഴക്കിയ അന്തരിച്ച M.M കുര്യൻ മറ്റത്തുമാനാലും സഹപ്രവർത്തകനായിരുന്ന T. ജോൺ പുളിക്കിയും മുൻകൈയെടുത്ത് 1948-ൽ സ്ഥാപിച്ച മരങ്ങാട്ടുപിള്ളി നാഷണൽ റീഡിംഗ് റൂം ആൻഡ് ലൈബ്രറിയാണ് ആദ്യത്തേത്. അവർതന്നെയാണ് സ്ഥാപകപ്രസിഡൻറും സെക്രട്ടറിയും. ഈ ഗ്രന്ഥാലയത്തിനുള്ള സ്ഥലം സംഭാവനയായി നൽകിയത് P.T. ജോർജ് പുളിക്കിയാണ്. 1960 കളിൽ K.M മാണി ഇതിൻെറ പ്രസിഡൻറായിരുന്നു. ഇന്ന് താലൂക്കിലെതന്നെ ഏറ്റവും മെച്ചപ്പെട്ട ലൈബ്രറികളിലൊന്നായിത്തീർന്നിരിക്കുന്ന, 1949-ൽ N.A. നീലകണ്ഠപിള്ള പ്രസിഡൻറും കുറിച്ചിത്താനം P. ശിവരാമപിള്ള സെക്രട്ടറിയുമായി ആരംഭിച്ച കുറിച്ചിത്താനം ലൈബ്രറിയാണ് രണ്ടാമത്തേത്. ഈ സ്ഥാപനത്തിനുള്ള സ്ഥലം സംഭാവനയായി നൽകിയത് പുതുമന ഇല്ലക്കാരാണ്.

കുറിച്ചിത്താനത്തിൻേറയും പൊതുവിൽ ഈ പഞ്ചായത്തിൻേറയും അഭിമാനമായ ഈ ഗ്രന്ഥശാലയുടെ സ്ഥാപനം മുതൽ തൻെറ മരണംവരെയുള്ള നാലു പതിറ്റാണ്ടിലേറെ സെക്രട്ടറിയായി സേവനം കാഴ്ചവെച്ച ശിവരാമപിള്ള സാറിനോട് നാടിനുള്ള ബഹുമാനസൂചകമായി ഇന്നാ ലൈബ്രറി കുറിച്ചിത്താനം P. ശിവരാമപിള്ള മെമ്മോറിയൽ പീപ്പിൾസ് ലൈബ്രറിയെന്നാണ് അറിയപ്പെടുന്നത്.

1950-ൽ ആരംഭിച്ച പാലക്കാട്ടുമല പബ്ലിക് ലൈബ്രറി ഇന്ന് പഞ്ചായത്ത് ലൈബ്രറിയും സാംസ്ക്കാരിക കേന്ദ്രവുമാണ്. സ്ഥാപക പ്രസിഡൻറ് മുണ്ടയ്ക്കാപ്പിള്ളിൽ ശ്രീ. കേശവമാരാരും സെക്രട്ടറി M.K. ശ്രീധരമാരാർ ചോലപ്പിള്ളിയും ആണ്. സ്ഥലം സംഭാവനയായി നൽകിയത് ചോലപ്പിള്ളിൽ R.K രാമകൃഷ്ണമാരാരാണ്. വായനശാലകളിൽ പഞ്ചായത്തിൻെറ സംസ്ക്കാര രൂപീകരണത്തിൽ 1951 ൽ ആരംഭിച്ച ആണ്ടൂർ ദേശീയവായനശാലയ്ക്കും വലുതായ പങ്കുണ്ട്. T.N കൃഷ്ണൻ നമ്പൂതിരി തോട്ടം ഇല്ലം, മാത്യു തോമസ് പീടികയ്ക്കൽ എന്നിവർ സ്ഥാപക സെക്രട്ടറി- പ്രസിഡൻറുമാരായിരുന്നു. T.N. കൃഷ്ണൻ നമ്പൂതിരി തന്നെയാണ് സ്ഥലം നൽകിയത്. ഈ ഗ്രന്ഥശാലയുടെ സ്ഥാപകരിൽ ഒരാളും അറിയപ്പെടുന്ന നാടകനടനും കലാമർമ്മജ്ഞനും ആയ തോട്ടം ഇല്ലത്തിൽ N.N ഇളയത് താലൂക്കിലാകെ ഗ്രന്ഥശാലകൾ രൂപീകരിക്കുന്നതിനും നിലനിർത്തുന്നതിനും താലൂക്ക് ഓർഗനൈസറായി അന്നും ഇന്നും മുന്നിൽനിന്നു പ്രവർത്തിച്ചുവരുന്നു.

സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ മെമ്പറും അറിയപ്പെടുന്ന വാഗ്മിയുമായ M.A. ജോൺ സ്ഥാപക പ്രസിഡൻറും M.M. ജോൺ പൊട്ടൻപ്ലാക്കിയിൽ (മെറിക്കോട്ടേജ്) സെക്രട്ടറി ആയും 1956-ൽ ആരംഭിച്ച കുര്യനാട് കോസ്മോപോളിറ്റൻ ക്ലബ് ലൈബ്രറിയും അതിൻേറതായ സംഭാവനകൾ നലകിയിട്ടുണ്ട്.

ഏറ്റവുമവസാനം രൂപമെടുത്തതെങ്കിലും മറ്റു ലൈബ്രറികളിൽ നിന്നും വ്യത്യസ്തമായ സേവനചരിത്രമാണ് മണ്ണയ്ക്കനാട് മന്നേവാസ് പബ്ലിക് ലൈബ്രറിക്കുള്ളത്. ഇതിൻെറ ആദിരൂപമായ ന്യൂസ് അസംബ്ലി മുന്നിട്ടുനിന്ന് പ്രവർത്തിച്ചു രൂപംകൊടുത്തതാണ് പിന്നീട് സ്വന്തം കെട്ടിടത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന പ്രിയദർശിനി മഹിളാ സമാജവും മണ്ണയ്ക്കനാ

ട് മിൽക്ക് സപ്ലൈയിസ് കോ-ഓപ്പറേറ്റിവ് സൊസൈ റ്റിയും. ഗ്രന്ഥശാലാസംഘം 1979-ൽ പബ്ലിക് ലൈ ബ്രറിയായി അംഗീകരിച്ച ഈ സ്ഥാപനത്തിന്റെ ലൈ ബ്രറിയെന്നനിലയിലുള്ള സ്ഥാപകപ്രസിഡന്റ് K.P. കുര്യൻ കുറിച്ചാത്തുപുത്തൻ പുരയും സെക്രട്ടറി C.J. തോമസ് ചെമ്പനാനിയുമാണ്. ലൈബ്രറിക്കുള്ള സ്ഥ ലം സംഭാവന നൽകിയത് P.C ഐസക് നാരകത്തട വും ലൈബ്രറിക്ക് സ്വന്തമായുള്ള വോളിബോൾ കോർ ട്ടിന് സ്ഥലം സംഭാവന ചെയ്തത് ഇത്താക്ക് തെന്നാ ട്ടുമാണ്.

ഈ പഞ്ചായത്തിലാരംഭിച്ച ഗ്രന്ഥശാലകളൊന്നും പിന്നീട് നിന്നുപോയിട്ടില്ല. ഒന്നൊഴികെയെല്ലാം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പുസ്തകങ്ങ ളുടേയും മറ്റു പ്രസിദ്ധീകരണങ്ങളുടേയും ലഭ്യത വർദ്ധിച്ചതോടെ നിരവധി കുടുംബ ങ്ങളിൽ ഇന്ന് സ്വകാര്യ ലൈബ്രറികളുണ്ട്.

കായികരംഗത്തും പഞ്ചായത്തിന് അഭിമാനിക്കാ വുന്ന പല നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പല സ്പോർട്സ് ക്ലബ്ബുകളും പഞ്ചായത്തിൽ പ്രവർ ത്തിച്ചുവരുന്നു. അവയിൽ എന്തുകൊണ്ടും പ്രഥമഗ ണനീയം യെഗ്മെൻസ് ക്ലബ്ബ് മരങ്ങാട്ടുപിള്ളിയാണ്. സ്പോർട്സ്, സാഹിത്യം, സാമൂഹ്യസേവനം, നാടകാ വിഷ്ക്കരണം തുടങ്ങിയ ലക്ഷ്യങ്ങളോടെ 1949-ൽ 43 അംഗങ്ങളോടെ തുടങ്ങിയ ഈ ക്ലബ്ബിന് കേരള ബാസ് ക്കറ്റ്ബോൾ അസോസിയേഷൻ, സ്പോർട്സ് കൗൺ സിൽ, നെഹ്റു യുവകേന്ദ്ര എന്നിവിടങ്ങളിൽ അഫി ലിയേഷനുണ്ട്. K.J. വർക്കി ഇട്ടിയേക്കാട്ട് സംഭാവന ചെയ്ത സ്ഥലത്തു പ്രവർത്തിക്കുന്ന ഓഫീസും കൂടാ തെ ഒരു ഏക്കറോളം ഭൂമിയും സ്വന്തമായുള്ള Y.M.C ആദ്യകാലങ്ങളിൽ സ്റ്റേറ്റ് ഫുട്ബോൾ മത്സരങ്ങ ളിൽ പങ്കെടുത്തിരുന്നു. നാടകങ്ങൾ എഴുതി അവ തരിപ്പിച്ചിരുന്നു.

വളരെ വിപുലമായതോതിൽ പല വർഷക്കാലം തുടർച്ചയായി മരങ്ങാട്ടുപിള്ളിയിൽ Y.M.C സംഘടി പ്പിച്ചിരുന്ന സ്റ്റേറ്റ് ബാസ്ക്കറ്റ് ബോൾ ടൂർണമെന്റ് ഇന്നും നാടിന്റെ നിറംപിടിച്ച ഓർമ്മകളാണ്.

മുൻകാലങ്ങളിലേതുപോലെ സജീവമല്ലെങ്കിലും ഇന്നും പ്രവർത്തിച്ചുവരുന്ന ഈ ക്ലബ്ബിന്റെ സ്ഥാപക പ്രസിഡൻറ് പ്രൊഫസർ M.T. തരിയൻ മണിമലയും സെക്രട്ടറി C.M. ജോസഫ് കരിപ്പാത്തും ആണ്.

പാലയ്ക്കാട്ടുമല വായനശാലയുടെ കീഴിൽ പ്രവർ ത്തിച്ചിരുന്ന പാലയ്ക്കാട്ടുമല Y.M.C യും സ്പോർട് സ് രംഗത്ത് തനതുമുദ്രപതിപ്പിച്ച സ്ഥാപനമാണ്. ഒരു നല്ല വോളിബോൾ ടീം ഈ ക്ലബ്ബിനുണ്ടായിരുന്നു. ഇന്നും പഞ്ചായത്തിൽ പല ക്ലബ്ബുകളും പ്രവർത്തിച്ചുവ രുന്നു. ഇതിൽ വടംവലി മേളകൾ സംഘടിപ്പിച്ച് പ്രശസ് തി നേടിയിട്ടുള്ള സെവൻ സ്റ്റെപ്സ് മരങ്ങാട്ടുപിള്ളി, മധുരിമ കുറിച്ചിത്താനം, ചലഞ്ചർ കുര്യനാട് ഇവയും വർഷംതോറും ക്രിക്കറ്റ് ടൂർണമെന്റുകൾ നടത്തിവ രുന്ന കുറിച്ചിത്താനം മൈത്രി ക്ലബ്ബും ആണ് ശ്രദ്ധേ യം.

മരങ്ങാട്ടുപിള്ളി ഹൈസ്കൂളിലെ കുട്ടികൾ പലത വണ സ്റ്റേറ്റ് ബാസ്ക്കറ്റ്ബോൾ ടൂർണമെൻറിൽ ചാമ്പ്യന്മാരായിട്ടുണ്ട്. ഈ സ്കൂളിലെ വിദ്യാർത്ഥിനി ഡാൻറി അഗസ്റ്റിൻ ബാസ്ക്കറ്റ് ബോളിൽ ഇന്ത്യൻ ടീമി നെ പ്രതിനിധീകരിച്ചു. നിരവധി വിദ്യാർത്ഥിനി വിദ്യാർത്ഥികൾ സ്പോർട്സിലും ഗയിംസിലുമായി സ്റ്റേറ്റ് ടീമിനെ പ്രതിനിധീകരിച്ച് നാഷണൽ മീറ്റിൽ പങ്കെടുത്ത് നേട്ടങ്ങൾ കൈവരിച്ചിട്ടുമുണ്ട്. ഇവർ ക്കൊക്കെ പരിശീലനം നൽകിയ T.K. തോമസിനെ 1993-ൽ സംസ്ഥാനത്തെ ഏറ്റവും നല്ല കായികാദ്ധ്യാ പകനുള്ള അവാർഡു നൽകി ആദരിച്ചിരുന്നു.

ഇന്നും മരങ്ങാട്ടുപിള്ളിയിൽ നല്ല ബാസ്ക്കറ്റ് ബോൾ ടീമുണ്ട്. കുറിച്ചിത്താനത്ത് കഴിവുറ്റ ഫുട്ബോൾ, കബടി ടീമുകളുമുണ്ട്.

കായിക കലാ മത്സരങ്ങളിൽ പഞ്ചായത്തിന് തന തു മുദ്ര പതിപ്പിക്കാനും നേട്ടങ്ങൾ കൈവരിക്കാനും കഴിഞ്ഞിട്ടുണ്ടെന്നുള്ളതു ശരിയാണ്. എങ്കിലും പ്രോത് സാഹനങ്ങളില്ലാത്തതുകൊണ്ട് പല കലകളും നിന്നു പോയി. അതുപോലെ സഹായവും നേതൃത്വവുമില്ലാ ത്തതുകൊണ്ട് കായിക കലാ ക്ലബ്ബുകളിൽ ഭൂരിഭാഗ വും ഉദിച്ചസ്തമിച്ചുകൊണ്ടിരിക്കുന്നു. പ്രൊഫഷ ണൽ കലാസംഘങ്ങളുടെ തള്ളിക്കയറ്റവും ഇലക്ട്രോ ണിക് മാദ്ധ്യമങ്ങളുടെ അതിപ്രസരവും നാടൻ കലക ളേയും ക്ലബ്ബുകളേയും തളർത്തിയിട്ടുണ്ട്. ഓണാഘോ ഷത്തിന്റെ മറവിൽ സംഘടിപ്പിച്ചുവരുന്ന ചീട്ടുകളി മത്സരങ്ങൾ അവ നടത്തുന്ന ക്ലബ്ബുകളുടെ ഉദ്ദേശ്യശു ദ്ധിയെത്തന്നെ ചോദ്യം ചെയ്യുന്നു.

നമ്മുടെ നാടൻകായികകലാ വിനോദങ്ങളിൽ ഉൾക്കൊണ്ട ലാളിത്യവും ചൈതന്യവും ചരിത്രവും അർത്ഥവും പുതിയ തലമുറ മനസ്സിലാക്കാതെ വന്നതിന്റെ ഫലം അവരുടെ ഇന്നത്തെ സാമൂഹ്യപ്ര തിബദ്ധതയില്ലായ്മയാണ്. വൈദേശികമായ എന്തി നേയും അന്ധമായി അനുകരിക്കാനുള്ള നമ്മുടെ പ്രവണത മലിനപ്പെടുത്തുന്നത് നമ്മുടെ ഭാഷയേ യും സംസ്ക്കാരത്തേയും പാരമ്പര്യത്തേയുമാണ്. ഇന്ന് ഒരുതരം ഉപഭോക്തൃസംസ്ക്കാരം അതിവേഗം വളരുകയാണ്. വിദേശിയരുടെ ഭരണപരമായ അടിമ ത്തത്തിൽ നിന്ന് നാം വിമുക്തരായെങ്കിൽ ഇന്ന് സാംസ് ക്കാരികാടിമത്തത്തിലേക്ക് അതിവേഗം നീങ്ങിക്കൊ ണ്ടിരിക്കുന്നു. നാളെയിതു വീണ്ടും നമ്മളെ വിദേ ശീയ ഭരണീയരാക്കില്ലെന്നാരുകണ്ടു. ഇതിനൊക്കെ യെതിരായി നമ്മളിൽ ആത്മധൈര്യവും ആത്മാഭിമാ നവും വളർത്തുവാനുള്ള കൂട്ടായശ്രമത്തിന്റെ തുട ക്കമാകട്ടെ ഈ സംരംഭം.

നിർദ്ദേശങ്ങൾ

(1) ഒരു കാലത്ത് പഞ്ചായത്തുകമ്മറ്റിയുടെ നേതൃത്വ ത്തിൽ പ്രവർത്തിച്ചിരുന്ന പഞ്ചായത്തുകേന്ദ്ര കലാസ മിതി പഞ്ചായത്തിലെ കായിക കലാ പ്രസ്ഥാനങ്ങൾ ക്കും പ്രവർത്തനങ്ങൾക്കും മൊത്തം നേതൃത്വം നൽകാൻ കഴിയുന്ന കേന്ദ്രസമിതിയായി വേണ്ട നിയമ ങ്ങളോടും നിബന്ധനകളോടുംകൂടി പുനഃസംഘടി

പ്പിക്കണം.

(2) ഒരേക്കറോളം സ്ഥലവും സ്വന്തമായ ഓഫീസുമുള്ള Y.M.C മരങ്ങാട്ടുപിള്ളിയുടെ മന്ദീഭവിച്ച പ്രവർത്തനം ജനകീയ പങ്കാളിത്തത്തോടെ സജീവമാക്കുക.

(3) നാട്ടിലിന്ന് ഇല്ലാതായതും ഇല്ലാതായിക്കൊണ്ടിരിക്കുന്നതുമായ നാടൻ കലാരൂപങ്ങളും കളികളും പുനരുജ്ജീവിപ്പിക്കാൻ സഹായം നൽകുക. പ്രോത്സാഹനാർത്ഥം വർഷന്തോറും ആഘോഷങ്ങളും മത്സരവും സംഘടിപ്പിക്കുക.

(4) പല ഗ്രന്ഥശാലകളിലും ഇന്ന് പുസ്തകങ്ങൾ വാരിക്കൂട്ടിയിരിക്കുകയാണ്. ഗ്രന്ഥശാലകൾ നേരിടുന്ന ഏറ്റവുംവലിയ പ്രശ്നം പുസ്തകങ്ങൾ ബയൻറു ചെയ്യിക്കാനും ക്രമമായി അടുക്കിസൂക്ഷിക്കാനും അലമാരകളും ഉപകരണങ്ങളും വാങ്ങാൻ സാമ്പത്തികമില്ലെന്നുള്ളതാണ്. ഭാവിയിൽ ഇത് ഒരു വലിയ നഷ്ടത്തിനിടയാക്കും. ആയതിനാൽ ഉപകരണങ്ങൾ വാങ്ങാനും പുസ്തകം ബയൻറുചെയ്യിക്കാനും ഗ്രന്ഥശാലകൾക്ക് പ്രതിവർഷം സഹായം ചെയ്യുക.

(5) പഞ്ചായത്ത് ഏറ്റെടുത്തിട്ടും പ്രവർത്തിക്കാതെ കിടക്കുന്ന പാലയ്ക്കാട്ടുമല ലൈബ്രറിയിൽ (സാംസ്ക്കാരികനിലയം) പഞ്ചായത്ത് ഏറ്റെടുത്തതിനുശേഷം ഗ്രാൻറ് നിന്നുപോയി. പുസ്തകങ്ങൾ വാങ്ങിയിട്ടില്ല. അതിനാൽ നഷ്ടപ്പെട്ടുപോയ ഗ്രാൻറ് തുകയ്ക്ക് തുല്യമായി പുസ്തകങ്ങൾ വാങ്ങി നൽകുക. നഷ്ടപ്പെട്ട ഗ്രാൻറ് വാങ്ങിക്കൊടുക്കാൻ ആവശ്യമായ നിയമഭേദഗതികളോടെ ഗ്രന്ഥാശാലാ സംഘത്തോട് ആവശ്യപ്പെടുക.

(6) വനിതകൾക്കുമാത്രമായി ഓരോ വാർഡിലും റീഡിംഗ് ക്ലബ്ബുകൾ ജനകീയപങ്കാളിത്തത്തോടെ ആരംഭിക്കുക. ഇവിടെ ആവശ്യമായ ആനുകാലിക പ്രസിദ്ധീകരണങ്ങളും പത്രങ്ങളും T.V യും പഞ്ചായത്തിൽ നിന്നും വരുത്തിക്കൊടുക്കുക.

(7) വളകുഴികേന്ദ്രമായി ഒരു പുതിയ ഗ്രന്ഥശാല തുടങ്ങുക.

(8) മരങ്ങാട്ടുപിള്ളി ലൈബ്രറി കേന്ദ്രലൈബ്രറിയായി ഉയർത്താൻ സഹായം നൽകുക.

(9) കുര്യനാട് ലൈബ്രറിക്ക് സ്ഥലവും കെട്ടിടവും ഉണ്ടാക്കാൻ സഹായം നൽകുക. പുതിയതായി ഉണ്ടാക്കുന്ന കെട്ടിടത്തോടുബന്ധപ്പെടുത്തി ഒരു സാംസ്ക്കാരിക നിലയംകൂടി തുറക്കുക.

(10) ഇപ്പോൾത്തന്നെ കുറേയേറെ റഫറൻസ് ഗ്രന്ഥങ്ങളുള്ള കുറിച്ചിത്താനം ലൈബ്രറിക്ക് സഹായധനം നൽകി കൂടുതൽ റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങി ഇതൊരു റഫറൻസ് ലൈബ്രറിയും ഇൻഫർമേഷൻ സെൻററും ആക്കുക.

(11) മരങ്ങാട്ടുപിള്ളി ഗ്രന്ഥശാലയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ബാലകൈരളി നഴ്സറി സ്കൂളിന് ഗ്രാൻറനുവദിച്ച് പ്രോത്സാഹിപ്പിക്കുക.

(12) ലൈബ്രറികൾ, ക്ലബ്ബുകൾ,സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ സാംസ്ക്കാരിക ജീർണ്ണതയ്ക്കും അപചയത്തിനും എതിരെ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

(13) നാടൻ കലകൾക്കും കളികൾക്കും പ്രാമുഖ്യം നൽകിക്കൊണ്ട് സാംസ്ക്കാരിക നവോത്ഥാനത്തിനുവേണ്ടി പഞ്ചായത്തിൻെറ തനതായ സാംസ്ക്കാരിക നയരൂപീകരണം നടത്തുക. ○

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്
(ഗ്രന്ഥശാല – ചാർട്ട്)

പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ വിവരണം	ആനുകാലികങ്ങളുടെ എണ്ണം	മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ
നാഷണൽ റീഡിംഗ്റും ആൻഡ് ലൈബ്രറി മരങ്ങാട്ടുപിള്ളി കുറിച്ചിത്താനം	1948	ബി	5535	675	6	കൃഷിശാസ്ത്രപുസ്തക കോർണർ, സാക്ഷരത,
പി. ശിവരാമപിള്ള മെമ്മോറിയൽ പീപ്പിൾസ് ലൈബ്രറി കുറിച്ചിത്താനം	1949	എ	14709	1100	6	കൃഷിശാസ്ത്രപുസ്ത കോർണർ ചർച്ചാക്ലാസുകൾ, സെമിനാറുകൾ ടി. വി. സെന്റർ
പബ്ലിക് ലൈബ്രറി പാലക്കാട്ടുമല	1950	ഇന്ന് പഞ്ചായത്ത് സാംസ്കാരിക നിലയമാണ്.				
ദേശീയ വായനശാല ആണ്ടൂർ	1951	ബി	11000	700	5	കൃഷിശാസ്ത്രപുസ്തക കോർണർ സാക്ഷരതാ പ്രവർത്തനം, ഇൻഡോർ ഗെയിംസ് സെന്റർ
കോസ്പോ പോളിറ്റൻ ക്ലബ് ലൈബ്രറി, കുര്യനാട്	1956	സി	2500	350	3	–
മന്നോവാസ് പബ്ലിക് ലൈബ്രറി, മണ്ണയ്ക്കനാട്	1979	സി	2035	400	4	റേഡിയോ ഗ്രാമരംഗം

വനിതാക്ഷേമം

നിറദീപം കെടാതെ സൂക്ഷിക്കണം

വനിതാക്ഷേമം നാടിന്റെ ക്ഷേമമാണ്. സമൂഹ വളർച്ചയ്ക്ക് സ്ത്രീകൾ വളരണം. അതിനു പദ്ധതികൾ മാത്രം പോരാ. തങ്ങളുടെ പങ്കിനെപ്പറ്റി സ്ത്രീകളെ ബോദ്ധ്യപ്പെടുത്തുകയും വേണം.

എവിടെ സ്ത്രീയെ ആദരിക്കുന്നുവോ അവിടെ ഐശ്വര്യം വിളയാടും എന്നാണു ഭാരതീയസങ്കൽപം. കുടുംബത്തിന്റെ വിളക്കാണ് സ്ത്രീ. കുടുംബം സമൂഹത്തിന്റെ അടിക്കല്ലും. സമൂഹം നാടിന്റെ ശക്തിയുമാണ്. സാമൂഹ്യരൂപീകരണത്തിൽ സ്ത്രീകളുടെ പങ്ക് ഏറെ വലുതാണെന്നർത്ഥം. ആ ദീപം കെടാതെ സംരക്ഷിക്കണം. പക്ഷേ, വനിതാക്ഷേമത്തിന് നമ്മൾ ഇതിനു തക്ക പ്രാധാന്യം നൽകുന്നുണ്ടോ?

സ്ത്രീകൾ അടുക്കളഭരണക്കാരികൾ മാത്രമാണെന്ന ധാരണമാറണം. അവർക്കും അംഗീകാരവും പരിഗണനയും വേണം.

1991-ലെ സെൻസസ്സ് പ്രകാരം മരങ്ങാട്ടുപിള്ളി പഞ്ചായത്തിൽ ഒമ്പതുവാർഡുകളിലായി 8912 സ്ത്രീകളാണുള്ളത്. 1198 പേർ കൂലിപ്പണിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. 18% സ്ത്രീകൾ ഉദ്യോഗസ്ഥകളാണ്. മൈക്കാടുപണി, മെറ്റലടി, തടി ചുമട്, വയലുകളിലെ പണികൾ എന്നിവയാണ് മുഖ്യതൊഴിൽ. സ്ത്രീകളുടെ കൂലിനിരക്ക് പുരുഷന്മാരുടെ കൂലിനിരക്കിനെ അപേക്ഷിച്ച് 30% മുതൽ 50% വരെ കുറവാണ്. വിദ്യാഭ്യാസപരമായി സ്ത്രീകൾ പലരും മുൻപന്തിയിൽ നില്ക്കുന്നുവെങ്കിലും സ്ത്രീകളുടെ സാക്ഷരതാനിരക്ക് 94% ആണ്.

പഞ്ചായത്തിൽ സ്ത്രീകളുടെ നേതൃത്വത്തിൽ 13 സൊസൈറ്റികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ രണ്ടു സൊസൈറ്റികളിൽ മാത്രമേ വ്യവസായ സംരംഭങ്ങൾ നടത്തുന്നുള്ളൂ (പന്നിവളർത്തലും മധുരപലഹാര നിർമ്മാണവും). കൂടുതൽ തൊഴിൽ സംരംഭങ്ങൾ നടത്തുവാൻവേണ്ട പ്രാഥമികബുദ്ധിമുട്ടും വിപണനത്തിനുള്ള സാധ്യതക്കുറവും തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻവേണ്ട ബോധവൽക്കരണമില്ലായ്മയും കാരണം ഇതിലേക്ക് സ്ത്രീകൾ കടന്നുവരാറില്ല.

തൊഴിലെടുക്കുന്നവരുടെ സ്ഥിതി

പാടത്തും പറമ്പിലും പൊരിവെയിലത്ത് പണിയെടുക്കുന്ന സ്ത്രീകളാണ് കൂടുതലും. പാടത്ത് പണിയെടുക്കുന്നവർക്ക് 50 രൂപയും കൊയ്ത്തുകാലത്ത് കൊയ്തുമെതിച്ച് കിട്ടുന്ന നെല്ലിന്റെ 1/7 ഭാഗവും മാത്രമാണ് കൂലി. പുരുഷനും സ്ത്രീയും ഒപ്പം പണിതാലും പുരുഷന് 120 രൂപയും സ്ത്രീകൾക്ക് 70 രൂപയും ആണ് കൂലി ലഭിക്കുന്നത്. സെയിൽസ്മേൾ, ഇലാസ്റ്റിക് നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, ബുക്ക് ബയൻറിംഗ്, തയ്യൽ എന്നിവയിലൊക്കെ വളരെ കുറഞ്ഞവേതനം മാത്രമേ ലഭിക്കുന്നുള്ളൂ.

തൊഴിലില്ലായ്മ

വിദ്യാസമ്പന്നരായ സ്ത്രീകൾ ധാരാളം ഉണ്ട്. തൊഴിലില്ലായ്മ വളരെ രൂക്ഷവുമാണ്. സ്ത്രീകൾക്കു മാത്രമുള്ള തൊഴിൽ മേഖല ഇവിടെ ഇല്ല. സ്ത്രീകളിൽ ഭൂരിഭാഗവും വീട്ടുജോലികളിൽ ഏർപ്പെടുന്നു.

ദാരിദ്ര്യം

ദാരിദ്ര്യം അനുഭവിക്കുന്ന ജനവിഭാഗങ്ങളും കുറവല്ല. വിധവകളായ സ്ത്രീകൾക്കുവേണ്ടി സ്വയം തൊഴിൽ കണ്ടെത്തുവാനോ അവരെ പുനരുദ്ധരിക്കുവാനോ സംരംഭങ്ങൾ ഒന്നുംതന്നെയില്ല. വിധവാ പെൻഷൻ എല്ലാ വിധവകൾക്കും ലഭിക്കാറില്ല. ദുർബല വിഭാഗങ്ങളിൽ വിധവാ പെൻഷൻ കിട്ടുന്നവർ പഞ്ചായത്തിൽ 64 പേരാണുള്ളത്. ഏകദേശം 400 ഓളം വിധവകൾ പഞ്ചായത്തിൽ ഉണ്ട്.

13 മഹിളാ സമാജങ്ങൾ നിലവിലുണ്ട്. ഇതിൽ രണ്ടെണ്ണം സ്വയംതൊഴിൽ പദ്ധതിപ്രകാരം പ്രവർത്തി

ക്കുന്നു. കുറിച്ചിത്താനത്ത് യോഗക്ഷേമ മഹിളാസമാജം 20 വർഷമായി പ്രവർത്തിച്ചുവരുന്നു.

സ്ത്രീകളുടെ കൂലി നിരക്ക്

തൊഴിൽമേഖല	സ്ത്രീകൾ	പുരുഷന്മാർ
കർഷകത്തൊഴിലാളി	45 - 50	80 - 90
നിർമ്മാണത്തൊഴിലാളി	60 - 70	120 - 140

സ്ത്രീധനത്തിന്റെ പേരിലും പണത്തിന്റെ അപര്യാപ്തതമൂലവും ബുദ്ധിമുട്ട് അനുഭവിക്കുന്ന പെൺകുട്ടികളെ വിവാഹം ചെയ്ത് അയയ്ക്കുവാൻ വനിതാ സംഘടനകളുടെയും പഞ്ചായത്തിന്റെയും സംയുക്തമായ സാമ്പത്തിക സഹായത്താൽ വിവാഹഫണ്ട് ഉണ്ടാക്കണം.

പഞ്ചായത്തിൽ അംഗൻവാടികൾ ഒന്നുംതന്നെയില്ലാത്തത് വലിയൊരു കുറവാണ്. സ്ത്രീകളുടെ നേതൃത്വത്തിൽ മൂന്ന് ബാലവാടി പ്രവർത്തിക്കുന്നു. വനിതകളുടെ പുരോഗതിക്ക് വനിതകളുടേതായ സംഘടന ഓരോ വാർഡിലും നിർബന്ധമാക്കണം. ഒമ്പതു വാർഡിലും അംഗൻവാടി ആവശ്യമാണ്.

വിദ്യാഭ്യാസ നിലവാരത്തിൽ മുൻപന്തിയിലാണെങ്കിലും പ്രവർത്തനരംഗത്ത് പുരുഷന്മാരോടൊപ്പം നില്ക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കാറില്ല. അവകാശം ഔദാര്യമല്ലായെന്നുള്ള ബോധം സ്ത്രീകളിൽ ഉണ്ടാകേണ്ടതാണ്. വനിതാ തൊഴിൽസംരംഭങ്ങൾക്ക് പ്രത്യേകം പഠനക്ലാസ് നടത്തുവാനുള്ള സംവിധാനം ഉണ്ടാകണം.

പഞ്ചായത്തിൽ ഉദ്യോഗസ്ഥകളായ സ്ത്രീകൾ 118 പേർ മാത്രമാണ്. സ്ത്രീകൾക്ക് ഗവൺമെന്റ് സർവീസിൽ കൂടുതൽ ജോലി ഉറപ്പുവരുത്തുവാൻ കഴിയണം. വിദ്യാഭ്യാസ കാര്യത്തിൽ സ്ത്രീപുരുഷ അന്തരം ഉണ്ട്. നിർധനരായ വീട്ടിലെ പെൺകുട്ടികൾ പത്താംക്ലാസ് കഴിയുമ്പോഴേക്കും പഠനം അവസാനിപ്പിച്ച് തൊഴിൽ തേടി പോകും. തുടർന്ന് പഠിക്കാനുള്ള സാമ്പത്തികബുദ്ധിമുട്ടാണ് ഇതിനു കാരണം.

പഞ്ചായത്തിലെ ജനസംഖ്യയുടെ പട്ടിക.

പുരുഷന്മാർ	8944
സ്ത്രീകൾ	8912
ആകെ	17856

തൊഴിൽരംഗത്ത് വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ

1. തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള അവഗണന.
2. സാമൂഹ്യസേവനരംഗത്ത് പ്രവർത്തന വിമുഖത.
3. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പോരായ്മ.
4. തുല്യജോലിക്ക് തുല്യവേതനം കിട്ടാത്ത അവസ്ഥ.
5. സർക്കാർ സഹായപദ്ധതികൾ, പെൻഷനുകൾ എന്നിവയെക്കുറിച്ചുള്ള അറിവില്ലായ്മ.
6. അംഗൻവാടികളുടെ പോരായ്മ.
7. ബോധവൽക്കരണക്കുറവ്.
8. തൊഴിൽ സംരംഭങ്ങൾക്കുള്ള ബുദ്ധിമുട്ട്, കാലതാമസം.
9. അർഹരായവർക്ക് വിധവാപെൻഷൻ, വാർദ്ധക്യ പെൻഷൻ എന്നിവ ലഭിക്കാത്തത്.
10. ഉയർന്ന സ്ത്രീധന നിരക്ക്.
11. കുടിവെള്ള ക്ഷാമം.
12. സ്ത്രീകളുടെ നേതൃത്വത്തിലുള്ള തൊഴിൽ സംരംഭങ്ങളുടെ അഭാവം.
13. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെ സമൂഹം അവഗണനാമനോഭാവത്തോടെയാണ് കാണുന്നത്.

പരിഹാരങ്ങളും സാദ്ധ്യതകളും

1. സാമ്പത്തിക പുരോഗതിക്ക് ചെറുകിട വ്യവസായയൂണിറ്റുകളും സ്വയംതൊഴിൽ സംരംഭങ്ങളും നടപ്പിലാക്കുക.
2. മരങ്ങാട്ടുപിള്ളി P.H.C. യിൽ പ്രസവവാർഡും ലേഡി ഡോക്ടറും ഒരു ഓപ്പറേഷൻ തീയറ്ററും അതിനാവശ്യമായ കെട്ടിടവും ഉണ്ടായിരിക്കുക.
3. അഗതിമന്ദിരം സ്ഥാപിക്കുക.
4. അടുക്കളത്തോട്ടം നിർമ്മിക്കുവാൻ ആവശ്യമായ വിത്തും വളവും ലഭ്യമാക്കുക, ബോധവൽക്കരണം നടത്തുക.
5. വിധവകൾക്ക് തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുക.
6. വീടില്ലാത്തവർക്ക് വീടുവയ്ക്കുവാൻ സഹായം നൽകുക.
7. വനിതാ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ പ്രോത്സാഹനവും സാമ്പത്തികസഹായവും നൽകുക.
8. എല്ലാ വാർഡുകളിലും മഹിളാസമാജങ്ങൾ തുടങ്ങുക.
9. വനിതകൾക്കു മാത്രമായി ഖാദിയൂണിറ്റ്, സഹകരണസംഘം, റബ്ബർപ്പശ നിർമ്മാണം എന്നിവ ആരംഭിക്കുക.
10. മാവേലി സ്റ്റോറിലും റേഷൻകടയിലും സ്ത്രീസംവരണം നടപ്പിലാക്കുക.
11. ഇന്ധനക്ഷാമം പരിഹരിക്കുന്നതിനായി ഒരു ഗ്യാസ് ഏജൻസി പഞ്ചായത്തുതലത്തിൽ നടപ്പിലാക്കുക.
12. വിവാഹഫണ്ട് രൂപീകരിക്കുക.
13. ഒരു വീട്ടിൽ ഒരു വനിതയ്ക്കെങ്കിലും ജോലി ഉറപ്പാക്കുക.
14. വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങളായ കുറ്റിമുല്ല, ഔഷധസസ്യങ്ങൾ, ആന്തൂറിയം, അലങ്കാര പുഷ്പകൃഷി, പച്ചക്കറിക്കൃഷി, പട്ടുനൂൽപ്പുഴു വളർ

ത്തൽ, തേനീച്ച വളർത്തൽ എന്നിവയ്ക്ക് ധനസഹായം നൽകുക.

15. വനിതകൾക്ക് കൂടുതൽ ജോലി സാദ്ധ്യതയുള്ള നിയുക്ത സ്പിന്നിംഗ് മിൽ കഴിവതും വേഗം ആരംഭിക്കുകയും അഭ്യസ്തവിദ്യരായ വനിതകൾക്ക് ജോലി ഉറപ്പാക്കുകയും ചെയ്യുക.

16. വനിതകളുടെ നേതൃത്വത്തിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും രജിസ്ട്രേഷൻ ഫീസ്, ടാക്സ് മുതലായവയിൽ നിന്ന് ഇതിനെ ഒഴിവാക്കുകയും ചെയ്യുക.

17. വനിതകൾക്കുവേണ്ടി നാലാം വാർഡിൽ മഞ്ചേരിക്കുന്ന് കോളനിയിലും മൂന്നാം വാർഡിൽ ഓലിക്കാട്ടിലും ആറാം വാർഡിലെ കണ്ണൻചിറയിലും അഞ്ചാം വാർഡിലെ കുറിച്ചിത്താനത്തും തൊഴിൽ മേഖല കണ്ടെത്തുക.

18. കുര്യനാട് ഒന്ന്, രണ്ട് വാർഡുകൾ കേന്ദ്രമായി പ്രവർത്തിക്കുന്ന വിമൻസ് ഡവലപ്മെൻറ് സൊസൈറ്റിയുടെ കീഴിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുക.

19. കുടിവെള്ളക്ഷാമം പരിഹരിക്കുക.

20. സമാധാനപരമായ കുടുംബാന്തരീക്ഷം സൃഷ്ടിക്കുവാൻ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.

21. സാമൂഹിക പ്രവർത്തനരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും അവരെ അതത് മേഖലകളിൽ ബഹുമാനിക്കുകയും ചെയ്യുക.

സഹകരണമേഖല

ഒരുമിച്ചു മുന്നേറാം; സഹകരണം വേണം

സഹകരണമേഖലയിലേക്ക് നാം വലതുകാൽ വച്ചുകടന്നിട്ട് ഏറെനാൾ കഴിഞ്ഞു. എങ്കിലും ജനാധിപത്യപരമായ പ്രവർത്തനത്തിന്റെ അഭാവവും ആത്മധൈര്യക്കുറവും ഡിപ്പാർട്ടുമെൻറ് മേധാവിത്വവും ഇന്നും വിലങ്ങുതടിയാവുന്നു.

പഞ്ചായത്തിൽ സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനത്തിനു വ്യാഴവട്ടങ്ങളുടെ ചരിത്രമുണ്ട്. സ്വാതന്ത്ര്യത്തിനുമുമ്പ് ദേശീയപ്രസ്ഥാനങ്ങളുടെ കാലംമുതൽതന്നെ ഇവിടെ സഹകരണ പ്രസ്ഥാനങ്ങൾ പിറന്നിരുന്നു. ചിലതുപടർന്നുപന്തലിച്ചു. ചിലതു പിൽക്കാലത്തു വഴിക്കുവീണു പോയി. ചിലതു ഞെരുങ്ങി പിടിച്ചുനിൽക്കുന്നു.

വളർച്ചയിൽ ഒന്നാംസ്ഥാനത്തു നിൽക്കുന്ന മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണബാങ്ക് സഹകരണത്തിന്റെ ശക്തിയുടെ പ്രതീകമായി പഞ്ചായത്തിൽ നിറഞ്ഞുനിൽക്കുന്നു.

മരങ്ങാട്ടുപിള്ളി പഞ്ചായത്തിന്റെ പിറവിക്കുമുമ്പുതന്നെ അവിഭക്ത ഇലയ്ക്കാടുപഞ്ചായത്തിന്റെവിവിധഭാഗങ്ങളിൽ സഹകരണസംഘങ്ങൾ രൂപമെടുത്തിരുന്നു. 1930 കളിൽ സേതുലക്ഷ്മിഭായി പരസ്പരസഹായ സഹകരണസംഘം, കുര്യനാട് ആസ്ഥാനമായി കുര്യനാട് പരസ്പരസഹായ സഹകരണസംഘം എന്നിവയാണ് ആദ്യം സ്ഥാപിതമായത്. 1940-കളിൽ വയലാ വിവിധോദ്ദേശ്യ സഹകരണസംഘം, കടപ്ലാമറ്റം വിവിധോദ്ദേശ്യ സഹകരണസംഘം എന്നിവ രൂപംകൊണ്ടു.

തിരുവിതാംകൂർ കൊച്ചി സഹകരണസംഘം ആക്ട് - 1952 വന്നതിനുശേഷം 1955-ൽ ഇലയ്ക്കാട് വില്ലേജ് സഹകരണബാങ്ക് രജിസ്റ്റർ ചെയ്തു. റീജനൽ ബാങ്ക്, സർവീസ് സഹകരണബാങ്ക് എന്നീ രൂപഭേദങ്ങൾ വന്ന ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ പേര് മരങ്ങാട്ടുപിള്ളി സർവീസ് സഹകരണബാങ്ക് എന്നാണ്.

1960 കാലഘട്ടത്തിൽ രൂപംകൊണ്ട കുര്യനാടു ഫാമിംഗ് സഹകരണസംഘം 1976 ൽ മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്കിൽ ലയിച്ചു.

പിന്നീടുണ്ടായത് മണ്ണയ്ക്കനാട് ക്ഷീരവ്യവസായസഹകരണസംഘം, കുര്യനാട് ക്ഷീരോല്പാദക സഹകരണസംഘം എന്നിവയാണ്. സമീപകാലത്ത് ആണ്ടൂർ ക്ഷീരോല്പാദക സഹകരണസംഘമുണ്ടായി. 1970 നോടുകൂടി മരങ്ങാട്ടുപിള്ളി സഹകരണ കൺസ്യൂമർ സ്റ്റോർ ഉണ്ടായി. വ്യവസായ വകുപ്പിൻകീഴിൽ ഒരു റക്സിൻ നിർമ്മാണ സഹകരണസംഘവും ഖാദിവില്ലേജ് ഇൻഡസ്ട്രീസിൻകീഴിൻ ഒരു ബീകീപ്പേഴ്സ് സഹകരണസംഘവും രൂപംകൊണ്ടതായി കാണുന്നുണ്ട്. റക്സിൻ നിർമ്മാണസംഘത്തിന് സർക്കാരിൽ നിന്ന് ഗണ്യമായ സാമ്പത്തികസഹായം ലഭ്യമായിട്ടുള്ളതായി കേട്ടിട്ടുണ്ട്.

പഞ്ചായത്തിൽ പ്രൈമറി സ്കൂളടക്കമുള്ള മിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്കൂൾ സഹകരണ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ആണ്ടൂർ ആസ്ഥാനമായി ഒരു സഹകരണ സ്പിന്നിംഗ് മിൽ സ്ഥാപിതമായിട്ടുണ്ട്. മിൽമയുടെ ക്ഷീരസംസ്ക്കരണ യൂണിറ്റ് മരങ്ങാട്ടുപിള്ളിയിൽ പ്രവർത്തിക്കുന്നു. മരങ്ങാട്ടുപിള്ളി വില്ലേജ് ഇൻഡസ്ട്രീസ് സഹകരണസംഘം പ്രവർത്തിച്ചിരുന്നു. അടുത്തനാളിൽ ആണ്ടൂർ വനിത വില്ലേജ് ഇൻഡസ്ട്രീസ് സഹകരണസംഘം എന്നൊരു സ്ഥാപനവുമുണ്ടായിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിനെക്കൂടി പ്രവർത്തനപരിധിയാക്കിക്കൊണ്ട് സ്ഥാപിതമായ സ്ഥാപനങ്ങളാണ് താഴെ.

1. പാലാ മാർക്കറ്റിംഗ് സഹകരണസംഘം
2. മീനച്ചിൽ റബർ ഗ്രോവേഴ്സ് വിപണന സംസ്ക്കരണസഹ.സംഘം
3. മോനിപ്പള്ളി മാർക്കറ്റിംഗ് സഹ.സംഘം.
4. ഗയ്കോ കുറവിലങ്ങാട്
5. മീനച്ചിൽ അർബൻ സഹ.ബാങ്ക്.

6. കിടങ്ങൂർ റൂറൽ ഹൗസിംഗ് സഹ.സംഘം.
7. മീനച്ചിൽ കാർഷികവികസന ബാങ്ക്.
8. വെമ്പള്ളി പ്രൈവറ്റ് സ്കൂൾ റ്റീച്ചേഴ്സ് കോ. ഓപ്പ. സൊസൈറ്റി.
9. മീനച്ചിൽ താലൂക്ക് കോ. ഓപ്പ. എംപ്ലോയീസ് സഹ. സംഘം.
10. പാലാഴി റബേഴ്സ്.

ആദ്യകാലത്തുണ്ടായ പരസ്പര സഹായസംഘങ്ങൾ ലികിഡേറ്റു ചെയ്തു. വയലാ വിവിധോദ്ദേശ്യസഹകരണസംഘവും കടപ്ലാമറ്റം വിവിധോദ്ദേശ്യസഹകരണസംഘവും ഇന്ന് വൻതോതിൽ പ്രവർത്തനമുള്ള സർവ്വീസ് സഹകരണബാങ്കുകളായി കടപ്ലാമറ്റം പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വെമ്പള്ളി പ്രൈവറ്റ് സ്കൂൾ അദ്ധ്യാപക സഹകരണസംഘം മന്ദീഭവിച്ചുകിടക്കുന്നു. റബർമലഞ്ചരക്കുവിപണന സംസ്ക്കരണ സ്ഥാപനങ്ങൾ ഊർജ്ജസ്വലമായ പ്രവർത്തനമുള്ളവയാണ്. മറ്റു സ്ഥാപനങ്ങളും നല്ല നിലയിൽ പ്രവർത്തനമുള്ളവയാണ്. പാലാഴി റബേഴ്സ് സഹകരണസ്ഥാപനങ്ങളുടെ പങ്കാളിത്തമുള്ള ഒരു സ്ഥാപനമാണ്.

മണ്ണയ്ക്കനാട് ക്ഷീരോല്പാദക സഹകരണസംഘം 1000 ലിറ്റർ പാൽ വരെ സംഭരിച്ചിരുന്നതാണ്. സ്വന്തമായ കെട്ടിടവും സ്ഥലവുമുണ്ട്. എങ്കിലും ഇന്ന് പ്രവർത്തനക്ഷമമല്ലാതെ സ്ഥിതിചെയ്യുന്നു.

ഈ കണക്കുകൾ കാണിക്കുന്നത് സഹകരണബാങ്കിനാണ് ബലിഷ്ഠമായ അടിത്തറയുള്ളത് എന്നാണ്. ക്ഷീരോല്പാദക സംഘങ്ങൾ കാര്യമാത്രമായി പ്രവർത്തിക്കുന്നില്ല. സ്കൂൾ സംഘങ്ങൾ മുഴുവൻകാലത്തും പ്രവർത്തനമുള്ളവയല്ല. കുട്ടികളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ പിന്നോക്കം നില്ക്കുകയും ചെയ്യുന്നു.

സഹകരണ ബാങ്കിന്റെ വിജയരഹസ്യം അംഗങ്ങളുടെ സഹകരണവും മാനേജിംഗ് കമ്മിറ്റിയുടെ കാര്യക്ഷമതയുമാണ്. ജനകീയ പിൻബലം ഉണ്ട്. സുലഭമായ ഫണ്ടുമുണ്ട്. സഹകരണ കൺസ്യൂമർ സ്റ്റോർ വിജയിക്കാത്തത് ജനങ്ങളുടെ സഹകരണക്കുറവും സ്വകാര്യകച്ചവടക്കാരുടെ മത്സരബുദ്ധിയും ഫണ്ടിന്റെ കുറവും മറ്റുമായ കാരണങ്ങളാലാണ്. പാൽ ഉല്പാദക സംഘങ്ങളിൽ മുഖ്യമായും ജനപിന്തുണയുടെ അഭാവം കാണുന്നു. സ്വകാര്യ കച്ചവടക്കാർ അല്പം കൂടിയവില നൽകുന്നു. അതിനുപുറമേ മത്സരബുദ്ധിയും ഉണ്ട്. പ്രവർത്തനം കുറഞ്ഞുപോയ മണ്ണയ്ക്കനാട് മിൽക്കു സൊസൈറ്റിയുടെ സ്ഥിതി മറ്റൊന്നാണ്. സംഭരിച്ച പാൽ അന്നുണ്ടായിരുന്ന വടവാതൂർ പ്ലാന്റിൽ എത്തിക്കും. അവിടെ വിറ്റഴിക്കാൻ വഴികണ്ടിരുന്നില്ല. അവിടെ സംസ്ക്കരിക്കാതെ വച്ചുകൊണ്ടിരുന്നു കേടായാൽ അതിന്റെയും ഫലം സംഘത്തിനും ഉല്പാദകർക്കും സഹിക്കേണ്ടിവന്നു. പാൽ ഉല്പാദനം കൊണ്ടുമാത്രം കഴിഞ്ഞിരുന്നവരല്ല കൃഷി

പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ ചിലതിന്റെ പ്രവർത്തന ചിത്രം

സ്ഥാപനത്തിന്റെ പേര്	സ്ഥാപിച്ച വർഷം	നിലവിലുള്ള അംഗസംഖ്യ	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	വാർഷിക ടേണോവർ	ലാഭമോ നഷ്ടമോ
മരങ്ങാട്ടുപിള്ളി സർവീസ് സഹകരണബാങ്ക്	1955	9082	27	33,15,000	96.28 ലക്ഷം	ലാഭം
കുര്യനാട് ക്ഷീരോല്പാദക സഹകരണസംഘം	1983	157	3	1540	820,000	ലാഭം
ആണ്ടൂർ ക്ഷീരോല്പാദക സഹകരണസംഘം	1993	184	2	1840	703560	ലാഭം
പാവയ്ക്കൽ എൽ.പി.എസ്. സഹകരണസംഘം	1976	882	-	1089	14000	ലാഭം
കുര്യനാട് സെന്റ് ആൻസ് സ്കൂൾ സഹ.സംഘം	1985	1586	-	2388	105200	ലാഭം

ക്കാർ. അവർ പശുവളർത്തൽ വേണ്ടെന്നുവച്ചു. സംഘത്തെയും ഈ പരിതഃസ്ഥിതികൾ ദോഷമായി ബാധിച്ചു.

മരങ്ങാട്ടുപിള്ളി സർവീസ് സഹകരണ ബാങ്ക്

ബാങ്കിന്റെ അംഗസംഖ്യ പഞ്ചായത്തിലെ ജനസംഖ്യയുടെ 51 ശതമാനമാണ്. 1955 ൽ പഞ്ചായത്തു കമ്മിറ്റിയുടെ ശ്രമത്താലാണ് ബാങ്ക് രജിസ്റ്ററാക്കിയത്. അന്നത്തെ പഞ്ചായത്തുമെമ്പർമാരിൽ മിക്കവരും പ്രൊമോട്ടേഴ്സ് കമ്മിറ്റിയിൽ ഉണ്ടായിരുന്നു. പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം രാജിവച്ച് P.I. തോമസ് പെട്ടയ്ക്കാട്ട് പ്രഥമ സെക്രട്ടറി പദം ഏറ്റു. ജോസഫ് ജോൺ കരിപ്പാത്ത് പ്രഥമ പ്രസിഡന്റും ആയിരുന്നു. കാലാകാലങ്ങളിലുണ്ടായ കമ്മിറ്റിയും സെക്രട്ടറിമാരും ആത്മാർത്ഥമായി പ്രവർത്തിച്ച് ബാങ്ക് ഈ നിലയിലേക്ക് ഉയർന്നു.

മരങ്ങാട്ടുപിള്ളി, കുറിച്ചിത്താനം, കുര്യനാട് എന്നീ ശാഖകളിൽക്കൂടിയാണ് പ്രവർത്തനം. വളം ആദിയായവ ശാഖകളോടൊപ്പമുള്ള ഡിപ്പോകളിൽനിന്നും കൂടാതെ, മണ്ണയ്ക്കനാട്, ആണ്ടൂർ, പാലക്കാട്ടുമല എന്നീ ഡിപ്പോകളിൽ നിന്നും വിതരണം ചെയ്യുന്നു. 40-ാം വാർഷിക പൊതുയോഗത്തിലേക്ക് പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോർട്ടിൽ കാണുന്നപ്രകാരം

ഓഹരിമൂലധനം	33.15 ലക്ഷം
നിക്ഷേപങ്ങൾ	845 ,,
വായ്പകൾ	645 ,,
വിറ്റുവരവ്	59 ,,
ലാഭം	5.25 ,,

പ്രശ്നങ്ങൾ

പൊതുവായ പ്രശ്നങ്ങൾ എല്ലാം മിക്കസംഘങ്ങളിലുമുള്ളതാണ്. നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംഘങ്ങളിൽ ഇന്നുകാണുന്ന എടുത്തുപറയാവുന്ന പ്രശ്നങ്ങളിൽ ചിലത് ജനാധിപത്യപരമായ പ്രവർത്തനത്തിന്റെ അഭാവം, പുതിയ പ്രവർത്തനമേഖലയിലേക്കു കടന്നു കയറാനുള്ള ആത്മധൈര്യക്കുറവ്, ഡിപ്പാർട്ടുമെന്റ് മേധാവിത്വം എന്നിവയാണ്.

സാധ്യതകൾ

1. മരങ്ങാട്ടുപിള്ളി പഞ്ചായത്തു പ്രവർത്തന പരിധിയാക്കിക്കൊണ്ട് ഒരു പട്ടികജാതി പട്ടികവർഗ്ഗക്ഷേമ സഹകരണസംഘം രൂപീകരിക്കണം.

2. കുര്യനാട്കരയിൽ (വാർഡ് I, II) ഒരു സഹകരണാശുപത്രി സ്ഥാപിക്കുന്നതിന് നടപടിയുണ്ടാകണം. (ഒരു സഹകാര്യചികിത്സാസൗകര്യംപോലും കിട്ടാനില്ലാത്ത സ്ഥലമാണിത്)

3. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പാടശേഖര കമ്മിറ്റി, നെല്ലുല്പാദക സംഘം, കേരകർഷക സമിതി, കുരുമുളക് വികസന സമിതി, പനയുടമസംഘം ഇപ്രകാരമുള്ളവയെ യോജിപ്പിച്ച് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കാർഷിക വികസന സേവന സഹകരണസംഘം രൂപീകരിക്കണം. ഈ സംഘം ആധുനിക കാർഷിക ഉപകരണങ്ങൾ സ്വന്തമായി സമ്പാദിച്ച് കർഷകർക്ക് ലഭ്യമാക്കണം. (വാടകയ്ക്കും വിലയ്ക്കും) ഉദാ: മെതിയന്ത്രം, കൊയ്ത്തുയന്ത്രം, യന്ത്രവൽകൃതക്കൃഷിക്കും വിളവെടുപ്പിനും ആവശ്യമായ പലതും.

4. ഇപ്പോഴുള്ള കുര്യനാട്, ആണ്ടൂർ മിൽക്കു സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും മണ്ണയ്ക്കനാടു മിൽക്കുസംഘം പുനരുജ്ജീവിപ്പിക്കുകയും മറ്റു വാർഡുകളിൽ പുതിയ മിൽക്കുസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യണം.

5. പഞ്ചായത്തടിസ്ഥാനത്തിൽ K.H.D.P ധനസഹായം ചെയ്തിട്ടുള്ള യൂണിറ്റുകളെ ഏകോപിപ്പിച്ച് പഴം, പച്ചക്കറി ഉല്പാദന വിപണനസംഘം രൂപീകരിക്കണം.

6. പഞ്ചായത്തടിസ്ഥാനത്തിൽ ലേബർ കോൺട്രാക്ട് സഹകരണസംഘം രൂപീകരിച്ചു പ്രവർത്തിക്കണം. പഞ്ചായത്തുവക വികസനപ്രവർത്തനങ്ങൾ പ്രസ്തുതസംഘം മുഖേന നടത്താനുള്ള സംവിധാനവും അപ്രകാരമുള്ള പണികൾക്ക് എസ്റ്റിമേറ്റു തയ്യാറാക്കാനുള്ള അധികാരവും അവകാശവുംകൂടി സംഘത്തിനുണ്ടായിരിക്കുകയും ചെയ്യണം.

7. ഇപ്പോൾ രജിസ്റ്ററാക്കിയിട്ടുള്ള ആണ്ടൂർ വനിതകൂടിൽവ്യവസായസംഘത്തിന്റെ പ്രവർത്തനം മുഴുവൻപഞ്ചായത്തിലുമായിരിക്കത്തക്കവണ്ണം ആവശ്യമായ ഭേദഗതി വരുത്തണം.

8. സർവ്വീസ് സഹകരണബാങ്കിന്റെ പ്രഭാതസായാഹ്ന കൗണ്ടർ സ്ഥാപിക്കണം.

9. റബറും മലഞ്ചരക്കും വാങ്ങുന്നതിന് പ്രമുഖ മാർക്കറ്റിംഗ് സഹകരണസംഘങ്ങളുടെ ഡിപ്പോകൾ സ്ഥാപിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം.

10. കോഴി വളർത്തൽ, പന്നിവളർത്തൽ മുതലായ ഉപതൊഴിൽ വ്യാപിപ്പിക്കാൻ പഞ്ചായത്തടിസ്ഥാനത്തിലുള്ള ഒരു സഹകരണസംഘം രൂപീകരിക്കണം.

11. തൊഴിൽ ശാലകൾ, ഓഫീസ് കെട്ടിടം ഇവയ്ക്കു ന്യായവിലയ്ക്കു ഭൂമി ലഭിക്കാനും സൗജന്യനിരക്കിൽ വൈദ്യുതി ലഭ്യമാക്കാനുമുള്ള ഏർപ്പാടുകൾ ചെയ്യണം.

12. പൊതുവിതരണസമ്പ്രദായം നടപ്പാക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സഹകരണ സ്റ്റോർ സ്ഥാപിക്കുക.

13. പ്രൊഫഷണൽ മാനേജുമെൻറ് പരിശീലനം, തൊഴിലാളികൾക്കു പ്രത്യേക പരിശീലനം ഇവ നടപ്പാക്കുക.

14. എല്ലാ സഹകരണ സ്ഥാപനങ്ങളിലും മാനേജുമെൻറിൽ വനിതകൾക്ക് ആനുപാതിക പ്രാതിനിധ്യം (കുറഞ്ഞത് 30%) നിജപ്പെടുത്തുക. നിയമഭേദഗതി ആവശ്യപ്പെടുക.

15. ഇടത്തരക്കാർക്കും ദുർബലർക്കുമുള്ള പ്രത്യേക വായ്പാ പദ്ധതിയുടെ പലിശനിരക്കും കാലാവധിയും നിജപ്പെടുത്തണം.

സഹകരണസംഘങ്ങൾക്കു രൂപംകൊടുക്കുമ്പോൾ വ്യക്തമായ പ്രോജക്ടുകൾ ഉണ്ടാക്കിയശേഷമേ റജിസ്ട്രേഷനു ശ്രമിക്കേണ്ടതുള്ളൂ. പൊതുയോഗങ്ങളിലെ ഭാഗഭാഗിത്വം മുതലായകാര്യങ്ങളിൽ ബോധവൽക്കരണ മാധ്യമങ്ങൾ കണ്ടെത്തുക.

പട്ടികജാതി/പട്ടികവർഗം

ഉണർവിന്റെ പാതയിൽ മുന്നോട്ട്

അടിയാൻമാരും കുടിയാൻമാരുമായി ഏറെക്കാലം ആർക്കോവേണ്ടി മണ്ണിൽ പൊന്നുവിളയിച്ച പട്ടികജാതി-പട്ടികവർഗക്കാർ ഇന്ന് ഉയർച്ചയുടെ പാതയിലാണ്. സാമൂഹികജീവിതത്തിലും മാനസിക-ബൗദ്ധിക മണ്ഡലങ്ങളിലും സ്വന്തം സാന്നിദ്ധ്യം തെളിയിച്ചുകഴിഞ്ഞെങ്കിലും അവർക്ക് ഇനിയും ഏറെ മുന്നോട്ടു പോകാനുണ്ട്. ആ യാത്രയിൽ സർക്കാരിന്റെ സഹായവും സമൂഹത്തിന്റെ അംഗീകാരവുമാണ് അവർക്കാവശ്യം.

കോട്ടയം ജില്ലയുടെ വടക്കുകിഴക്ക് ഭാഗത്തോടടുത്ത് സ്ഥിതിചെയ്യുന്ന മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ 1999 കുടുംബങ്ങളിലായി 740 പട്ടികജാതിക്കാരും 27 പട്ടികവർഗ്ഗക്കാരും താമസിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങളിലെ എല്ലാവരും ജന്മി കുടുംബങ്ങളിലെ അടിയാന്മാർ ആയിരുന്നു. പണിക്കു ചെല്ലാതിരിക്കുകയോ മറ്റുള്ളവർക്ക് പണിക്കുപോകുകയോ ജന്മിക്കിഷ്ടമില്ലാത്തതു പ്രവർത്തിക്കുകയോ ചെയ്താൽ ഭീകരമർദ്ദനം ഉറപ്പായിരുന്നു. മേലാളന്മാരുടെ വീടുകളിൽ ഓണക്കാലത്തും മറ്റു വിശേഷദിവസങ്ങളിലും കാഴ്ചക്കുലകൾ എത്തിക്കുക എന്ന ആചാരവും നിലവിലുണ്ടായിരുന്നു.

ഉയർന്ന ജാതിക്കാരുടെ മുൻപിൽ പ്രത്യക്ഷപ്പെടുവാനോ സ്ത്രീകൾക്ക് മാറുമറയ്ക്കുവാനോ ക്ഷേത്രങ്ങളുടെ സമീപത്തുകൂടി വഴിനടക്കുവാനോ ഇവർക്കു സ്വാതന്ത്ര്യമില്ലായിരുന്നു. വിവാഹദിവസം വധുവിനെ 'തമ്പ്രാനു മുൻപിൽ കാഴ്ചവയ്ക്കേണ്ട,ഗതികേടും ഇവർക്കുണ്ടായിരുന്നു. കുട്ടികൾക്ക് പേരിടുന്നത്, 'തമ്പ്രാക്കൾ' ആയിരുന്നു. പറമ്പിൽ കുഴികുത്തി പാളയിലാണ് തമ്പ്രാക്കൾ ഇവർക്ക് ആഹാരം കൊടുത്തിരുന്നത്.

ക്ഷേത്രാരാധന താഴ്ന്നജാതിക്കാർക്ക് നിഷേധിച്ചിരുന്ന പുരാതനകാലത്ത് പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ അവരുടേതായ ദൈവങ്ങളെ ആരാധിച്ചിരുന്നു. പ്രധാനമായും മരിച്ചുപോയ കാരണവന്മാർക്ക് ദൈവിക പരിവേഷം നൽകിയാണ് ആരാധിച്ചുവന്നിരുന്നത്. ചിലയിടങ്ങളിൽ ഇപ്പോഴും ഇത് തുടർന്നുവരുന്നു. ഇങ്ങനെ ആരാധന നടത്തുന്ന സ്ഥലങ്ങളെ 'പതി' എന്നു വിളിക്കുന്നു.

വർഷത്തിലെ ഒരു പ്രത്യേകദിവസം വീടുകളിൽ ആരാധന നടത്തും. അന്ന് മക്കളും മരുമക്കളുമെല്ലാം തറവാട്ടിൽ ഒത്തുചേർന്ന് ആഘോഷം തുടങ്ങും. വീട്ടിലെ തലമൂത്ത കാരണവരാണ് പ്രധാനകാർമ്മികൻ.

നേരം ഇരുട്ടിത്തുടങ്ങുമ്പോഴാണ് കർമ്മങ്ങൾ ആരംഭിക്കുന്നത്. നെല്ലുവറുത്തു പൊടിച്ചത്, വീട്ടിൽത്തന്നെ ഉണ്ടാക്കിയ അവൽ, മഞ്ഞളും ചുണ്ണാമ്പും കൂട്ടിക്കലർത്തി ചുവന്ന നിറത്തിലാക്കിയ ദ്രാവകം, കള്ള്, ചാരായം മുതലായവ കർമ്മങ്ങൾക്കായി ഉപയോഗിച്ചിരുന്നു. ഇവയെല്ലാം പ്രത്യേകം തയ്യാറാക്കിയ ഒരു 'കള'ത്തിൽ ഒരു തൂശനിലയിൽ നിരത്തിവെച്ച് തലയ്ക്കൽ ഒരു പന്തവും കൊളുത്തിവെച്ച് മുഖ്യകാർമ്മികൻ 'തുള്ളൽ' ആരംഭിക്കുന്നു. തുള്ളലിനവസാനം

കോഴിയെ കുരുതികൊടുക്കും. പിന്നെ ഇവയെല്ലാം വീട്ടിൽ ഒത്തുകൂടിയിരിക്കുന്നവർ ഭക്ഷിക്കുന്നു. സ്ത്രീകൾക്ക് ഈ പ്രസാദം നിഷിദ്ധമത്രേ.

അമ്പലങ്ങളിലും തറകളിലും തുള്ളൽ, മുടിയാട്ടം തുടങ്ങിയ അനുഷ്ഠാനകലകൾ നടത്തിയിരുന്നു. കുറിച്ചിത്താനം കാരിപ്പടവത്തു കാവിന്റെ പടിഞ്ഞാറുവശത്ത് ഇപ്പോഴും ഇതിനായി പ്രത്യേക സ്ഥലം നീക്കിവച്ചിട്ടുണ്ട്. വൃശ്ചികം ഒന്നിനും കാവിലെ ഉത്സവനാളിലും എല്ലാവരും ഇവിടെ ഒത്തുചേരുന്നു. മുൻ വിവരിച്ചതുപോലുള്ള കർമ്മങ്ങൾ പിന്നെ ആരംഭിക്കുകയായി. മുഖ്യകാർമ്മികൻ അവിടെ എത്തിച്ചേരുന്ന കുടുംബാംഗങ്ങളുടെ, അവർ ആവശ്യപ്പെടുന്നപക്ഷം ഭാവി, ഭൂത, വർത്തമാന കാലങ്ങളേക്കുറിച്ച് തുള്ളിപ്പറയുന്നു. അവരവരുടെ മരിച്ചുപോയ കാരണവന്മാർ മുഖ്യകാർമ്മികനിൽ പ്രവേശിച്ച് ഭാവികാലങ്ങളേക്കുറിച്ചും വരാനിരിക്കുന്ന ദോഷങ്ങളേക്കുറിച്ചും മുന്നറിയിപ്പു തരികയാണെന്നാണ് വിശ്വാസം. ഇങ്ങനെ ഭാവികാലങ്ങളെക്കുറിച്ച് വെളിപ്പെടുത്തുന്നതിന് മുഖ്യകാർമികന് ഒരു നിശ്ചിത പ്രതിഫലമുണ്ട്. കോഴിയോ, നെല്ലോ ആണ് പ്രതിഫലം വാങ്ങിയിരുന്നത്. ഇന്നും ഇത് തുടർന്നുപോരുന്നു. പ്രതിഫലം പണമാണെന്നു മാത്രം.

സ്വാതന്ത്ര്യത്തിനുശേഷം 50 വർഷമായിട്ടും ഈ സ്ഥിതിവിശേഷത്തിനു വലിയ മാറ്റമില്ല. പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളുടെ കടന്നുവരവോടുകൂടി പണിയെടുക്കുവാനും കൂലിചോദിക്കുവാനും പിറന്നമണ്ണിൽ അഭിമാനത്തോടെ ജീവിക്കുവാനുമുള്ള അവന്റെ ഉൽക്കടമായ ആവേശം ഉയിർത്തെഴുന്നേറ്റു. നമ്മുടെ പഞ്ചായത്തിൽ മറ്റുള്ളവരോടൊപ്പം തലയുയർത്തിപ്പിടിച്ച് പണിയെടുക്കുവാനും കൂലിചോദിക്കുവാനും ജീവിക്കുവാനും ഇന്നുകഴിയുന്നുണ്ട്. എന്നാൽ സാമ്പത്തിക സ്ഥിരതയില്ലായ്മയും വിദ്യാഭ്യാസക്കുറവും പരമ്പരാഗതമായി അനുഭവിച്ചുവന്ന അടിമത്തമനോഭാവവും അവനിലേക്കുതന്നെ ഒതുങ്ങുവാൻ പട്ടികജാതി-പട്ടികവർഗ്ഗക്കാരനെ പ്രേരിപ്പിക്കുന്നു.

അച്ഛനോ അമ്മയോ കൂടപ്പിറപ്പുകളോ മരിച്ചാൽ വേമ്പനാട്ടുകായലിന്റെ അഗാധതയിൽ, ശവശരീരം കെട്ടിത്താഴ്ത്തേണ്ട അവസ്ഥയാണ് മുമ്പുണ്ടായിരുന്നതെങ്കിൽ ഇന്നും അവസ്ഥയതുതന്നെ. സ്വന്തമായി ആറടിമണ്ണുപോലുമില്ലാത്ത വേദനിക്കുന്ന മനുഷ്യജീവികൾക്കു മുൻപിൽ മരണം അപ്രതീക്ഷിതമായി കടന്നുവരുമ്പോൾ ശവസംസ്
ക്കാരത്തിനുപോലും മറ്റുള്ളവരുടെ മുൻപിൽ യാചിക്കേണ്ട അവസ്ഥ വരുന്നു. സ്വന്തമായി കിടപ്പാടമില്ലാത്തവർക്ക് പഞ്ചായത്തു നേതൃത്വത്തിൽ കിടപ്പാടമുണ്ടാക്കിക്കൊടുക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്.

പഞ്ചായത്തിൽ കോളനികളിലായും ഒറ്റപ്പെട്ടും ഇവർ താമസിക്കുന്നു. സർക്കാർ അംഗീകരിച്ച പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ പഞ്ചായത്തിൽ ഇല്ല. ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായി മോചനം നേടിയിട്ടുണ്ട് എന്നുപറയാനാവില്ല. പ്രധാനമായ തൊഴിൽ ഈറ്റ, കാട്ടുവള്ളി എന്നിവകൊണ്ട് കുട്ടകളും മറ്റും ഉണ്ടാക്കുക, മേലാളന്മാരുടെ പറമ്പുകളിൽ കയ്യാലവെയ്ക്കുക മുതലായവയൊക്കെയായിരുന്നു. ഇന്ന് പൊതുപരിപാടികളിൽ അത്രതന്നെ മോശമില്ലാത്ത പങ്ക് ഇവർ വഹിക്കുന്നുണ്ട്. സർക്കാർ നൽകുന്ന വിവിധ ആവശ്യങ്ങൾക്കുള്ള ധനസഹായം അപര്യാപ്തമാണ്. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ മേഖലയിൽ വിപ്ലവകരമായ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണവും ധനസഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണവും വാർഡുതിരിച്ച് ചുവടെ പട്ടികയിൽ ചേർക്കുന്നു.

സ്ത്രീ		പുരുഷൻ		വാർഡ്	SC/ST കുടുംബങ്ങൾ	സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ
SC	ST	SC	ST			
376	12	364	15	I	16	1
				II	33	3
				III	27	4
				IV	27	4
				V	18	2
Total	Total	Total	Total	VI	30	1
				VII	34	1
376	15	376	15	VIII	5	2
364	12	364	12	IX	9	1
740	27	740	27	ആകെ	199	19

വിദ്യാഭ്യാസം

പഞ്ചായത്തിൽ പൊതുവെ നിരക്ഷരർ കുറവാണ്. S.S.L.C ക്കു ശേഷം ഉപരിവിദ്യാഭ്യാസം നടത്തുന്നവരും കുറവുതന്നെ. ഈ മേഖലയിൽ രക്ഷിതാക്കൾ വേണ്ടത്ര ശ്രദ്ധപതിപ്പിക്കുന്നില്ല. കുടുംബബാദ്ധ്യത ഏറ്റെടുക്കേണ്ടിവന്നതിനാൽ ഇടയ്ക്കുവെച്ച് പഠനം നിർത്തിയവരും ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ തലം വരെയെങ്കിലും പഠനോപകരണങ്ങളും യൂണിഫോമും സൗജന്യമായി ലഭ്യമാക്കണം.

തൊഴിൽ

പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ബഹുഭൂരിപക്ഷംപേരും കാർഷിക മേഖലയിൽ പണിയെടുക്കുന്നവരാണ്. കാർഷിക മേഖലയിൽ വന്ന തകർച്ച മറ്റു പണികളെടുക്കുവാൻ ഇവരെ നിർബന്ധിതരാക്കുന്നു. അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവുമൂലം പരമ്പരാഗത കൈത്തൊഴിലുകളായ കൊട്ടനെയ്ത്ത്, പായനെയ്ത്ത് എന്നിവ നിന്നുപോയിരിക്കുന്നു. കൂലിവേല ചെയ്തുമാത്രം ഉപജീവനം കഴിച്ചുവരുന്ന കുടുംബങ്ങൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ധനസഹായം നൽകേണ്ടത് ഏറ്റവും അത്യാവശ്യമാണ്. 1980-ൽ I.R.D.P പദ്ധതി തുടങ്ങിയതു മുതൽ അല്പമെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിൽത്തന്നെയും ചുവപ്പുനാടകളിൽക്കുടുങ്ങിയതിനാൽ വിജയപ്രാപ്തിയിലെത്തുവാൻ സാധിക്കുന്നില്ല എന്നുള്ളതും ശ്രദ്ധേയമാണ്. I.R.D.P പോലുള്ള പദ്ധതികൾക്ക് സഹകരണ സംഘങ്ങളിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നില്ലാത്തതുകൊണ്ട് പദ്ധതികൾ വിജയപ്രദമല്ലാതായിത്തീരുകയും ചുവപ്പുനാടകളിലേക്ക് വലിച്ചിഴയ്ക്കപ്പെടുകയും ചെയ്യുന്നു. ഇതുകൊണ്ടൊക്കെത്തന്നെ പദ്ധതികൾ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുവാൻ സാധിക്കാതെ വരുന്നു. സാമ്പത്തിക സഹായങ്ങൾ അവിഹിതമാർഗ്ഗങ്ങളിലൂടെ മേലാളന്മാർ തട്ടിയെടുക്കുന്നു. മാറിമാറി വരുന്ന സർക്കാരുകൾ പദ്ധതികൾ ആവിഷ്ക്കരിച്ചുവെങ്കിൽത്തന്നെയും ഈ സ്ഥിതിവിശേഷം നിലനില്ക്കുന്നതിനാൽ "കോരനു കഞ്ഞി കുമ്പിളിൽത്തന്നെ."

പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണമായും പരിഹരിക്കുവാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിലെ 90% പട്ടികജാതി-പട്ടികവർഗ്ഗക്കാരും താമസയോഗ്യമായ പാർപ്പിടം ഇല്ലാത്തവരാണ്. വീടുകൾക്ക് അനുവദിക്കുന്ന തുകയുടെ അപര്യാപ്തതമൂലം പല വീടുകളും പൂർത്തീകരിക്കുവാനാവാതെ കിടക്കുന്നുണ്ട്. വീട് വെയ്ക്കുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്. സ്വന്തം പേരിൽ സ്ഥലമില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വീടുവയ്ക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുകയാണ് ഏറ്റവും പ്രധാനം. അതുപോലെതന്നെ വീടുകളുടെ അറ്റകുറ്റപ്പണികൾക്കും ധനസഹായം നൽകണം. പലവീടുകളിലും ഇന്ന് പ്രാഥമികാവശ്യ സൗകര്യങ്ങൾ ഇല്ല. ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിച്ചുകൊടുത്ത് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. I.R.D.P പദ്ധതികൾക്ക് സഹകരണസംഘങ്ങളിൽ നിന്നു ധനസഹായം ലഭ്യമാക്കണം.

2. ലക്ഷം വീട് കോളനികളിൽ ഒരു കെട്ടിടത്തിൽ രണ്ടു കുടുംബങ്ങൾ എന്നുള്ളതുമാറ്റി ഒരു കുടുംബത്തിനു മാത്രം താമസിക്കുവാനുള്ള സൗകര്യം ഉണ്ടാക്കണം.

3. I.R.D.P. വായ്പ കുടുംബത്തിൽ ഒരാൾക്ക് എന്ന വ്യവസ്ഥമാറ്റി മൂന്നു പേർക്കെങ്കിലും കൊടുക്കണം.

4. സ്വന്തം പേരിൽ സ്ഥലമില്ലാത്തവർക്ക് പഞ്ചായത്തുകൾ സ്ഥലംനൽകി വീടുവയ്ക്കുവാനുള്ള സാമ്പത്തിക സഹായം നൽകണം.

5. എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കും പട്ടയം ലഭ്യമാക്കണം.

6. വിവാഹാവശ്യത്തിന് സാമ്പത്തിക സഹായം നൽകണം.

7. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഒരു കമ്മ്യൂണിറ്റി ഹാളും T.V. സെൻററും മണ്ണയ്ക്കനാട്ട് പണിയണം.

8. പഞ്ചായത്തിലെ V- ാം വാർഡിൽ (കുറിച്ചിത്താനം) ഒരു പൊതു ശ്മശാനം പണിയണം.

9. എല്ലാവീട്ടിലും വൈദ്യുതിഎത്തിക്കുക. വർഷങ്ങൾക്കുമുമ്പ് കുടിൽജ്യോതി പദ്ധതിപ്രകാരം വയറിംഗ് നടത്തിയ വീടുകളിൽ എത്രയും പെട്ടെന്നു വൈദ്യുതി എത്തിക്കുക.

10. കോളനികൾ തോറും അംഗൻവാടികൾ തുടങ്ങുക.

11. ഹൈസ്കൂൾ വിദ്യാഭ്യാസം സാർവ്വത്രികവും നിർബന്ധിതവുമാക്കുക.

12. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് തുടർന്നു പഠിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.

13. കുടിൽവ്യവസായം തുടങ്ങുവാൻ പ്രോത്സാഹിപ്പിക്കുക. സാമ്പത്തിക സഹായവും സാങ്കേതിക വിദ്യകളും ലഭ്യമാക്കുക.

14. സർക്കാർ ആനുകൂല്യങ്ങൾ SC/ST വിഭാഗക്കാ

രിൽത്തന്നെയെത്തുന്നുവെന്ന് ഉറപ്പുവരുത്തുക.

15. S.S.L.C ബുക്ക് ഉള്ളവർക്കെങ്കിലും ജാതിസർട്ടിഫിക്കറ്റുകൾ നിർബന്ധിതമാക്കാതിരിക്കുക.

16. ആരോഗ്യകുടുംബക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുക.

17. അടിയന്തിരമായി ഒരു മിഡ്വൈഫിന്റെ സേവനം ലഭ്യമാക്കുക.

18. സാക്ഷരതാ പ്രവർത്തനത്തിന്റെ 1-ാം ഘട്ടത്തിൽ വളരെയേറെ ആൾക്കാരെ അറിവിന്റെ ലോകത്തേക്ക് കൈപിടിച്ചുയർത്തുവാൻ കഴിഞ്ഞുവെങ്കിലും പിന്നീടുള്ള പ്രവർത്തനങ്ങൾ നിരാശാജനകമായിരുന്നു. സാക്ഷരതാ പ്രവർത്തനം തുടർന്നാരംഭിക്കുക.

19. സ്വാശ്രയശീലം വളർത്തുന്നതിനും ക്ഷേമപ്രവർത്തനങ്ങൾക്കുമായി SC/ST വിഭാഗക്കാർക്കായി പട്ടികജാതി-പട്ടികവർഗ്ഗ വികസനക്ഷേമ വകുപ്പിനുകീഴിൽ SC/ST സഹകരണസംഘം രൂപീകരിക്കുക.

20. പാലക്കാട്ടുമലയിലെ T.V സെൻറർ എത്രയുംവേഗം തുറന്നുകൊടുക്കുക.

21. എല്ലാ കോളനികളിലും വിദ്യാഭ്യാസ, സാംസ്കാരിക പുരോഗതിക്കായി വായനശാലകളും ക്ലബ്ബുകളും സ്ഥാപിക്കുക.

22. SC/ST വിഭാഗക്കാർ കൂട്ടമായി താമസിക്കുന്നിടം 10 വീടുകളെങ്കിലുമുണ്ടെങ്കിൽ അത് SC/ST കോളനിയായി അംഗീകരിക്കുക. ○

വിഭവസമാഹരണം

ചോർച്ച തടഞ്ഞാലേ വരുമാനം കൂടൂ

തനതു വരുമാനം കുറവായ നമുക്ക് വരുമാനമാർഗം വേറെ കണ്ടേ പറ്റൂ.
വരുമാനംപോലെതന്നെ പ്രധാനമാണ് കുറഞ്ഞ ചെലവും.
ജനപങ്കാളിത്തത്തോടെ വികസനപ്രവർത്തനം നടത്തിയും ഇടത്തട്ട്
ഒഴിവാക്കിയും ഫണ്ടുകുറവിന്റെ ന്യൂനത മറികടക്കണം.

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന് തനതുവരുമാനം വളരെക്കുറവാണ്. തനത് വരുമാനം എന്നാൽ – നികുതികളിൽ നിന്നുള്ള വരുമാനം. (കെട്ടിടനികുതി, തൊഴിൽനികുതി, വാടക, ലൈസൻസ്, ഫീസ് തുടങ്ങിയവ) തനതു വരുമാനം കൊണ്ട് തനത് ചെലവുകൾക്ക് പോലും തികയുകയില്ല. ആയതിനാൽ 500 രൂപയിൽ കൂടുതൽ സ്വന്തമായി ചെലവ് ചെയ്യുന്നതിനുപോലും D.P.O യുടെ മുൻകൂർ അനുവാദം വാങ്ങണം.

അത്യാവശ്യകാര്യങ്ങളിൽപോലും ചെലവ് ചെയ്യുന്നതിൽ പഞ്ചായത്തിന് സ്വാതന്ത്ര്യം ഇല്ലാത്തതിനാൽ ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിൽ പലപ്പോഴും പഞ്ചായത്ത് കമ്മിറ്റി പരാജയപ്പെടുന്നു.

ഈ സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തിൽ വിഭവസമാഹരണത്തിന് വളരെ പ്രാധാന്യമുണ്ട്. ആസൂത്രിതവും ദീർഘവീക്ഷണത്തോടു കൂടിയതുമായ നികുതിനിർണ്ണയവും നികുതിപിരിവും മറ്റ് മാർഗ്ഗങ്ങളിൽക്കൂടിയുള്ള വിഭവസമാഹരണവും നടത്തണം

പഞ്ചായത്തിന്റെ നിലവിലുള്ള വരുമാന മാർഗ്ഗങ്ങളും ധനസ്ഥിതിയും
(പട്ടിക കാണുക.)

ഈ കണക്കുകളിൽ നിന്ന് ഒരുകാര്യം വളരെ വ്യക്തമാകും. ഓരോ വർഷവും കിട്ടുന്ന ഗ്രാന്റുകളും മറ്റ് ഫണ്ടുകളും യഥാസമയം ചെലവു ചെയ്യാതിരുന്നാൽ അടുത്തവർഷം നമുക്കു കിട്ടുന്ന ഗ്രാന്റുകളും കുറവായിരിക്കും. ആയതിനാൽ പഞ്ചായത്തിന്റെ ഫണ്ട് സമാഹരണം പോലെതന്നെ വിനിയോഗവും വളരെ പ്രധാനപ്പെട്ടതാണ്. വളരെ ശ്രദ്ധയോടുകൂടിയുള്ള ആസൂത്രണവും ഫണ്ട് ചെലവഴിക്കലും നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സിനിമാ തീയേറ്ററുകൾ ഇല്ല. ബിസിനസ്സ് സ്ഥാപനങ്ങൾ, ചന്ത തുടങ്ങിയവയിൽ നിന്നുള്ള നികുതി വളരെക്കുറവാണ്. ആയതിനാൽ ഇന്നുള്ള നികുതിദായകരിൽ നിന്ന് ശാസ്ത്രീയമായും എന്നാൽ നികുതിദായകർക്ക് ഭാരമല്ലാത്ത രീതിയിലും നികുതിഘടന നടപ്പിലാക്കിയാൽ ഇന്നുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ

1995 – 96 വർഷത്തെ വരവ്

	ഇനം	പിരിഞ്ഞത് രൂ.	പൈ.	കുടിശ്ശിക രൂ.	പൈ.
1.	കെട്ടിടനികുതി	182455	15	28789	00
2.	സർവീസ് ചാർജ്	33756	15	5520	05
3.	തൊഴിൽ നികുതി	96571	00	58609	00
4.	ലൈസൻസ് ഫീസ്	104	00	246	00
5.	ചന്തവരവ്	988	00	00	00
6.	ഡി. ആൻഡ് ഒ. ലൈസൻസ്	3161	25	591	25
7.	കശാപ്പുശാല	160	00	300	00
8.	ഷോപ്പിംഗ് സെന്റർ വാടക	51055	00	00	00
9.	ജനന് മരണം	140	00	140	00
10.	മറ്റുള്ളവ	19838	20	00	00
	ആകെ	388228	75	94195	30
	മറ്റുവരവുകൾ				
1.	വസ്തുകൈമാറ്റ നികുതിയുടെ (25%) + (75%)	414861	00		
2.	സർക്കാർ ഗ്രാന്റുകൾ	1041458	00		
	ആകെ	1456319	00		
	മൊത്തം വരുമാനം	1844547	75		

	മൊത്തം വരവ്	ചെലവ്
90-91	750655-95	620228-75
91-92	772884-65	824527-70
92-93	1217081-40	650171-15
93-94	762569-30	1249948-95
94-95	1074428	834449
95-96	1844547-75	661908-40

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള വരുമാനമാർഗ്ഗങ്ങളും ധനസ്ഥിതിയും

1995 – 96 വർഷത്തെ ചെലവ്

	രൂപ.	പൈ
അലവൻസ്, സിറ്റിംഗ് ഫീസ്	49804 .	00
പ്രസിഡന്റ് മെമ്പർമാർ യാത്രക്കൂലി	5030 .	00
സെക്രട്ടറി – ശമ്പളം	81128 .	00
– പെൻഷൻ	2935 .	00
– യാത്രപ്പടി	2314 .	00
ജീവനക്കാർ – ശമ്പളം	299529 .	00
– പെൻഷൻ	13381 .	00
– യാത്രപ്പടി	2554 .	00
പി. റ്റി. സ്വീപ്പർ	14226 .	00
കമ്മിറ്റി ചെലവ്	3887 .	00
	474788 .	00
കറന്റ് ചാർജ് – ഓഫീസ്, ലൈബ്രറി	1976 .	00
സ്ട്രീറ്റ് ലൈറ്റ്	35364 .	00
ആശാൻ ഗ്രാന്റ്	8900 .	00
പത്രം	1548 .	00
വനിതാസമാജം–ഫീഡിംഗ് സെന്റർ	1140 .	00
തപാൽ, ഫോൺ	7376 .	00
അച്ചടി നോട്ടീസ്	22688 .	00
ലൈബ്രറി ഡെസ്ക്	692 .	00
റൂറൽ വെൽഫയർ	500 .	00
സാക്ഷരത	4805 .	00
പഞ്ചായത്ത് അസോസിയേഷൻ	375 .	00
ഫർണീച്ചർ	7170 .	00
സെമിനാർ	100 .	00
തെരഞ്ഞെടുപ്പ്	285 .	00
കുടവിതരണം	4995 .	90
എസ്. എസ്. എൽ. സി. അവാർഡ്	1548 .	00
കേരളോത്സവം	3601 .	00
കുടിവെള്ളം	48138 .	00
ജപ്പാൻപനി പ്രതിരോധം	5718 .	00
പി. പി. എസ്. ഓപ്പറേഷൻ	330 .	00
പഞ്ചായത്ത് ദിനാഘോഷം	573 .	50
കക്കൂസ് നിർമ്മാണം, ധനസഹായം	13250 .	00
ഇന്ദിരാവികാസ് പത്ര അൺടൈഡ് ഫണ്ട്	16048 .	00
	187121 .	40
ആകെ	661908 .	40

സാധിക്കും. കെട്ടിടനികുതി, തൊഴിൽനികുതി തുടങ്ങിയ കൃത്യമായ മാനദണ്ഡങ്ങൾ വച്ച് കണക്കാക്കുകയും ചുമത്തുന്ന നികുതിയുടെ അടിസ്ഥാനം നികുതിദായകരെ ബോധ്യപ്പെടുത്തുകയും ചുമത്തിയ നികുതി കൃത്യമായി പിരിച്ചെടുക്കുകയും ചെയ്ത് വിഭവസമാഹരണം വർദ്ധിപ്പിക്കാം.

ഇപ്പോഴത്തെ നികുതിഘടന

ഇപ്പോൾ പഞ്ചായത്തിൽ കെട്ടിടനികുതി, തൊഴിൽ നികുതി, കാർഷിക തൊഴിൽ നികുതി, ലൈസൻസ് നികുതി തുടങ്ങിയ വിവിധ ഘടകങ്ങളിൽപ്പെട്ട നികുതികൾക്ക് ഐകരൂപ്യമില്ല. കാലാകാലങ്ങളിൽ നികുതി ചുമത്തിയതിൽ പല അപാകതകളും വന്നിട്ടുണ്ട്. ഇവ പരിശോധിച്ച് അപാകതകൾ പരിഹരിക്കണം. മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചായിരിക്കണം നികുതി ചുമത്തുന്നത്.

നിർമ്മാണ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന അപാകതകളും ഇടത്തട്ട് ലാഭവും ഒഴിവാക്കി ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കിയാൽ ഇന്ന് നടക്കുന്നതിന്റെ ഇരട്ടിയിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ ഈ ഫണ്ട് ഉപയോഗിച്ച് നടത്തുവാൻ സാധിക്കും. ഇതു വിഭവസമാഹരണത്തേക്കാൾ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്.

വിഭവസമാഹരണം പോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ് വിഭവവിനിയോഗവും. വരുമാനം പ്രയോജനകരമായ രീതിയിൽ വിനിയോഗിക്കണം. വികസന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടുകൂടി നടത്തണം. റോഡുപണിപോലെയുള്ളവ കോൺട്രാക്ടറെ കൊണ്ട് ചെയ്യിക്കാതെ ജനപങ്കാളിത്തത്തോടുകൂടി നടത്തിക്കണം. ഇപ്രകാരം ചെയ്താൽ 100 രൂപയ്ക്ക് 125 രൂപയുടെ പണിചെയ്യുവാൻ സാധിക്കും. മറിച്ച് കോൺട്രാക്ട് കൊടുത്താൽ 50% നുള്ള പണിപോലും നടക്കുകയില്ല. ബാക്കി തുക ഇടത്തട്ടിൽ തട്ടിപാഴായിപ്പോകുന്നു. അപ്പോൾ നഷ്ടം 75% ആണ്.

അധിക തുക സമാഹരിക്കുന്നതിനേക്കാൾ നല്ലതും എളുപ്പവും മുടക്കുന്ന തുക പാഴാകാതെ നോക്കുന്നതാണ്. പൊതുമരാമത്തുപണികളുടെ നടത്തിപ്പ് ഇപ്പോഴും (നോമിനിയുടെ പേര് വയ്ക്കാറുണ്ടെങ്കിലും) കോൺട്രാക്റ്റ് കൊടുക്കുകയാണ് ചെയ്യുന്നത്. ഇതുവഴി 50–60% ഫണ്ട് ഇടത്തട്ടിൽക്കൂടിചോർന്നുപോകുന്നു. ഇത് അടിയന്തിരമായി പുനഃപരിശോധിക്കണം.

ഉൽപാദനമേഖലയിൽ പഞ്ചായത്ത് കാര്യമായ മുതൽമുടക്ക് നടത്തുന്നുണ്ട്. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് (Rs.1400000), പുതിയതായി പണിതീർത്ത ചന്തയിലെ ഷോപ്പിംഗ് സെൻറർ (Rs.200000), ചന്തയിൽ പണിതീർത്തിരിക്കുന്ന ഷോപ്പിംഗ് സ്റ്റാളുകൾ, ഉടനെ പണിതീർക്കുവാൻ ഉദ്ദേശിക്കുന്ന ടാക്സി സ്റ്റാൻഡ്, സ്റ്റാൾ വില 11 1/2 ലക്ഷം) തുടങ്ങിയവ ഉൽപാദനമേഖലയിൽ ദീർഘവീക്ഷണത്തോടുകൂടിയുള്ള മുതൽമുടക്കാണ്.

കടം തിരിച്ചടയ്ക്കുന്നതിന് ഇപ്പോൾ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടെങ്കിലും ഈ പ്രോജക്റ്റുകൾ ശരിയായി പ്രവർത്തനക്ഷമം ആകുന്നതോടുകൂടി പരിഹരിക്കപ്പെടും.

ബാങ്കുകൾ ധനകാര്യസ്ഥാപനങ്ങൾ

(1) മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ലോർഡ് കൃഷ്ണ ബാങ്ക് തുടങ്ങിയ ബാങ്കുകൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നു. കോട്ടയം ജില്ലാ ബാങ്ക്; മീനച്ചിൽ കാർഷിക വികസനബാങ്ക്, ഹൗസിംഗ് സൊസൈറ്റി തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനമേഖലയിൽ ഉൾപ്പെടുന്നു നമ്മുടെ പഞ്ചായത്ത്.

ഈ ബാങ്കുകൾ എല്ലാംതന്നെ ഇവിടത്തെ കർഷകരുടെ ആവശ്യങ്ങൾക്കും കാർഷികേതര ആവശ്യങ്ങൾക്കും. ഭവനനിർമ്മാണരംഗത്തും നിർലോഭമായ ധനവിനിയോഗം നടത്തുന്നുണ്ട്. I.R.D.P. ബയോഗ്യാസ് പ്ലാൻറ് നിർമ്മാണം, സ്വയം തൊഴിൽ തുടങ്ങി വിവിധ രംഗങ്ങളിൽ മുതൽമുടക്കുന്നു. പഞ്ചായത്ത് ലവലിൽ സ്കീമുകൾ തയ്യാറാക്കിയാൽ, സ്കീമുകൾക്കുവേണ്ട സാമ്പത്തിക സഹായങ്ങളും ബാങ്കിൽ നിന്നും നമുക്ക് സ്വീകരിക്കാം. മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണബാങ്ക് ഈ രംഗത്ത് വളരെ ഉദാരമായ സമീപനമാണ് പഞ്ചായത്തുമായുള്ളത്.

മാർഗ്ഗങ്ങൾ

1. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടുകൂടി നടത്തുക - അതുവഴി ഫണ്ടു ചോർച്ച തടയുക.

2. പഞ്ചായത്തുഫണ്ട് ഉപയോഗിക്കുമ്പോൾ ഉൽപാദനക്ഷമമായ കാര്യങ്ങൾക്ക് മുൻതൂക്കം കൊടുക്കണം. ഷോപ്പിംഗ് കോംപ്ലക്സ്, ചന്ത, ടാക്സിസ്റ്റാൻറ് തുടങ്ങിയവ നിർമ്മിച്ച് വാടകയ്ക്ക് നല്കാം. സാധിക്കുമെങ്കിൽ എല്ലാ വാർഡിലും ഓരോ ഷോപ്പിംഗ് കോംപ്ലക്സ് പണിയുക.

3. നികുതി ചുമത്തൽ ശാസ്ത്രീയവും വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം. ഇന്നുള്ളതിൽ നിന്ന് ഗണ്യമായ വർദ്ധനവ് ഉണ്ടാക്കാം. പരാതി ഒഴിവാക്കാൻ ജനങ്ങളേയും സഹകരിപ്പിക്കണം.

4. നിർമ്മാണപ്രവർത്തനങ്ങൾക്ക് കഴിയുന്നതും കോൺട്രാക്ട് ഒഴിവാക്കി ഇടത്തട്ട് ലാഭം ഒഴിവാക്കുക. ഇങ്ങനെയായാൽ ഇന്നുനടക്കുന്നതിന്റെ ഇരട്ടി പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും.

5. ഓരോ പ്രദേശത്തിന്റെതായ പ്രവൃത്തികൾക്ക് ആ പ്രദേശത്തെ ജനങ്ങളെ സഹകരിപ്പിച്ച് മാനവശേഷി വഴി ഫണ്ട് സ്വരൂപീകരിക്കാൻ സാധിക്കും.

6. പൊതുവായതും ദീർഘകാല അടിസ്ഥാനത്തിലുള്ളതുമായ പദ്ധതികൾക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വിഭവലഭ്യത ഉറപ്പാക്കുക.

7. വ്യക്തികൾക്കുള്ള പദ്ധതികൾ ആണെങ്കിൽ അവ പഞ്ചായത്ത് തലത്തിൽ ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വായ്പ തുടങ്ങിയവ ലഭ്യമാക്കാൻ ശ്രമിക്കണം.

8. പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യവസായ ഉപദേശകസമിതി രൂപീകരിക്കുക.

9. ഓരോ വർഷവും കിട്ടുന്ന ഗ്രാൻറുകൾ അതാതു വർഷം തന്നെ മുൻപ്ലാനനുസരിച്ച് ചെലവുചെയ്യുക. ഫണ്ട് ലാപ്സ് ആകാതെ ശ്രദ്ധിക്കുക.



"സൃഷ്ടിപരമായ പ്രവർത്തനം വെറും തൊഴിൽദാന പരിപാടിയല്ല. അതിന്റെ ലക്ഷ്യമാർഗങ്ങൾ ദയയോ, ഭിക്ഷാദാനമോ അല്ല. ജനങ്ങളിൽ സ്വാശ്രയബോധവും ഇച്ഛാശക്തിയും വളർത്തി അവരെ കർമ്മോന്മുഖരാക്കുകയാണ്. അവരുടെ കഴിവും ശക്തിയും വളരണം. അധികാര കേന്ദ്രങ്ങളെ നിയന്ത്രിക്കാനും ദുർവിനിയോഗത്തെ ചെറുക്കാനും ജനങ്ങൾ ശക്തിയാർജ്ജിക്കണം."

ഒൻപതാം പദ്ധതി ജനകീയ പദ്ധതി



അധികാരം ജനങ്ങളിലേക്ക്

Design & Production : Labour India Offset Press, Marangattupilly 686 635